07
ജൂൺ 2024
വെള്ളി
1445 ദുൽഹജ്ജ് 01
1199 എടവം 24
പേജ് 18
അബുദാബി

ഗൾഫ് ചന്ദ്രിക
www.chandrikadaily.com

ഗൾഫ് ചന്ദ്രിക

facebook.com/@gulfchandrika
instagram.com/@gulfchandrika
youtube/@gulfchandrika

കോഴിക്കോട് | കൊച്ചി | കണ്ണൂർ | തിരുവനന്തപുരം | മലപ്പുറം | കോട്ടയം | പാലക്കാട് | അബുദാബി | ദോഹ | ബഹ്റൈൻ | റിയാദ് | ജിദ്ദ | ദമാം

Registered. NO. KL/CT/9/2024-26 | Chandrika Daily | Managing Director: Panakkad Syed Sadikali Shihab Thangal

07 ഗസ്സയിൽ വീണ്ടും കൂട്ടക്കുരുതി

08 അവസാനം ഗോളടിക്കാനാവാതെ ഛേത്രി വിരമിച്ചു

വ്യാജ എക്സിറ്റ് പോളുകൾ വഴി

ഓഹരി കുംഭകോണം

മോദിക്കും അമിത് ഷാക്കും എതിരെ ഗുരുതര ആരോപണവുമായി രാഹുൽ ഗാന്ധി

- **വൻകിട കോർപ്പറേറ്റുകൾക്കുവേണ്ടി വ്യാജ ഏക്സിറ്റ് പോളുകൾ ചമച്ചു**
- **നിക്ഷേപകർക്ക് നഷ്ടം 30 ലക്ഷം കോടി രൂപ**
- **രാജ്യം കണ്ട ഏറ്റവും വലിയ കോർപ്പറേറ്റ് കുംഭകോണമെന്ന് രാഹുൽ**
- **ജെ.പി.സി അന്വേഷണം വേണമെന്ന് കോൺഗ്രസ്**



CLICK *എ.ഐ.സി.സി ആസ്ഥാനത്ത് നടത്തിയ വാർത്താ സമ്മേളനത്തിൽ വ്യാജ എക്സിറ്റ് പോളുകൾ ഓഹരി വിപണിയിൽ ചെലുത്തിയ സ്വാധീനം ചാർട്ടിന്റെ സഹായത്തോടെ വിശദീകരിക്കുന്ന രാഹുൽ ഗാന്ധി. ജയറാം രമേശ് സമീപം*

ന്യൂഡൽഹി: സർക്കാർ രൂപീകരണത്തിന് വിയർക്കുന്ന ബി.ജെ.പിയേയും മോദിയേയും തുടക്കത്തിലേ പ്രതിരോധത്തിലാക്കി, അഴിമതി ആരോപണത്തിന്റെ ആദ്യ വെടിയുതിർത്ത് രാഹുൽ ഗാന്ധി. വ്യാജ എക്സിറ്റ് പോൾ ഫലങ്ങൾ പടച്ച് ഓഹരി കുംഭകോണത്തിന് വഴിയൊരുക്കി എന്ന ഗുരുതര ആരോപണവുമായാണ് രാഹുൽ ഗാന്ധി രംഗത്തെത്തിയത്. വൻകിട കോർപ്പറേറ്റുകളെ സഹായിക്കാൻ നടത്തിയ നീക്കത്തിൽ രാജ്യത്തെ സാധാരണ നിക്ഷേപകർക്ക് 30 ലക്ഷം കോടിയെങ്കിലും നഷ്ടമായിട്ടുണ്ടെന്നും രാജ്യം കണ്ട ഏറ്റവും വലിയ കോർപ്പറേറ്റ് കുംഭകോണമാണിതെന്നും രാഹുൽ ഗാന്ധി ആരോപിച്ചു. വ്യാജ ഏക്സിറ്റ് പോൾ ഫലങ്ങൾക്ക് പിന്നിൽ മോദിയും അമിത് ഷായും ആണ്. ഇതുസംബന്ധിച്ച് സംയുക്ത പാർലമെന്ററി സമിതി (ജെ.പി.സി) അന്വേഷണം വേണമെന്നും ജയറാം രമശിനൊപ്പം എ.ഐ.സി.സി ആസ്ഥാനത്ത് നടത്തിയ വാർത്താ സമ്മേളനത്തിൽ രാഹുൽ ഗാന്ധി ആവശ്യപ്പെട്ടു.

ഓഹരി വിപണിയിലെ ചാഞ്ചാട്ടങ്ങളും എക്സിറ്റ് പോൾ ഫലങ്ങൾ സൃഷ്ടിച്ച സ്വാധീനവും കണക്കുകൾ നിരത്തി വിശദീകരിച്ചായിരുന്നു രാഹുലിന്റെ വാർത്താ സമ്മേളനം. 400ലധികം സീറ്റു നേടുമെന്ന അവകാശ വാദത്തിൽ നിന്ന് ഒന്നാംഘട്ട വോട്ടെടുപ്പ് നടന്നതിനു പിന്നാലെ മോദിയും ബി.ജെ.പിയും പിന്നോട്ടു പോയിരുന്നു. ജനഹിതം എതിരാണെന്നും കനത്ത തിരിച്ചടിയുണ്ടാകുമെന്നുമുള്ള സൂചനകൾ ലഭിച്ചതിനെതുടർന്നായിരുന്നു ഈ പിന്നാക്കം പോകൽ. വോട്ടെടുപ്പ് അവസാന ഘട്ടത്തിലേക്ക് നീങ്ങുമ്പോൾ ഓഹരി വിപണിയിൽ തിരിച്ചടികൾ പ്രതിഫലിച്ചു തുടങ്ങിയിരുന്നു. ബി.ജെ.പിക്ക് അധികാരം നഷ്ടപ്പെടുകയോ തൂക്കുസഭ നിലവിൽ വരികയോ ചെയ്യുമെന്നുള്ള വിലയിരുത്തലാണ് വിപണിയിൽ പ്രതിഫലിച്ചത്. എന്നാൽ അവസാന ഘട്ട വോട്ടെടുപ്പ് നടന്ന ജൂൺ ഒന്നിന് വൈകീട്ട് പുറത്തുവന്ന എക്സിറ്റ് പോൾ ഫലങ്ങളെല്ലാം ബി.ജെ.പി വൻ ഭൂരിപക്ഷത്തിൽ അധികാരത്തിലെത്തുമെന്നാണ് പ്രവചിച്ചത്. 392 സീറ്റു വരെ ബി.ജെ.പി നേടുമെന്ന് പ്രവചിച്ച എക്സിറ്റ് പോളുകൾ വരെയുണ്ടായിരുന്നു. ഇത്തരമൊരു കണക്ക് മോദിയുടേയും അമിത് ഷായുടേയും ഇടപെടലിലൂടെ വ്യാജമായി സൃഷ്ടിച്ചതാണെന്നാണ് രാഹുൽ ഗാന്ധി ആരോപിക്കുന്നത്. വൻകിട കോർപ്പറേറ്റുകൾക്കും ഇതിൽ പങ്കുണ്ട്. എക്സിറ്റ് പോൾ നടത്തിയ ഏജൻസികൾക്ക് യഥാർത്ഥ്യം അറിമായിരുന്നുവെങ്കിലും അവരും ക്രമക്കേടിന് കൂട്ടുനിന്നുവെന്ന് രാഹുൽ ആരോപിച്ചു. യഥാർത്ഥ ഫലസൂചനകളോട് അടുക്കുന്ന എക്സിറ്റ് പോളുകളായിരുന്നു പുറത്തു വന്നിരുന്നതെങ്കിൽ ജൂൺ രണ്ടു മുതൽ ഓഹരി വിപണി വൻ തകർച്ചയെ നേരിടുമായിരുന്നു. ശതകോടികളാണ് ഇതിൽ വൻകിട കോർപ്പറേറ്റുകൾക്ക് നഷ്ടം വരിക. യഥാർത്ഥ ഫലം പുറത്തുവരുന്നതോടെ വീണ്ടും ഓഹരി വിപണി ഇടിയും. ലക്ഷക്കണക്കിന് കോടി രൂപ കോർപ്പറേറ്റുകൾക്ക് നഷ്ടം വരും. ഇത് ഒഴിവാക്കാൻ ബി.ജെ.പി വൻ ഭൂരിപക്ഷത്തിൽ അധികാരത്തി ൽ വരുമെന്ന വ്യാജ എക്സിറ്റ് പോളുകൾ സൃഷ്ടിച്ചു.

എക്സിറ്റ് പോൾ ഫലങ്ങൾ പുറത്തു വന്നതിനു പിന്നാലെ ഓഹരി വിപണി കുതിച്ചുകയറി. വൻകിട കോർപ്പറേറ്റുകൾ ലക്ഷക്കണക്കിന് കോടി രൂപ ലാഭമുണ്ടാക്കി. യഥാർത്ഥ ഫലം പുറത്തുവന്ന ദിവസം ഓഹരി വിപണി നാലു മാസത്തിനിടയിലെ ഏറ്റവും വലിയ തകർച്ചയെയാണ് നേരിട്ടത്. വ്യാജ എക്സിറ്റ് പോളുകൾ വഴി ഓഹരി വിപണിയിൽ നിന്ന് കൃത്രിമ ലഭം കൊയ്തതിലൂടെ, ജൂൺ നാലിലെ തകർച്ചയുടെ ആഘാതത്തെ മറികടക്കാൻ കോർപ്പറേറ്റുകൾക്ക് കഴിഞ്ഞെന്നും രാഹുൽ ആരോപിച്ചു. അദാനിയും അംബാനിയും അടക്കമുള്ള കോർപ്പറേറ്റുകൾക്ക് ഇതിന്റെ ഗുണം ലഭിച്ചിട്ടുണ്ട്. അതേസമയം രാജ്യത്തെ സാധാരണ നിക്ഷേപകന് ചെറുതും വലുതമായ സംഖ്യയിലൂടെ 30 ലക്ഷം കോടിയിലധികം രൂപയുടെ നഷ്ടം വിപണിയിൽ നേരിട്ടു എന്നാണ് കണക്കെന്നും രാഹുൽ ചൂണ്ടിക്കാട്ടി.

തിരഞ്ഞെടുപ്പിൽ ഇതാദ്യമായി പ്രധാനമന്ത്രിയും ആഭ്യന്തര മന്ത്രിയും ധനകാര്യമന്ത്രിയും ഓഹരി വിപണി പ്രചാരണ ആയുധമാക്കുകയും ഓഹരി വിപണിയിൽ നിക്ഷേപിക്കാൻ ജനങ്ങളെ പ്രേരിപ്പിക്കുകയും ചെയ്തു. ജൂൺ നാലിന് ഓഹരി വിപണി റെക്കോർഡിടുമെന്ന് മോദിയും അമിത് ഷായും നിക്ഷേപകരെ നേരിട്ട് തെറ്റിദ്ധരിപ്പിച്ചു. ഓഹരി ക്രമക്കേടുമായി ബന്ധപ്പെട്ട് സെബി അന്വേഷണം നേരിടുന്ന കമ്പനിയുടെ ചാനലിൽ ആണ് മോദിയും അമിത് ഷായും ഈ അവകാശവാദങ്ങൾ ഉന്നയിച്ചത്. എക്സിറ്റ് പോൾ പുറത്തു വരുന്നതിന് തൊട്ടു മുമ്പ്, മെയ് 31ന് കോടികളുടെ വിദേശ നിക്ഷേപം ഓഹരി വിപണിയിലെത്തി. ആസൂത്രിത കുംഭകോണത്തെക്കുറിച്ചുള്ള സൂചനകളാണ് ഇത് നൽകുന്നതെന്നും രാഹുൽ ഗാന്ധി പറഞ്ഞു. യഥാർത്ഥ എക്സിറ്റ് പോൾ ഫലങ്ങൾ മറിച്ചാണെന്ന് അറിഞ്ഞു കൊണ്ടു തന്നയൊണ് മോദിയും അമിത് ഷായും ഇതിനു മുതിർന്നത്. ഇതേക്കുറിച്ച് സമഗ്ര അന്വേഷണം വേണമെന്നും സംയുക്ത പാർലമെന്ററി സമിതി(ജെ.പി.സി) അന്വേഷണം ആവശ്യപ്പെടുന്നതായും രാഹുൽ ഗാന്ധി കൂട്ടിച്ചേർത്തു.

സഭയിൽ സെഞ്ചുറിയടിച്ച് കോൺഗ്രസ്

ന്യൂഡൽഹി: ലോക്സഭയിലെ അംഗബലത്തിൽ സെഞ്ചുറിയടിച്ച് കോൺഗ്രസ്. മഹാരാഷ്ട്രയിലെ വിമത സ്ഥാനർത്ഥി വിശാൽ പാട്ടീൽ കോൺഗ്രസിന് പിന്തുണ പ്രഖ്യാപിച്ചതോടെയാണ് സീറ്റുനില 100ലെത്തിയത്. കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുന ഖാർഗെയെ കണ്ടാണ് പാട്ടീൽ രേഖാമൂലം പിന്തുണ അറിയിച്ചത്. മഹാരാഷ്ട്രയിലെ സാംഗ്ലി മണ്ഡലം ശിവസേനാ ഉദ്ദവ് വിഭാഗത്തിന് നൽകിയതിൽ പ്രതിഷേധിച്ചാണ് വിശാൽ പാട്ടീൽ വിമതനായി മത്സരിച്ചത്. ബി.ജെ.പിയുടെ സിറ്റിങ് എം.പി സഞ്ജയ്കാക്ക പാട്ടീലിനെ 1,00,053 വോട്ടിന്റെ ഭൂരിപക്ഷത്തിന് തോൽപ്പിച്ച് അദ്ദേഹം ലോക്സഭയിലേക്ക് ടിക്കറ്റുറപ്പിക്കുകയായിരുന്നു.

വകുപ്പുകളിൽ പിടിമുറുക്കി സഖ്യ കക്ഷികൾ

മോദിയുടെ സത്യപ്രതിജ്ഞ ഞായറാഴ്ചത്തേക്ക് മാറ്റി

- **റെയിൽവേ ഉൾപ്പെടെ നാല് പ്രധാന വകുപ്പുകൾ ചോദിച്ച് നിതീഷ്**
- **ധനകാര്യം ഉൾപ്പെടെ നായിഡു ചോദിച്ചത് ഏഴ് വകുപ്പുകളും സ്പീക്കർ പദവിയും**
- **ജാതി സെൻസസും അഗ്നിവീറും; പ്രതിരോധത്തിലായി ബി.ജെ.പി**
- **എൻ.ഡി.എ എം.പിമാരുടെ യോഗം ഇന്ന് ഡൽഹിയിൽ**

ന്യൂഡൽഹി: സ്വന്തം നിലയിൽ കേവല ഭൂരിപക്ഷം ലഭിക്കാത്ത ബി.ജെ.പിക്കു മുന്നിൽ സഖ്യ കക്ഷികൾ ഉപാധികളുടെ വൻ മതിൽ തീർത്തതോടെ മോദിക്കും ബി.ജെ.പിക്കും സർക്കാർ രൂപീകരണം കടുപ്പമാകുന്നു. ടി.ഡി.പി നേതാവ് ചന്ദ്രബാബു നായിഡുവിനും ജെ.ഡി.യു നേതാവ് നിതീഷ് കുമാറിനും പിന്നാലെ എൽ.ജെ.പി നേതാവ് ചിരാഗ് പസ്വാനും സ്വരം കടുപ്പിച്ചതോടെ ശനിയാഴ്ച നടത്തുമെന്നറിയിച്ച സർക്കാറിന്റെ സത്യപ്രതിജ്ഞ ഞായറാഴ്ചത്തേക്ക് മാറ്റി. സത്യപതിജ്ഞാ ചടങ്ങിനെത്തുന്ന ലോക നേതാക്കളുടെ സൗകര്യം കണക്കിലെടുത്താണ് തിയതി മാറ്റിയതെന്നാ ണ് ഔദ്യോഗിക ഭാഷ്യമെങ്കിലും സഖ്യ കക്ഷികളെ അനുനയിപ്പിക്കാൻ കഴിയാത്തതാണ് തീരുമാനത്തിനു പിന്നിലെന്ന് റിപ്പോർട്ടുകൾ പറയുന്നു. വകുപ്പുകളുടെ കാര്യത്തിൽ ഉൾപ്പെടെ വിട്ടുവീഴ്ചയില്ലാത്ത നിലപാടാണ് സഖ്യ കക്ഷികൾ സ്വീകരിക്കുന്നത്. തിരഞ്ഞെടുപ്പിൽ രാജ്യം ഏറെ ചർച്ച ചെയ്യപ്പെട്ട അഗ്നിവീർ സൈനിക റിക്രൂട്ട്മെന്റ് പദ്ധതി, ജാതി സെൻസസ് എന്നീ വിഷയങ്ങൾ കൂടി ഘടകകക്ഷികൾ ഉന്നയിച്ചതോടെ പ്രതിസന്ധിയുടെ വൻമലയാണ് മോദിക്കും ബി.ജെ.പിക്കും മുന്നിൽ രൂപപ്പെട്ടിരിക്കുന്നത്.

രണ്ടാം മോദി മന്ത്രിസഭയിലെ പ്രമുഖരെയെല്ലാം നിലനിർത്തി സർക്കാർ രൂപീകരിക്കാനാണ് ബി.ജെ.പി ശ്രമം. അതേസമയം ഘടകകക്ഷികൾക്ക് വകുപ്പുകൾ നൽകുന്നത് വെല്ലുവിളിയാണ്. ധനകാര്യം ഉൾപ്പെടെ ഏഴ് പ്രധാന വകുപ്പുകളാണ് ടി.ഡി.പി ആവശ്യപ്പെട്ടിരിക്കുന്നത്. റെയിൽവേ ഉൾപ്പെടെ നാല് പ്രധാന വകുപ്പുകൾ ജെ.ഡി.യുവും ആവശ്യപ്പെട്ടിട്ടുണ്ട്. ടി.ഡി.പിക്ക് 16ഉം ജെ.ഡി.യുവിന് 12ഉം അംഗങ്ങളാണുള്ളത്. രണ്ടു കക്ഷികളും ഒപ്പം നിന്നില്ലെങ്കിൽ സർക്കാർ രൂപീകരണം സാധ്യമാകില്ല എന്നത് ബി.ജെ.പിക്ക് തലവേദനയാണ്. ഇതിനു പുറമെ അഞ്ച് അംഗങ്ങളുള്ള എൽ.ജെ.പിയും ഏഴ് അംഗങ്ങളുള്ള ശിവസേന(ഷിൻഡേ)യും ഒന്നിലധികം മന്ത്രിസ്ഥാനങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. രണ്ട് അംഗങ്ങൾ വീതമുള്ള ജനസേന, ജെ.ഡി.എസ്, ആർ. എൽ.ഡി തുടങ്ങിയ സഖ്യ കക്ഷികളേയും പരിഗണിക്കേണ്ടി വരും. ഒരു അംഗം മാത്രമുള്ള ചെറു കക്ഷികളുമുണ്ട്.

ഇതിനു പുറമെയാണ് സംസ്ഥാനങ്ങളുടെ പ്രത്യേക പദവി, ജാതി സെൻസസ്, അഗ്നിവീർ പദ്ധതി എന്നിവയും ബി.ജെ.പിക്ക് വെല്ലുവിളി സൃഷ്ടിക്കുന്നത്. എൻ.ഡി.എയുടെ നിയുക്ത എം.പിമാരുടെ യോഗം ഇന്ന് ഡൽഹിയിൽ ചേരുന്നുണ്ട്. യോഗത്തിൽ പങ്കെടുക്കുമെന്നും എൻ.ഡി.എയിൽ ഉറച്ചു നിൽക്കുമെന്നും നിതീഷും ചന്ദ്രബാബു നായിഡുവും വ്യക്തമാക്കിയിട്ടുണ്ട്. തിരഞ്ഞെടുപ്പ് ഫലം വന്നതിനു പിന്നാലെ ബുധനാഴ്ച ഡൽഹിയിൽ എൻ.ഡി. എ നേതാക്കളുടെ യോഗം ചേർന്നിരുന്നു. ഈ യോഗത്തിനു ശേഷം സർക്കാർ രൂപീകരിക്കാൻ അവകാശം ഉന്നയിച്ച് രാഷ്ട്രപതിയെ കാണും എന്നായിരുന്നു ബി.ജെ.പി നേതാക്കൾ ആ ദ്യം പറഞ്ഞത്. ശനിയാഴ്ച സത്യപ്രതിജ്ഞ ചെയ്യുമെന്നും. എന്നാൽ തിടുക്കപ്പെട്ട് രാഷ്ട്രപതിയെ കാണാനുള്ള നീക്കം ആദ്യം മാറ്റി. വെള്ളിയാഴ്ച നടക്കുന്ന നിയുക്ത എം.പിമാരുടെ യോഗത്തിനു ശേഷം കണ്ടാൽ മതിയെന്നായിരുന്നു ഘടകകക്ഷി നിലപാട്. ഇതിനു പിന്നലെയാണ് സത്യപ്രതിജ്ഞയും മാറ്റിയത്.

അതേസമയം സത്യപ്രതിജ്ഞക്കുള്ള നീക്കങ്ങളുമായി ബി.ജെ.പി മുന്നോട്ടു പോകുകയാണ്. രാഷ്ട്രപതി ഭവനിൽ ഒരുക്കങ്ങൾ തകൃതിയാണ്. ബംഗ്ലാദേശ് പ്രധാനമന്ത്രി ഷെയ്ഖ് ഹസീന, ശ്രീലങ്കൻ പ്രസിഡണ്ട് റനിൽ വിക്രമസിംഗെ, നേപ്പാൾ പ്രധാനമന്ത്രി പുഷ്പ കമൽ ദഹൽ എന്നിവർ ചടങ്ങിനെത്തുമെന്നാണ് സൂചന. 8,000 ക്ഷണിക്കപ്പെട്ട അഥിതികൾക്കായിരിക്കും ചടങ്ങ് നേരിട്ട് വീക്ഷിക്കുന്നതിന് അവസരം. പ്രധാനമന്ത്രിയും ഘടകകക്ഷിയിൽ നിന്ന് ഓരോ പ്രതിനിധികളുമാകും ഞായറാഴ്ച സത്യപ്രതിജ്ഞ ചെയ്യുക എന്നാണ് വിവരം. മന്ത്രിസഭാ വികസനം പിന്നീടേ ഉണ്ടാകൂ.

സഊദിയിൽ ബലിപെരുന്നാൾ 16ന്; അറഫാദിനം ശനിയാഴ്ച

റിയാദ്: സഊദി അറേബ്യയിൽ ഇന്നലെ ദുൽഹജ്ജ് മാസപ്പിറവി ദൃശ്യമായതിന്റെ അടിസ്ഥാനത്തിൽ ഇന്ന് ദുൽഹജ്ജ് ഒന്നും ബലി പെരുന്നാൾ ഈ മാസം 16ന് ഞായറാഴ്ചയും ആയിരിക്കുമെന്ന് മതകാര്യ മന്ത്രാലയം അറിയിച്ചു. 15ന് ശനിയാഴ്ചയാണ് ഹജ്ജിന്റെ ഏറ്റവും സുപ്രധാന കർമ്മമായ അറഫ സംഗമം. റിയാദിനടുത്ത് ഹരീഖിലാണ് മാസപ്പിറവി ദൃശ്യമായത്. മാസപ്പിറവി നിരീക്ഷിക്കാൻ സുപ്രീംകോടതി പ്രത്യേക നിർദേശം നൽകിയിരുന്നു.

വഫഖ് ബോർഡ് യോഗം മാറ്റിവെച്ചു

കോഴിക്കോട് : കണ്ണൂർ റെയിൻബോ സ്യൂട്ട്സിൽ 15 ാം തിയ്യതി രാവിലെ 11 മണിക്ക് നടത്താനിരുന്ന കേരള സ്റ്റേറ്റ് വഖഫ് ബോർഡിന്റെ ജുഡീഷ്യൽ സിറ്റിംഗ് 13 ാം തിയ്യതിയിലേക്ക് മാറ്റിവെച്ചതായി ഡിവിഷണൽ ഓഫീസർ അറിയിച്ചു.

നീറ്റല്ല 'നീറ്റ്'; വൻ അട്ടിമറി

- **67 പേർക്ക് ഒന്നാം റാങ്ക്**
- **ഒരേ സെന്ററിൽ പരീക്ഷ എഴുതിയ എട്ടുപേർക്ക് മുഴുവൻ മാർക്ക്**
- **പരീക്ഷ വീണ്ടും നടത്തണമെന്നാവശ്യം**
- **അട്ടിമറി ആരോപണം തള്ളി എൻ.ടി.എ**

ന്യൂഡൽഹി: മെഡിക്കൽ വിദ്യാഭ്യാസ പ്രവേശനത്തിനുള്ള ഏകീകൃത പ്രവേശന പരീക്ഷയായ നീറ്റിൽ (നാഷണൽ എലിജിലിബിലിറ്റി കം എൻട്രൻസ് ടെസ്റ്റ്) വൻ അട്ടിമറിയെന്ന ആരോപണവുമായി വിദ്യാർത്ഥികളും രക്ഷിതാക്കളും. നീറ്റ് പരീക്ഷാ ഫലം പുറത്തുവന്നതിനു പിന്നാലെയാണ് പരീക്ഷയിലും മൂല്യ നിർണയത്തിലും ക്രമക്കേട് നടന്നിട്ടുണ്ടെന്ന ആരോപണം ഉയർന്നത്. വീണ്ടും പരീക്ഷ നടത്തണമെന്നാവശ്യപ്പെട്ട് വിദ്യാർത്ഥികളും രക്ഷിതാക്കളും കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന് പരാതി നൽകി.

കഴിഞ്ഞ ദിവസം പുറത്തുവന്ന നീറ്റ് ഫലത്തിൽ 67 പേർക്കാണ് ഒന്നാം റാങ്കും മുഴുവൻ മാർക്കും ലഭിച്ചിരിക്കുന്നത്. ഇതിൽ എട്ടുപേർ ഹരിയാനയിൽ ഒരേ സെന്ററിൽ പരീക്ഷ എഴുതിയവരാണ്. ഇത് അത്യസാധാരണ സാഹചര്യമാണെന്നാണ് വിദ്യാർത്ഥികൾ പറയുന്നത്.

മെയ് അഞ്ചിന് നടന്ന നീറ്റ് പരീക്ഷയിൽ 23.33 ലക്ഷം പരീക്ഷാർത്ഥികളാണ് പങ്കെടുത്തത്. ഇവരിൽ 13.16 ലക്ഷം പേരാണ് യോഗ്യത നേടിയത്.

വിവാദത്തിനു പിന്നാലെ കേന്ദ്ര സർക്കാറിനെതിരെ വിമർശനവുമായി കോൺഗ്രസ് രംഗത്തെത്തി. ക്രമക്കേട് ആരോപണത്തിൽ അന്വേഷണം വേണമെന്നാവശ്യപ്പെട്ട കോൺഗ്രസ്, മോദി സർക്കാർ വിദ്യാർത്ഥികളുടെ ഭാവി തുലച്ചെന്നും കുറ്റപ്പെടുത്തി.

മൂല്യ നിർണയത്തിലും അട്ടിമറി ആരോപിക്കുന്നുണ്ട്. ഒന്നാം റാങ്ക് ലഭിച്ചവരിൽ 47 പേർക്ക് ഗ്രേസ് മാർക്ക് കൂടി ലഭിച്ചിട്ടുണ്ട്. ഇതിൽ ദുരൂഹതയുണ്ടെന്നാണ് ആരോപണം.

അതേസമയം അട്ടിമറി ആരോപണങ്ങൾ എൻ.ടി.എ ഇത്തവണയും തള്ളി. മാനദണ്ഡങ്ങൾക്ക് വിധേയമായാണ് ഗ്രേസ് മാർക്ക് അനുവദിച്ചതെന്നാണ് എൻ.ടി.എ അവകാശപ്പെടുന്നത്. എൻസിഇആർടി പാഠപുസ്തകത്തിലെ ഉത്തരത്തിന്റെ പിഴവിനാണ് ഗ്രേസ് മാർക്ക് എന്നാണ് വിശദീകരണം. ഒപ്പം രണ്ടാം റാങ്ക് ലഭിച്ച വിദ്യാർത്ഥികൾക്ക് സമയം കിട്ടിയില്ല എന്ന പരാതിയുടെ അടിസ്ഥാനത്തിലാണ് ഗ്രേസ് മാർക്ക് നല്കിയത്. മുൻകോടതി വിധികളുടെ അടിസ്ഥാനത്തിലാണിതെന്നും എൻടിഎ അവകാശപ്പെട്ടു.

ചോദ്യപേപ്പർ ചോർച്ച ഉണ്ടായിട്ടില്ലെന്നും പരീക്ഷയിൽ ക്രമക്കേട് നടത്തിവർക്കെതിരെ ആ സമയത്തു തന്നെ നടപടി എടുത്തിട്ടുണ്ടെന്നുമാണ് എൻ.ടി.എ പറയുന്നത്. 67 പേർക്ക് ഒരുമിച്ച് ഒന്നാം റാങ്ക് ലഭിച്ചതിൽ അസ്വാഭാവികതയില്ലെന്നും എൻ.ടി.എ വിശദീകരിച്ചു.

അട്ടിമറി ആരോപണം വന്നതിനു പിന്നാലെ സാമൂഹിക മാധ്യമങ്ങളിൽ ഇതുസംബന്ധിച്ച് വ്യാപകമായ പ്രതിഷേധം ഉയരുന്നുണ്ട്.

ഉത്തരമലബാറിൽ തപാൽ വോട്ട് അട്ടിമറി

ഉദ്യോഗസ്ഥർ അസാധുവാക്കിയത് എട്ടായിരത്തോളം വോട്ടുകൾ

ദാവൂദ് മുഹമ്മദ്
കണ്ണൂർ

ലോക്സഭാ തിരഞ്ഞെടുപ്പിൽ ഉദ്യോഗസ്ഥരെ ഉപയോഗിച്ച് തപാൽ വോട്ടിൽ വൻ അട്ടിമറി. ഉത്തര മലബാറിലെ മൂന്ന് ലോക്സഭാ മണ്ഡലങ്ങൾ കേന്ദ്രീകരിച്ചാണ് ഇടതുപക്ഷ ഉദ്യോഗസ്ഥരെ ഉപയോഗിച്ച് തിരിമറി നടത്തിയത്. എൺപത് കഴിഞ്ഞവർക്കും ഭിന്നശേഷിക്കാർക്കുമുള്ള തപാൽ വോട്ടുകളിൽ സമ്മതിദാനാവകാശം വിനിയോഗിച്ച ബാലറ്റിനൊപ്പം ഉദ്യോഗസ്ഥർ സമർപ്പിക്കേണ്ട 13എ-ഡിക്ലറേഷൻ ഫോറം പൂരിപ്പിക്കാതെയായിരുന്നു അട്ടിമറി. ഇതിനായി തപാൽ വോട്ടുകൾ നിയന്ത്രിക്കാനുള്ള ചുമതല നൽകിയത് ഇടത് അനുകൂല സംഘടനാ പ്രവർത്തകർക്കായിരുന്നു.

ഉത്തര മലബാറിലെ മൂന്ന് മണ്ഡലങ്ങൾ കേന്ദ്രീകരിച്ചാണ് വിദഗ്ധമായി കള്ളവോട്ടിനെ വെല്ലുന്ന അട്ടിമറി നടന്നത്. കണ്ണൂരിലും കാസർകോടും വടകരയിലും ശക്തമായ മത്സരം നടക്കുമെന്ന നിഗമനത്തിലാണ് ഈ നീക്കം.

പ്രായാധിക്യമുള്ളവരും ഭിന്നശേഷിക്കാരും വോട്ട് ചെയ്ത ശേഷം ബാലറ്റ് തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥ സംഘത്തെ ഏൽപ്പിച്ചാൽ ഇതോടൊപ്പമുള്ള ഡിക്ലറേഷൻ ഫോം പൂരിപ്പിച്ച് ഒപ്പും സീലും പതിച്ച് മറ്റൊരു കവറിലാക്കി സമർപ്പിക്കാനാണ് തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദേശം നൽകിയിരുന്നത്. എന്നാൽ ഈ ഫോം പൂരിപ്പിക്കാതെയാണ് ഉദ്യോഗസ്ഥർ സമർപ്പിച്ചത്. ഇത്തരം ബാലറ്റുകൾ എണ്ണുമ്പോൾ ആദ്യം വലിയ കവർ തുറന്ന ശേഷം ഡിക്ലറേഷൻ പരിശോധിച്ച് ഉറപ്പ് വരുത്തിയാൽ മാത്രമേ ബാലറ്റ് കവർ പൊളിക്കുകയുള്ളൂ. ഫലത്തിൽ ബാലറ്റ് കവറുകൾ തുറക്കുക പോലും ചെയ്യാതെയാണ് തപാൽ വോട്ടുകൾ കൂട്ടത്തോടെ തള്ളിയത്.

ഇതുസംബന്ധിച്ച് അന്വേഷണം ആവശ്യപ്പെട്ട് കണ്ണൂരിലെ അഭിഭാഷകൻ ഇ.ആർ വിനോദ് തിരഞ്ഞെടുപ്പ് കമ്മീഷനെ സമീപിച്ചിട്ടുണ്ട്. നടപടിയില്ലെങ്കിൽ കോടതിയെ സമീപിക്കുമെന്നും അദ്ദേഹം അറിയിച്ചു.

തപാൽ വോട്ടുകൾ ഇങ്ങനെ

മണ്ഡലം	ആകെവോട്ട്	സ്വീകരിച്ചത്	അസാധു
കാസർകോട്	12665	8752	3838
കണ്ണൂർ	17386	14915	2316
വടകര	14459	12182	2277
ആകെ	44510	35849	8431

സന്ദർശക വിസക്കാർ ശ്രദ്ധിക്കുക

ദുബൈ: സന്ദർശക ടൂറിസ്റ്റ് വിസയിൽ യുഎഇയിലേക്ക് വരുന്നവർക്ക് കർശന നിർദേശം നൽകി വിമാനക്കമ്പനികൾ. ആറു മാസത്തിൽ കുറയാത്ത കാലാവധിയുള്ള പോസ്പോർട്ട്, മടക്കയാത്രാ ടിക്കറ്റ്, താമസിക്കാൻ ഹോട്ടൽ റിസർവേഷൻ ചെയ്തതിന്റെ രേഖ, യാത്രാ കാലയളവിൽ ചെലവഴിക്കാമുള്ള നിശ്ചിത തുക എന്നിവ കൈവശം വെയ്ണമെന്നാണ് നിർദേശം. ഇൻഡിഗോ, എയർഇന്ത്യാ എക്സ്പ്രസ് കമ്പനികളുടേതാണ് നിർദ്ദേശം. ഇത്തരത്തിലുള്ള രേഖകൾ ഹാജരാക്കാൻ കഴിയാത്തവരെ നാട്ടിലേക്ക് തിരിച്ചയച്ച സംഭവങ്ങളുണ്ടായിട്ടുണ്ട്. ബന്ധുക്കളെയോ രക്ഷിതാക്കളെയോ കാണാൻ വരുന്നവരാണെങ്കിൽ അവരുടെ എമിരേറ്റ്സ് ഐഡി തുടങ്ങിയ രേഖകൾ കൈയ്യിൽ കരുതുന്നത് നന്നായിരിക്കും.

ലുലുവിൽ വിവിധ തസ്തികകളിൽ തൊഴിലവസരങ്ങൾ

അബുദാബി ആസ്ഥാനമായുള്ള പ്രമുഖ ലുലു ഗ്രൂപ്പിൽ വിവിധ തസ്തികകളിൽ ഒഴിവ്. അഡ്വർടൈസിങ് പ്രഫഷനലുകൾ, ക്രിയേറ്റീവ് ഡയറക്ടർ, സോഷ്യൽ മീഡിയാ എക്സിക്യൂട്ടീവ്, പിആർ, കോപ്പി റൈറ്റർ, മോഷൻ ഗ്രാഫിക് ഡിസൈനർ, മീഡിയാ സെയിൽ പ്രഫഷനൽ എന്നീ തസ്തികകളിലേയ്ക്കാണ് ഉദ്യോഗാർഥികളിൽ നിന്ന് അപേക്ഷ ക്ഷണിക്കുന്നത്. ഇതിൽ മീഡിയാ സെയിൽ പ്രഫഷനൊഴിച്ച് ബാക്കിയെല്ലാം കൊച്ചി കേന്ദ്രമാക്കിയുള്ള നിയമനമായിരിക്കും. വേണ്ട യോഗ്യതകൾ: ക്രിയേറ്റീവ് ഡയറക്ടർക്ക് മുൻനിര ഏജൻസികളിൽ നേതൃസ്ഥാനത്ത് ജോലി ചെയ്തുള്ള ഏഴ് മുതൽ 10 വർഷത്തെ പരിചയം അനിവാര്യമാണ്. സോഷ്യൽ മീഡിയാ എക്സിക്യൂട്ടീവിന് രണ്ട് മുതൽ അഞ്ച് വരെ വർഷം പ്രവൃത്തിപരിചയവും വേഗത്തിൽ കാര്യങ്ങൾ ഗ്രഹിക്കാനുള്ള കഴിവുമുണ്ടായിരിക്കണം. പിആർ, കോപ്പി റൈറ്റർ തസ്തികയിലേയ്ക്ക് അഞ്ച് മുതൽ ഏഴ് വരെ പ്രമുഖ മാധ്യമ സ്ഥാപനത്തിലോ ഏജൻസിയിലോ ജോലി ചെയ്തുള്ള പരിചയമാണ് ആവശ്യം.

ഗൾഫ് വാർത്തകൾ

ദുൽഹിജ്ജയിലെ ആദ്യ പത്തുദിനങ്ങൾ



സത്യവിശ്വാസി എല്ലാ സമയത്തും സുകൃതങ്ങളിൽ വ്യാപൃതനാവേണ്ടവനാണ്. എന്നാൽ ചില സമയങ്ങൾക്കും സന്ദർഭങ്ങൾക്കും ദിവസങ്ങൾക്കും സവിശേഷമായ പ്രത്യേകതങ്ങളുണ്ട്. എല്ലാ സമയവും നന്മയിൽ ഏർപ്പെടണമെന്നും അതുവഴി അല്ലാഹു പ്രത്യേകമാക്കിയിട്ടുള്ള നിമിഷങ്ങളിലെ കരുണാകടാക്ഷത്തിന് വിധേയരാവണമെന്നുമാണ് നബി (സ്വ) അധ്യാപനം ചെയ്തിരിക്കുന്നത്. അത്തരം പ്രത്യേകതകളാണ് ദുൽഹിജ്ജ മാസത്തിലെ ആദ്യ പത്തുദിനങ്ങൾക്കുള്ളത്. കാലങ്ങളിൽ വെച്ച് ഈ പത്തു ദിവസങ്ങളെ അല്ലാഹു പ്രത്യേകം ശ്രേഷ്ഠമാക്കിട്ടുണ്ട്. മാത്രമല്ല, അവയെ പേരെടുത്തുപറഞ്ഞ് ഖുർആനിൽ സത്യം ചെയ്തിട്ടുമുണ്ട്: 'പ്രഭാതം തന്നെയാണ് സത്യം, പത്തുരാത്രികൾ തന്നെയാണ് സത്യം' ഇത് സൂറത്തുൽ ഫജ്റിലെ ആദ്യ രണ്ട് സൂക്തങ്ങളാണ്. പത്തുരാത്രികൾ എന്നത് ദുൽഹിജ്ജ മാസത്തിലെ ആദ്യപത്തു ദിനങ്ങളെന്നാണ് ഖുർആൻ പണ്ഡിതൻ ഇബ്നു അബ്ബാസ് വിവരിച്ചത്. ഇഹലോകത്തെ ദിവസങ്ങളിൽ വെച്ച് ഏറ്റവും പരിപാവനമായത് ഈ പത്ത് ദിവസങ്ങളെന്ന് നബി (സ്വ)യും പറഞ്ഞിട്ടുണ്ട്. കാരണം ഈ പത്തു ദിനങ്ങളിൽപ്പെട്ടതാണ് അറഫാ ദിനവും ബലിപെരുന്നാളും. പാപമുക്തിയുടെയും കാരുണ്യത്തിന്റെയും പ്രത്യേക ദിനമാണ് അറഫാ ദിനം.

ബലിപെരുന്നാൾ, അതായത് ദുൽഹിജ്ജ പത്ത് വളരെ മഹത്വമേറിയ ദിനമാണെന്ന് പ്രവാചകൻ പറഞ്ഞിട്ടുണ്ട്. ഏറ്റവും പരിശുദ്ധവും പ്രതിഫലാർഹവുമായ കർമങ്ങളാണ് ദുൽഹിജ്ജ മാസത്തിലെ ആദ്യപത്തു ദിവസത്തിലേതെന്നും നബി (സ്വ) അറിയിച്ചിട്ടുണ്ട്.

പത്തുദിവസങ്ങളായതിനാൽ അതിൽ സ്വാഭാവികമായും വെള്ളിയാഴ്ചയും ഉൾപ്പെടും. ദിവസങ്ങൾവെച്ച് ശ്രേഷ്ഠമായത് വെള്ളിയാഴ്ചയാണെന്ന പ്രവാചക പാഠവും നമുക്ക് മുമ്പിലുണ്ട്. ഹജ്ജ് മാസത്തിലെ ഈ പത്തു ദിവസങ്ങളിലെ സുകൃത്യങ്ങളാണ് അല്ലാഹുവിന് ഏറ്റവും ഇഷ്ടമെന്ന് ഹദീസുകളിലും കാണാം. ദുൽഹിജ്ജയിലെ ഈ പത്തുദിവസങ്ങളിൽ പുണ്യകർമങ്ങൾ ഒരുമിച്ചു ക്രമീകരിക്കപ്പെട്ടിട്ടുണ്ട്. ഈ ദിവസങ്ങളിൽ നമസ്കാരവും നോമ്പും ഹജ്ജും ദാനധർമ്മവും പ്രാർത്ഥനയും തുടങ്ങി എല്ലാ ആരാധനാകർമ്മങ്ങളും സംഗമിച്ചതായി കാണാം. സൂറത്തുൽ ഹജ്ജിലെ 27ാം സൂക്തത്തിൽ നിർണിത നാളുകളെന്ന് പരാമർശിക്കപ്പെട്ടത് ഇവയാണെന്ന് ഇബ്നു അബ്ബാസ് (റ) വിവരിച്ചിട്ടുണ്ട്.

അല്ലാഹുവിന് ഏറ്റവും ഇഷ്ടം ദുൽഹിജ്ജ മാസത്തിലെ ആദ്യ പത്തു ദിവസങ്ങളിലാണെന്നും അതിനാൽ തഹ്ലീൽ, തക്ബീർ, ഹംദ് എന്നിവ അധികരിപ്പിക്കണമെന്നും പ്രവാചകാധ്യാപനത്തിൽ കാണാം.

പെരുന്നാൾ ദിനമൊഴികെ ഈ പത്തു ദിവസങ്ങളിൽ വ്രതമനുഷ്ഠിക്കൽ പ്രത്യേക പുണ്യമുള്ള ആരാധനാകർമ്മമാണ്. പ്രത്യേകിച്ച് അറഫാ ദിനത്തിലെ വ്രതത്തിന് ഏറെ പവിത്രതയുണ്ട്. നബി (സ്വ) തങ്ങൾ ദുൽഹിജ്ജ ഒമ്പതിന് നോമ്പനുഷ്ഠിക്കാറുണ്ടായിരുന്നെന്ന് പ്രവാചക പത്നിമാർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. പ്രാർത്ഥനയ്ക്കും ഹജ്ജ് വേളയിൽ ഏറെ പുണ്യമുണ്ട്. പ്രാർത്ഥന ആരാധനയാണെന്നും പ്രവാചക വചനങ്ങളിൽ കാണാവുന്നതാണ്. അതിനാൽ സത്കർമങ്ങളും പ്രാർത്ഥനകളും കൊണ്ട് ഈ ദിനങ്ങളെ ധന്യമാക്കാൻ നമുക്ക് സാധിക്കട്ടെ

മക്കയിൽ ഓരോ ദിനവും ചൂട് കൂടുകയാണ്. കടുത്ത ചൂടിൽ ഹറമിലേക്ക് പോകുന്ന ഹാജിമാർ

ഹജ്ജിന് കനത്ത ചൂടിന് സാധ്യത തണുപ്പിക്കാൻ സംവിധാനം

ജിദ്ദ: ഹജ്ജ് സമയത്ത് മക്കയിലും മദീനയിലും കനത്ത ചൂടിന് സാധ്യതയുണ്ടെന്ന് സഊദി കാലാവസ്ഥാ കേന്ദ്രം. ഉച്ചയ്ക്ക് ശേഷം 45 മുതൽ 48 ഡിഗ്രി വരെ ഉയരാൻ സാധ്യതയുണ്ട്. ഉഷ്ണത്തിന്റെ ആഘാതം ലഘൂകരിക്കുന്നതിന് ബന്ധപ്പെട്ട് വകുപ്പുകളുമായി സഹകരിച്ച് കേന്ദ്രം പ്രവർത്തിക്കുന്നുണ്ടെന്നും അധികൃതർ വ്യക്തമാക്കി. ഹജ്ജ് വേളയിൽ തീർത്ഥാടകർക്ക് ശരാശരി ഉയർന്ന താപനില 44 ഡിഗ്രി സെൽഷ്യസ് പ്രതീക്ഷിക്കാമെന്ന് അധികൃതർ അറിയിച്ചു. വിശുദ്ധ നഗരങ്ങളായ മക്കയിലും മദീനയിലും ഈ വർഷം ഹജ്ജിന് കാലത്ത് കാലാവസ്ഥ സാധാരണ താപനിലയേക്കാൾ ഒന്നര മുതൽ രണ്ട് ഡിഗ്രി വരെ ഉയരുമെന്ന് ദേശീയ കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം മേധാവി അയ്മാൻ ഗുലാം പത്രസമ്മേളനത്തിൽ പറഞ്ഞു. കഴിഞ്ഞ വർഷം 1.8 ദശലക്ഷത്തിലധികം പേർ ഹജ്ജിൽ പങ്കെടുത്തതായി ഔദ്യോഗിക കണക്കുകൾ വ്യക്തമാക്കുന്നു. 48 ഡിഗ്രി സെൽഷ്യസിലേക്ക് ഉയർന്നതിനെ തുടർന്ന് 2000ത്തിലധികം ആളുകൾക്ക് വിഷമം അനുഭവപ്പെട്ടതായി സൗദി അധികൃതർ അറിയിച്ചു.

ഇസ്രാഈൽ ഉപരോധം തുടർന്നാൽ
ഗസ്സ പട്ടിണിയിലാവുമെന്ന് യുഎൻ

ഗസ്സ: ഇസ്രാഈൽ ശത്രുത തുടരുകയാണെങ്കിൽ അടുത്ത മാസം പകുതിയോടെ ഗസ്സയിലെ ഒരു ദശലക്ഷത്തിലധികം ഫലസ്തീനികൾ ഏറ്റവും ഉയർന്ന പട്ടിണി അനുഭവിക്കുമെന്ന് യുഎൻ ഏജൻസികൾ മുന്നറിയിപ്പ് നൽകുന്നു. ഒക്ടോബർ 7 മുതൽ ഗാസ്സക്കെതിരായ ഇസ്രായേൽ യുദ്ധത്തിൽ കുറഞ്ഞത് 36,586 പേർ കൊല്ലപ്പെടുകയും 83,074 പേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. ഹമാസിന്റെ ആക്രമണങ്ങളിൽ ഇസ്രായേലിൽ മരിച്ചവരുടെ എണ്ണം കുറഞ്ഞത് 1,139 ആണ്, ഡസൻ കണക്കിന് ആളുകൾ ഇപ്പോഴും ഗാസയിൽ ബന്ദികളാക്കിയിട്ടുണ്ട്. വെടിനിർത്തൽ നിർദ്ദേശങ്ങൾ ലംഘിച്ച് ഗസ്സയിലെ നുസ്രത്ത് അഭയാർത്ഥി ക്യാമ്പിന് നേരെ ഇന്നലെ നടത്തിയ ആക്രമണത്തിൽ 40 പേർ കൊല്ലപ്പെട്ടിട്ടുണ്ട്.

ചൂടും ജലക്ഷാമവും: ഗസ്സയിൽ കോളറ പടരാൻ സാധ്യത

ഗസ്സ: ചൂട് കൂടി ശുദ്ധജലത്തിന്റെ അഭാവം തുടരുകയും ചെയ്യുന്നതിനാൽ കോളറ വ്യാപിക്കുമെന്ന് ആശങ്കപ്പെടുന്നതായി യുഎൻ റിലീഫ് ആൻഡ് വർക്ക്സ് ഏജൻസി ഫോർ പാലസ്തീൻ വ്യക്തമാക്കി. യുഎസും 16 സഖ്യരാജ്യങ്ങളും മെയ് 31 ന് യുഎസ് പ്രസിഡന്റ് ജോ ബൈഡൻ നിർദ്ദേശിച്ച വെടിനിർത്തലിനെയും ബന്ദികളേയും മോചിപ്പിക്കുന്ന കരാറിനെ ലോക രാഷ്ട്രങ്ങൾ പൂർണമായി പിന്തുണച്ചുവെങ്കിലും ഇസ്രാഈൽ കൂട്ടക്കുരുതി തുടരുന്നു. കഴിഞ്ഞ 24 മണിക്കൂറിനിടെ 68 ഫലസ്തീനികൾ കൊല്ലപ്പെടുകയും 235 പേർക്ക് പരിക്കേൽക്കുകയും ചെയ്തതായി ഗസ്സയിലെ ആരോഗ്യ മന്ത്രാലയം അറിയിച്ചു. സെൻട്രൽ ഗസ്സയിലെ നുസ്രത്ത് അഭയാർത്ഥി ക്യാമ്പിലേക്ക് നടത്തിയ വ്യോമാക്രമണത്തിലാണ് നിരപരാധികളായ കുട്ടികളും സ്ത്രീകളുമടക്കം 40പേർ കൊല്ലപ്പെട്ടത്. ഗസ്സക്കെതിരായ യുദ്ധത്തിൽ ഇസ്രായേൽ വംശഹത്യ കൺവെൻഷൻ പ്രകാരമുള്ള ബാധ്യതകൾ ലംഘിച്ചുവെന്ന് ആരോപിച്ച് അന്താരാഷ്ട്ര നീതിന്യായ കോടതിയിൽ ദക്ഷിണാഫ്രിക്ക ഫയൽ ചെയ്ത കേസിൽ കക്ഷി ചേരുമെന്ന് സ്പെയിൻ പറയുന്നു.

കൊടും ചൂടിൽ കുടിവെള്ളംപോലും കിട്ടാതെ വെന്തുരുകുന്ന ഗസ്സയിൽ നിന്നുള്ള കാഴ്ച

ഒമാൻ ഒഴികെ ഗൾഫിൽ പെരുന്നാൾ 16ന്

അബുദാബി: ഒമാൻ ഒഴികെയുള്ള ഗൾഫ് നാടുകളിൽ ബലിപെരുന്നാൾ ജൂൺ 16ന് ഞായറാഴ്ചയായിരിക്കും. 6ന് സൗദിയിൽ ദുൽഹജ്ജ്മാസപ്പിറവി കണ്ടതിന്റെ അടിസ്ഥാനത്തിൽ അറഫാദിനം 15ന് ശനിയാഴ്ചയാണെന്ന് സൗദിഅറേബ്യപ്രഖ്യാപിച്ചു. ഇതിന്റെ അടിസ്ഥാനത്തിലാണ് ഒമാൻ ഒഴികെയുള്ള ഗൾഫ് നാടുകളിൽ ബലിപെരുന്നാൾ 16ന് ആഘോഷിക്കുന്നത്.

മലയാളി യുവതി മരിച്ച നിലയിൽ

അബുദാബി: മലയാളി യുവതിയെ കൈഞരമ്പ് മുറിച്ച് മരിച്ച നിലയിൽ അബുദാബിയിലെ താമസസ്ഥലത്ത് കണ്ടെത്തി. കണ്ണൂർ ചിറക്കൽ സ്വദേശിനി മനോജ്ഞ (31) ആണ് മരിച്ചതെന്ന് ബന്ധുക്കൾക്ക് വിവരം ലഭിച്ചു. ഭർത്താവിനെയും കൈഞരമ്പ് മുറിച്ച നിലയിലും കണ്ടെത്തിയിട്ടുണ്ട്. ഇയാൾ അബുദാബിയിലെ ആശുപത്രിയിൽ ചികിത്സയിലാണ്. കൂടുതൽ വിവരങ്ങൾ ലഭ്യമല്ല. യുവതിയുടെ മൃതദേഹം ബനിയാസ് മോർച്ചറിയിൽ സൂക്ഷിച്ചിരിക്കുകയാണ്. സംഭവത്തിൽ അബുദാബി പൊലീസ് കേസെടുത്തിട്ടുണ്ട്.

എയർഇന്ത്യ എക്സ്പ്രസിന്റെ വമ്പൻ ഓഫർ ചുളുവിൽ ടിക്കറ്റെടുത്ത് പ്രവാസികൾ

റസാഖ് ഒരുമനയൂർ
അബുദാബി

വേനൽ അവധിക്കാലത്ത് താങ്ങാനാവാത്ത വിമാനടിക്കറ്റ് നിരക്ക് മൂലം പ്രയാസപ്പെടുന്ന പ്രവാസികൾക്ക് വമ്പൻ ഓഫറുമായി എയർഇന്ത്യ എക്സ്പ്രസ് എത്തിയപ്പോൾ ചുളുവിൽ ടിക്കറ്റെടുത്തത് നൂറുകണക്കിന് പ്രവാസികൾ. ആഗസ്റ്റ് മാസത്തിൽ ഇന്ത്യയിൽനിന്ന് ഗൾഫ് നാടുകളിലേക്കുള്ള വിമാനടിക്കറ്റ് നിരക്ക് 1500വരെ എത്തിനിൽക്കുന്ന നേരത്താണ് കഴിഞ്ഞ ദിവസം എയർഇന്ത്യ എക്സ്പ്രസ് വൻ കിഴിവ് പ്രഖ്യാപിച്ചത്. വെബ്സൈറ്റിലൂടെ കണ്ട നിരക്ക് ആദ്യം പലർക്കും അവിശ്വസനീയമായാണ് തോന്നിയത്. എന്നാൽ ടിക്കറ്റ് കിട്ടിയതോടെ നൂറുകണക്കിന് പേർക്ക് ആശ്വാസമായി മാറുകയായിരുന്നു. കൊച്ചി, കോഴിക്കോട് ഉൾപ്പെടെ ഇന്ത്യയിലെ വിവിധ എയർപോർട്ടിൽ നിന്നും ഗൾഫിലെ വിവിധ എയർപോർട്ടുകളിലേക്ക് 450 ദിർഹത്തിനാണ് എയർഇന്ത്യ എക്സ്പ്രസ് ടിക്കറ്റുകൾ നൽകിയത്. കുടുംബങ്ങൾക്കും ചെറിയ വേതനത്തിന് ജോലി ചെയ്യുന്നവർക്കും വലിയ അനുഗ്രഹമായാണ് കുറഞ്ഞ നിരക്കിൽ ടിക്കറ്റ് ലഭിച്ചത്. എയർഇന്ത്യ എക്സ്പ്രസ് സമരവും വൈകലും കാരണം നൂറുകണക്കിന് യാത്രക്കാർ ദുരിതത്തിലായതോടെ പ്രവാസികൾ പൊതുവെ ടിക്കറ്റ് എടുക്കാൻ വിമുഖത കാട്ടിയിരുന്നു. യാത്രക്കാരുടെ എണ്ണം തീരെ കുറഞ്ഞതുമൂലം ഏറ്റവും തിരക്കേറിയ അവധിക്കാലത്തുപോലും സീറ്റുകൾ വിറ്റഴിക്കാതെ കിടന്ന ഘട്ടത്തിലാണ് ഓഫറുമായി എയർഇന്ത്യ എക്സ്പ്രസ്സ് രംഗത്തെത്തിയത്. നിരക്ക് വളരെയധികം കുറച്ചതോടെ പ്രവാസികൾ കൂട്ടമായി ടിക്കറ്റെടുത്തു. ഉടനെ നിരക്ക് നാലിരട്ടിയോളമാക്കി ഉയർത്തുകയും ചെയ്തു. 450 ദിർഹമിന് നൽകിയ ടിക്കറ്റ് മണിക്കൂറുകൾക്കകം 1850 ദിർഹം എന്ന തോതിലേക്ക് എത്തുകയായിരുന്നു. വേനൽഅവധിക്കാലത്തെ താങ്ങാനാവാത്ത ടിക്കറ്റ് നിരക്ക് സാധാരണക്കാരായ പ്രവാസികളെ തെല്ലൊന്നുമല്ല ദുരിതത്തിലാക്കുന്നത്. 300 ദിർഹത്തിനു പോലും വിറ്റിരുന്ന ടിക്കറ്റാണ് അവധിക്കാലത്ത് 2500ന് മുകളിൽ വിറ്റിരുന്നത്. ഇതുമൂലം അത്യാവശ്യകാര്യങ്ങൾക്കുപോലും നാട്ടിൽപോകാൻ കഴിയാതെ ആയിരക്കണക്കിനുപേരാണ് പ്രയാസപ്പെടുന്നത്. ആരും ടിക്കറ്റെടുക്കാൻ തയ്യാറാവാതെ വന്നപ്പോഴാണ് കണ്ണിൽ പൊടിയിടാനും ആകർഷിക്കാനുമായി കുറഞ്ഞ സമയത്തിന് നിരക്ക് കുറച്ചത്. അതേസമയം കുറഞ്ഞവിലക്ക് ടിക്കറ്റ് എടുത്തവർക്ക് ആശങ്കയുമുണ്ട്. സമയത്തിന് പറക്കുമോ എന്ന് ഉറപ്പില്ല. വീണ്ടും പണിമുടക്കുമോ എന്ന ആശങ്കയും പലർക്കുമുണ്ട്.



മണിക്കൂറുകൾക്കകം നാലിരട്ടിയാക്കി ഉയർത്തി

ദുബൈയിൽ 13ന് ശമ്പളം നൽകാൻ നിർദേശം

ദുബൈ: ബലിപെരുന്നാൾ ആഘോഷത്തിന്റെ ഭാഗമായി ദുബൈയിൽ സർക്കാർ ജീവനക്കാരുടെ വേതനം നേരത്തെ നൽകാൻ ദുബൈ കിരീടാവകാശി ശൈഖ് ഹംദാൻ ബിൻ മുഹമ്മദ് അൽമക്തൂം നിർദ്ദേശം നൽകി. ഉത്തരവനുസരിച്ച് ജൂൺ 13 ന് ദുബൈയിലെ സർക്കാർ ജീവനക്കാർക്ക് ശമ്പളം ലഭിക്കും. ജീവനക്കാർക്ക് കുടുംബത്തോടൊപ്പം സന്തോഷത്തോടെ പെരുന്നാൾ ആഘോഷിക്കാൻ സാധിക്കും. യുഎഇ നിവാസികൾക്ക് ബലിപെരുന്നാളിന് അഞ്ച് ദിവസം വരെ അവധി ലഭിക്കുമെന്നാണ് പറയുന്നത്.

ഗ്യാസ് പൊട്ടിത്തെറിച്ച് മലയാളി മരിച്ചു

അബ്ദുറഹ്മാൻ

അബുദാബി: ഉമ്മുൽഖുവൈനിൽ ഗ്യാസ് സിലിണ്ടർ പൊട്ടിത്തെറിച്ച് ഗുരുതരാവസ്ഥയിൽ പരിക്കേറ്റ് ചികിത്സയിലായിരുന്ന മലയാളി മരിച്ചു. മലപ്പുറം ചെട്ടിപ്പടി സ്വദേശി അബ്ദുറഹ്മാനാണ് മരിച്ചത്. ഗുരുതരമായി പരിക്കേറ്റ അബ്ദുൾറഹ്മാനെ വിദഗ്ധ ചികിത്സയ്ക്കായി അബുദാബിയിലെ ആശുപത്രിയിലെത്തിച്ചിരുന്നു. 27 വർഷമായി പ്രവാസിയായ അബ്ദുറഹ്മാൻ ഉമ്മുൽഖുവൈനിൽ മധുരപലഹാരം വിൽക്കുന്ന കട നടത്തി വരികയായിരുന്നു. ഗ്യാസ് സിലിണ്ടറിലേക്കുള്ള പൈപ്പ് എലികടിച്ച് നശിച്ചിരുന്നു. ഇതിലൂടെ ഗ്യാസ് ലീക്ക് ചെയ്താണ് അപകടമുണ്ടായത്.

ഒമാനിൽ കണ്ണൂർ സ്വദേശി മരിച്ചു

ജുനൈദ്

മസ്കത്ത്: കണ്ണൂർ സ്വദേശി ഒമാനിൽ ഹൃദയാഘാതം മൂലം മരിച്ചു. കണ്ണൂർ അടൂർ സ്വദേശി ജുനൈദ് (50) ആണ് മരിച്ചത്. ഭാര്യ: മഫ്നൂന, മൂന്ന് മക്കളുണ്ട്. മൃതദേഹം നാട്ടിലെത്തിക്കുമെന്ന് കെഎംസിസി നേതാക്കൾ അറിയിച്ചു.

ദുബൈയിൽ അപകടത്തിൽ മരിച്ചു

ഷഫീഖ്

ദുബൈ: കാസർകോട് നീലേശ്വരം സ്വദേശിയായ യുവാവ് ദുബൈയിൽ വാഹനാപകടത്തിൽ മരണപ്പെട്ടു. നീലേശ്വരം കണിച്ചിറ ഷഫീക് (30) ആണ് ഇന്നലെ വൈകുന്നേരം 6 മണിയോടെ ദുബൈയിലെ സ്വകാര്യ ആശുപത്രിയിൽ മരിച്ചത്. രണ്ടു ദിവസം മുമ്പാണ് അപകടം നടന്നത്. നീലേശ്വരത്തെ ഓട്ടോ ഡ്രൈവർ റസാക്കിന്റെയും താഹിറയുടെയും മകനാണ്. ഷബീർ, ശമീൽ, റാസൽ ഖൈമയിൽ നിന്നും 3 വർഷം മുമ്പ് മരണപ്പെട്ട പരേതനായ ഷംഷാദ് എന്നിവർ സഹോദരന്മാരാണ്. ചെറുവത്തൂർ സ്വദേശി സീനത്താണ് ഭാര്യ. ശഹാൻ ഏക മകൻ. മൃതദേഹം നാട്ടിലെത്തിക്കും.

ഇത് രാഹുൽ ഗാന്ധിയുടെ ഇച്ഛാശക്തിയുടെ വിജയം

നിഷാദ് പയേത്ത്
ഫുജൈറ

രാഹുൽ ഗാന്ധിയുടെ മതേതര കാഴ്ചപ്പാടിനുള്ള വിജയമാണിപ്പോൾ ഇന്ത്യയിൽ ആഘോഷമാകുന്നത്. രാജ്യത്തിന്റെ ഓരോ ഗ്രാമങ്ങളിലും പ്രത്യാശയുടെ നാമ്പുകൾ മുളപൊട്ടിയിരിക്കുകയാണിപ്പോൾ. നിറം മങ്ങിയ വിജയത്തിലേക്ക് ബി.ജെ.പിയെയും എൻ.ഡി.എയെയും കൂപ്പുകുത്തിച്ചതിന് പിന്നിൽ നിർണായക ശക്തി രാഹുൽ ഗാന്ധിയാണ്. പാർട്ടിയെയും സഖ്യത്തെയും എ.ഐ.സി അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ ചേർത്തു നിർത്തിയപ്പോ ൾ, വോട്ടർമാരെ ഒപ്പം നിർത്താനുള്ള ശ്രമങ്ങളായിരുന്നു രാഹുൽ ഗാന്ധി നടത്തിയത്. രാജ്യത്തെ നടന്നുകണ്ട ജോഡോ യാത്രകളും തിരഞ്ഞെടുപ്പ് കാലത്തെ വൻ പ്രചാരണങ്ങളും രാഹുലിനെ ഇന്ത്യാ സഖ്യത്തിന്റെ മുഖമാക്കി. 107 പൊതുപരിപാടികളിലാണ് രാഹുൽ പങ്കെടുത്തത്. വയനാട്ടിലും റായ്ബറേലിയിലും ജനവിധി തേടി. വേദികളിൽ ചുവപ്പു ചട്ടയുള്ള ഭരണഘടയുമായാണ് രാഹുൽ ഗാന്ധി എത്തിയത്. ബി.ജെ.പി വീണ്ടും അധികാരത്തിൽ എത്തിയാൽ ഭരണഘടന മാറ്റിയെഴുതുമെന്ന ആരോപണം ശക്തമായി ഉന്നയിക്കാനായിരുന്നു രാഹുലിന്റെ ശ്രമം.

കോൺഗ്രസ് അധ്യക്ഷസ്ഥാനം ഒഴിഞ്ഞിട്ടും പാർട്ടിയുടെ പരാജയങ്ങളിലെല്ലാം രാഹുൽ പഴിക്കപ്പെട്ടിരുന്നു. ഇവിടെ നിന്നാണ് രാഹുൽ തെക്കുനിന്ന് വടക്കോട്ടും കിഴക്കുനിന്ന് പടിഞ്ഞാറേക്കും യാത്ര നടത്തി പാർട്ടിക്കും രാജ്യത്തെ ജനങ്ങൾക്കും ഉണർവ് നൽകിയത്. ലോക്സഭയിൽനിന്ന് അയോഗ്യനാക്കപ്പെട്ടവെന്ന വീരപരിവേശം രാഹുലിന് അനുകൂല തരംഗമുണ്ടാക്കി. ശക്തമായ വിമർശനങ്ങളിലൂടെയും മൂർച്ചയേറിയ വാക്ശരങ്ങളിലൂടെയും മോദിയെ പേരെടുത്ത് ആക്രമിക്കാൻ രാഹുൽ മടിച്ചില്ല. ബി.ജെ.പി. മുന്നോട്ടുവെക്കുന്ന അജണ്ടകളിൽ വീഴാതെയും സൂക്ഷ്മത പാലിച്ചു. നഷ്ടപെട്ടുപോയേക്കുമോ എന്ന് നാം ഭയപ്പെടുന്ന ഇന്ത്യയുടെ ആത്മാവ് തൊട്ടറിഞ്ഞുള്ള രാഹുലിന്റെ നയതന്ത്രങ്ങളാണ് ഭാവി ഇന്ത്യയുടെ പ്രതീക്ഷ.

'കാവൽക്കാരൻ കള്ളനാണ്' എന്ന് ആവർത്തിച്ചാണ് രാഹുൽ പ്രചാരണം ആരംഭിച്ചത്. മോശമായി ഒരു വാക്കുപോലും ഉപയോഗിച്ചിട്ടില്ല. യുവാക്കൾ മോദിയെ പ്രധാനമന്ത്രിയായി തിരഞ്ഞെടുത്തത് ജോലി ചെയ്യാനാണ്. എന്നാൽ എതിരാളികളോട് പിടിച്ച് നിൽക്കാൻ തളർന്ന കാവൽകാരന് കഴിഞ്ഞില്ലെന്നും രാഹുൽ വ്യക്തമാക്കി. 'തെരഞ്ഞെടുപ്പിൽനിന്ന് ഒരുപാട് പഠിച്ചു.

വിനയമാണ് ഏറ്റവും വലിയതെന്നും ഞാൻ പഠിച്ചു' രാഹുൽ പറഞ്ഞു. ഒരുപക്ഷേ ജനാധിപത്യ രാഷ്ട്രീയത്തിലെ ഏറ്റവും വലിയ പാഠമാണിത്. നിങ്ങളുടെ എതിരാളിയെ മാനിക്കുക. എതിരാളിയുടെ ശക്തി തിരിച്ചറിയുക. തന്ത്രങ്ങൾ കാലദേശത്തിനനുസരിച്ചു രൂപപ്പെടുത്തുക. മോഡിയും ബി ജെ പിയും മറന്നുപോയത് ജനാധിപത്യത്തിലെ ഈ നിർണായകമായ പാഠമാണ്. സ്വാതന്ത്ര്യാനന്തരം, നിരവധി പതിറ്റാണ്ടുകൾ ഇന്ത്യ ഭരിച്ചത് കോൺഗ്രസ് ആണ്. ആ പാർട്ടിയുടെ വേരുകൾ ജനങ്ങൾക്കിടയിൽ ആഴത്തിൽ കിടക്കുന്നു. ജനങ്ങൾ കോൺഗ്രസിനോട് പിണങ്ങുമ്പോൾ അവരെ തൂത്തെറിയും. പക്ഷേ ജനഹൃദയങ്ങളിൽ കോൺഗ്രസ് പാർട്ടിക്ക് ഇന്നും വലിയ സ്ഥാനമുണ്ട്.

സെയിൽസ് അസിസ്റ്റന്റ് ഒഴിവ്

അബുദാബി: അബുദാബി ആസ്ഥാനമായുള്ള ലക്ഷറി റീട്ടെയിൽ ഷോപ്പിലേക്ക് ഈദ് അവധിവരെ പാർട്ട് ടൈം ഷോറൂം സെയിൽസ് അസിസ്റ്റന്റിനെ ആവശ്യമുണ്ട്. അബുദാബി മുറൂർ,ഡീർ ഫീൽഡ് മാൾ എന്നിവിടങ്ങളിലേക്കാണ് പത്തോളം ഒഴിവുകൾ ഉള്ളത്.കുറഞ്ഞത് 6 മാസത്തെ കാലാവധിയുള്ള, കമ്പനി സ്പോൺസർഷിപ്പ്, അല്ലെങ്കിൽ സ്റ്റുഡന്റ് വിസയ്ക്ക് കീഴിലുള്ളവർക്ക് സ്പോൺസറിൽ നിന്ന് ആവശ്യമായ എൻഒസി സഹിതം er-hr@daaryaas. com എന്ന വിലാസത്തിലേക്ക് ബയോഡാറ്റ ഇ മെയിൽ ചെയ്യണം.

കറൻസി മൂല്യം

1 യു.എ.ഇ ദിർഹം 22.73 ₹
1 ഒമാനി റിയാൻ 216.91 ₹
1 സൗദി റിയാൻ 22.26 ₹
1 ഖത്തർ റിയാൻ 22.93 ₹
1 കുവൈറ്റ് ദിനാർ 272.47 ₹
1 ബഹ്റൈൻ ദിനാർ 221.57 ₹

സ്വർണവില

(ഗ്രാമിന്-ദിർഹം)

24 കാരറ്റ് 285.75
22 കാരറ്റ് 264.75
21 കാരറ്റ് 256.25
18 കാരറ്റ് 219.50

ഗൾഫ് വാർത്തകൾ

റാസൽഖൈമയിൽ നടന്ന ഗൾഫ് ചന്ദ്രിക പ്രചാരണ കൺവൻഷൻ സംസ്ഥാന കെഎംസിസി ഉപദേശക സമിതി അംഗം പി.കെ കരീം ഉദ്ഘാടനം ചെയ്യുന്നു

അബുദാബി മലപ്പുറം ജില്ലാ കെഎംസിസി വിജയാഘോഷം

അബുദാബി: ലോക്സഭാ തിരഞ്ഞെടുപ്പിൽ ഇന്ത്യ മുന്നണിയുടെ മുന്നേറ്റവും കേരളത്തിൽ യു.ഡി.എഫിന്റെ വൻ വിജയവും അബുദാബി മലപ്പുറം ജില്ലാ കെഎംസിസി ആഘോഷിച്ചു. പാർലിമെന്റ് തിരഞ്ഞെടുപ്പ് ഫലം മതേതര നിലപാട് സ്വീകരിച്ച ഇന്ത്യൻ ജനതയുടെ വിജയമാണ്. ഫാസിസം മുഖമുദ്രയാക്കി ഭരിച്ച ബി.ജെ.പിയുടെ വർഗീയ ധ്രുവീകരണം ഇന്ത്യൻ ജനതക്ക് സ്വീകാര്യമല്ലെന്ന പ്രഖ്യാപനമാണ് തിരഞ്ഞെടുപ്പ് വിധി. ന്യൂനപക്ഷ സമൂഹത്തെ അപരവത്കരിച്ചും ഇന്ത്യൻ ഭരണഘടനയെ വെല്ലുവിളിച്ചും ബി.ജെ.പി നടത്തിയ തിരഞ്ഞെടുപ്പ് പ്രചാരണങ്ങളെയെല്ലാം തള്ളികളഞ്ഞ ഇന്ത്യയിലെ വോട്ടർമാർ വിവേകത്തോടെ സമീപിച്ച തിരഞ്ഞെടുപ്പ് വിധി വലിയ പ്രതീക്ഷയാണ് നൽകുന്നതെന്നും കെഎംസിസി അഭിപ്രായപ്പെട്ടു. അബുദാബി ഇന്ത്യൻ ഇസ്ലാമിക് സെന്ററിൽ സംഘടിപ്പിച്ച ആഘോഷ പരിപാടിയിൽ മധുരം നൽകിയും കേക്ക് മുറിച്ചും ആഹ്ലാദം പങ്കുവച്ചു. യുഎഇ നാഷണൽ കെഎംസിസി നേതാക്കളും സംസ്ഥാന,ജില്ലാ,മണ്ഡലം നേതാക്കളും പ്രവർത്തകരും പങ്കെടുത്തു.

അബുദാബി മലപ്പുറം ജില്ലാ കെഎംസിസിയുടെ നേതൃത്വത്തിൽ നടന്ന വിജയാഘോഷത്തിൽ മധുരം വിതരണം ചെയ്യുന്നു

മസ്കത്ത് റെയിഞ്ച് ജംഇയ്യത്തുൽ മുഅല്ലിമീൻ ഭാരവാഹികൾ

പ്രസിഡന്റ്

ജനറൽ സെക്രട്ടറി



ട്രഷറർ

മസ്കത്ത്: റെയിഞ്ച് ജംഇയ്യത്തുൽ മുഅല്ലിമീൻ 2024-25 വർഷത്തിലേക്കുള്ള ഭാരവാഹികളെ തിരഞ്ഞെടുത്തു. റുവി സുന്നി സെന്റർ ഓഫീസിൽ ചേർന്ന യോഗം സയ്യിദ് ശംസുദ്ദീൻ തങ്ങൾ സോഹാർ ഉദ്ഘാടനം ചൈതു. മുഹമ്മദലി ഫൈസി റൂവി) അധ്യക്ഷനായി. അബ്ദുലത്തീഫ് ഫൈസി സലാല റിട്ടേണിങ് ഓഫീസറായിരുന്നു. യുസുഫ് മുസ്ലിയാർ സീബ്,സകീർ ഫൈസി റുവി,കബീർ ഫൈസി,റുസൈൽ, യു.കെ ഇമ്പിച്ചി അലി മുസ്ലിയാർ, മുസ്തഫ നിസാമി പ്രസംഗിച്ചു. പുതിയ ഭാരവാഹികളായി സയ്യിദ് ശംസുദ്ദീൻ തങ്ങൾ സോഹാർ(പ്രസിഡന്റ്), അബ്ദുല്ലത്തീഫ് ഫൈസി സലാല, ശൈഖ് അബ്ദുറഹ്മാൻ മുസ്ലിയാർ മത്റഹ് സ ഈദലി ദാരിമി ബിദായ (വൈസ് പ്രസിഡന്റുമാർ),യു.കെ ഇമ്പിച്ചി അലി മുസ്ലിയാർ അമ്പലക്കണ്ടി ജനറൽ സെക്രട്ടറി, മുസ്തഫ നിസാമി സിനാവ്,സുബൈർ ഫൈസി അസൈബൈ,മോയിൻ ഫൈസി ബോഷർ (ജോ. സെക്രട്ടറിമാർ) മുഹമ്മലി ഫൈസി റുവി (ട്രഷറർ) എന്നിവരെ തിരഞ്ഞെടുത്തു. പരീക്ഷാ ബോർഡ് ചെയർമാനായി യൂസുഫ് മുസ്ലിയാർ സീബ് , വൈസ് ചെയർമാനായിഹാശിം ഫൈസി റുവി, ഐടി കോഡിനേറ്ററായി മുഹമ്മദ് അസ്അദി റുവി, എസ്.കെ.എസ്.ബി.വി ചെയർമാനായി ശംസുദ്ദീൻ ബാഖവി ഇബ്റ, കൺവീറായി അബ്ദുല്ല യമാനി മത്റഹ്, സുപ്രഭാതം കൺവീറായി നൗഫൽ അൻവരി ഇബ്റി, ജോയിന്റ് കൺവീറായി അംജദ് ഫൈസി ബർക്ക എന്നിവരെയും തിരഞ്ഞടുടുത്തു. ഒമാനിന്റെ എല്ലാ മേഖലകളിൽ നിന്നുമായി സമസ്തയുടെ 34 അംഗീകരിച്ച മദ്രസ ഏരിയകളാണ് മസ്കത്ത് റെഞ്ചിന്റെ പ്രവർത്തന പരിധിയിലുള്ളത്. 1800ൽപരം കുട്ടികൾക്ക് 100 പരം ഉസ്താദുമാർ അധ്യാപനം നടത്തുന്നു. പരീക്ഷകളും പൊതുപരീക്ഷയുമെല്ലാം കൃത്യമായി നടന്നുവരുന്നുണ്ട്.

ആസ്ക് യുഎഇ ചാപ്റ്റർ ബാഡ്മിന്റൺ ടൂർണമെന്റ് ജേഴ്സി പ്രകാശനം ടൂർണമെന്റ് കൺവീനർ ഷാജഹാൻ സിങ്കത്തിൽ നിന്നും ഏറ്റുവാങ്ങി ആസ്ക് പ്രസിഡന്റ് സുനിൽ ഉണ്ണീരി പ്രകാശനം ചെയ്യുന്നു

മൂന്നര പതിറ്റാണ്ട് നീണ്ട പ്രവാസം മതിയാക്കി നാട്ടിൽ പോകുന്ന മുഹമ്മദലി കുമരനല്ലൂരിന് ദുബൈ കെഎംസിസി പാലക്കാട് ജില്ലാ കമ്മിറ്റിയുടെ ഉപഹാരം മുൻ ജില്ലാ പ്രസിഡന്റ് ഫൈസൽ തുറക്കൽ സമ്മാനിക്കുന്നു

കെ.എംസിസി പെർഫ്യൂം ചലഞ്ച് വിജയിപ്പിക്കും

ദുബൈ: കെഎംസിസി പാലക്കാട് ജില്ലാ കമ്മിറ്റിയുടെ പ്രഥമ പ്രവർത്തക സമിതിയോഗം അബുഹൈൽ കെഎംസിസി ഓഡിറ്റോറിയത്തിൽ ചേർന്നു. സംസ്ഥാന വൈസ് പ്രസിഡന്റ് യൂസഫ് മാസ്റ്റർ മണ്ണാർക്കാട് ഉദ്ഘാടനം ചെയ്തു. ആക്ടിങ് പ്രസിഡൻറ് ടി.എം. എ സിദ്ദീഖ് അധ്യക്ഷനായി. മുന്നര പതിറ്റാണ്ട് നീണ്ട പ്രവാസം മതിയാക്കി നാട്ടിൽ പോകുന്ന മുഹമ്മദലി കുമരനല്ലൂരിനുള്ള ഉപഹാരം മുൻ ജില്ലാ പ്രസിഡന്റ് ഫൈസൽ തുറക്കൽ സമ്മാനിച്ചു.

സംഘടനാ ചർച്ചക്ക് ഗഫൂർ എറവക്കാട് തുടക്കം കുറിച്ചു. ജില്ലാ പ്രവർത്തന ഫണ്ട് സ്വരൂപിക്കുന്നതിനായി മണ്ഡലം കമ്മിറ്റികളുടെ സഹകരണത്തോടെ ഒന്നര മാസം നീണ്ടു നിൽക്കുന്ന പെർഫ്യൂം ചലഞ്ച് നടത്താൻ തീരുമാനിച്ചു. ജില്ലാ മണ്ഡലം ഭാരവാഹികളെ ഉൾപ്പെടുത്തി പ്രത്യേക പ്രവർത്തനങ്ങൾ ഇതിനായി നടത്തും. ഗൾഫ് ചന്ദ്രികയുടെ പ്രചാരണം ഊർജിതമാക്കാനും മണ്ഡലം തലങ്ങളിലേക്ക് സന്ദേശമെത്തിക്കാനും തീരുമാനിച്ചു.

ഫൈസൽ തുറക്കൽ, ജില്ലാ ഭാരവാഹികളായ ജമാൽ കൊഴിക്കര,മുഹമ്മദലി പള്ളിക്കുന്ന്,നജീബ് ഷൊർണൂർ,സുഹൈൽ ഇ.പി,ബഷീർ മുഹമ്മദ്, അൻവർ ഹല,സലിം പനമണ്ണ,ഹമീദ് ഒറ്റപ്പാലം, അലി.സി.വി, സമീർ സി.വി, ഹംസ ചെർപ്പുളശ്ശേരി പ്രസംഗിച്ചു. കബീർ വല്ലപ്പുഴ, ഫൈസൽ തിരുമിറ്റക്കോട്, അനസ് മാടപ്പാട്ട്, അബ്ദുൽ ബാസിത് കൊപ്പം , ലത്തീഫ് പനമണ്ണ, ഷഫീക് മഠത്തിപ്പറമ്പ്, ഫിറോസ് തെങ്കര, ഷബീബ് മണ്ണാർക്കാട്, ഇഖ്ബാൽ ഒറ്റപ്പാലം, അൻസാർ പുതുനഗരം, മുജീബ് നടുത്തൊടി എന്നിവർ ചർച്ചയിൽ പങ്കെടുത്തു സംസാരിച്ചു. അനസ് ആമയൂർ പെർഫ്യൂം ചലഞ്ച് വിശദീകരിച്ചു.

അൻവറുല്ല ഹുദവിയുടെ പ്രാർത്ഥനയോടെ ആരംഭിച്ച ചടങ്ങിൽ ജില്ലാ ജനറൽ സെക്രട്ടറി അബ്ദുൽ ഗഫൂർ കെ.ടി സ്വാഗതവും ട്രഷറർ ഇബ്രാഹിം ചളവറ നന്ദിയും പറഞ്ഞു.

ബാഡ്മിന്റൺ ടീമിനുള്ള ജേഴ്സി പ്രകാശനം

ദുബൈ: ഗുരുവായൂർ ശ്രീകൃഷ്ണ കോളജ് അലുംനി അസോസിയേഷൻ (ആസ്ക്) യുഎഇ ചാപ്റ്ററിന്റെ ബാഡ്മിന്റൺ ടൂർണമെന്റ് സീസൺ 1ന്റെ ജേഴ്സി പ്രകാശനം മദിന മാളിൽ നടന്നു. ടൂർണമെന്റ് കൺവീനർ ഷാജഹാൻ സിങ്കത്തിൽ നിന്നും ആസ്ക് യുഎഇ പ്രസിഡന്റ് സുനിൽ ഉണ്ണിരി ജേഴ്സി ഏറ്റുവാങ്ങി പ്രകാശനം ചെയ്തു.

ചടങ്ങിൽ യുഎഇ ആസ്ക് സെക്രട്ടറി ജെ.കെ വൈസ് പ്രസിഡന്റ് കെ.കെ കൃഷ്ണകുമാർ,സീനിയർ മെമ്പർമാരായ ഷരീഫ്,മനോജ്,ഷകീർ ഹുസൈൻ എന്നിവർ പങ്കെടുത്തു. 9ന് ഖിസൈസിലുള്ള ബാഡ്മിന്റൺ സ്പോർട്സ് അക്കാദമിയിൽ ഉച്ചയ്ക്ക് 2 മണി മുതൽ ടൂർണമെന്റ് ആരംഭിക്കുക്കുമെന്ന് സംഘാടകർ അറിയിച്ചു.

പ്രസിഡന്റ്

ജനറൽ സെക്രട്ടറി

ട്രഷറർ

അൽ അമീൻ യുഎഇ ചാപ്റ്റർ ഭാരവാഹികൾ

അബുദാബി: അൽ അമീൻ യുഎഇ ചാപ്റ്റർ 2024-25 വാർഷിക ജനറൽ ബോഡിയും അൽ അമീൻ കേന്ദ്ര റിലീഫ് സെൽ ചെയർമാൻ കെ.പി.അബ്ബാസ് ഹാജിക്കുള്ള സ്വീകരണവും ഇന്ത്യൻ ഇസ്ലാമിക് സെന്ററിൽ നടന്നു. കുണ്ടപ്പൻ അബ്ദുല്ലയുടെ അധ്യക്ഷതയിൽ സയ്യിദ് യാസീൻ തങ്ങൾ ഉൽഘാടനം ചെയ്തു. മുൻ വർഷം അൽ അമീൻ നടത്തിയ പ്രവർത്തനത്തെ കുറിച്ച് കോർഡിനേറ്റർ കെ.സി അഷ്റഫ് വിവരിച്ചു. സെക്രട്ടറി കെ.മുസ്തഫ കണക്കും റിപ്പോർട്ടും അവതരിപ്പിച്ചു. അഡ്വൈസറി ബോർഡ് ചെയർമാൻ പുഴക്കൽ മുസ്തഫ,അഷ്റഫ്,കെ.ടി മാടായി,പി.ഹാഷിം പ്രസംഗിച്ചു. കുണ്ടപ്പൻ അബ്ദുല്ല പ്രസിഡന്റും കെമുസ്തഫ ജനറൽ സെക്രട്ടറിയും കെ.ടി അശ്റഫ് ട്രഷററായും പുതിയ കമ്മറ്റിക്ക് രൂപം നൽകി. അലിഫ് അൽ അമീൻ ചെയർമാനായി കെ.നാസറും കൺവീനറായി എം.ഇബ്രാഹിമും വീണ്ടും തിരഞ്ഞെടുക്കപ്പെട്ടു.

ഫുജൈറയിൽ അവേശംവിതറി

യു.ഡി.എഫ് വിജയഘോഷം

ഫുജൈറ: ഇന്ത്യ മുന്നണിയുടെ മുന്നേറ്റത്തിലും കേരളത്തിലെ യു.ഡി.എഫിന്റെന്റെ വിജയത്തിലും ആഹ്ലാദം പ്രകടപ്പിച്ച് ഫുജൈറ യു.ഡി.എഫ് വിജയഘോഷം നടത്തി. ഫുജൈറ കെഎംസിസി ഹാളിൽ നടന്ന പരിപാടിയിൽ ഫുജൈറ യു.ഡി.എഫ് ചെയർമാൻ കെ.സി അബൂബക്കർ അധ്യക്ഷനായി.

ഫുജൈറ കെഎംസിസി സംസ്ഥാന പ്രസിഡന്റ് മുബാറക് കോക്കൂർ ഉദ്ഘാടനം ചെയ്തു. ജോജു മാത്യു, റാഷിദ് ജാതിയേരി, വി.എം സിറാജ്, സി.കെ അബൂബക്കർ, നാസർ പാണ്ടിക്കാട് പ്രസംഗിച്ചു. ബഷീർ ഉളിയിൽ സ്വാഗതവും മുഹമ്മദലി ആയിഞ്ചേരി നന്ദിയും പറഞ്ഞു.

ജിഡിആർഎഫ്എ വിദ്യാർത്ഥികളുടെ പരിസ്ഥിതി ദിനാചരണം

ദുബായ്: ലോക പരിസ്ഥിതി ദിനാചരണങ്ങളുടെ ഭാഗമായി ദുബായിലെ ജനറൽ ഡയറക്ടറേറ്റ് ഓഫ് റെസിഡൻസി ആൻഡ് ഫോറിനേഴ്സ് അഫയേഴ്സ് (ജിഡിആർഎഫ്എ) വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച 'പരിസ്ഥിതിസാംസ്കാരിക' പരിപാടി സംഘടിപ്പിച്ചു. ദ സസ്റ്റൈനബിൾ സിറ്റി ദുബായുമായി സഹകരിച്ചാണ് പരിപാടി നടന്നത്. ദുബായ് സഫ ബ്രിട്ടീഷ് സ്കൂളിലെ നാലാം ക്ലാസ് വിദ്യാർത്ഥികളെയാണ് പരിപാടിയിൽ പങ്കെടുപ്പിച്ചത്.

സുസ്ഥിരതയെക്കുറിച്ചും ഭാവി തലമുറകൾക്കായി പരിസ്ഥിതി സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചും അവബോധം വളർത്തുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായിട്ടായിരുന്നു പരിപാടി. കുട്ടികൾക്കായി ഇമ്മേഴ്സീവ് ഷോ, കഥ പറച്ചിൽ, സൗജന്യ ഡ്രോയിംഗ് വർക്ക്ഷോപ്പുകൾ, കമ്മ്യൂണിറ്റി ടൂർ എന്നിവ പരിപാടിയിൽ ഉൾപ്പെടുത്തിയിരുന്നു. ശുദ്ധമായ ഊർജ്ജ ഉപയോഗം, പാഴ് വസ്തുക്കൾ എന്നിവയുടെ പുനരുപയോഗം, ഭക്ഷ്യ ഉൽപ്പാദനം, പരിസ്ഥിതി സൗഹൃദ ഗതാഗത ഓപ്ഷനുകൾ പ്രോത്സാഹിപ്പിക്കൽ തുടങ്ങിയ പാരിസ്ഥിതിക പരിഹാരങ്ങളും നവ ആശയങ്ങളും പരിപാടിയിൽ അവതരിപ്പിച്ചു.

വിവിധ പ്രവർത്തനങ്ങൾക്ക് പുറമേ, ബീറ്റ് ഫൺ സ്റ്റുഡിയോയിൽ കുട്ടികൾക്കായി പ്രത്യേക ശിൽപശാലയും സംഘടിപ്പിച്ചു. ഇതിൽ സുസ്ഥിരതയെക്കുറിച്ചുള്ള അവബോധം വളർത്തുകയും കാലാവസ്ഥാ വ്യതിയാനത്തിന്റെ അപകടങ്ങളെ അഭിസംബോധന ചെയ്യുന്നതിലുള്ള പ്രാധാന്യത്തെ കുറിച്ചുള്ള ചിത്ര രചനകളും നടന്നു. സുസ്ഥിരത ഒരു സാമൂഹിക മാനദണ്ഡമായി മാറ്റുകയും വർഷം തോറും ലോക പരിസ്ഥിതി ദിനം ആചരിക്കുകയും ചെയ്യുന്നതിന്റെ പ്രതിബദ്ധതയുടെ ഭാഗമായിരുന്നു ഈ പരിപാടിയെന്ന് ജിഡിആർഎഫ്എ അറിയിച്ചു.

സ്കൂൾ വിദ്യാർത്ഥികളുമായും യുവജനങ്ങളുമായും ഇടപഴകുന്നതിലൂടെ, സുസ്ഥിരമായ ഒരു ജീവിതശൈലി സ്വീകരിക്കുന്നതിനും ഭാവി തലമുറയ്ക്കായി മെച്ചപ്പെട്ട ലോകത്തിന് സംഭാവന നൽകുന്നതിനും അവരെ പ്രചോദിപ്പിക്കുകയാണ് ജിഡിആർഎഫ്എ ലക്ഷ്യമിടുന്നതെന്ന് വകുപ്പ് കൂട്ടിച്ചേർത്തു.

ജിഡിആർഎഫ്എ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് നടത്തിയ 'പരിസ്ഥിതിസാംസ്കാരിക' പരിപാടിയിൽ നിന്ന്

ഫുജൈറ യു.ഡി.എഫ് സംഘടിപ്പിച്ച വിജയഘോഷം ഫുജൈറ കെഎംസിസി സംസ്ഥാന പ്രസിഡന്റ് മുബാറക് കോക്കൂർ ഉദ്ഘാടനം ചെയ്യുന്നു

ബ്രദേഴ്സ് പരപ്പ യുഎഇ പ്രവാസി കൂട്ടായ്മ ഭാരവാഹികളെ തിരഞ്ഞെടുത്തു

ദുബൈ: കാഞ്ഞങ്ങാട് പരപ്പ പ്രദേശത്തെ യുഎഇയിലെ പ്രവാസികളുടെ കൂട്ടായ്മയായ ബ്രദേഴ്സ് പരപ്പ യുഎഇ പ്രവാസി കൂട്ടായ്മ 2024-25 വർഷത്തേക്കുള്ള ഭാരവാഹികളെ തിരഞ്ഞെടുത്തു. പ്രസിഡന്റ് ഷാനവാസ് ചിറമ്മൽ അധ്യക്ഷത വഹിച്ച യോഗത്തിൽ ജനറൽ സെക്രട്ടറി ജിനീഷ് പാറക്കടവ് റിപ്പോർട്ട് അവതരിപ്പിച്ചു. കൂട്ടായ്മയുടെ പുതിയ പ്രസിഡന്റ്ആയിഷംസുദ്ദീൻ കമ്മാടത്തേയും ജനറൽ സെക്രട്ടറിയായി രജീഷ് എടത്തോടിനെയും ട്രഷററായി സുരേഷ് കനകപ്പള്ളിയെയും തിരഞ്ഞെടുത്തു. അഷ്റഫ് പരപ്പഷംനാസ് പരപ്പ എന്നിവർ വൈസ് പ്രസിഡന്റുമാരും സാബിത് നമ്പ്യാർകൊച്ചി, യാസിർ ക്ലായിക്കോട് എന്നിവരെ ജോയിന്റ് സെക്രട്ടറിമാരുമാണ്. മുഖ്യരക്ഷാധികാരിയായി സുധാകരൻ മാസ്റ്റർ പരപ്പയെയും ഉപദേശസമിതി അംഗങ്ങളായി റാഷിദ് എടത്തോട്, താജുദ്ദീൻ കാരാട്ട്, ഷാനവാസ് ചിറമ്മൽ,അഹമ്മദ് ഹാജി ബിരിക്കുളം എന്നിവരെയും തിരഞ്ഞെടുത്തു.

പ്രസിഡന്റ്

ജനറൽ സെക്രട്ടറി

ട്രഷറർ

മുന്നറിയിപ്പ് പോലുമില്ലാതെ വിമാനങ്ങൾ റദ്ദാക്കുന്നതിലും വിമാന കമ്പനികൾ അമിതമായ യാത്രാനിരക്ക് ഈടാക്കുന്നതിലും യോഗം പ്രതിഷേധിച്ചു. പ്രവാസികളുടെ അടിയന്തിര ആവശ്യമായ യാത്രാ സൗകര്യങ്ങളിലുള്ള സങ്കീർണതകൾ പരിഹരിക്കാനുള്ള ഇടപെടൽ അധികൃതരിൽ നിന്നുമുണ്ടാകണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു.

കെ.എം.സി.സി തൃത്താല മണ്ഡലം സ്വീകരണവും യാത്രയയപ്പും

ദുബൈ: കെഎംസിസി തൃത്താല മണ്ഡലം കമ്മിറ്റി മണ്ഡലം മുസ്ലിംലീഗ് ട്രഷറർ ചേക്കുട്ടിക്കും പരുതൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എ.പി.എം സകരിയ്യക്കും സ്വീകരണവും ദീർഘകാലത്തെ പ്രവാസ ജീവിതം അവസാനിപ്പിച്ച് നാട്ടിലേക്ക് മടങ്ങുന്ന കെഎംസിസി പ്രവർത്തകൻ മുഹമ്മദലിക്ക് യാത്രയപ്പും സംഘടിപ്പിച്ചു. അബുഹൈൽ കെ.എം.സി.സി ഓഡിറ്റോറിയത്തിൽ നടന്ന പരിപാടി ദുബൈ കെഎംസിസി സംസ്ഥാന ആക്ടിങ് ജനറൽ സെക്രട്ടറി കെ.പി.എ സലാം ഉദ്ഘാടനം ചെയ്തു.

കെഎംസിസി തൃത്താല മണ്ഡലം പ്രസിഡന്റ് ഫൈസൽ തിരുമിറ്റക്കോട് അധ്യക്ഷനായി. മുഹമ്മദലിക്കുള്ള മണ്ഡലം കെ.എം.സി.സിയുടെ ഉപഹാരം സംസ്ഥാന ആക്ടിങ് സെക്രട്ടറി കെ.പി.എ സലാമും കപ്പൂർ പഞ്ചായത്ത് കമ്മിറ്റിയുടെ ഉപഹാരം മുൻ ജില്ലാ പ്രസിഡന്റ് ഫൈസൽ തുറക്കലും സമ്മാനിച്ചു. മുൻ ജില്ലാ പ്രസിഡന്റ് ഫൈസൽ തുറക്കൽ,ജില്ലാ ട്രഷറർ ഇബ്രാഹിം ചളവറ, ജില്ലാ വൈസ് പ്രസിഡന്റുമാരായ ടി.എം.എ സിദ്ദീഖ്, ജമാൽ കൊഴിക്കര, ജില്ലാ സെക്രട്ടറി അൻവർ ഹല,സി.വി ഷമീർ, സലീം പനമണ്ണ, മുതിർന്ന നേതാക്കളായ നസീർ തൃത്താല, ഗഫൂർ എറവക്കാട്, ഉമ്മർ തൃത്താല, മഹ്റൂഫ് കൊഴിക്കര, ബാവ തോട്ടത്തിൽ, സുലൈമാൻ ബാവ, മണ്ഡലം ഭാരവാഹികളായ നൂർ ആനക്കര , ഷറഫു കോമത്ത്, സെയ്ദ് മുഹമ്മദ് തൃത്താല, അൻസാർ എം.കെ, അനസ് കെ.സി, ഇർഷാദ് ഹുദവി, ഫൈസൽ എറവക്കാട് പ്രസംഗിച്ചു. എ.പി.എം സകരിയ്യ മുഖ്യപ്രഭാഷണവും ചേക്കുട്ടി മറുപടി പ്രസംഗവും നടത്തി. കെ.എം.സി.സി മണ്ഡലം ജനറൽ സെക്രട്ടറി അനസ് മാടപ്പാട്ട് സ്വാഗതവും നൂർ ആനക്കര നന്ദിയും പറഞ്ഞു.

തൃത്താല മണ്ഡലം മിസ്!ലീം ലീഗ് ട്രഷറർ ചേക്കുട്ടിക്ക് ദുബൈ കെഎംസിസി തൃത്താല മണ്ഡലം കമ്മറ്റിയുടെ ഉപഹാരം ദുബൈ കെഎംസിസി പാലക്കാട് ജില്ലാ ട്രഷറർ ഇബ്രാഹിം ചളവറ കൈമാറുന്നു

നിരീക്ഷണം

നരകാവകാശികൾ സ്വർഗാവകാശികളെ വിളിച്ചുപറയും: ഞങ്ങൾക്ക് അൽപം വെള്ളമോ, അല്ലാഹു നിങ്ങൾക്ക് നൽകിയ ഉപജീവനത്തിൽനിന്ന് അൽപമോ ചൊരിഞ്ഞുതരണേ! അവർ പറയും: സത്യനിഷേധികൾക്കു അല്ലാഹു അത് രണ്ടും തീർത്തും വിലക്കിയിരിക്കുകയാണ്.

(വിശുദ്ധ ഖുർആൻ: 07: 50)

ഗൾഫ് ചന്ദ്രിക

1445 ദുൽഹജ്ജ് 01 • 1199 എടവം 24 • 1946 ജ്യേഷ്ഠം 16

ജനവിധി സി.പി.എമ്മിനു നൽകുന്ന പാഠം

ലോക്സഭാ തിരഞ്ഞെടുപ്പു ഫലം ഇടതുമുന്നണിക്കും സർക്കാറിനും അതിലുപരി പിണറായി വിജയനും പഠിക്കാൻ നിരവധി പാഠങ്ങളാണ് പകർന്നുനൽകുന്നത്. ഭരണത്തിന്റെ സകല സ്വാധീനമുണ്ടായിട്ടും കേരളത്തിൽ ഇരുപതു സീറ്റിൽ ഒന്നു മാത്രമാണ് നേടാനായത് എന്നത് സി.പി.എം ഇരുന്നാലോചിക്കേണ്ട വിഷയം തന്നെയാണ്. ഒരേ മുഖ്യമന്ത്രിയുടെ നേതൃത്വത്തിനു കീഴിലാണ് തുടർച്ചയായ രണ്ടാം ലോക്സഭാ തിരഞ്ഞെടുപ്പിലും കനത്ത പരാജയമുണ്ടായിരിക്കുന്നത്. രണ്ടു തവണയും കിട്ടിയത് ഒരേയൊരു സീറ്റ് മാത്രം. 2019നെ അപേക്ഷിച്ച് ഇത്തവണ വോട്ടുവിഹിതം പിന്നെയും കുറയുകയും ചെയ്തു. സംസ്ഥാന ഭരണത്തിനു ജനങ്ങളുടെ അംഗീകാരം നേടാനായില്ല എന്നു തന്നെയാണ് കനത്ത തോൽവി വ്യക്തമാക്കുന്നത്. 12 സീറ്റ് വരെ നേടുമെന്ന് അവകാശപ്പെട്ടിടത്താണ് ഇടതു മുന്നണിക്ക് അരൂർ നഷ്ടമായി ആലത്തൂർ മാത്രം കിട്ടിയത്. അതിനേക്കാൾ ശ്രദ്ധേയം യു.ഡി.എഫിന്റെ പകുതി സ്ഥാനാർത്ഥികളും ഒരു ലക്ഷത്തിലേറെ വോട്ടിന്റെ ഭൂരിപക്ഷം നേടി എന്നതാണ്. സംസ്ഥാന സർക്കാരിനോടും മുഖ്യമന്ത്രി പിണറായി വിജയന്റെ പ്രവർത്തന ശൈലിയോടുമുള്ള ജനങ്ങളുടെ കടുത്ത നീരസവും പ്രതിഷേധവുമാണ് വിധിയെഴുത്തിൽ ശക്തമായി പ്രതിഫലിച്ചത്. തുടർഭരണം നൽകിയ അധികാര ഹുങ്ക് സി.പി.എമ്മിന്റെ പാർട്ടി സംവിധാനത്തെ ബാധിച്ചതും ഭരണവിരുദ്ധ വികാരത്തിന്റെ ആഴംകൂട്ടുന്നു. ജനങ്ങളിൽനിന്നു പാർട്ടി ഏറെ അകന്നതിന്റെ സൂചനയാണ് തിരഞ്ഞെടുപ്പുഫലത്തിൽ കണ്ടത്.

ഈ ഭരണത്തിനു കീഴിൽ സംസ്ഥാനം നേരിടുന്നത് നിരവധി വെല്ലുവിളികളാണ്. അതിൽ പ്രധാനം ആഭ്യന്തര വകുപ്പിന്റെ പരാജയം തന്നെയാണ്. മുഖ്യമന്ത്രി നേരിട്ടു കൈയാളുന്ന പൊലീസ് ഭരണം കുത്തഴിഞ്ഞ നിലയിലാണ്. ഈയടുത്ത ദിവസങ്ങളിലും പൊലീസിനെ നിരവധി തവണയാണ് ഹൈക്കോടതി വിമർശിച്ചത്. ആഭ്യന്തര വകുപ്പ് സംഘ് പരിവാറിന്റെ കൈകളിലാണെന്ന വിമർശനം നേരത്തെതന്നെയുണ്ട്. തൃശൂർ പൂരം അലങ്കോലമാക്കുന്നതിൽ പിണറായി പൊലീസ് നടത്തിയ കളികൾ ജനം കണ്ടതാണ്. തൃശൂരിൽ ബി.ജെ.പിയെ വിജയത്തിലെത്തിച്ച ഒരു ഘടകം ഇതായിരുന്നു. ഒന്നാം പിണറായി സർക്കാറിന്റെ കാലത്തു തന്നെ പൊലീസ് ഭരണം നിരവധി വിമർശനങ്ങൾക്കു വിധേയമായിരുന്നു. എന്നാൽ മുഖ്യമന്ത്രി തിരുത്താൻ തയാറായില്ല. സംസ്ഥാനത്ത് ഗുണ്ടാവിളയാട്ടം അസഹനീയമായ നിലയിലെത്തിയിരിക്കുന്നു. ഗുണ്ടകളുടെ വിരുന്നിൽ പങ്കെടുക്കുന്ന ഉയർന്ന പൊലീസുകാരെ വരെ ജനം കണ്ടു. സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധി തരണംചെയ്യാൻ ഇടതു സർക്കാരിനു പ്രാപ്തിയില്ലെന്നു എത്രയോ തവണ തെളിയിച്ചതാണ്. സംസ്ഥാനത്തെ പൊതുജനാരോഗ്യമേഖല ശോചനീയാവസ്ഥയിലാണ്. പകർച്ചവ്യാധികൾ പകരുമ്പോഴും വലിയ വായിൽ വീമ്പിളക്കുകയല്ലാതെ യാതൊരു നടപടിയുമുണ്ടാവുന്നില്ല. മെഡിക്കൽ കോളജുകൾ പോലും നിരുത്തരവാദ കേന്ദ്രങ്ങളായി. പൊതുവിതരണ മേഖല പാടേ താറുമാറായി. പാവപ്പെട്ട ജനങ്ങൾ ആശ്രയിച്ചിരുന്ന ഇവിടങ്ങളിൽ അവശ്യസാധനങ്ങൾ കിട്ടാക്കനിയാണ്. പൊതു വിപണിയിൽ വിലക്കയറ്റം കൊടുമുടിയിലാണ്. വിലക്കയറ്റം പിടിച്ചുനിർത്താൻ സർക്കാറിന്റെ കൈകളിൽ യാതൊരു ഫോർമുലയുമില്ല. പൊതുവിദ്യാലയങ്ങളിലെ ഉച്ചക്കഞ്ഞിയും സൗജന്യയൂണിഫോം വിതരണവുമൊക്കെ അധ്യാപകരുടെ കീശ കാലിയാക്കുന്ന വിധത്തിലാണ്. സർക്കാർ ജീവനക്കാരും വിരമിച്ചവരും ക്ഷേമ പെൻഷൻ ഗുണഭോക്താക്കളുമൊക്കെ അനന്തമായ കാത്തിരിപ്പിലാണ്. ജനങ്ങളുടെ അടിസ്ഥാന പ്രശ്നങ്ങൾ മറന്നു പ്രവർത്തിച്ചതാണ് ജനം ഇടതുപക്ഷത്തെ കൈവെടിയാനുള്ള കാരണങ്ങളിലൊന്ന്.

ഉത്തര കേരളത്തിലപ്പാടെ, പ്രത്യേകിച്ച് മുഖ്യമന്ത്രിയുടെ മണ്ഡലമായ ധർമടത്തും സി.പി.എമ്മിന്റെ മറ്റു ശക്തികേന്ദ്രങ്ങളിലും എൽ.ഡി.എഫിനുണ്ടായ തിരിച്ചടി ശക്തമാണ്. സി.പി.എമ്മിനോടും മുഖ്യമന്ത്രിയോടുമുള്ള വലിയൊരുവിഭാഗമാളുകളുടെ എതിർപ്പിന്റെ സൂചനയാണിത്. തങ്ങളുടെ ശക്തികേന്ദ്രങ്ങളിൽ ബി.ജെ.പി കടന്നുകയറുന്നു എന്നുകൂടി ഇടതു നേതാക്കൾ മനസിലാക്കേണ്ടതുണ്ട്. ലോക്സഭാ തിരഞ്ഞെടുപ്പിലെ വോട്ട് നില നോക്കിയാൽ 11 നിയമസഭാ സീറ്റുകളിൽ ബി.ജെ.പി ഒന്നാമതെത്തി. ഇതെല്ലാം ഇടതു മണ്ഡലങ്ങളാണെന്നോർക്കണം. എട്ടോളം മണ്ഡലങ്ങളിൽ ബി.ജെ.പി രണ്ടാം സ്ഥാനത്താണ്. സംസ്ഥാന മന്ത്രിമാരുടെ മണ്ഡലങ്ങളിൽ വരെ ബി.ജെ.പി മുന്നിലെത്തി. സി.പി.എം കോട്ടകളിലേക്ക് ബി.ജെ.പി കടന്നുകയറിയെന്നു ചുരുക്കം. ഇടതു മുന്നണി നിലവിൽ 19 നിയമസഭാ മണ്ഡലങ്ങളിൽ മാത്രമാണ് മുന്നിലുള്ളത്. 110 മണ്ഡലങ്ങളിലും യു.ഡി.എഫിനാണു മേൽക്കൈ. ബി.ജെ.പി ഇടതു മുന്നണിക്കടുത്തുവരുന്ന അവസ്ഥ എന്തായാലും ആശ്വാസകരമല്ലെന്നു പറയുമ്പോഴും ബി.ജെ.പിക്ക് അതിനു വഴിയൊരുക്കി നൽകിയത് ഇടതു മുന്നണിയാണെന്നു പറയാതെ വയ്യ. തിരഞ്ഞെടുപ്പ് തോൽവിയുടെ ധാർമിക ഉത്തരവാദിത്വം ഏറ്റെടുത്ത് മുഖ്യമന്ത്രി പിണറായി വിജയൻ സ്ഥാനമൊഴിയുകയാണ് വേണ്ടത്. അതിന് അദ്ദേഹം തയാറാകില്ലെന്നറിയാം. ഭരണത്തിൽ തിരുത്തൽ നടപടികൾ കൈക്കൊള്ളാനെങ്കിലും തയാറായേ പറ്റൂ. അല്ലെങ്കിൽ പശ്ചിമ ബംഗാളിനു സമാനമായ അനുഭവമായിരിക്കും കേരളത്തിലും സി.പി.എമ്മിനു വരാനിരിക്കുന്നത്. കനൽ ഒരു തരിയെങ്കിലും അണഞ്ഞുപോകാതിരിക്കാൻ അത് അനിവാര്യമാണ്.

അടിക്കുറിപ്പ്

സഖ്യകക്ഷികളെ ഉപയോഗിച്ച് മോദി സർക്കാർ രൂപീകരിച്ചാലും അത് ഒരിക്കലും നിലനിൽക്കാൻ പോകുന്നില്ല. മോദി പ്രധാനമന്ത്രിയായാലും തീർച്ചയായും ഒരു ബദലിനെ കുറിച്ച് ആർ.എസ്.എസ് ആലോചിക്കും. ഇത്തവണ ബി.ജെ.പിയുടെ ഭൂരിപക്ഷം കുറക്കാൻ സാധിച്ചു. നരേന്ദ്ര മോദിയെ ഭരണത്തിൽ നിന്ന് താഴെയിറക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഞങ്ങൾ പ്രവർത്തിച്ചത്.

–സഞ്ജയ് റാവത്ത്

ചരിത്രത്തിൽ ഇന്ന്

1862 അമേരിക്കയും ബ്രിട്ടണും അടിമക്കച്ചവടം നിർത്തലാക്കാൻ തീരുമാനിച്ചു.
1863 ഫ്രഞ്ചു സൈന്യം മെക്സിക്കോ നഗരം പിടിച്ചെടുത്തു.
1975 ഇംഗ്ലണ്ടിൽ ഏകദിന ക്രിക്കറ്റ് ചരിത്രത്തിലെ ആദ്യ ലോകകപ്പ് മൽസരങ്ങൾക്ക് തുടക്കം കുറിച്ചു.

ആത്മഹർഷത്തിന്റെ പത്തുനാളുകൾ

വെള്ളിത്തെളിച്ചം

ടി.എച്ച് ദാരിമി

ഒരു അറബിക്കവി മനുഷ്യ ജീവിതത്തിന്റെ ആകത്തുകയെ കണക്കുകൂട്ടുന്നത് എങ്ങനെയാണ്. ഒരാൾ 60 വയസ്സ് വരെ ജീവിക്കുകയാണ് എങ്കിൽ അയാളുടെ ആയുസ്സിന്റെ പകുതി ഭാഗവും രാത്രികൾ അല്ലെങ്കിൽ ഉറക്കം, വിശ്രമം തുടങ്ങിയവ കവർന്നെടുക്കും. ബാക്കിയുള്ളതിന്റെ പകുതിയും അങ്ങോട്ടും ഇങ്ങോട്ടുമായി അശ്രദ്ധക്ക് മുറിച്ചു കൊടുക്കേണ്ടിവരും. ഇനിയും ബാക്കിയുള്ളതിന്റെ പകുതി പ്രത്യാശകളും ആർത്തികളും നിറഞ്ഞ ജോലിക്കും അധ്വാനത്തിനുമെല്ലാം ഉള്ളതാണ്. എല്ലാം കഴിച്ച് ബാക്കിയുള്ളത് രോഗത്തിനും വാർധക്യത്തിനും അവയുടെ അസ്കിതകൾക്കും വേണ്ടിയുള്ളതാണ്. അത് കൊടുത്തില്ലെങ്കിൽ തന്നെയും അവ ബാക്കിയുള്ള വയസ്സിനെ തട്ടിപ്പറിച്ച് വാങ്ങും. മതപരമായി ആയുസ്സിനെ വിവരിക്കാൻ വേണ്ടിയുള്ള ആമുഖമായി വന്നതാണ് ഈ വരികൾ. ഇത് സൂചിപ്പിക്കുന്നത് ആരാധനകൾക്കും നന്മകൾക്കും നീക്കിവെക്കാൻ സത്യത്തിൽ മനുഷ്യന്റെ ആയുസ്സിൽ അവസരം കുറവാണ് എന്ന ഞെട്ടിപ്പിക്കുന്ന സത്യത്തെയാണ്. അത് ശരിയാണുതാനും. അതീവ ഹ്രസ്വമായ ഒരു ജീവിത കാലമാണ് നമുക്ക് കിട്ടിയിരിക്കുന്നത് എന്നതിനാലാണ് ഈ കുറവ് അനുഭവപ്പെടുന്നത് എന്നു പറഞ്ഞു രക്ഷപ്പെടാൻ കഴിയില്ല. ആയുസ്സ് കുറക്കുന്നതും കൂട്ടുന്നതും അല്ലാഹുവാണ്. അവന്റെ ഏതു നീക്കങ്ങളും യുക്തിഭദ്രമായിരിക്കും. ഈ കാര്യത്തിലുള്ള യുക്തി ഭദ്രത, നമ്മുടെ തലമുറയ്ക്ക് ആയുസ്സിന്റെ എണ്ണം കുറവായതിനാൽ ആ കുറവ് നമ്മുടെ ജീവിതത്തെ പ്രതികൂലമായി ബാധിക്കാതിരിക്കാൻ വേണ്ട ഒരുപാട് മുൻ കരുതലുകൾ അല്ലാഹു എടുത്തിട്ടുണ്ട് എന്നതാണ്. അത്തരത്തിലുള്ള അല്ലാഹുവിന്റെ മുൻകരുതലാണ് അവൻ നമുക്ക് നൽകിയിട്ടുള്ള വിശേഷ അവസരങ്ങൾ, സ്ഥലങ്ങൾ, കർമങ്ങൾ എന്നിവയെല്ലാം. അല്ലാഹു പ്രത്യേകത കൽപ്പിച്ച പ്രത്യേക അവസരങ്ങൾ, സ്ഥലങ്ങൾ, കർമങ്ങൾ എന്നിവയെല്ലാം ഉപയോഗപ്പെടുത്തുമ്പോൾ നമുക്ക് അധികം പ്രതിഫലം സമ്പാദിക്കാൻ കഴിയും. അപ്പോൾ നേരത്തെ പറഞ്ഞ കുറവും ന്യൂനതയും എല്ലാം പരിഹരിക്കാൻ കഴിയും. ഇങ്ങനെ ചിന്തിക്കേണ്ട മറ്റൊരു അവസരം കൂടി മുസ്‌ലിം ലോകത്തിന് കൈവരികയാണ് വീണ്ടും ദുൽഹജ്ജ് മാസത്തിൽ എത്തിച്ചേരുമ്പോൾ.

ഈ മാസത്തിന്റെ ഒന്നു മുതൽ പത്ത് വരെയുള്ള ദിനങ്ങൾ ഇസ്‌ലാമിക വിശ്വാസികളുടെ ലോകത്ത് അതിപ്രധാനങ്ങളാണ്. അവയെ ആത്മീയമായ പത്തു പെരുന്നാൾ എന്ന് വേണമെങ്കിൽ വിളിക്കാം. അവയുടെ ശ്രേഷ്ഠത നബി (സ) നിരവധി തവണ വ്യക്തമാക്കിയിട്ടുണ്ട്. നബി (സ) അരുളി: 'ഇഹലോകത്തിലെ ദിവസങ്ങളിൽ വെച്ച് ഏറ്റവും ശ്രേഷ്ഠമായത് ദുൽഹജ്ജിലെ ആദ്യത്തെ പത്ത് ദിവസങ്ങളാകുന്നു' (ഇബ്നുമാജ) . ഈ സവിശേഷതക്ക് ഏറ്റവും വലിയ തെളിവാണ് വിശുദ്ധ ഖുർആൻ ഈ ദിനങ്ങളുടെ രാവുകളെ ആണയിടാൻ ഉപയോഗിച്ചത്. അല്ലാഹു പറയുന്നു: 'പ്രഭാതം തന്നെയാണ് സത്യം. പത്തു രാത്രികൾ തന്നെയാണ സത്യം' (അൽ ഫജ്ർ: 1,2). ഈ പറയുന്ന രാത്രികൾ ദുൽഹജ്ജിലെ ആദ്യത്തെ പത്തു രാത്രികളാണ് എന്നാണ് മിക്ക പ്രമുഖ മുഫസ്സിറുകളും പറഞ്ഞിട്ടുള്ളത്. അല്ലാഹു ഒരു കാര്യം സത്യം ചെയ്തു പറയാൻ ഉപയോഗിക്കുന്നുവെങ്കിൽ അത് അവന്റെയടുക്കലുള്ള അതിന്റെ പ്രാധാന്യവും മഹത്വവും കാരണം മാത്രമായിരിക്കും. സത്യം ചെയ്യാൻ ഒരു കാര്യത്തെ ഉപയോഗിക്കുമ്പോൾ ആ കാര്യം പ്രധാനവും അന്യൂനവുമായിരിക്കും എന്നത് ആരും അംഗീകരിക്കുന്ന കാര്യമാണ്. ഈ ദിനങ്ങൾക്ക് അല്ലാഹു നൽകുന്ന പ്രത്യേകത ഈ ദിവസങ്ങളിൽ ചെയ്യുന്ന സൽകർമങ്ങൾക്ക് അവൻ നൽകുന്ന പ്രതിഫലം തന്നെയാണ്. അത് നബി (സ) നിരവധി ഹദീസുകളിലൂടെ പഠിപ്പിച്ചിട്ടുണ്ട്. ഉദാഹരണമായി ഇബ്നുഅബ്ബാസ്(റ) നിവേദനം ചെയ്ത ഹദീസിൽ റസൂൽ (സ) ഇങ്ങനെ അരുളി: 'ഈ (ദുൽഹജ്ജ്) പത്തു ദിവസങ്ങളിൽ പുണ്യകർമങ്ങൾ അനുഷ്ഠിക്കുന്നതിനേക്കാൾ അല്ലാഹുവിന് ഇഷ്ടപ്പെടുന്ന മറ്റൊരു ദിവസത്തെ സൽകർമവുമില്ല.' അതു കേട്ട അനുയായികളിൽ ചിലർ ചോദിച്ചു: 'പ്രവാചകരേ, അല്ലാഹുവിന്റെ മാർഗത്തിലുള്ള യുദ്ധത്തെക്കാളുമോ?' അവിടുന്ന് പറഞ്ഞു: 'അതെ, അല്ലാഹുവിന്റെ മാർഗത്തിലുള്ള യുദ്ധത്തെക്കാളും! എന്നാൽ ഒരാൾ സ്വ ശരീരവും സമ്പത്തുമായി പുറപ്പെടുകയും അവയിൽനിന്ന് ഒന്നും അദ്ദേഹം തിരിച്ചുകൊണ്ടുവരാതെ രക്തസാക്ഷിയാവുകയും ചെയ്താലല്ലാതെ' (ബുഖാരി). മറ്റൊരു തിരുവചനം ഇങ്ങനെയാണ്: അബ്ദുല്ലാഹിബ്നു ഉമർ(റ) പറയുന്നു: നബി(സ) ഇപ്രകാരം പറയുത് ഞാൻ കേട്ടു: 'ഈ ദിവസങ്ങളെപ്പോലെ അല്ലാഹുവിങ്കൽ മഹത്തായ മറ്റാരു ദിവസവുമില്ല. ഈ ദിവസങ്ങളിൽ നിർവഹിക്കുന്ന സൽകർമങ്ങളെപ്പോലെ അല്ലാഹുവിന് ഇഷ്ടമുള്ള മറ്റു കർമവുമില്ല. അതുകൊണ്ട് നിങ്ങൾ സ്തുതികീർത്തനങ്ങളും (അൽ ഹംദുലില്ലാഹ്) തക്ബീറുകളും (അല്ലാഹു അക്ബർ) തഹ്‌ലീലുകളും (ലാ ഇലാഹ ഇല്ലല്ലാഹു) അധികരിപ്പിക്കുക.' (ത്വബ്റാനിമുഅ്ജമുൽ കബീർ).

എന്തുകൊണ്ടാണ് ഈ ബഹുമതികൾ ഈ ദിനങ്ങൾക്ക് സിദ്ധിച്ചതെന്ന് ഇബ്നുഹജറിൽ അസ്ഖലാനി (റ) രേഖപ്പെടുത്തിയിട്ടുണ്ട്. നോമ്പ്, സ്വദഖ, ഹജ്ജ്, ദിക്റുല്ലാഹി എന്നീ പ്രധാന ഇബാദത്തുകളെല്ലാം ഈ ദിനങ്ങളിൽ വരുന്നുണ്ട്, എന്നതാണ് അതിന്റെ കാരണം (ഫത്ഹുൽബാരി). ഇബ്നു റജബ്(റ) രേഖപ്പെടുത്തുന്നു: 'അല്ലാഹുവിന്റെ ഭവനമായ വിശുദ്ധ കഅ്ബ കാണാനുള്ള മോഹം വിശ്വാസി മാനസങ്ങളിൽ അല്ലാഹു നിക്ഷേപിച്ചതാണ്. പക്ഷേ, എല്ലാവർക്കും എല്ലാ വർഷങ്ങളിലും അതിനു സാധ്യമല്ലല്ലോ. അതിനാൽ ഇസ്തിത്വാഅത്തുള്ളവർക്ക് ആയുസ്സിൽ ഒരു പ്രാവശ്യം ഹജ്ജനുഷ്ഠാനം നിർബന്ധമാക്കി. അതോടൊപ്പം ദുൽഹജ്ജിലെ പത്ത് നാളുകളെ ഹജ്ജിനു പോയവർക്കും അല്ലാത്തവർക്കും പങ്കാളികളാവാൻ പറ്റും വിധത്തിൽ നന്മകളുടെ കാലഘട്ടമാക്കി. അങ്ങനെ, ഒരാൾക്ക് ഹജ്ജിനു പോകാൻ സാധിച്ചില്ലെങ്കിലും ഹജ്ജിനേക്കാൾ ശ്രേഷ്ഠമായ കർമങ്ങൾ സ്വന്തം വീട്ടിൽ വച്ച് ചെയ്യാൻ സാധിക്കുന്നു (ലത്വാഇഫുൽ മആരിഫ്). മുഗ്നിയിൽ ഇബ്നു ഖുദാമ പറയുന്നത് ഇങ്ങനെ: 'ദുൽഹജ്ജിലെ പത്തു ദിവസങ്ങൾ എന്തുകൊണ്ടും ശ്രേഷ്ഠവും ഉദ്കൃഷ്ടവുമാകുന്നു. അതിൽ ചെയ്യുന്ന സൽകർമങ്ങളുടെ പ്രതിഫലം ഇരട്ടിപ്പിക്കുന്നതിനാൽ അന്ന് ഇബാദത്തുകളിൽ കൂടുതൽ പ്രയത്നിക്കൽ സുന്നത്തുമാകുന്നു'. കൂട്ടത്തിൽ ഏറ്റവും പ്രധാനപ്പെട്ട കാരണം ഈ ദിനങ്ങൾ ഹജ്ജിന്റെ ദിനങ്ങളാണ് എന്നതാണ്. ഹജ്ജിന്റെ കർമങ്ങൾ ഈ പത്തു ദിനങ്ങളിലെ അവസാന ദിനങ്ങളിൽ ആണ് നടക്കുന്നത് എങ്കിലും ഏറ്റവും വലിയ ഈ സമർപ്പണത്തിന് വേണ്ടിയുള്ള മാനസികവും ശാരീരികവുമായ ഒരുക്കങ്ങളിൽ വ്യാപൃതരാകുന്ന ദിവസങ്ങളാണിവ. ഒരു ആരാധനയ്ക്ക് വേണ്ടി പൂർണ മനസോടെ കാത്തുനിൽക്കുന്നതിനെ ഇസ്‌ലാം ഒരു സൽകർമമായാണ് പരിഗണിക്കുന്നത്. നമസ്കാരത്തിനുവേണ്ടി കാത്തിരിക്കുന്നവർ നമസ്കാരത്തിൽ തന്നെയാണ് എന്ന് തിരുനബി പറഞ്ഞിട്ടുണ്ട്. ലോകത്തിന്റെ അഷ്ട ദിക്കുകളിൽ നിന്നുമായി 30 ലക്ഷത്തോളം തീർത്ഥാടകർ മക്കയിലേക്കും മഷാഇറുകളിലേക്കും പുറപ്പെടുകയും അവർ അവിടെയെത്തി ദുൽഹജ്ജ് ഒമ്പതിന് അറഫായിൽ സംഗമിക്കുകയും ചെയ്യുന്നതാണ് ഒറ്റ വാചകത്തിൽ പറഞ്ഞാൽ ഹജ്ജ്. ഇതിനു വേണ്ടിയെന്നോണം മുൻപിലും പിൻപിലുമായി ചെയ്യുന്ന അനുബന്ധ കർമങ്ങളുമുണ്ട്. ഇത്രയും പേർക്ക് ഇതെല്ലാം ഈ ദിവസം തന്നെ ചെയ്തുതീർക്കണം എന്നുണ്ടെങ്കിൽ അതിനു വേണ്ട മാനസികവും ശാരീരികവുമായ ഒരുക്കങ്ങൾ ഗൗരവതരവും നീണ്ടതുമായിരിക്കും. ഈ ഒരുക്കങ്ങളിൽ തുടിച്ചുനിൽക്കുന്ന ആരാധനാത്മ അല്ലാഹു കൽപ്പിക്കുന്ന സ്വീകാര്യതയും പരിഗണനയും ആണ് സത്യത്തിൽ ഈ ദിനങ്ങളുടെ പുണ്യത്തിന്റെ പിന്നിലെ പ്രധാന കാരണം.

ഈ ദിനങ്ങളിൽ വിശ്വാസി എന്തൊക്കെ കാര്യങ്ങളാണ് നമ്മുടെ സാഹചര്യത്തിൽ ചെയ്യേണ്ടത്, ചെയ്യാവുന്നത് എന്നു കൂടി നോക്കാം. ഇവയിൽ ഏറ്റവും പ്രധാനപ്പെട്ടത് ഈ ദിനങ്ങൾ പ്രത്യേക പരിഗണന ഉള്ളതാണ് എന്നും അല്ലാഹുവിന്റെ പ്രത്യേക ശ്രദ്ധ പതിയുന്ന യാമങ്ങളാണ് എന്നും മനസ്സിൽ ഉറപ്പിക്കുകയാണ് ആദ്യമായി ചെയ്യേണ്ടത്. ഈ ദിനങ്ങളെ ഈ വിധത്തിൽ മനസ്സിൽ ഉറപ്പിക്കാൻ രണ്ടു ന്യായങ്ങൾ ഉണ്ട്. ഒന്ന് ഈ മാസം മുഴുവനും വിശുദ്ധങ്ങളായ നാലു മാസങ്ങളിൽ പെടുന്നു എന്നതാണ്. ഈ മാസങ്ങളെ പരിചയപ്പെടുത്തവെ അല്ലാഹു പറഞ്ഞത്, അവയിൽ ഒരാളും ഒരാളോടും തന്നോടുപോലും അക്രമങ്ങൾ കാണിക്കരുത് എന്നാണ്. അതിനാൽ ഈ ദിനങ്ങളോടും മാസത്തോടും അർഹമായ കടമ പുലർത്തണമെങ്കിൽ അതിന് ഈ മാസത്തെ കുറിച്ചുള്ള മഹാത്മ്യം മനസ്സിനെ ബോധിപ്പിക്കേണ്ടതുണ്ട്. രണ്ടാമത്തേത് ഇത് അല്ലാഹു തന്റെ മതത്തിന്റെ പൊതു ചിഹ്നവും അടയാളവുമായി രേഖപ്പെടുത്തിയിട്ടുള്ള ദിനങ്ങൾ ആണ് എന്നതാണ്. അല്ലാഹുവിന്റെ മതത്തിന്റെ പ്രത്യക്ഷ അടയാളങ്ങളെയും സങ്കൽപങ്ങളെയും ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുക എന്നത് വിശ്വാസികളുടെ കടമയാണ്. അല്ലാഹു പറയുന്നു: 'വല്ലവനും അല്ലാഹുവിന്റെ മതചിഹ്നങ്ങളെ ആദരിക്കുന്ന പക്ഷം തീർച്ചയായും അത് ഹൃദയങ്ങളിലെ ധർമനിഷ്ഠയിൽ നിന്നുണ്ടാകുന്നതത്രെ' (അൽഹജ്ജ്: 32). രണ്ടാമതായി പതിവ് സമയബന്ധിതമായ കർമങ്ങൾക്ക് പുറമേ ദൈവ സ്മരണ ഉണർത്തുന്ന ധാരാളം നല്ല കാര്യങ്ങൾ ചെയ്യുകയും അല്ലാഹുവിനോട് നിരന്തരമായി പാപമോചനത്തിന് വേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയും ചെയ്യുക എന്നതാണ്. ഈ ദിനങ്ങളോളം അടിമകളെ നരകത്തിൽ നിന്ന് അല്ലാഹു മോചിപ്പിക്കുന്ന ദിനങ്ങൾ വേറെയില്ല എന്ന് സ്വഹീഹായ ഹദീസിൽ നബി (സ) പറഞ്ഞിരിക്കുന്നു. ഈ പറഞ്ഞതെല്ലാം മാനസികമായ ഉദ്ബോധനങ്ങൾ ആണ് അവക്കാണ് വിശ്വാസ ആദർശത്തിൽ പ്രാധാന്യം അത് അല്ലാഹു ഇതേ ദിനങ്ങളിലെ ബലിദാനത്തെക്കുറിച്ച് സൂചിപ്പിച്ചുകൊണ്ട് ഇങ്ങനെ വ്യക്തമാക്കുന്നുണ്ട്: 'അവയുടെ മാംസങ്ങളോ രക്തങ്ങളോ അല്ലാഹുവിങ്കൽ എത്തുന്നതേയില്ല. എന്നാൽ നിങ്ങളുടെ ധർമനിഷ്ഠയാണ് അവന് എത്തുന്നത്' (അൽഹജ്ജ്: 37).

ആരാധനകൾ കൊണ്ടും സത്കർമങ്ങൾ കൊണ്ടും ഈ ദിനങ്ങളെ ധന്യമാക്കാൻ വിശ്വാസി സ്വന്തം മനസ്സിനെ തെര്യപ്പെടുത്തേണ്ട ഏറ്റവും പ്രധാനപ്പെട്ട ആശയം ഈ ദിനങ്ങൾ വിശ്വാസികളെ ഏറ്റവും വലിയ ആരാധനകളിലേക്ക് നയിക്കുന്നു എന്നതാണ്. ഈ ദിനങ്ങളുടെ ഒമ്പതാം നാളിലാണ് അറഫാദിനം. അറഫാദിനം എന്നത് അറഫയിൽ നിൽക്കുന്ന ഹാജിമാർക്ക് ഹജ്ജ് തന്നെയാണ്. അന്നേ ദിനം അവർ അവിടെ വെച്ച് ചോദിക്കുന്നതിനെല്ലാം ഉത്തരം ലഭിക്കുന്നു. അതോടൊപ്പം ഹജ്ജിന് പോയിട്ടില്ലാത്ത ലോകമെമ്പാടുമുള്ള സത്യവിശ്വാസികൾ അവരോടൊപ്പം സുന്നത്ത് നോമ്പനുഷ്ഠിച്ച് ഐക്യദാർഢ്യം രേഖപ്പെടുത്തുകകൂടി ചെയ്യുമ്പോൾ ദുൽഹജ്ജ് 9 സത്യവിശ്വാസികളുടെ ആകാശ ചുവട് മുഴുവനുമുള്ള ഒരു ആത്മീയ ആചരണമായി മാറുന്നു. തൊട്ടടുത്ത ദിനമായ ദുൽഹജ്ജ് പത്തിനും ഇതേ അർത്ഥത്തിലുള്ള സവിശേഷതയുണ്ട്. അത് ബലിയുടേതാണ്. കേവലം പണമുള്ളവർ മൃഗങ്ങളെ വാങ്ങി ബലിയറുത്ത് പാവങ്ങൾക്ക് മാംസം വിതരണം ചെയ്യുന്ന ഒരു ദാനച്ചടങ്ങല്ല ഈ ബലി. അത് ഒരു കർമം എന്നതിനപ്പുറം ഒരു ആശയമാണ്. എന്തിനേക്കാളും അല്ലാഹുവിന്റെ കൽപനക്കും ഇംഗിതത്തിനുമാണ് തന്റെ ജീവിതത്തിൽ പ്രാധാന്യം എന്ന് തെളിയിക്കാൻ ഇബ്രാഹിം നബി (അ) സ്വന്തം മകനെ ബലി അറുക്കാൻ സന്നദ്ധനായ ആശയമാണ് ബലി ഓർമിപ്പിക്കുന്നത്. ഈ കർമവും അറഫാദിനത്തിനെതുപോലെ ലോക മുസ്‌ലിംകളുടെ മുഴുവനും ആചരണമായി തീരുന്നുണ്ട്. ഹജ്ജിന്റെ ഭാഗമായോ ഐച്ഛികമായോ തീർത്ഥാടകർ മീനാ താഴ്‌വരയിൽ വെച്ച് ബലിദാനം നടത്തുമ്പോൾ ലോകമെമ്പാടുമുള്ള മറ്റ് വിശ്വാസികൾ അതിൽ പങ്കെടുത്തുകൊണ്ട് അവരും അവരുടെ ഗ്രാമങ്ങളിൽ ബലി നടത്തുന്നു. ചുരുക്കത്തിൽ, ആത്മീയതയുടെ ഒരുക്കങ്ങളും സന്നാഹങ്ങളും നിറഞ്ഞ ആത്മീയ വിചാരങ്ങൾ വിശ്വാസികളുടെ ലോകത്തെ ഏറ്റവും അർത്ഥപൂർണമായ കർമങ്ങളിലേക്കും അവയുടെ സമയങ്ങളിലേക്കും നയിക്കുമ്പോൾ വിശ്വാസികളുടെ മനസ്സിനുണ്ടാകുന്ന ആത്മീയ പുളകമാണ് മൊത്തത്തിൽ ഈ ദിവസങ്ങളുടെ പ്രാധാന്യം നിശ്ചയിക്കുന്നത്.

തിരഞ്ഞെടുപ്പ് ഫലം നൽകുന്ന പ്രതീക്ഷ

സ്വിദ്ദീഖ് നദ്‌വി ചേരൂർ

ലക്കും ലഗാനുമില്ലാതെ കുതറിപ്പായാൻ വെമ്പി നിന്ന കുതിരയെ പൂർണമായും തളച്ചിടാൻ കഴിഞ്ഞില്ലെങ്കിലും അതിന് മൂക്കുകയറിട്ട് മുന്നോട്ടുള്ള കുതർച്ചയെ നിയന്ത്രിക്കാൻ കഴിഞ്ഞു. ഇത്തവണത്തെ ലോക്സഭാ തിരഞ്ഞെടുപ്പ് ഫലത്തെ ഇങ്ങനെ വിലയിരുത്താമെന്ന് തോന്നുന്നു. അതുകൊണ്ട്തന്നെ ഏറെ ആശ്വാസവും ആത്മവിശ്വാസവും നൽകുന്ന ഫലമാണ് കഴിഞ്

ആവശ്യങ്ങൾ നേടിയെടുക്കട്ടെ

ന്യൂഡൽഹി: എൻ.ഡി.എയുടെ സർക്കാർ രൂപീകരണത്തിൽ ജെ.ഡി.യു അധ്യക്ഷൻ നിതീഷ് കുമാർ കിങ് മേക്കറാണെങ്കിൽ ബിഹാറിന് വേണ്ടി അദ്ദേഹം പ്രത്യേക പദവി നേടിയെടുക്കുകയാണ് വേണ്ടതെന്ന് ആർ.ജെ.ഡി നേതാവ് തേജസ്വി യാദവ്. ഇതിനൊപ്പം രാജ്യത്ത് ജാതിസെൻസസ് നടത്താനുള്ള ഇടപെടലും നടത്തണം. ബിഹാർ കിങ് മേക്കറായി ഉയർന്ന് വന്നിരിക്കുകയാണ്. ഏത് സർക്കാർ വന്നാലും ഇത് ഇങ്ങനെ തന്നെയായിരിക്കും. ബിഹാറിന് പ്രത്യേക പദവിയെന്നുള്ളത് വളരെ പഴക്കമുള്ള ആവശ്യമാണ്. നിതീഷ് ഇതിനെ പിന്തുണച്ചിട്ടുണ്ട്. ഇത് നേടിയെടുക്കാൻ നല്ലൊരു അവസരമാണ് കൈവന്നിരിക്കുന്നത്.

ബി.ജെ.പി പ്രതിപക്ഷമാവണം

ന്യൂഡൽഹി: സർക്കാർ രൂപവത്കരിക്കുന്നതിനു പകരം ബി.ജെ.പി പ്രതിപക്ഷത്ത് ഇരിക്കണമെന്ന് പാർട്ടി നേതാവ് സുബ്രഹ്മണ്യൻ സ്വാമി. 1989– 90, 1998– 2004 കാലയളവുകളിൽ ബി.ജെ.പി സഖ്യ സർക്കാറിന്റെ ഭാഗമായിരുന്നെങ്കിലും പാർട്ടിക്കത് വിഷമഘട്ടവും ദുരന്തവുമായിരുന്നു. അതിനാൽ പ്രതിപക്ഷത്തിരുന്ന് ഇന്ത്യ മുന്നണി സർക്കാറിന് തിരിച്ചടി നൽകുകയാണ് വേണ്ടത്. ബി.ജെ.പിക്ക് കേവല ഭൂരിപക്ഷം നേടാനാവാത്ത സാഹചര്യത്തിൽ സർക്കാർ രൂപവത്കരണ ചർച്ചകളിൽനിന്ന് മോദി പിന്മാറണം. ആത്മാഭിമാനമുള്ള നേതാവ് അധികാരത്തിൽനിന്ന് വലിച്ചുതാഴെയിടാൻ കാത്തുനിൽക്കാതെ പിന്മാറുമെന്നും അദ്ദേഹം പ്രതകരിച്ചു.

ഇന്ത്യാ വാർത്തകൾ

ആന്ധ്രാപ്രദേശിനും ബിഹാറിനും പ്രത്യേക പദവി

മോദിയോട് കോൺഗ്രസിന്റെ നാല് ചോദ്യങ്ങൾ

ന്യൂഡൽഹി: ജെ.ഡി.യു, ടി.ഡി.പി പാർട്ടികളുടെ പിന്തുണയോടെ കേന്ദ്രത്തിൽ സർക്കാർ രൂപീകരിക്കാനുള്ള നീക്കത്തിനിടെ മോദിയെ കുരുക്കുന്ന നാല് ചോ ദ്യങ്ങളുമായി കോൺഗ്രസ് നേതാവ് ജയറാം രമേശ്.

നിതീഷ് കുമാർ, ചന്ദ്രബാബു നായിഡു എന്നിവരുമായി ബി.ജെ.പി ചർച്ചകൾ നടത്തിവരുന്നതിനിടെയാണ് ജയറാം രമേശിന്റെ വിമർശനം. ആന്ധ്രപ്രദേശ്, ബിഹാർ സംസ്ഥാനങ്ങൾക്ക് പ്രത്യേക പദവി നൽകുമെന്ന വാഗ്ദാനം പാലിക്കാൻ മോദി തയ്യാറാകുമോ എന്നതാണ് ഒന്നാമത്തെ ചോദ്യം. തിരഞ്ഞെടുപ്പ് പ്രചാരണത്തിനിടെ 2014 ഏപ്രിൽ 30ന് തിരുപ്പതിയിൽ വെച്ച് ആന്ധ്രക്ക് പ്രത്യേക പദവി നൽകുമെന്ന് നിങ്ങൾ വാഗ്ദാനം ചെയ്തു, അങ്ങനെ വൻതോതിൽ നിക്ഷേപം വന്നു. 10 വർഷമായെങ്കിലും വാഗ്ദാനം പാലിച്ചില്ല. അത് ഇപ്പോഴെങ്കിലും പാലിക്കപ്പെടുമോ? വിശാഖപട്ടണത്തെ സ്റ്റീൽ പ്ലാന്റ് സ്വകാര്യവത്കരിക്കാനാണ് മോദി ശ്രമിക്കുന്നതെന്നും അദ്ദേഹം ആരോപിച്ചു. എല്ലാ പാർട്ടികളും ഈ നീക്കത്തെ എതിർക്കുന്നു. സ്റ്റീൽ പ്ലാന്റ് സ്വകാര്യവൽക്കരണം നിങ്ങൾ ഇപ്പോൾ നിർത്തുമോ എന്നതാണ് രണ്ടാമത്തെ ചോദ്യം. ബിഹാറിന് പ്രത്യേക പദവി നൽകുമെന്നും 2014ൽ നിങ്ങൾ വാഗ്ദാനം ചെയ്തു. സഖ്യകക്ഷി നേതാവും ബിഹാർ മുഖ്യമന്ത്രിയുമായ നിതീഷ് കുമാറിന്റെ പത്തു വർഷത്തെ ഈ ആവശ്യം നിങ്ങൾ നിറവേറ്റുമോ?– ഇതായിരുന്നു മൂന്നമത്തെ ചോദ്യം. ദേശവ്യാപകമായി ജാതി സെൻസസ് നടത്തണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടു, നിതീഷ് കുമാർ പോലും ഇതിനെ പിന്തുണച്ചു. ബിഹാറിൽ നടത്തിയത് പോലെ രാജ്യത്തുടനീളം ജാതി സെൻസസ് നടത്തുമെന്ന് നിങ്ങൾ തയ്യാറുണ്ടോ?– നാലാമതായി അദ്ദേഹം ചോദിച്ചു.

ഇത്തരം വിഷയങ്ങളിൽ പ്രധാനമന്ത്രി മൗനം തുടരുകയാണ്. 400 സീറ്റു നേടുമെന്ന മോദിയുടെ അവകാശവാദം പൊള്ളയായെന്നും ജയറാം രമേശ് ചൂണ്ടിക്കാട്ടി. മൂന്നാം വട്ടവും സർക്കാർ രൂപവത്കരിക്കുമെന്ന് ആവർത്തിച്ച് പറഞ്ഞാലും അടിസ്ഥാനപരമായി 'മൂന്നിലൊന്ന് മോദി സർക്കാർ' മാത്രമായിരിക്കും നിലവിൽ വരുന്നതെന്ന് അദ്ദേഹം പരിഹസിച്ചു.

'മോദി 3.0 സർക്കാർ രൂപീകരിക്കുമെന്ന് ആവർത്തിച്ച് പറയുന്നു. എന്നാൽ രൂപീകരിക്കാൻ പോകുന്നത് അടിസ്ഥാനപരമായി 1/3 മോദി സർക്കാർ ആയിരിക്കും'– അദ്ദേഹം എക്സിൽ കുറിച്ചു.

വെള്ളത്തിന്റെ പേരിൽ രാഷ്ട്രീയം പാടില്ല: സുപ്രീംകോടതി

ന്യൂഡൽഹി: ഡൽഹിയിലെ ജലക്ഷാമത്തിൽ സുപ്രീം കോടതി ഇടപെടൽ. കൂടുതൽ വെള്ളം നൽകാൻ ഹിമാചൽ പ്രദേശ് സർക്കാരിന് കോടതി നിർദേശം നൽകി. വെള്ളം നൽകുന്നത് തടയരുതെന്ന് ഹരിയാന സർക്കാറിനോടും നിർദേശിച്ചു. വെള്ളത്തിന്റെ പേരിൽ രാഷ്ട്രീയം പാടില്ലെന്നും കോടതി പറഞ്ഞു.

ജസ്റ്റിസുമാരായ പ്രശാന്ത് കുമാർ മിശ്ര, കെ.വി വിശ്വനാഥൻ എന്നിവരടങ്ങുന്ന ബെഞ്ചിന്റേതാണ് നിർദേശം. ഡൽഹിക്ക് ആവശ്യമായ വെള്ളം വിട്ടുനൽകാൻ ഹരിയാന സർക്കാറിനോട് നിർദേശിക്കണമെന്നാവശ്യപ്പെട്ട് സംസ്ഥാന സർക്കാറാണ് സുപ്രീംകോടതിയെ സമീപിച്ചത്.

ഉയർന്ന താപനിലയും ഉഷ്ണതരംഗവും ജലത്തിന്റെ ആവശ്യകത കൂട്ടിയെന്നും ഇത് ദേശീയ തലസ്ഥാനത്ത് അസാധാരണമായ ക്ഷാമത്തിന് കാരണമായെന്നും ചൂണ്ടിക്കാട്ടി എഎപിയുടെ നേതൃത്വത്തിലുള്ള ഡൽഹി സർക്കാർ കോടതിയെ സമീപിച്ചത്. ഹരിയാനയിൽ നിന്ന് വെള്ളം എത്തിയില്ലെങ്കിൽ ഡൽഹിയിലെ ജലസംഭരണികൾ വറ്റുമെന്ന് ചൂണ്ടിക്കാട്ടി മന്ത്രി അതിഷി കേന്ദ്രസർക്കാറിന് കത്തു നൽകിയിരുന്നു.

ചുരുക്കത്തിൽ

കർണാടക മന്ത്രി ബി നാഗേന്ദ്ര രാജിവെച്ചു

ബെംഗളൂരു: കർണാടക മന്ത്രിസഭയിൽ ആദ്യ രാജി. ഗോത്ര ക്ഷേമ വികസന വകുപ്പ് മന്ത്രി ബി നാഗേന്ദ്രയാണ് രാജിവച്ചത്. വാത്മീകി കോർപ്പറേഷൻ അഴിമതി ആരോപണങ്ങളുമായി ബന്ധപ്പെട്ടാണ് രാജി. രാജിക്കത്ത് മുഖ്യമന്ത്രി സിദ്ധരാമയ്യയ്ക്ക് കൈമാറി. അതേസമയം, ഹൈക്കമാന്റുമായി ആലോചിച്ച് രാജിയിൽ തീരുമാനമെടുക്കുമെന്ന് സിദ്ധരാമയ്യ പ്രതികരിച്ചു. ഗോത്രവികസനത്തിനായി രൂപീകരിച്ച കോർപറേഷന് കീഴിൽ ഉള്ള 187 കോടി രൂപ വിവിധ അക്കൗണ്ടുകളിലേക്ക് തിരിമറി നടത്തി എന്നാണ് ആരോപണം. അതേസമയം ക്രമക്കേടിൽ പങ്കില്ലെന്നും പാർട്ടിയുടെ സൽപ്പേരിന് കളങ്കം വരാതിരിക്കാനാണ് രാജിയെന്നും നഗേന്ദ്ര മാധ്യമങ്ങളോടു പറഞ്ഞു.

കെജ്‌രിവാളിന് മാരക അസുഖം എന്നത് പ്രചാരണം മാത്രമെന്ന് കോടതി

ന്യൂഡൽഹി: ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാൾ നടത്തിയ തിരഞ്ഞെടുപ്പ് പ്രചാരണങ്ങളും പര്യടനങ്ങളും സൂചിപ്പിക്കുന്നത് അദ്ദേഹത്തിന് ഗുരുതരമോ 'ജീവൻ അപകടപ്പെടുത്തുന്ന' അസുഖമോ ഇല്ലെന്നാണെന്ന് കോടതി. മദ്യനയക്കേസിൽ ഇടക്കാല ജാമ്യം നിഷേധിച്ചുകൊണ്ടാണ് ഡൽഹി കോടതിയുടെ നിരീക്ഷണം. ഗുരുതര ആരോഗ്യപ്രശ്നങ്ങൾ നേരിടുന്നതിനാൽ മെഡിക്കൽ പരിശോധനകൾ നടത്തേണ്ടതുണ്ടെന്ന് ചൂണ്ടികാട്ടിയാണ് ഇടക്കാല ജാമ്യം തേടിയത്. അദ്ദേഹത്തിന്റെ ജുഡീഷ്യൽ കസ്റ്റഡി ഈമാസം 19 വരെ നീട്ടി. കെജ്‌രിവാൾ നടത്തിയ വിപുലമായ പ്രചാരണ പര്യടനങ്ങളും അനുബന്ധ യോഗങ്ങളും സമ്മേളനങ്ങളുമെല്ലാം വ്യക്തമാക്കുന്നത് അദ്ദേഹത്തിന് ഗുരുതരമായ അല്ലെങ്കിൽ 'ജീവൻ അപകടപ്പെടുത്തുന്ന' രോഗങ്ങളൊന്നും ബാധിച്ചിട്ടില്ലെന്നാണ്– പ്രത്യേക ജഡ്ജി കാവേരി ബവേജ പറഞ്ഞു. എന്നാൽ, ജുഡീഷ്യൽ കസ്റ്റഡിയിൽ ആവശ്യമായ ചികിത്സ ഉറപ്പുവരുത്തണമെന്നും കോടതി തിഹാർ ജയിൽ അധികൃതരോട് നിർദേശിച്ചു. ശനിയാഴ്ച നടന്ന വാദത്തിനിടെ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ജാമ്യാപേക്ഷയെ ശക്തമായി എതിർത്തിരുന്നു. രാജ്യം മുഴുവൻ തിരഞ്ഞെടുപ്പ് പ്രചാരണം നടത്തിയ കെജ്‌രിവാളിന് ഈ സമയത്ത് മെഡിക്കൽ പരിശോധനയും നടത്താമായിരുന്നു എന്ന് ഇ.ഡി വാദിച്ചു. അതേസമയം അറസ്റ്റ് ചോദ്യം ചെയ്ത് കെജ്‌രിവാൾ നൽകിയ അപേക്ഷ കോടതി ഇന്ന് പരിഗണിക്കും.

തായ്‌വാനുമായി സൗഹൃദം; ഇന്ത്യക്കെതിരെ ചൈന

ബെയ്ജിങ്: തായ്‌വാനുമായി സൗഹൃദം ശക്തിപ്പെടുത്താൻ ശ്രമിക്കുമെന്ന പ്രധാനമന്ത്രി മോദിയുടെ പ്രസ്താവനക്കെതിരെ പ്രതിഷേധവുമായി ചൈന. എൻ.ഡി.എ സഖ്യം വീണ്ടും അധികാരത്തിലെത്തിയതിന് പിന്നാലെ മോദിക്ക് ആശംസ നേർന്ന് തായ്‌വാൻ പ്രസിഡന്റ് ലായ് ഷിങ്തെ നടത്തിയ പ്രതികരണമാണ് ചൈനയെ ചൊടിപ്പിച്ചത്. തായ്‌വാൻ– ഇന്ത്യ സൗഹൃദം കൂടുതൽ വേഗത്തിൽ ശക്തിപ്പെടുത്താൻ ആഗ്രഹിക്കുന്നുവെന്നും വ്യാപാരം, സാങ്കേതികവിദ്യ തുടങ്ങി എല്ലാ മേഖലയിലും പരസ്പര സഹകരണത്തിനും ഇന്തോപസഫിക് മേഖലയിൽ സമാധാനത്തിനും പുരോഗതിക്കും വേണ്ടിയും ഇന്ത്യയുമായി ചേർന്ന് പ്രവർത്തിക്കാൻ താത്പര്യപ്പെടുന്നുവെന്നും അദ്ദേഹം എക്സിൽ കുറിച്ചിരുന്നു. ഈ കുറിപ്പിന് നന്ദി അറിയിച്ച് മോദിയും രംഗത്തെത്തി. ഉഭയകക്ഷി സൗഹൃദം ശക്തിപ്പെടുത്തി സാമ്പത്തികവും സാമ്പത്തികവുമായ വളർച്ചയ്ക്ക് യോജിച്ച് പ്രവർത്തിക്കുമെന്ന് മോദി ഔദ്യോഗിക എക്സ് പ്രൊഫൈലിൽ കുറിച്ചു. പിന്നാലെയാണ് ചൈന പ്രതിഷേധവുമായി രംഗത്തെത്തിയത്. ചൈനയുമായി നയതന്ത്ര ബന്ധമുള്ള എല്ലാ രാജ്യങ്ങളും തായ്‌വാൻ ഭരണകൂടവുമായി സഹകരിക്കുന്നതിനെ എതിർക്കുമെന്ന് ചൈനീസ് വിദേശകാര്യ വക്താവ് മാവോ നിങ് വ്യക്തമാക്കി. പീപ്പിൾസ് റിപ്പബ്ലിക് ഓഫ് ചൈനയുടെ ഭാഗമാണ് തായ്‌വാനെന്നും അവർ പറഞ്ഞു.

അഗ്നിവീർ റദ്ദാക്കൽ, ജാതി സെൻസസ്; മോദിക്ക് തലവേദന

ന്യൂഡൽഹി: സർക്കാർ രൂപീകരണ നീക്കത്തിനിടയിലും ബി.ജെ.പിക്കും മോദിക്കും മുന്നിൽ രൂപപ്പെടുന്നത് കല്ലും മുള്ളും നിറഞ്ഞ വഴികൾ. പത്തു വർഷം സ്വേഛാധിപത്യ നിലപാടുകളിലൂടെയും ഏകപക്ഷിയമായ തീരുമാനങ്ങളിലൂടെയും ഭരണം മുന്നോട്ടു കൊണ്ടുപോയ മോദി ഈ സാഹചര്യങ്ങളെ എങ്ങനെ നേരിടും എന്നത് സർക്കാർ രൂപീകരണത്തിലും മുന്നോട്ടുള്ള പോക്കിലും നിർണായകമാകും. അഭിമാന പദ്ധതിയായി അവതരിപ്പിച്ച സൈനിക നിയമനത്തിനുള്ള അഗ്നിവീർ പദ്ധതി നിർത്തലാക്കണം എന്ന ഘടകകക്ഷി നിലപാടാണ് ഏറ്റവും ശ്രദ്ധേയം. ജെ.ഡി.യു നേതാവ് നിതീഷ് കുമാറും എൽ.ജെ.പി നേതാവ് ചിരാഗ് പസ്വാനുമാണ് ഈ ആവശ്യം ഉന്നയിച്ചത്. തിരഞ്ഞെടുപ്പിലുടനീളം ഇന്ത്യാ സഖ്യം മുന്നോട്ടുവച്ച പ്രധാന വാഗ്ദാനങ്ങളിൽ ഒന്നായിരുന്നു അഗ്നിവീർ പദ്ധതി നിർത്തലാക്കും എന്നത്.

സൈനിക ശക്തിയേയും പ്രതിരോധ ശേഷിയേയും ദുർബലപ്പെടുത്തുന്നതാണ് പദ്ധതിയെന്ന് തുടക്കം മുതൽ തന്നെ വിമർശനം ഉയർന്നിരുന്നു. എന്നാൽ അന്നെല്ലാം പദ്ധതിയിൽ ഉറച്ചു നിൽക്കുകയായിരുന്നു മോദി ഭരണകൂടം. പഞ്ചാബും ഹരിയാനയും ഉത്തർപ്രദേശും അടക്കമുള്ള സംസ്ഥാനങ്ങളിൽ ബി.ജെ.പിക്ക് തിരഞ്ഞെടുപ്പിൽ വലിയ തിരിച്ചടി നേരിട്ടതിന്റെ കാരണങ്ങളിൽ ഒന്ന് കൂടിയാണ് അഗ്നിവീർ പദ്ധതിയോടുള്ള എതിർപ്പ്.

യുവാക്കളിൽ വലിയൊരു വിഭാഗത്തിൽ പദ്ധതി കടുത്ത നിരാശ സൃഷ്ടിച്ചതായി നേരത്തെ വിലയിരുത്തലുണ്ടായിരുന്നു. ഇതിനു പിന്നാലെയാണ് അഗ്നിവീർ പദ്ധതിയിൽ തിരുത്തൽ ശക്തികളായി നിതീഷും ചിരാഗും രംഗത്തെത്തുന്നത്. ഫലത്തിൽ അഭിമാന പദ്ധതിയിൽ മോദി സർക്കാർ എന്ത് തീരുമാനം എടുക്കും എന്നത് സർക്കാറിന്റെ ഭാവി നിശ്ചയിക്കുന്നതിൽ നിർണായകമായിരിക്കുകയാണ്. ജാതി സെൻസസിൽ തീർത്തും വിരുദ്ധമായ രണ്ട് ആശയങ്ങളാണ് ഏറ്റുമുട്ടലിന് ഒരുങ്ങുന്നത്. ബി.ജെ.പി ഒരു നിലക്കും അംഗീകരിക്കാത്ത ആശയമാണ് ജാതി സെൻസസ്. രാജ്യവ്യാപകമായി ജാതി സെൻസസ് നടപ്പാക്കണമെന്ന് ആവശ്യപ്പെടുകയും ബിഹാറിൽ ജാതി സെൻസസ് നടത്തി മാതൃക കാണിക്കുകയും ചെയ്ത കക്ഷിയാണ് ജെ.ഡി.യു. രാജ്യ വ്യാപകമായി ജാതി സെൻസസ് നടത്തുകയും ഇതിന്റെ കണക്ക് പുറത്തു വരികയും ചെയ്താൽ ദളിത്, പിന്നാക്ക സംവരണം അട്ടിമറിക്കാൻ കാലങ്ങളായി ബി.ജെ.പി നടത്തിയ എല്ലാ നീക്കവും പാളും.

പ്രത്യേക സംസ്ഥാന പദവി; ചൂണ്ടയെറിഞ്ഞ് നായിഡു, നിതീഷ്

ബി.ജെ.പി വെട്ടിൽ

ആഭ്യന്തര വകുപ്പിൽ നിന്ന് അമിത് ഷായെ മാറ്റണമെന്ന് ഘടക കക്ഷികൾ

ന്യൂഡൽഹി: വകുപ്പ് വിഭജനത്തേക്കാൾ വലിയ തലവേദനയാണ് സർക്കാർ രൂപീകരണവുമായി ബന്ധപ്പെട്ട് മറ്റു ചില വിഷയങ്ങളിൽ ഘടകകക്ഷികൾ ബി.ജെ.പിക്കു സൃഷ്ടിക്കുന്നത്. ഇതിൽ പ്രധാനം സംസ്ഥാനങ്ങൾക്കുള്ള പ്രത്യേക പദവിയാണ്. സംസ്ഥാനങ്ങളുടെ പ്രത്യേക പദവി ഒന്നൊന്നായി എടുത്തു കളയാൻ കഴിഞ്ഞ 10 വർഷവും മോദി സർക്കാർ ശ്രമിക്കുകയും ഇത് തുടരുമെന്ന് വ്യക്തമാക്കുകയും ചെയ്തിരുന്നു.

ജമ്മുകശ്മീരിന്റെ പ്രത്യേക പദവി എടുത്തു കളഞ്ഞത് ഉൾപ്പെടെ ഈ തീരുമാനത്തിന്റെ ഭാഗമായിരുന്നു. എന്നാൽ രണ്ട് പ്രധാന ഘടക കക്ഷികൾ സർക്കാർ രൂപീകരണ ഉപാധിയായി ഈ ആവശ്യം മുന്നോട്ടു വച്ചതോടെ വെട്ടിലായിരിക്കുകയാണ് ബി.ജെ.പി. മധുരിച്ചിട്ട് തുപ്പാനും കൈയ്ച്ചിട്ട് ഇറയ്ക്കാനും വയ്യാത്ത അവസ്ഥയിലാണ് മോദിയും ബി.ജെ.പിയും. 2014ലും 2019ലും ബിഹാറിന് പ്രത്യേക പദവി നൽകുമെന്ന് മോദി തിരഞ്ഞെടുപ്പ് വാഗ്ദാനമായി നൽകിയിരുന്നെങ്കിലും വഞ്ചിച്ചിരുന്നു. ഇത്തവണ നിതീഷിന്റെ പ്രധാന ഉപാധികളിൽ ഒന്നാണിത്. മാത്രമല്ല, ഇത്തവണയും പ്രത്യേക പദവി നേടിയെടുക്കാനായില്ലെങ്കിൽ സംസ്ഥാന രാഷ്ട്രീയത്തിൽ നിതീഷിന് വലിയ ക്ഷീണമുണ്ടാകും. അവസരം ഒത്തുവന്നിട്ടും വിലപേശൽ ശക്തിയില്ലാത്ത നേതാവായി നിതീഷ് ചിത്രീകരിക്കപ്പെടും. ബിഹാറിലെ മുഖ്യ പ്രതിപക്ഷമായ ആർ.ജെ.ഡി ഇതിനകം തന്നെ ഇതിന്റെ സൂചന നൽകിയിട്ടുണ്ട്. അവസരം മുതലെടുക്കാനും പ്രത്യേക പദവി നേടിയെടുക്കാനും നിതീഷ് സാമർത്ഥ്യം കാണിക്കണമെന്നായിരുന്നു തേജസ്വി യാദവിന്റെ കഴിഞ്ഞ ദിവസത്തെ ഉപദേശം. സംസ്ഥാന വിഭജനാനന്തരമുള്ള ക്ഷീണം മറികടക്കാൻ അന്നത്തെ യു.പി.എ സർക്കാർ ആന്ധ്രാപ്രദേശിന് 10 വർഷത്തേക്ക് പ്രത്യേക പദവി വാഗ്ദാനം ചെയ്തിരുന്നു. എന്നാൽ തുടർന്നു വന്ന തിരഞ്ഞെടുപ്പിൽ യു.പി.എക്ക് അധികാരം നഷ്ടമാവുകയും ബി.ജെ.പി അധികാരത്തിലെത്തുകയും ചെയ്തതോടെ പ്രത്യേക പദവി സ്വപ്നമായി തുടർന്നു. പുതിയ തലസ്ഥാന നഗരി ഉൾപ്പെടെ നിർമ്മിച്ചെടുക്കേണ്ടി വന്നത് കനത്ത സാമ്പത്തിക ബാധ്യത വരുത്തിവച്ചതായാണ് സംസ്ഥാന സർക്കാർ വാദം. അതുകൊണ്ടുതന്നെ പ്രത്യേക പദവിയിൽ ഒരു വിട്ടുവീഴ്ചക്കും നായിഡു തയ്യാറാകുമെന്ന് കരുതുന്നില്ല.

രണ്ടു സംസ്ഥാനങ്ങൾക്കും പ്രത്യേക പദവി അനുവദിച്ചാൽ കൂടുതൽ സംസ്ഥാനങ്ങൾ ഈ ആവശ്യവുമായി രംഗത്തെത്തുമെന്നുറപ്പാണ്. അത് ബി.ജെ.പിക്കും പുതിയ സർക്കാറിനും കൂടുതൽ തലവേദനയാകും. സംസ്ഥാന പദവി എടുത്തു കളഞ്ഞ ജമ്മുകശ്മീരിലും പുതിയ സംഘർഷങ്ങൾക്കും പ്രതിഷേധങ്ങൾക്കും ഇത് വിത്തിട്ടേക്കും. ഫലത്തിൽ മൂന്നാം മോദി സർക്കാർ അധികാരത്തിൽ വന്നാലും കാര്യങ്ങൾ മുന്നോട്ടു നീക്കുന്നത് അത്ര എളുപ്പമാവില്ലെന്ന് ചുരുക്കം.

മൂന്ന് ബി.ജെ.പി എം.പിമാർ തൃണമൂലിൽ ചേരുമെന്ന് സൂചന

ന്യൂഡൽഹി: മൂന്ന് ബി.ജെ.പി എം.പിമാർ തങ്ങളുമായി ബന്ധപ്പെട്ടിട്ടുണ്ടെന്നും തൃണമൂൽ കോൺഗ്രസിൽ ചേരാൻ താൽപര്യം പ്രകടിപ്പിച്ചിട്ടുണ്ടെന്നും തൃണമൂൽ കോൺഗ്രസ് നേതാവ് അഭിഷേക് ബാനർജി. ലോക്സഭാ തിരഞ്ഞെടുപ്പിൽ ബംഗാളിൽ ബി.ജെ.പി കനത്ത തിരിച്ചടി നേരിട്ടതിനു പിന്നാലെയാണ് എം.പിമാർ കൂടു മാറാൻ ഒരുങ്ങുന്നതെന്നാണ് തൃണമൂൽ വാദം.

സർക്കാർ രൂപീകരണ സാധ്യതകൾ ഇന്ത്യാ മുന്നണി പൂർണമായി ഉപേക്ഷിച്ചിട്ടില്ലെന്നും രാഷ്ട്രീയ സാഹചര്യം അനുകൂലമായി വരുമ്പോൾ ഇതുസംബന്ധിച്ച നീക്കങ്ങളുണ്ടാകുമെന്നും അഭിഷേക് ബാനർജി പറഞ്ഞു. കേവല ഭൂരിപക്ഷമില്ലാത്ത ബി.ജെ.പി സർക്കാർ രൂപീകരിക്കാനായി സഖ്യ കക്ഷികളെ ഒപ്പം നിർത്താൻ പാടുപെടുമ്പോഴാണ് സ്വന്തം എം.പിമരുടെ കളം മാറ്റം സംബന്ധിച്ച വാർത്തകൾ തലവേദന സൃഷ്ടിക്കുന്നത്. ബംഗാളിൽ കാടിളക്കി പ്രചാരണം നടത്തിയിട്ടും എക്സിറ്റ് പോൾ പ്രവചനങ്ങളെയെല്ലാം ചുരുട്ടിക്കൂട്ടുന്ന തിരിച്ചടിയാണ് ബി.ജെ.പി ബംഗാളിൽ നേരിട്ടത്. പശ്ചിമബംഗാളിൽ 35 സീറ്റ് നേടുമെന്നായിരുന്നു മോദിയും അമിത് ഷായും അവകാശപ്പെട്ടത്.

കിഴക്കൻ സംസ്ഥാനങ്ങളിൽ ബി.ജെ.പി ഏറ്റവും ശ്രദ്ധ കേന്ദ്രീകരിച്ചതും ബംഗാളിലായിരുന്നു. ബി.ജെ.പി 26 മുതൽ 31 സീറ്റുവരെ നേടുമെന്നും ഏറ്റവും വലിയ ഒറ്റകക്ഷിയാകുമെന്നും വരെ എക്സിറ്റ് പോളുകളും പ്രവചിച്ചു. എന്നാൽ ഫലം വന്നപ്പോൾ മമതയുടെ അപ്രമാദിത്വമാണ് തെളിഞ്ഞത്. 2019ൽ നേടിയ സീറ്റുകൾ പോലും ബി.ജെ.പിക്ക് നഷ്ടമായി. 18 സീറ്റുണ്ടായിരുന്നത് 12ലേക്ക് ചുരുങ്ങി. 2019ൽ 22 സീറ്റുണ്ടായിരുന്ന മമത ഏഴു സീറ്റ് കൂടി അംഗബലം 29ലെത്തിച്ചു. ഇതിനു പിന്നാലെയാണ് ബി.ജെ.പിക്കുള്ളിലെ അസ്വസ്ഥത മുതലെടുക്കാൻ തൃണമൂൽ ശ്രമം തുടങ്ങിയത്.

അജിത് പവാർ പക്ഷം യോഗം ചേർന്നു

മുംബൈ: തിരഞ്ഞെടുപ്പിൽ ദയനീയ തോൽവി നേരിടുകയും ശരദ്പവാർ വിഭാഗത്തിലേക്ക് കാലുമാറിയ രണ്ട് നേതാക്കളും ഞെട്ടിക്കുന്ന വിജയം കാഴ്ചവെക്കുകയും ചെയ്തതോടെ അജിത് പവാർ പക്ഷം എൻ.സി.പിക്ക് കാലിടറുന്നു. അജിത്തിന്റെ കൂടെയുള്ള 19 എം.എൽ.എമാർ പവാറിനൊപ്പം ചേരാൻ താൽപര്യം പ്രകടിപ്പിച്ചതായി അദ്ദേഹത്തിന്റെ സഹോദര പൗത്രൻ രോഹിത് പവാർ വെളിപ്പെടുത്തിയിരുന്നു. ഇതിന് പിന്നാലെ അജിത് വിഭാഗം എം.എൽ.എമാർ അദ്ദേഹത്തിന്റെ വസതിയിൽ പ്രത്യേക യോഗം ചേർന്നു.

കാർത്തി ചിദംബരത്തിന് ജാമ്യം

ന്യൂഡൽഹി: ചൈനീസ് വിസ ഇടപാടുമായി ബന്ധപ്പെട്ട് കള്ളപ്പണം വെളുപ്പിച്ചെന്ന കേസിൽ കോൺഗ്രസ് നേതാവ് കാർത്തി ചിദംബരത്തിന് ജാമ്യം. ഒരു ലക്ഷം രൂപയുടെ വ്യക്തിഗത ബോണ്ടിലാണ് പ്രത്യേക കോടതി ജഡ്ജി കാവേരി ബവേജ ജാമ്യം അനുവദിച്ചത്. 2011ൽ പിതാവ് പി ചിദംബരം കേന്ദ്ര ആഭ്യന്തര മന്ത്രിയായിരിക്കെ 263 ചൈനീസ് പൗരന്മാർക്ക് വിസ അനുവദിച്ചതുമായി ബന്ധപ്പെട്ടാണ് കേസ്. പഞ്ചാബിലെ താപ വൈദ്യുത നിലയത്തിന്റെ നിർമാണം സമയബന്ധിതമായി പൂർത്തിയാക്കാൻ ചൈനയിൽ നിന്നുള്ള സാങ്കേതിക പ്രവർത്തകർക്ക് വിസ നൽകാൻ കരാർ കമ്പനി ആഭ്യന്തര മന്ത്രാലയത്തെ സമീപിച്ചു. ഇതിൽ തടസം നേരിട്ടതോടെ കമ്പനി കാർത്തി വഴി ഇടപെടലിന് നീക്കം നടത്തിയെന്നാണ് ആരോപണം.

വിമാനത്താവളത്തിൽ കങ്കണയുടെ മുഖത്തടിച്ച് വനിതാ കോൺസ്റ്റബിൾ

മൊഹാലി: ബോളിവുഡ് നടിയും ബി.ജെ.പിയുടെ നിയുക്ത എം.പിയുമായ കങ്കണ റണാവത്തിന് സി.ഐ.എസ്.എഫ് വനിത കോൺസ്റ്റബിളിന്റെ മർദനം. ഡൽഹിയിലേക്കുള്ള യാത്രക്കായി മൊഹാലി വിമാനത്താവളത്തിലെത്തിയപ്പോഴാണ് സംഭവം. ഇന്നലെ ഉച്ചക്കു ശേഷം മൂന്നോടെ വിമാനത്താവളത്തിലെത്തിയ കങ്കണയെ പതിവ് സുരക്ഷ പരിശോധനക്കു പിന്നാലെയാണ് സി.ഐ.എസ്.എഫ് ഉദ്യോഗസ്ഥ കുൽവിന്ദർ കൗർ മർദിച്ചത്.

മൊഹാലി വിമാനത്താവളത്തിലെ സി.സി.ടി.വി ദൃശ്യത്തിൽ നിന്ന്

കർഷക സമരത്തിൽ പങ്കെടുത്ത സ്ത്രീകളെ അപമാനിക്കുന്ന തരത്തിൽ കങ്കണ നടത്തിയ പരാമർശമാണ് കുൽവിന്ദറിനെ പ്രകോപിപ്പിച്ചത്. ഈ സമരത്തിൽ കുൽവിന്ദർ കൗറിന്റെ മാതാവും പങ്കെടുത്തിരുന്നു. 100 രൂപക്കുവേണ്ടിയാണ് കർഷകർ സമരം ചെയ്യുന്നതെന്നായിരുന്നു കങ്കണ അന്ന് പറഞ്ഞത്. ഉദ്യോഗസ്ഥ കങ്കണയുമായി വാക്കുതർക്കത്തിൽ ഏർപ്പെട്ടെന്നും തുടർന്ന് മർദിക്കുകയായിരുന്നെന്നുമാണ് റിപ്പോർട്ട്. സംഭവം അന്വേഷിക്കാൻ സി.ഐ.എസ്.എഫ് പ്രത്യേക സംഘത്തെ നിയോഗിച്ചിട്ടുണ്ട്.

കോൺസ്റ്റബിളിനെ സസ്പെൻഡ് ചെയ്തിട്ടുണ്ട്. സംഭവത്തിൽ അഭ്യന്തര വകുപ്പിന് പരാതി നൽകുമെന്ന് കങ്കണ പറഞ്ഞു. സംഭവം ദൗർഭാഗ്യകരമാണെന്നും ആർക്കും ആരെയും മർദിക്കാൻ അവകാശമില്ലെന്നും മുൻ ഹിമാചൽ പ്രദേശ് മുഖ്യമന്ത്രി ജയറാം ഠാക്കൂർ പ്രതികരിച്ചു. മണ

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂൺ 07 വെള്ളി
ഗൾഫ് ചന്ദ്രിക

18 സീറ്റുകളിൽ യു.ഡി.എഫ് നേടിയ ഉജ്ജ്വല വിജയത്തിന്റെ ശോഭ കെടുത്താനായി ചില മാധ്യമങ്ങൾ ഇറങ്ങിയിട്ടുണ്ട്. അതിന് പിന്നിൽ സംഘടിതമായ ഒരു അജണ്ടയുണ്ട്. ആ കെണിയിലൊന്നും ഞാൻ വീഴില്ല. പത്ത് പേരാണ് ഒരു ലക്ഷം വോട്ടിന് മുകളിൽ വിജയിച്ചത്. അതിൽ നാല് പേർക്ക് രണ്ട് ലക്ഷത്തിന് മുകളിലും രണ്ട് പേർക്ക് മൂന്ന് ലക്ഷത്തിന് മുകളിലും ഭൂരിപക്ഷമുണ്ട്. ആ വിജയത്തിന്റെ ശോഭ കെടുത്തരുത്. എല്ലാവരും തിരഞ്ഞെടുപ്പുകളിൽ തോറ്റിട്ടുണ്ട്. എന്നിട്ടും തോൽവി മാത്രം ചർച്ച ചെയ്യുന്നത് എന്തിനാണെന്ന് മനസിലാകുന്നില്ല.

–വി.ഡി സതീശൻ

കേന്ദ്രമന്ത്രി സ്ഥാനത്തേക്കാൾ പത്ത് വകുപ്പുകളുടെയെങ്കിലും ഏകോപന ചുമതലയുള്ള എം.പിയാകാനാണ് കൂടുതൽ താൽപര്യം. കേന്ദ്രമന്ത്രി സ്ഥാനം ഭാരിച്ച ചുമതലയാകും. ഒന്നോ രണ്ടോ വകുപ്പിൽ ഒതുങ്ങിപ്പോയാൽ കേരളത്തിന് വേണ്ടി ചെയ്യാൻ ഉദ്ദേശിച്ച കാര്യങ്ങൾ ചെയ്യാൻ പറ്റാതാകും. മന്ത്രി സ്ഥാനം ചങ്ങല പോലെയാണ്. കേരളത്തിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട ആദ്യ ബി.ജെ.പി എം.പിയെന്ന നിലയിൽ ഡൽഹിയിലേക്ക് പോകുന്നതിൽ അഭിമാനമുണ്ട്.

–സുരേഷ് ഗോപി

കേരള വാർത്തകൾ

തൃശൂരിൽ സുരേഷ് ഗോപിയെ വിജയിപ്പിച്ചത് എൽ.ഡി.എഫ് വോട്ടുകൾ

കെ.എ മുരളീധരൻ
തൃശൂർ

തൃശൂരിൽ ബി.ജെ.പി സ്ഥാനാർത്ഥിയും സിനിമാതാരവുമായ സുരേഷ് ഗോപിയെ വിജയിപ്പിച്ചത് എൽ.ഡി.എഫ് വോട്ടുകളെന്ന് കണക്കുകൾ.
2021ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ തൃശൂർ ലോകസഭാ മണ്ഡലത്തിൽപ്പെട്ട ഗുരുവായൂർ (77072), മണലൂർ(78337), ഒല്ലൂർ (76657), നാട്ടിക(72930), പുതുക്കാട്(73365), ഇരിങ്ങാലക്കുട(62493), തൃശൂർ(44263) എന്നീ നിയോജക മണ്ഡലങ്ങളിൽ മികച്ച വോട്ടുകൾ നേടിയാണ് എൽ.ഡി.എഫ് സ്ഥാനാർത്ഥികൾ വിജയിച്ചത്. അഞ്ച് മണ്ഡലങ്ങളിൽ വലിയ ഭൂരിപക്ഷത്തിൽ വിജയിച്ചപ്പോൾ ഇരിങ്ങാലക്കുടയിൽ 6000 വോട്ടിനുമായിരുന്നു ജയം. തൃശൂരിൽ മാത്രമാണ് ആയിരം വോട്ടിൽതാഴെ ഭൂരിപക്ഷമുള്ളത്. എന്നാൽ 2024ലെ ലോകസഭാ തിരഞ്ഞെടുപ്പിൽ ഒരു സ്ഥലത്തും എൽ.ഡി.എഫിന് മുന്നിലെത്താൻ കഴിഞ്ഞില്ലെന്നത് സുരേഷ്ഗോപിക്ക് വോട്ട്മറിച്ചുകൊടുത്തതിന്റെ വ്യക്തമായ തെളിവാണ്. ബി.ജെ.പി ലീഡ് ചെയ്യാത്ത ഗുരുവായൂരിൽ 7608 വോട്ടുകളുടെ മുൻതൂക്കവുമായി യു.ഡി.എഫാണ് ഒന്നാം സ്ഥാനത്ത്. ഇവിടെയും എൽ.ഡി.എഫിന് രണ്ടാം സ്ഥാനം കൊണ്ട് തൃപ്തിപെടേണ്ടിവന്നത് എൽ.ഡി.എഫിനെ സംബന്ധിച്ച് വലിയ തിരിച്ചടിയാണ് ഉണ്ടാക്കിയിട്ടുള്ളത്.
ലോകസഭാ തിരഞ്ഞെടുപ്പിൽ ഗുരുവായൂർ(50519), മണലൂർ (53183), ഒല്ലൂർ(48633), നാട്ടിക (52909), പുതുക്കാട്(49943), ഇരിങ്ങാലക്കുട(45022), തൃശൂർ (34253) അടക്കമുള്ള നിയമസഭാ മണ്ഡലങ്ങളിലെ കണക്കെടുക്കുമ്പോൾ വലിയ കുറവാണ് എല്ലായിടത്തും അനുഭവപ്പെടുന്നത്. 2021ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ മൊത്തം 485117 വോട്ട് നേടിയ എൽ.ഡി.എഫിന് 2024ലെ ലോകസഭാ തിരഞ്ഞെടുപ്പിൽ കിട്ടിയത് 334462 വോട്ടാണ്. അതായത് 150655 വോട്ടുകളുടെ കുറവ്. ഇത് മറച്ചുവെച്ച് സുരേഷ് ഗോപി ജയിച്ചത് കോൺഗ്രസ് വോട്ടുകൊണ്ടാണെന്ന എൽ.ഡി.എഫ് പ്രചരണം ജനം തിരിച്ചറിഞ്ഞതിന്റെ പ്രതിഫലനമാണ് സാമൂഹ്യമാധ്യമങ്ങളിൽ നിറയുന്നത്.സോഷ്യൽ മീഡിയകളിൽ ജനം ഉന്നയിക്കുന്ന ചോദ്യങ്ങൾക്ക് മറുപടിയില്ലാതെ എൽ.ഡി.എഫ് ഓടി ഒളിക്കുകയാണ്.
എൽ.ഡി.എഫ് ശക്തി കേന്ദ്രങ്ങളിലെ വോട്ടുകളിൽ വലിയ ചോർച്ചയുണ്ടായതായും ഗൗരവമായി പരിശോധിക്കുമെന്ന് പറഞ്ഞ് എൽ.ഡി.എഫ് സ്ഥാനാർത്ഥി വി.എസ് സുനിൽകുമാറും രംഗത്തുവന്നിട്ടുണ്ട്. സുനിൽ കുമാറിന്റെ വീട് ഉൾപ്പെടുന്ന ബൂത്തടക്കം കമ്യൂണിസ്റ്റ് പാർട്ടികളുടെ ശക്തികേന്ദ്രവുമായ അന്തിക്കാട് പഞ്ചായത്തിൽ ഉൾപ്പെടെ എൽ.ഡി.എഫ് വളരെ പിന്നിലാണ്. വോട്ട് ചോർച്ചയറിയാൻ ബൂത്തടിസ്ഥാനത്തിൽ വോട്ടുകൾ പരിശോധിക്കുമെന്നും വി.എസ് സുനിൽകുമാർ പറയുന്നു. സി.പി.എം–സി.പി.ഐ പാർട്ടികൾക്ക് വലിയ മുൻതൂക്കമുള്ള നാട്ടിക, പുതുക്കാട്, മന്ത്രി കെ. രാജൻ പ്രതിനിധീകരിക്കുന്ന ഒല്ലൂർ, മന്ത്രി ആർ. ബിന്ദുവിന്റെ ഇരിങ്ങാലക്കുട, പുതുക്കാട് എന്നിവിടങ്ങളിൽ വലിയ കുതിപ്പാണ് ബി.ജെ.പിക്കുണ്ടായത്. എൽ.ഡി.എഫ് ബൂത്തടിസ്ഥാനത്തിൽ കണക്കുകൾ പരിശോധിക്കുന്നതോടെ സത്യം പുറത്തുവരും. ഇതോടെ സി.പി.എം–സി.പി.ഐ നേതൃത്വങ്ങളിൽ ശക്തമായ ചേരിപ്പോര് ഉയർന്നുവരാനും സാധ്യതയുണ്ട്.

തൃശൂർ സീറ്റ് പിണറായി ബി.ജെ.പിക്ക് സ്വർണതാലത്തിൽ നൽകിയ സമ്മാനം: യു.ഡി.എഫ്

തിരുവനന്തപുരം: തൃശൂർ ലോക്സഭാ സീറ്റ് മുഖ്യമന്ത്രി പിണറായി വിജയൻ സ്വർണത്താലത്തിൽ വെച്ച് ബി.ജെ.പിക്ക് സമ്മാനിച്ചതാണെന്ന് യു.ഡി.എഫ് കൺവീനർ എം.എം ഹസൻ. തൃശൂർ, ആലപ്പുഴ, ആറ്റിങ്ങൽ, തിരുവനന്തപുരം മണ്ഡലങ്ങളിൽ ഇടതു വോട്ടിൽ വൻ ചോർച്ചയുണ്ടായെന്നും അദ്ദേഹം വാർത്താസമ്മേളനത്തിൽ പറഞ്ഞു.
തൃശൂർ മണ്ഡലത്തിനു കീഴിലുള്ള എല്ലാ നിയമസഭാ മണ്ഡലങ്ങളും ഇടതുമുന്നണിയുടെ കൈകളിലാണ്. എന്നാൽ ഇവിടെ ഗുരുവായൂർ ഒഴികെ മറ്റെല്ലായിടത്തും ബി.ജെ.പി ലീഡ് നേടി. ഇക്കാര്യം ആഴത്തിൽ പരിശോധിക്കണം. പിണറായി മന്ത്രിസഭയിലെ രണ്ടു മന്ത്രിമാരുടെ നിയോജകമണ്ഡലങ്ങളായ ഒല്ലൂരിലും ഇരിങ്ങാലക്കുടയിലും ഇടതു സ്ഥാനാർഥി പിന്നിലായി. ഇതിൽ തന്നെ ഇരിങ്ങാലക്കുടയിൽ മൂന്നാമതാണ് എത്തിയത്. കരുവന്നൂർ ബാങ്ക് കൊള്ളയെക്കുറിച്ച് അന്വേഷണം നടത്തുമെന്നായിരുന്നു അവിടെ പ്രചാരണത്തിന് എത്തിയ മോദി പ്രസംഗിച്ചത്. എന്നിട്ട് അന്വേഷണം നടന്നോയെന്ന് ചോദിച്ച ഹസൻ, അന്വേഷണം നടക്കാത്തതിന്റെ കാര്യം ഇപ്പോൾ വ്യക്തമായെന്നും പറഞ്ഞു.
സംസ്ഥാനത്ത് തൃശൂർ, ആലപ്പുഴ, ആറ്റിങ്ങൽ, തിരുവനന്തപുരം മണ്ഡലങ്ങളിൽ ഇടതു വോട്ടിൽ വൻ ചോർച്ചയുണ്ടായി. യു.ഡി.എഫിന്റെ 41 എം.എൽ.എമാരുടെ നിയോജകമണ്ഡലങ്ങളിൽ ഒരിടത്തു പോലും ബി.ജെ.പി ലീഡ് നേടിയില്ല. തിരുവനന്തപുരത്ത് മതേതരവോട്ടർമാർ ഒറ്റക്കെട്ടായി നിന്നതിനാലാണ് സി.പി.എം ബി.ജെ.പി അന്തർധാര പൊളിഞ്ഞത്. തോൽവിയെക്കുറിച്ച് പരിശോധിക്കുമെന്ന് പറയുന്ന സി.പി.എമ്മും മുഖ്യമന്ത്രിയും ഇക്കാര്യങ്ങളാണ് ആഴത്തിൽ പഠിക്കേണ്ടത്.
സി.പി.എം തിരഞ്ഞെടുപ്പ് പ്രചാരണ കാലത്ത് കേരളത്തിൽ വർഗീയ ധ്രുവീകരണത്തിനാണ് ശ്രമിച്ചത്. വടകരയിൽ വർഗീയ കലാപത്തിനുള്ള എല്ലാ പ്രചരണവും നടത്തി. മുഖ്യമന്ത്രി പിണറായി വിജയന്റെ മുഴുവൻ പ്രസംഗങ്ങളിലും കോൺഗ്രസിനേയും രാഹുലിനേയും ആക്രമിക്കാനാണ് സമയം കണ്ടെത്തിയത്. വടകരയിൽ ഷാഫി പറമ്പിലിനെ വർഗീയവാദിയാക്കാനുള്ള നീക്കമാണ് സി.പി.എം നടത്തിയത്. എന്നാൽ ജനങ്ങൾ ഇത് പുച്ഛത്തോടെ തള്ളിക്കളഞ്ഞു. വ്യാജ വീഡിയോ ഉണ്ടാക്കിയും കാഫിർ പോസ്റ്റ് പ്രചരിപ്പിച്ചും സി.പി.എം നടത്തിയ പ്രചരണങ്ങൾക്ക് വടകരയിലെ ജനങ്ങൾ നൽകിയ തിരിച്ചടിയുടെ പശ്ചാത്തലത്തിൽ മുഖ്യമന്ത്രിയും സി.പി.എമ്മും മാപ്പുപറയണം. തൃശൂരിലേയും ആലത്തൂരിലേയും പരാജയങ്ങൾ യുഡിഎഫ് പരിശോധിക്കുമെന്നും ഹസൻ കൂട്ടിച്ചേർത്തു.
ഭരണഘടനയും മതേതരത്വവും ജനാധിപത്യവും സംരക്ഷിക്കുന്നതിന് വേണ്ടിയാണ് രാഹുൽഗാന്ധി വോട്ടു ചോദിച്ചത്. ആ ആഹ്വാനത്തിന് പിന്നിൽ കേരളത്തിലെ ജനവിഭാഗങ്ങൾ ഒറ്റക്കെട്ടായി അണിനിരന്നതാണ് യു.ഡി.എഫിന്റെ വിജയത്തിനാധാരം. ദളിത്, പിന്നോക്ക, ന്യൂനപക്ഷ വിഭാഗങ്ങൾ യു.ഡി.എഫിന് വലിയ പിന്തുണയാണ് നൽകിയതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

കെ മുരളീധരനെ വസതിയിലെത്തി കണ്ട് കെ സുധാകരൻ

കോഴിക്കോട്: ലോക്സഭാ തിരഞ്ഞെടുപ്പിൽ തൃശൂരിൽ മത്സരിച്ച് പരാജയപ്പെട്ട കെ മുരളീധരനെ കോഴിക്കോട്ടെ വസതിയിലെത്തി കെപിസിസി അധ്യക്ഷൻ കെ സുധാകരൻ സന്ദർശിച്ചു. കെ മുരളീധരനെ സജീവ രാഷ്ട്രീയത്തിലേക്ക് തിരിച്ചുകൊണ്ടുവരുമെന്നും അത് ഞങ്ങളുടെ എല്ലാവരുടെയും ബാധ്യതയാണെന്നും കൂടിക്കാഴ്ച്ചക്ക് ശേഷം സുധാകരൻ മാധ്യമങ്ങളോട് പറഞ്ഞു.
തൃശൂരിൽ സംഘടനാ രംഗത്ത് പാളിച്ചയുണ്ടായി. അക്കാര്യം പാർട്ടി ചർച്ച ചെയ്യും. പൊതുരംഗത്തുനിന്ന് മാറി നിൽക്കുമെന്ന് മുരളി പറഞ്ഞത് അദ്ദേഹത്തിന്റെ വികാരമാണ്. അത് ഞങ്ങൾക്ക് മനസ്സിലാകും. മുരളീധരൻ ഒരാവശ്യവും മുന്നോട്ട് വെച്ചിട്ടില്ല. അദ്ദേഹത്തിന് എന്ത് പദവി നൽകണമെന്ന കാര്യം പാർട്ടി ചർച്ച ചെയ്തു തീരുമാനിക്കും. കെപിസിസി അധ്യക്ഷ പദവിയടക്കം ഏത് സ്ഥാനത്തിനും കെ മുരളീധരൻ യോഗ്യനാണെന്നും സുധാകരൻ മാധ്യമങ്ങളുടെ ചോദ്യത്തോട് പ്രതികരിച്ചു.

എൽ.ഡി.എഫ് നേതൃനിരയിൽ അഴിച്ചുപണി ആവശ്യപ്പെട്ട് സി.പി.ഐ

തിരുവനന്തപുരം: കനത്ത പരാജയത്തിൽ തകർന്നുനിൽക്കുന്ന സി.പി.എമ്മിനും എൽ.ഡി.എഫിനും ഇരട്ട പ്രഹരമേൽപ്പിക്കുന്ന പ്രസ്താവനയുമായി മുൻമന്ത്രിയും മുതിർന്ന സി.പി.ഐ നേതാവുമായ സി. ദിവാകരൻ. മുന്നണി നേതൃത്വത്തിൽ അഴിച്ചുപണി വേണമെന്നാണ് ദിവാകരന്റെ ആവശ്യം. പിണറായി സർക്കാരുകൾ അധികാരത്തിൽ വന്നശേഷം ഇതാദ്യമായാണ് ഒരു എൽ.ഡി.എഫ് നേതാവ് മുന്നണിയെ രൂക്ഷമായി വിമർശിക്കുന്നത്.
ലോക്സഭ തിരഞ്ഞെടുപ്പിൽ എൽ.ഡി.എഫിനേറ്റ തിരിച്ചടി പരിശോധിക്കണമെന്നും തിരുത്തേണ്ടവ തിരുത്തി മുന്നോട്ടുപോകണമെന്നും അദ്ദേഹം പറഞ്ഞു. ഇങ്ങനെ ഇനി മുന്നോട്ടുപോകാൻ പറ്റില്ല. എൽ.ഡി.എഫിൽ ആവശ്യമായ തിരുത്തൽ വേണം. യുവാക്കളെ നേതൃനിരയിലേക്ക് കൊണ്ടുവരണം. നേതൃനിരയിൽ വലിയ അഴിച്ചുപണി ആവശ്യമാണ്. അതിന് ആരുടെയും മാനസികാവസ്ഥ നോക്കിയിട്ട് കാര്യമില്ല. പുതുതലമുറയാണ് ഇത്തവണ വലിയ ശക്തിയായി വന്നിട്ടുള്ളത്. അത് തിരിച്ചറിഞ്ഞുള്ള മാറ്റം ഉണ്ടാകണം. തിരുവനന്തപുരത്ത് ബി.ജെ.പി സ്ഥാനാർത്ഥി രാജീവ് ചന്ദ്രശേഖറിനെ വിലകുറച്ചു കണ്ടതാണ് എൽ.ഡി.എഫിന് തിരിച്ചടിയായത്.എവിടെ നിന്നോ വന്ന ഒരാൾ എന്ന രീതിയിൽ കണ്ടു. തലസ്ഥാനത്ത് മുന്നൊരുക്കം ഉണ്ടായില്ല. തെരഞ്ഞെടുപ്പിന് മുമ്പുള്ള ഹോംവർക്ക് നടന്നിട്ടുണ്ടോയെന്ന് സംശയമുണ്ട്. തിരുത്തേണ്ടതെല്ലാം തിരുത്തണമെന്നും ദിവാകരൻ പറഞ്ഞു.

ഹജ്ജ് ക്യാമ്പ് ഞായറാഴ്ച സമാപിക്കും; 14365 പേർ മക്കയിലെത്തി

കൊണ്ടോട്ടി:സംസ്ഥാന ഹജ്ജ് ഞായറാഴ്ച സമാപിക്കും.ഈ വർഷത്തെ ഹജ്ജ് തീർത്ഥാടനത്തിനായി 14365 തീർത്ഥാടകർ വിശുദ്ധ മക്കയിലെത്തി. കരിപ്പൂരിൽ നിന്നും 56 വിമാനങ്ങളിലായി 9210 പേരും കൊച്ചിയിൽ നിന്നും 13 വിമാനങ്ങളിലായി 3712 പേരും കണ്ണൂരിൽ നിന്നും നാല് വിമാനങ്ങളിലായി 1443 പേരുമാണുള്ളത്. ഇത് വരെ പുറപ്പെട്ട വരിൽ 5519 പേർ പുരുഷന്മാരും 8846 പേർ വനിതാ തീർത്ഥാടക രുമാണ്. ഇന്ന് പുറപ്പെടുന്ന വിമാനങ്ങൾ ഉൾപ്പടെ കരിപ്പൂരിൽ 8, കൊച്ചിയിൽ 3, കണ്ണൂരിൽ 5 വീതം സർവ്വീസുകളാണ് ഇനി അവശേഷിക്കുന്നത്.കണ്ണൂരിൽ നിന്നാണ് ഈ വർഷത്തെ അവസാന ഹജ്ജ് വിമാനം പുറപ്പെടുക.ജൂൺ 10 ന് പുലർച്ചെ 1.55 ന് പുറപ്പെടുന്ന വിമാനത്തിൽ 361 പേരാണ് യാത്രയാവുക.

ഇന്നലെ കരിപ്പൂരിൽ നിന്നും അഞ്ച് വിമാന ങ്ങളിലായി 803 പേരാണ് പുറപ്പെട്ടത്.കൊച്ചിയിൽ നിന്നും 278 പേരും പുറപ്പെട്ടു. കണ്ണൂരിൽ നിന്നും ഇന്നലെ സർവ്വീസ് ഉണ്ടായിരുന്നില്ല. സംസ്ഥാന ഹജ്ജ് കമ്മിറ്റി ചെയർമാൻ സി. മുഹമ്മദ് ഫൈസിയും ഹജ്ജ് കർമ്മത്തിനായി കഴിഞ്ഞ ദിവസം പുറപ്പെട്ടു.ഇന്ന് കരിപ്പൂരിൽ നിന്നും പുലർച്ചെ 12.5 നും രാവിലെ 8.5 നും ഉച്ച കഴിഞ്ഞ് 3.55 നുമാണ് സർവ്വീസ്. കൊച്ചിയിൽ നിന്നും ഉചക്ക് 12.5 നാണ് സർവ്വീസ്. കണ്ണൂരിൽ നിന്നും ഇന്ന് രണ്ട് വിമാനങ്ങൾ സർവ്വീസ് നടത്തും. രാവിലെ 6.10 നും രാവിലെ 11.25 നുമാണ് വിമാനങ്ങൾ പുറപ്പെടുക. 361 പേർ വീതമാണ് ഓരോ വിമാനത്തിലും യാത്രയാവുക.

മക്കയിൽ ലിഫ്റ്റ് അപകടം: രണ്ട് ഇന്ത്യൻ ഹാജിമാർ മരിച്ചു

മക്ക: മക്ക അസീസിയയിൽ താമസിക്കുന്ന കെട്ടിടത്തിന്റെ ലിഫ്റ്റ് കുഴിയിൽ വീണ് ഇന്ത്യയിൽനിന്നെത്തിയ രണ്ടു ഹാജിമാർ മരിച്ചു. ബിഹാർ സ്വദേശികളാണ് മരിച്ചത്. മുഹമ്മദ് സിദ്ദീഖ് (73), അബ്ദുൽ ലത്തീഫ് (70) എന്നിവരാണ് മരിച്ചത്. ലിഫ്റ്റിൽ കയറുന്നതിന് വേണ്ടി വാതിൽ തുറന്ന് അകത്തേക്ക് പ്രവേശിക്കുന്നതിനിടെ താഴേക്ക് വീഴുകയായിരുന്നു. ലിഫ്റ്റിന് പ്ലാറ്റ്ഫോം ഉണ്ടായിരുന്നില്ല. അസീസിയയിലെ ബിൽഡിങ് നമ്പർ 145ലാണ് അപകടം. സുരക്ഷാ ഉദ്യോഗസ്ഥർ സ്ഥലത്തെത്തി മയ്യിത്ത് മക്കയിലെ നൂർഹോസ്പിറ്റലിലേക്ക്മാറ്റി.

ബാർ കോഴ: യു.ഡി.എഫ് നിയമസഭാ മാർച്ച് 12ന്

തിരുവനന്തപുരം: ബാർ കോഴ ആരോപണത്തിൽ അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ട് യു.ഡി.എഫിന്റെ നേതൃത്വത്തിൽ നിയമസഭാ മാർച്ച് നടത്തും. ഈ മാസം 12 നാണ് മാർച്ച്. നിയമസഭാ സമ്മേളനം നടക്കുന്ന പശ്ചാത്തലത്തിൽ പ്രതിഷേധം കടുപ്പിക്കാനാണ് പ്രതിപക്ഷ തീരുമാനം. അതിന്റെ കൂടി ഭാഗമായാണ് പ്രതിഷേധം 12 നടത്താൻ തീരുമാനിച്ചത്. അന്ന് ഉച്ചകഴിഞ്ഞ് യു.ഡി.എഫ് സംസ്ഥാന ഏകോപന സമിതി യോഗവും വിളിച്ചു ചേർത്തിട്ടുണ്ട്.

കെ.എസ് ഷാൻ വധം: ഒന്നാം പ്രതിക്ക് ജാമ്യം അനുവദിച്ചതിനെതിരേ ഹർജി

കൊച്ചി: എസ്ഡിപിഐ സംസ്ഥാന സെക്രട്ടറി കെ.എസ് ഷാൻ കൊല്ലപ്പെട്ട കേസിലെ ഒന്നാം പ്രതി രാജേന്ദ്ര പ്രസാദിന് ജാമ്യം അനുവദിച്ച ഉത്തരവ് ചോദ്യം ചെയ്ത് സർക്കാർ ഹൈക്കോടതിയെ സമീപിച്ചു. ജസ്റ്റിസ് ബെച്ചു കുര്യൻ തോമസിന്റെ ബെഞ്ച് ഈ വിഷയത്തിൽ നോട്ടീസ് പുറപ്പെടുവിച്ചു. മറ്റ് എട്ട് പ്രതികൾക്ക് ജാമ്യം അനുവദിച്ചതിനെ ചോദ്യം ചെയ്ത് സമാനമായ അപ്പീലുകൾക്കൊപ്പം ജൂൺ 25 ന് പരിഗണിക്കാൻ ഹർജി മാറ്റിവെച്ചു. 2021 ഡിസംബറിലാണ് ഷാൻ വെട്ടേറ്റ് മരിച്ചത്. പ്രതികളായ 11 പേരും ആർഎസ്എസുകാരാണെന്നും മഹേഷിന്റെയും ബിട്ടുവിന്റെയും മരണത്തിന് പ്രതികാരമായി എസ്ഡിപിഐ അംഗത്തെ കൊലപ്പെടുത്താൻ ഗൂഢാലോചന നടത്തിയെന്നാണ് പ്രോസിക്യൂഷൻ കേസ്. പ്രതികൾ ആയുധങ്ങൾ ശേഖരിക്കുകയും സംഭവ ദിവസം ഷാന്റെ സ്കൂട്ടർ പിന്നിൽ ഇടിച്ച ശേഷം നിലത്ത് കിടക്കുമ്പോൾ, അവർ ഷാനിനെ വാളുകൊണ്ട് കൊലപ്പെടുത്തുകയായിരുന്നു. ജുഡീഷ്യൽ വിവേചനാധികാരം ശരിയായി ഉപയോഗിക്കാതെ യാന്ത്രികമായ രീതിയിൽ ജാമ്യം അനുവദിച്ചതിനാൽ ജാമ്യ ഉത്തരവ് റദ്ദാക്കണമെന്ന് ഹർജിയിൽ സർക്കാർ ആവശ്യപ്പെട്ടു. ആദ്യ 3 പ്രതികൾ കസ്റ്റഡിയിലെടുത്ത കാലയളവും വിചാരണ നീണ്ടുപോകാനുള്ള സാധ്യതയും പരിഗണിച്ച് 2022 ഡിസംബർ 24ന് ആലപ്പുഴ സെഷൻസ് കോടതി ജാമ്യം അനുവദിച്ചു. ജാമ്യം അനുവദിക്കുന്നതിൽ പ്രോസിക്യൂഷൻ എതിർപ്പൊന്നും ഉന്നയിച്ചില്ലെന്നും സെഷൻസ് ജഡ്ജി ചൂണ്ടിക്കാട്ടി.

രാജ്യസഭാ സീറ്റിനായി തമ്മിലടി എൽ.ഡി.എഫിൽ പ്രതിസന്ധി

രണ്ടിൽ ഒരുസീറ്റ് സി.പി.എമ്മിന്; ശേഷിക്കുന്ന ഒരു സീറ്റിന് അവകാശവാദവുമായി സി.പി.ഐയും ജോസ് കെ മാണിയും അടക്കം നാല് പാർട്ടികൾ

തിരുവനന്തപുരം: രാജ്യസഭാ സീറ്റിന് അവകാശവാദമുന്നയിച്ച് എൽ.ഡി.എഫിനെ പ്രതിസന്ധിയിലാക്കി ഘടകകക്ഷികൾ. ഒഴിവുവന്ന മൂന്ന് സീറ്റുകളിൽ ഒന്ന് യു.ഡി.എഫിനാണ്. ബാക്കിയുള്ള രണ്ടെണ്ണത്തിൽ ഒന്ന് ഇതിനകം തന്നെ സി.പി.എം ഏറ്റെടുത്തുകഴിഞ്ഞു. ശേഷിക്കുന്ന ഒരു സീറ്റിനായാണ് സി.പി.ഐ, കേരള കോൺഗ്രസ് മാണി, ആർ.ജെ.ഡി, എൻ.സി.പി പാർട്ടികൾ മുന്നണിക്കുള്ളിൽ കടിപിടി കൂടുന്നത്. എൽ.ഡി.എഫിലെ രണ്ടാംകക്ഷിയായ സി.പി.ഐ രാജ്യസഭാ സീറ്റ് തങ്ങൾക്ക് അവകാശപ്പെട്ടതാണെന്ന് വാദിക്കുമ്പോൾ സീറ്റ് കിട്ടിയേ തീരു എന്ന നിലപാടിലാണ് കേരളാ കോൺഗ്രലും ആർ.ജെ.ഡിയും. നിലവിലെ സീറ്റ് വിട്ടുകൊടുക്കാനാകില്ലെന്ന് സി.പി.ഐയും നിലപാടെടുത്തതോടെ ഇടതുമുന്നണി നേതൃത്വം വിഷമ വൃത്തത്തിലായി. പത്രികാസമർപ്പണത്തിനുള്ള സമയമായിട്ടും രാജ്യസഭയിലേക്കുള്ള സീറ്റ് ധാരണയിൽ ഇടതു പാർട്ടികൾക്കിടയിൽ സമവായം ആയിട്ടില്ല.
സീറ്റ് വിട്ടുകൊടുക്കാനാകില്ലെന്ന് സി.പി.ഐ നേതൃത്വം മുഖ്യമന്ത്രി പിണറായി വിജയനെയും സി.പി.എം സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദനെയും അറിയിച്ചതിന് പിന്നാലെ മാണി വിഭാഗവും സ്വരം കടുപ്പിച്ചു. കോട്ടയത്തെ ലോക്സഭാ സീറ്റ് മുന്നണി മാറ്റത്തോടെ നഷ്ടമായി. യു.ഡി.എഫിൽ ആയിരുന്നെങ്കിൽ കോട്ടയം നിലനിർത്താനാകുമായിരുന്നു. ജോസ് കെ മാണിയുടെ പാർലമെന്റ് പ്രാതിനിത്യം കൂടി ഇല്ലാതായാൽ അണികൾക്ക് മുന്നിൽ ഉത്തരമില്ലാത്ത സാഹചര്യമുണ്ടാകും. ഒന്നുമില്ലാത്ത പാർട്ടിയായി ഇടതുമുന്നണിയിൽ തുടരുന്നതിൽ അർത്ഥമില്ലെന്നും രാജ്യസഭാ സീറ്റ് വേണമെന്നുമാണ് കേരള കോൺഗ്രസ് എം ആവശ്യപ്പെടുന്നത്. ക്യാബിനറ്റ് പദവി കൊണ്ടോ ഭരണ പരിഷ്കാര കമ്മീഷൻ പോലുള്ള താവളങ്ങളിലോ ഒതുങ്ങാനാകില്ലെന്നും കേരളാ കോൺഗ്രസ് നേതൃത്വം വ്യക്തമാക്കുന്നു.
അതേസമയം മന്ത്രിസഭയിലും പ്രാതിനിത്യമില്ലാതെയും എം.പി സ്ഥാനവുമില്ലാതെ ഇനിയും മുന്നോട്ടുപോകാനാകില്ലെന്ന കടുത്ത നിലപാടിലാണ് ആർ.ജെ.ഡി. പ്രവർത്തകർക്കിടയിൽ എതിർപ്പുണ്ടെന്നും അർഹിച്ച സീറ്റ് കിട്ടിയേ തീരുവെന്നും ആർ.ജെ.ഡി ജനറൽ സെക്രട്ടറി വർഗീസ് ജോർജ് തുറന്നടിച്ചു. രാജ്യസഭാ സീറ്റ് വേണമെന്ന് എൻ.സി.പിയും ആവശ്യപ്പെട്ടിട്ടുണ്ട്. ലോക്സഭാ തെരഞ്ഞെടുപ്പ് ഫലത്തിന്റെ അടിസ്ഥാനത്തൽ വിലപേശലും പരിഹാരവും എന്നായിരുന്നു മുന്നണി നേതൃത്വം കരുതിയതെങ്കിലും പുതിയ സാഹചര്യത്തിൽ നടക്കാനിരിക്കുന്ന ഉഭയകക്ഷി ചർച്ചകളും അത്ര എളുപ്പമാകില്ല. കേരള കോൺഗ്രസിനും ആർ.ജെ.ഡിക്കും നിലവിലുള്ള യു.ഡി.എഫ് അനുകൂല നിലപാടു കൂടി പരിഗണിച്ചാൽ രാജ്യസഭാ സീറ്റ് തർക്കവും തർക്ക വിഷയത്തിലെ പരിഹാരവും മുന്നണി സംവിധാനത്തിന്റെ ഭാവിക്ക് നിർണായകമാണ്. ലോക്സഭാ തിരഞ്ഞെടുപ്പിൽ നാല് സീറ്റിൽ മത്സരിച്ച നാലിടത്തും പരാജയപ്പെട്ടു. കേരള കോൺഗ്രസ് കൈവശം വെച്ചിരുന്ന കോട്ടയം, ഫ്രാൻസിസ് ജോർജിലൂടെ യു.ഡി.എഫ് പിടിച്ചെടുക്കുകയും ചെയ്തു. ഇതോടെയാണ് രാജ്യസഭാ സീറ്റിനുള്ള തർക്കം മുറുകിയത്.

കേരളത്തിൽ ഭരണവിരുദ്ധ വികാരം, ധാർഷ്ട്യവും ധൂർത്തും

തോൽവിയിൽ സിപിഎമ്മിനെ ശക്തമായി വിമർശിച്ച് ഗീവർഗീസ് കൂറിലോസ്

പത്തനംതിട്ട: ലോക്സഭാ തെരഞ്ഞെടുപ്പിൽ കേരളത്തിലെ ഇടത് മുന്നണിയുടെ കനത്ത തോൽവിയിൽ സിപിഎമ്മിനെ ശക്തമായി വിമർശിച്ച് യാക്കോബായ സഭ നിരണം മുൻ ഭദ്രസനാധിപൻ ഗീവർഗീസ് മാർ കൂറിലോസ്. ജനങ്ങൾ നൽകുന്ന തുടർച്ചയായ ആഘാതചികിത്സയിൽ നിന്നും ഇനിയും പാഠം പഠിക്കുവാൻ തയ്യാറായില്ലെങ്കിൽ കേരളത്തിലെ ഇടതുപക്ഷത്തിന് ബംഗാളിലെയും ത്രിപുരയിലെയും അവസ്ഥവരുമെന്നും ഗീവർഗീസ് കൂറിലോസ് ഫേസ്ബുക്ക് പോസ്റ്റിൽ ശക്തമായി വിമർശിക്കുന്നു. കേരളത്തിൽ ഭരണവിരുദ്ധ വികാരമുണ്ട്. രണ്ടാം പിണറായി സർക്കാരിന് നിലവാരത്തകർച്ചയുണ്ടായി. മന്ത്രിമാരുടെ പ്രകടനം ദയനീയമായി. ഫാസിസത്തിനെതിരെ ധീരമായി പോരാടിയ രാഹുൽ ഗാന്ധിയെയും 'ടാർഗറ്റ്' ചെയ്തുകൊണ്ടുള്ള ഇടതുപക്ഷ പ്രചാരണവും തിരിച്ചടിച്ചു. കിറ്റ് രാഷ്ട്രീയത്തിൽ ഒന്നിലധികം തവണ ജനം വീഴില്ല. പ്രളയവും മഹാമാരിയും എപ്പോഴും രക്

ട്രംപിന്റെ തോക്ക് ലൈസൻസ് റദ്ദാക്കുന്നു

ന്യൂയോർക്ക്: നടിയുമായുള്ള ബന്ധം മറച്ചുവെക്കുന്നതിന് പണം നൽകിയതുമായി ബന്ധപ്പെട്ട് 34 കുറ്റാരോപണങ്ങളിൽ കുറ്റക്കാരനാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് തോക്ക് കൈവശം വെക്കാനുള്ള മുൻ യു.എസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ ലൈസൻസ് റദ്ദാക്കാൻ ന്യൂയോർക്ക് പൊലീസ് നീക്കം തുടങ്ങി. പെർമിറ്റ് പ്രകാരം മൂന്ന് പിസ്റ്റളുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. നേരത്തെ രണ്ട് തോക്കുകൾ ട്രംപ് പൊലീസിന് കൈമാറിയിരുന്നു.

ബാക്കിയുള്ള ഒരു തോക്കുകൂടി പിടിച്ചുവാങ്ങാനാണ് പൊലീസ് ശ്രമിക്കുന്നത്. ന്യൂയോർക്ക് നിയമപ്രകാരം കുറ്റകൃത്യങ്ങളിൽ ശിക്ഷിക്കപ്പെട്ടവർ തോക്കുകൾ കൈവശംവക്കുന്നത് നിയമവിരുദ്ധമാണ്. അമേരിക്കൻ പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ മത്സരിക്കാൻ തയാറെടുക്കുന്ന ട്രംപിന് കോടതി വിധി കനത്ത ആഘാതമാണ്.

മാസപ്പിറവി അറിയിക്കുക

കോഴിക്കോട്: ഇന്ന് (ദുൽഖഅദ് 29) ദുൽഹജ്ജ് മാസപ്പിറവി കാണാൻ സാധ്യതയുള്ളതിനാൽ പിറവി ദർശിക്കുന്നവർ വിവരമറിയിക്കണമെന്ന് പാണക്കാട് സയ്യിദ് സ്വാദിഖ് അലി ശിഹാബ് തങ്ങൾ (9447173443), സമസ്ത കേരള ജംഇയ്യത്തുൽ ഉലമാ പ്രസിഡന്റ് സയ്യിദ് മുഹമ്മദ് ജിഫ്രി മുത്തുക്കോയ തങ്ങൾ, ജനറൽ സെക്രട്ടറി പ്രൊഫ. കെ. ആലിക്കുട്ടി മുസ്‌ലിയാർ (9447630238), കോഴിക്കോട് ഖാസി സയ്യിദ് മുഹമ്മദ് കോയ ജമലുല്ലൈലി തങ്ങൾക്ക് വേണ്ടി നാഇബ് സയ്യിദ് അബ്ദുള്ള കോയ ശിഹാബുദ്ദീൻ തങ്ങൾ (9496154149, 9447317112), സയ്യിദ് നാസർഹയ്യ് ശിഹാബ് തങ്ങൾ പാണക്കാട് (9447405099) എന്നിവർ അറിയിച്ചു.

പൊതുവാർത്തകൾ

യു.എൻ സ്കൂളിൽ കൂട്ടക്കുരുതി

ഇസ്രാഈൽ ആക്രമണത്തിൽ 40 പേർ കൊല്ലപ്പെട്ടു

ഗസ്സ: ഗസ്സയിലെ നുസൈറത്ത് അഭയാർത്ഥി ക്യാമ്പിൽ യു.എൻ സ്കൂളിൽ അഭയം തേടിയ ഫലസ്തീനികൾക്കു നേരെ ഇസ്രാഈൽ നടത്തിയ ബോംബാക്രമണത്തിൽ 40 പേർ കൊല്ലപ്പെടുകയും എഴുപതിലേറെ പേർക്ക് പരിക്കേൽക്കുകയും ചെയ്തു. യു.എൻ മേൽനോട്ടത്തിലുള്ള അൽ സർദി സ്കൂളിനും വീടുകൾക്കും നേരെ വ്യാഴാഴ്ച പുലർച്ചെയാണ് ആക്രമണം നടന്നത്. 14 കുട്ടികളും ഒമ്പത് സ്ത്രീകളും കൊല്ലപ്പെട്ടവരിൽ പെടും. ഭീകരമായ കൂട്ടക്കൊലയെന്നാണ് ഹമാസ് സംഭവത്തെ വിശേഷിപ്പിച്ചത്. മൃതദേഹങ്ങളെയും പരിക്കേറ്റവരെയും കൊണ്ട് അൽ അഖ്സ ആശുപത്രി നിറഞ്ഞിരിക്കുകയാണ്.

അഭയാർത്ഥികളായ ആയിരക്കണക്കിന് ഫലസ്തീനികൾ അൽ സർദി സ്കൂളിൽ അഭയം തേടിയിരുന്നു. ഫലസ്തീനികളെ തുടച്ചുനീക്കി വംശഹത്യയാണ് ഇസ്രാഈൽ നടത്തുന്നതെന്ന് ഇത്തരം സംഭവങ്ങൾ തെളിയിക്കുന്നതായി ഗസ്സ ഭരണകൂടത്തിന്റെ മീഡിയ ഓഫീസ് വക്താവ് ഇസ്മാഈൽ അൽ തവാബ്ത പറഞ്ഞു. ആക്രമണം നടത്തിയതായി ഇസ്രാഈൽ സേനയും സ്ഥിരീകരിച്ചു. നുസൈറത്തിൽ യു.എൻ അഭയാർത്ഥി ഏജൻസിക്കു കീഴിലുള്ള സ്കൂളിൽ ഹമാസിന്റെ താവളം തകർത്തതായി സൈന്യം അവകാശപ്പെട്ടു.

ഇസ്രാഈലിന്റെ വാദം ഹമാസ് തള്ളിയിട്ടുണ്ട്. പാവങ്ങളെ കൊന്നൊടുക്കി തുടരുന്ന നിഷ്ഠൂര കുറ്റകൃത്യങ്ങളെ ന്യായീകരിക്കാൻ ഇസ്രാഈൽ ഭരണകൂടം നുണകൾ പടച്ചുവിടുകയാണെന്ന് ഹമാസ് വക്താവ് വ്യക്തമാക്കി. ഗസ്സയുടെ വിവിധ ഭാഗങ്ങളിൽ 24 മണിക്കൂറിനിടെ 102 പേരാണ് കൊല്ലപ്പെട്ടത്. ബുറെയ്ജ്, മഗാസി അഭയാർത്ഥി ക്യാമ്പുകൾക്കുനേരെ ആക്രമണം തുടരുകയാണ്.

അൽ അഖ്സ ആശുപത്രിയിൽ 70 മൃതദേഹങ്ങളും പരിക്കുകളോടെ മുന്നൂറിലേറെ പേരെയും കൊണ്ടുവന്നതായി ഡോക്ടേഴ്സ് വിത്തൗട്ട് ബോർഡേഴ്സ് പറയുന്നു. 'രാവിലെ ആശുപത്രിയിലെ അത്യാഹിത വിഭാഗത്തിൽ രക്തത്തിന്റെ ദുർഗന്ധം അസഹനീയമായിരുന്നു. എല്ലായിടത്തും ആളുകൾ കിടക്കുന്നു, തറയിൽ, പുറത്ത്. പ്ലാസ്റ്റിക് ബാഗുകളിൽ മൃതദേഹങ്ങൾ കൊണ്ടു വരുന്നു. എങ്ങും ഹൃദയഭേദക കാഴ്ചകളാണ്.'-ഡോക്ടേഴ്സ് വിത്തൗട്ട് ബോർഡേഴ്സന്റെ കരിം ഹസ്റ്റർ പറഞ്ഞു.

എട്ടുമാസത്തോളമായി തുടരുന്ന ആക്രമണത്തിൽ ഇതുവരെ 36,654 ഫലസ്തീനികൾ കൊല്ലപ്പെടുകയും 83,309 പേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. ഗസ്സയിൽ അത്യുഷ്ണം തുടങ്ങിയതോടെ സ്ഥിതി കൂടുതൽ ദുരിതപൂർണമായി. ശുദ്ധമായ കുടിവെള്ളം കിട്ടാതെ സ്ത്രീകളും കുട്ടികളുമടക്കം ലക്ഷക്കണക്കിന് ആളുകൾ വലയുകയാണ്. ഈ സ്ഥിതി തുടർന്നാൽ കോളറ പോലുള്ള രോഗങ്ങൾ പടർന്നുപിടിക്കുമെന്ന് യു.എൻ മുന്നറിയിപ്പുനൽകി.

ഗസ്സയിൽ ഇസ്രാഈലിന്റെ വ്യോമാക്രമണത്തിൽ ചുട്ടെരിക്കപ്പെട്ട നുസൈറത്ത് അഭയാർത്ഥി ക്യാമ്പിലെ യു.എൻ സ്കൂൾ

ഇസ്രാഈൽ വിരുദ്ധ ഹർജിയിൽ സ്പെയിൻ കക്ഷി ചേരും

മാഡ്രിഡ്: അന്താരാഷ്ട്ര നിയമങ്ങൾ പിച്ചിച്ചീന്തി ഗസ്സയിൽ തുടരുന്ന കൂട്ടക്കുരുതിയുമായി ബന്ധപ്പെട്ട് ഇസ്രാഈലിനെതിരെ ദക്ഷിണാഫ്രിക്ക നൽകിയ ഹർജിയിൽ കക്ഷിചേരാൻ അനുമതി ചോദിച്ച് സ്പെയ്ൻ അന്താരാഷ്ട്ര നീതിയന്യായ കോടതി(ഐ.സി.ജെ)യെ സമീപിച്ചു.

ഗസ്സയിൽ ഇസ്രാഈൽ ആക്രമണം ശക്തമാക്കിയ സാഹചര്യത്തിലാണ് ഇത്തരമൊരു തീരുമാനമെടുത്തതെന്ന് സ്പാനിഷ് വിദേശകാര്യ മന്ത്രി ജോസ് മാനുവൽ അൽബാരെസ് പറഞ്ഞു. വംശഹത്യകൾ തടയുന്നതിന് 1948ൽ യു.എൻ പൊതുസഭ അംഗീകരിച്ച വംശഹത്യ കൺവെൻഷന്റെ ലംഘനമാണ് ഇസ്രാഈൽ ആക്രമണമെന്ന് ദക്ഷിണാഫ്രിക്ക ചൂണ്ടിക്കാട്ടുന്നു.

ഇസ്രാഈലിനെതിരെയുള്ള ഹർജിയിൽ പത്തിലേറെ രാജ്യങ്ങൾ കക്ഷി ചേർന്നിട്ടുണ്ട്. വംശഹത്യ കൺവെൻഷനിൽ ഒപ്പുവെച്ച രാജ്യങ്ങൾ വംശഹത്യയിൽ പങ്കാളിയാകാൻ പാടില്ലെന്ന് മാത്രമല്ല, അത് ശിക്ഷാർഹവുമാണ്. ഒരു ദേശീയമോ വംശീയമോ മതപരമോ ആയ ഒരു ഗ്രൂപ്പിനെ മുഴുവനായോ ഭാഗികമായോ നശിപ്പിക്കാനുള്ള ഉദ്ദേശ്യത്തോടെ ചെയ്യുന്ന പ്രവൃത്തികളെല്ലാം വംശഹത്യയുടെ പരിധിയിൽ വരും. അതേസമയം ഫലസ്തീന് നൽകുന്ന പിന്തുണയുടെ പേരിൽ സ്പെയിനും ഇസ്രാഈലും തമ്മിലുള്ള ബന്ധം വഷളായി. സ്വതന്ത്ര ഫലസ്തീൻ രാഷ്ട്രത്തെ അംഗീകരിച്ചതിനു പിന്നാലെ ഐ.സി.ജെ കേസിൽ കക്ഷി ചേർന്നതും ഇസ്രാഈൽ ഭരണകൂടത്തെ രോഷാകുലരാക്കിയിട്ടുണ്ട്.

സ്പാനിഷ് പിന്തുണക്ക് നന്ദി അറിയിച്ച് സഊദി വിദേശകാര്യ മന്ത്രി ഫൈസൽ ബിൻ ഫർഹാൻ അൽ സഊദ് രാജകുമാരനും ഖത്തർ പ്രധാനമന്ത്രി ഷെയ്ഖ് മുഹമ്മദ് ബിൻ അബ്ദുറഹ്മാൻ അൽതാനിയും തുർക്കി, ജോർദാൻ വിദേശകാര്യ മന്ത്രിമാരുമടങ്ങുന്ന ഉന്നതതല സംഘം മാഡ്രിഡിൽ പ്രധാനമന്ത്രി പെട്രോ സാഞ്ചെസിനെ കണ്ടിരുന്നു.

ആക്രമണം യു.എസ് നിർമിത മിസൈൽ ഉപയോഗിച്ച്

ഗസ്സ: വ്യാഴാഴ്ച പുലർച്ചെ യു.എൻ സ്കൂളിൽ ഫലസതീൻ അഭയാർത്ഥികളെ കൂട്ടക്കൊല ചെയ്യാൻ ഇസ്രാഈൽ ഉപയോഗിച്ചത് അമേരിക്കൻ നിർമിത മിസൈൽ സംവിധാനമാണെന്ന് വെളിപ്പെടുത്തൽ. കുട്ടികളടക്കം ആളുകൾ ഉറങ്ങിക്കിടക്കുമ്പോൾ മൂന്ന് മിസൈലുകളാണ് പോർവിമാനങ്ങളിൽനിന്ന് അയച്ചത്. കൃത്യതയോടെ ആക്രമണം നടത്തുന്ന ആയുധങ്ങൾ വികസിപ്പിക്കുന്നതിൽ പ്രാഗത്ഭ്യം തെളിയിച്ച ഹണിവെൽ എന്ന അമേരിക്കൻ കമ്പനിയുടെ മിസൈൽ ഭാഗങ്ങൾ ആക്രമണ സ്ഥലത്തുനിന്ന് കണ്ടെടുത്തിട്ടുണ്ട്. 2014ൽ ഒരു ഫലസ്തീൻ വീട് ആക്രമിക്കാനും ഇസ്രാഈൽ ഇതേ മിസൈലാണ് ഉപയോഗിച്ചിരുന്നത്. നാൽപതോളം പേർ കൊല്ലപ്പെട്ട ആക്രമണത്തെ ഓക്സ്ഫാം അപലപിച്ചു. അന്താരാഷ്ട്ര നിയമങ്ങളുടെ നഗ്നമായ ലംഘനമാണ് ഇതെന്ന് ഓക്സ്ഫാം വക്താവ് പറഞ്ഞു. 'വെടിനിർത്തൽ പ്രഖ്യാപിക്കാത്തതും നിയമത്തിന് പിടികൊടുക്കാതെ അന്താരാഷ്ട്ര നിയമങ്ങൾ ഇസ്രാഈൽ തുടർച്ചയായി ലംഘിക്കുന്നതും ഏറെ നിന്ദ്യമാണ്'- വക്താവ് കൂട്ടിച്ചേർത്തു.

ഇസ്രാഈൽ സൈനിക ഭാഗത്ത് ആളപായം കൂടി

ടെൽഅവീവ്: ഗസ്സയിൽ ഫലസ്തീൻ പോരാളികളുമായുള്ള ഏറ്റുമുട്ടലിൽ ഇസ്രാഈൽ സൈനിക ഭാഗത്ത് മരണവും പരിക്കും വർദ്ധിക്കുന്നു. 24 മണിക്കൂറിനിടെ 24 സൈനികർക്ക് പരിക്കേറ്റതായി ഇസ്രാഈൽ സേന സ്ഥിരീകരിച്ചു. ഇതോടെ ഗസ്സയിൽ പരിക്കേൽക്കുന്ന ഇസ്രാഈൽ സൈനികരുടെ എണ്ണം 3,754 ആയി.

കരയാക്രമണം ആരംഭിച്ച ശേഷം കൊല്ലപ്പെടുന്ന ഇസ്രാഈൽ സൈനികരുടെ എണ്ണവും ഗണ്യമായി ഉയർന്നിട്ടുണ്ട്. ഗസ്സയിൽ ആക്രമണം തുടങ്ങിയ ശേഷം തങ്ങളുടെ 644 സൈനികർ കൊല്ലപ്പെട്ടതായി ഇസ്രാഈൽ സമ്മതിക്കുന്നു. ഒ

കാല്പപ്പെട്ടവരുടെയും പരിക്കേറ്റവരുടെയും യഥാർത്ഥ കണക്ക് ഇസ്രാഈൽ പുറത്തുവിടാറില്ല. ഇസ്രാഈൽ പുറത്തു പറയുന്നതിനെക്കാൾ എത്രയോ കൂടുതൽ സൈനികർക്ക് ഗസ്സയിൽ ജീവൻ നഷ്ടപ്പെട്ടിട്ടുണ്ടെന്നാണ് അനൗദ്യോഗിക കണക്ക്. റഫയിൽ കരയാക്രമണം തുടങ്ങിയ ശേഷമാണ് കൊല്ലപ്പെടുന്ന ഇസ്രാഈൽ സൈനികരുടെ എണ്ണം കൂടിയത്.

തെരുവുകളിൽ ഹമാസ് പോരാളികളും ഇസ്രാഈൽ സൈനികരും തമ്മിൽ കനത്ത പോരാട്ടം തുടരുകയാണ്. ഹമാസിന്റെ കസ്റ്റഡിയിലുള്ള ബന്ദികളുടെ മോചനം അനിശ്ചിതമായി നീളുന്നതും കൊല്ലപ്പെടുന്ന സൈനികരുടെ എണ്ണം വർദ്ധിക്കുന്നതും ഇസ്രാഈലിൽ ഭരണകൂടത്തിനെതിരെ കനത്ത പ്രതിഷേധത്തിന് കാരണമായിട്ടുണ്ട്. എത്രയും പെട്ടെന്ന് ഹമാസുമായി വെടിനിർത്തലുണ്ടാക്കി ബന്ദികളുടെയും സൈനികരുടെയും ജീവൻ രക്ഷിക്കണമെന്ന് ആവശ്യപ്പെട്ട് രാജ്യത്ത് പ്രക്ഷോഭ റാലികൾ തുടരുകയാണ്. ജനരോഷം ഭയന്നാണ് കൊല്ലപ്പെടുന്ന സൈനികരുടെ യഥാർത്ഥ കണക്ക് പുറത്തുവിടാത്തത്.

മ്യാന്മർ ഗ്രാമത്തിൽ സൈനികർ 50 പേരെ കൂട്ടക്കൊല ചെയ്തു

യാങ്കൂൺ: മ്യാന്മറിൽ റാഖിൻ സ്റ്റേറ്റിലെ ഒരു ഗ്രാമത്തിൽ മ്യാന്മർ സേന അമ്പതോളം പേരെ ഭീകരമായി പീഡിപ്പിച്ച് കൊലപ്പെടുത്തി. രണ്ടര ദിവസം നീണ്ട ഭീകരതാണ്ഡവത്തിനിടെ സൈനികർ ഗ്രാമീണരെ കണ്ണുകെട്ടി മർദ്ദിക്കുകയും ശരീരത്തിൽ തിളപ്പിച്ച പെട്രോൾ ഒഴിക്കുകയും മൃതം കുടിപ്പിക്കുകയും ചെയ്തതായി ദൃക്സാക്ഷികളെ ഉദ്ധരിച്ച് ബി.ബി.സി റിപ്പോർട്ട് ചെയ്യുന്നു. പതിനഞ്ചിനും എഴുപതിനുമിടക്ക് പ്രായമുള്ള 51 പേരെ സൈന്യം ക്രൂരമായി കൊലപ്പെടുത്തുകയായിരുന്നു. അറാകൻ ആർമി(എ.എ) പോരാളികളെ തേടിയാണ് സൈന്യം ഗ്രാമത്തിലെത്തിയത്. എ.എ അനുകൂലികൾ ഗ്രാമത്തിലുള്ളതായി അറിയുമോ എന്ന് ചോദിച്ചായിരുന്നു മർദ്ദനം. ആയിരത്തിലേറെ വീടുകളുള്ള ഗ്രാമത്തിൽ എല്ലാവരെയും കുടിക്കാൻ വെള്ളം പോലും നൽകാതെ രണ്ട് ദിവസം പൊരിവെയിലത്ത് നിർത്തി. ദാഹിച്ച് വെള്ളം ചോദിച്ചപ്പോൾ മൂത്രമാണ് സൈനികർ കുടിക്കാൻ കൊടുത്തത്.

സ്ത്രീകളുടെയും കുട്ടികളുടെയും കൺമുന്നിലിട്ടാണ് പുരുഷന്മാരെ വെടിവെച്ചു കൊലപ്പെടുത്തിയതെന്ന് ദൃക്സാക്ഷികൾ അറിയിച്ചു. കൂട്ടക്കുരുതിക്കുശേഷം മൃതദേഹങ്ങൾ അടക്കം ചെയ്യാൻ സൈനികർ ഗ്രാമീണരിൽനിന്ന് മൺവെട്ടി ചോദിച്ചുവാങ്ങി. നൂറിലേറെ സൈനികർ ആക്രമണത്തിൽ റെയ്ഡിൽ പങ്കെടുത്തതായി റിപ്പോർട്ടുണ്ട്. ഇവരിൽ ഏറെപ്പേരും മദ്യപിച്ചിരുന്നു. ഗ്രാമീണരിൽ പലരെയും ചോദ്യം ചെയ്യാനെന്ന പേരിൽ സൈന്യം തട്ടിക്കൊണ്ടുപോയി. അവരിൽ ഏറെപ്പേരും ഇനിയും തിരിച്ചെത്തിയിട്ടില്ല. സൈനികർ വാഹനത്തിൽ കയറ്റിക്കൊണ്ടുപോയ ഭർത്താവും മകനും ഇപ്പോൾ ജീവിച്ചിരിപ്പുണ്ടോ എന്നുപോലും അറിയില്ലെന്ന് ഒരു സ്ത്രീ പറഞ്ഞു. ആറ് മാസമായി അറാകൻ സേന റാഖിൻ സ്റ്റേറ്റിൽ പിടിമുറുക്കിയിരിക്കുകയാണ്.

കെ.എം ബഷീർ കൊലപാതകം; കോടതിയിൽ ഹാജരാകാതെ ശ്രീറാം

കെ.എം ബഷീർ ശ്രീറാം വെങ്കിട്ടരാമൻ

തിരുവനന്തപുരം: മാധ്യമപ്രവർത്തകനായ കെ.എം ബഷീറിനെ വാഹനം ഇടിച്ചു കൊലപ്പെടുത്തിയ കേസിൽ പ്രതി ശ്രീറാം വെങ്കിട്ടരാമൻ തനിക്കെതിരായ കുറ്റം ചുമത്തൽ സംബന്ധിച്ച് വാദം ബോധിപ്പിക്കാൻ വീണ്ടും കൂടുതൽ സമയം തേടി. കോടതിയിൽ ഹാജരാകാതെയാണ് ശ്രീറാം കൂടുതൽ സമയം തേടിയത്. സമയം അനുവദിച്ച തിരുവനന്തപുരം ഒന്നാം അഡീ. ജില്ലാ സെഷൻസ് കോടതി ജഡ്ജി കെ.പി അനിൽകുമാർ, അടുത്ത മാസം 18ന് കോടതിയിലെത്തി വാദം ബോധിപ്പിക്കാൻ ഉത്തരവിട്ടു.

ഇത് മൂന്നാം തവണയാണ് ശ്രീറാം വാദം ബോധിപ്പിക്കാൻ സമയം തേടുന്നത്. കഴിഞ്ഞ മാർച്ച് മുപ്പതിനും കഴിഞ്ഞ വർഷം ഡിസംബർ പതിനൊന്നിനും കേസ് പരിഗണിച്ചപ്പോഴും പ്രതി സമയം ചോദിച്ചിരുന്നു. കേസിൽ കുറ്റവിമുക്തനാക്കണമെന്നാവശ്യപ്പെട്ട് റിവിഷൻ ഹർജിയുമായി ചെന്ന ശ്രീറാമിന് സുപ്രീംകോടതിയിൽ നിന്ന് കനത്ത തിരിച്ചടി ഉണ്ടായ സാഹചര്യത്തിലാണ് പ്രതിയെ വിചാരണക്കായി തിരുവനന്തപുരം ഒന്നാം അഡീ. ജില്ലാ സെഷൻസ് കോടതി വിളിച്ചു വരുത്തുന്നത്. 2023 ഓഗസ്റ്റ് 25 നാണ് കേസിൽ വിചാരണ നേരിടണമെന്ന് ഉത്തരവിട്ട് സുപ്രീം കോടതി ശ്രീറാം വെങ്കിട്ടരാമന്റെ റിവിഷൻ ഹർജി തിരസ്കരിച്ചത്. നരഹത്യ കേസ് നിലനിൽക്കില്ലെന്ന പ്രതിയുടെ വാദം തള്ളിക്കൊണ്ടായിരുന്നു സുപ്രീംകോടതിയുടെ ഇടപെടൽ. സമാനമായ നിലപാട് നേരത്തെ ഹൈക്കോടതിയും സ്വീകരിച്ചിരുന്നു. കേസിൽ നരഹത്യ, തെളിവ് നശിപ്പിക്കൽ കുറ്റങ്ങൾ പുനഃസ്ഥാപിച്ച ഹൈക്കോടതി വിധിക്കെതിരെയായിരുന്നു ശ്രീറാം വെങ്കിട്ടരാമൻ സുപ്രീം കോടതിയെ സമീപിച്ചത്. നരഹത്യാക്കുറ്റം നിലനിൽക്കുമോയെന്നത് വിചാരണയിലാണ് വ്യക്തമാകേണ്ടതെന്ന് ചൂണ്ടിക്കാട്ടിയാണ് സുപ്രീംകോടതി ഹൈക്കോടതിയുടെ നിലപാട് ശരിവെച്ചത്. ഇതോടെയാണ് നരഹത്യ കുറ്റത്തിന് ശ്രീറാം വെങ്കിട്ടരാമൻ വിചാരണ നേരിടാൻ സാഹചര്യം ഒരുങ്ങിയത്. 2019 ഓഗസ്റ്റ് മൂന്ന് പുലർച്ചെയായിരുന്നു ശ്രീറാം വെങ്കിട്ടരാമൻ അമിതാമായി മദ്യപിച്ച് വാഹനം ഇടിച്ച് കെ.എം ബഷീർ കൊല്ലപ്പെടുത്തിയത്.

സുഡാൻ ഗ്രാമത്തിൽ നൂറോളം പേർ കൊല്ലപ്പെട്ടു

ഖാർത്തൂം: ആഭ്യന്തര യുദ്ധം തുടരുന്ന സുഡാനിൽ അർദ്ധ സൈനിക വിഭാഗമായ റാപിഡ് സപ്പോർട്ട് ഫോഴ്സി(ആർ.എസ്.എഫ്)ന്റെ ആക്രമണത്തിൽ നൂറോളം പേർ കൊല്ലപ്പെട്ടതായി റിപ്പോർട്ടത്. ഗെസിറ സംസ്ഥാനത്തെ വാദ് അൽ നൗറ ഗ്രാമത്തിലാണ് സംഭവം. സൈന്യവും അർദ്ധ സൈനിക വിഭാഗവും തമ്മിലുള്ള യുദ്ധം ഒരു വർഷത്തിലേറെയായി സുഡാന്റെ ഉറക്കം കെടുത്തിയിട്ടുണ്ട്. ആർ.എസ്.എഫിന്റെ ആക്രമണത്തിൽനിന്ന് രക്ഷതേടി സൈന്യത്തോട് സഹായം അഭ്യർത്ഥിച്ചെങ്കിലും ഫലമുണ്ടായില്ലെന്ന് പ്രാദേശിക ജനാധിപത്യ പ്രവർത്തകർ പറയുന്നു.

കൊല്ലപ്പെട്ടവരിൽ കുട്ടികളും സ്ത്രീകളും പെടും. വാദ് അൽ നൗറയിലെ സൈനിക, മിലിഷ്യ താവളങ്ങളെയാണ് ആക്രമിച്ചതെന്ന് അർദ്ധ സൈനിക വിഭാഗം അവകാശപ്പെടുന്നുണ്ട്. പക്ഷെ, കൊല്ലപ്പെട്ടവരെല്ലാം സാധാരണക്കാരാണെന്ന് വാദ് മദാനി റെസിസ്റ്റൻസ് കമ്മിറ്റി അറിയിച്ചു. 2023 ഏപ്രിലിലാണ് രാജ്യത്ത് ആഭ്യന്തര യുദ്ധം പൊട്ടിപ്പുറപ്പെട്ടത്. സൈനിക മേധാവി അബ്ദുൽ ഫത്താഹ് അൽ ബുർഹാനും ആർ.എസ്.എഫ് കമാൻഡർ മുഹമ്മദ് ഹംദാനും അധികാരത്തിനുവേണ്ടി നടത്തുന്ന പോരാട്ടം രാജ്യത്തുടനീളം വ്യാപിച്ചിരിക്കുകയാണ്.

എല്ലാ കാലത്തും ഇന്ത്യാ മുന്നണി പ്രതിപക്ഷത്തിരിക്കണമെന്നില്ല: പി.കെ കുഞ്ഞാലിക്കുട്ടി

ന്യൂഡൽഹി: ഇന്ത്യാ മുന്നണി തൽക്കാലം പ്രതിപക്ഷത്തിരിക്കാൻ തീരുമാനിച്ചു എന്നതുകൊണ്ട്, അടുത്ത അഞ്ചു വർഷവും അങ്ങനെ തന്നെ ആയിരിക്കണമെന്നില്ലെന്ന് മുസ്‌ലിംലീഗ് ദേശീയ ജനറൽ സെക്രട്ടറി പി.കെ കുഞ്ഞാലിക്കുട്ടി. മാറി വരുന്ന രാഷ്ട്രീയ സാഹചര്യങ്ങളെ ഇന്ത്യാ മുന്നണി സൂക്ഷ്മമായി നിരീക്ഷിക്കുമെന്നും ഉചിതമായ സമയത്ത് അതിനനുസരിച്ചുള്ള തീരുമാനങ്ങൾ ഉണ്ടാകുമെന്നും ഡൽഹിയിൽ മാധ്യമങ്ങളോട് സംസാരിക്കവെ അദ്ദേഹം പറഞ്ഞു. ഏറ്റവും വലിയ ഒറ്റകക്ഷിക്ക് ലഭിച്ച സീറ്റും ഇന്ത്യാ മുന്നണിയുടെ സീറ്റും തമ്മിൽ ചെറിയ അന്തരം മാത്രമാണുള്ളത്. ബി.ജെ.പിക്ക് സ്വന്തമായി ഭൂരിപക്ഷമില്ല. ഘടക കക്ഷികളുടെ പിന്തണയില്ലാതെ ഭരിക്കാനാവില്ല. എൻ.ഡി.യിലുള്ളത് ആശയപരമായിതന്നെ പല കാര്യങ്ങളിലും ബി.ജെ.പിയുമായി വിയോജിപ്പുള്ള പാർട്ടികളാണ്. എല്ലാ കാലത്തും അവർ ബി.ജെ.പിക്കൊപ്പം നിൽക്കുമെന്ന് ഇപ്പോൾ പറയാനാകില്ല. തൽക്കാലം അവർക്ക് സർക്കാറുണ്ടാക്കാൻ കഴിഞ്ഞേക്കും. എന്നാൽ പഴയ രീതിയിലുള്ള ഭരണം സാധ്യമാവില്ല. തോന്നിയ പോലെ കാര്യങ്ങൾ ചെയ്യാനാവില്ല. ഈ സാഹചര്യങ്ങളെയെല്ലാം നിരീക്ഷിച്ച് ഉചിതമായ തീരുമാനങ്ങളുണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു. ലോക്സഭയിൽ പ്രതിപക്ഷ നേതാവ് ആരാകും എന്നത് രണ്ടാമത്തെ വലിയ ഒറ്റക്കക്ഷി എന്ന നിലയിൽ കോൺഗ്രസ് ആണ് തീരുമാനിക്കേണ്ടതെന്ന് ചോദ്യത്തിന് മറുപടിയായി അദ്ദേഹം പറഞ്ഞു. രാജ്യസഭാ സീറ്റുമായി ബന്ധപ്പെട്ട് ഇടതുമുന്നണിയിൽ രൂപപ്പെട്ടിട്ടുള്ള തർക്കങ്ങൾ അവരുടെ ആഭ്യന്തര വിഷയമാണ്. ഇതിൽ ഇടപെടേണ്ട സാഹചര്യമില്ല. കെ മുരളീധരൻ രാഷ്ട്രീയ രംഗത്ത് സജീവമായിത്തന്നെ ഉണ്ടാകുമെന്നും അദ്ദേഹവുമായി സംസാരിച്ചിരുന്നുവെന്നും ചോദ്യത്തിന് മറുപടി നൽകവെ അദ്ദേഹം പറഞ്ഞു.

കർഷകരുടെയും തൊഴിലാളികളുടെയും വിധിയെഴുത്ത്: കെ.കെ.ടി.എഫ്

കോഴിക്കോട്: കർഷകരെയും തൊഴിലാളികളെയും അവഗണിച്ചതിന്റെ തിക്ത ഫലമാണ് ലോകസഭാ തിരഞ്ഞെടുപ്പിൽ കേരളത്തിലും രാജ്യമൊട്ടാകെയും കണ്ടതെന്ന് കേരള കർഷക തൊഴിലാളി ഫെഡറേഷൻ (എസ്.ടി.യു) സംസ്ഥാന പ്രവർത്തക സമിതി യോഗം വിലയിരുത്തി.

കർഷക വിരുദ്ധമായ നിയങ്ങളും തൊഴിലാളി ദ്രോഹ നയങ്ങളും ലേബർ കൊഡുകളും നടപ്പിലാക്കാനും തൊഴിൽ നിയമങ്ങൾ ലംഘിച്ച് തൊഴിൽ മേഖലകൾ കോർപ്പറേറ്റുകൾക്ക് തീറെഴുതുകയുമാണ് മോദി സർക്കാർ ചെയ്തത്. കേരളത്തിലും ഇടത് സർക്കാർ ഇതേ നിലപാടാണ് സ്വീകരിച്ചത്. കർഷക തൊഴിലാളികളുടെ അധിവർഷാനുകൂല്യവും പ്രസവാനുകൂല്യവും,വിദ്യാഭ്യസ ധനസഹായവും ഉൾപ്പെടെ തടഞ്ഞു വെച്ചിട്ടുള്ള ആനുകൂല്യങ്ങൾ അടിയന്തിരമായി വിതരണം ചെയ്യണമെന്നും യോഗം ആവശ്യപ്പെട്ടു. ഇടത് സർക്കാർ തെറ്റ് തിരുത്തി എല്ലാ തൊഴിലാളി ക്ഷേമ ആനുകൂല്യങ്ങളും വിതരണം ചെയ്യണമെന്നും യോഗം ആവശ്യപ്പെട്ടു. ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് പാറക്ക മമ്മൂട്ടി അധ്യക്ഷത വഹിച്ചു. ജന സെക്രട്ടറി നൗഷാദ് താനൂർ,കൊട്ടില കുഞ്ഞുമുഹമ്മദ് മാസ്റ്റർ,സി.മുഹമ്മദ് ഇസ്മാഈൽ,ഇബ്രാഹീം ഹാജി നടുവണ്ണൂർ,അബൂ ഗൂഢലായ്,പി.സി മുഹമ്മദ്,ഇബ്രാഹീം കുറ്റ്യാടി,ഹസ്സൻ കുട്ടി വാഴക്കാട്, കെ.കെ അബൂബക്കർ,സൈതാലികുട്ടി കുറ്റിപ്പുറം,മുഹമ്മദ് ചെമ്പോത്ര, ടി.സി മൊയ്തു സംസാരിച്ചു

ജംഇയ്യത്തുൽ ഖുത്വബാ കാമ്പയിൻ ഇന്ന് മുതൽ

കോഴിക്കോട്: ദുൽഹജ്ജ് മാസത്തിലെ ആദ്യത്തെ 10 ദിനരാത്രങ്ങളുടെ മഹത്വം ബോധ്യപ്പെടുത്തുന്നതിനായി 'വലയാലിൻ അഷ്റ് ' എന്ന പ്രമേയത്തിൽ സമസ്ത കേരള ജംഇയ്യത്തുൽ ഖുത്വബാ 17 വരേ നടത്തുന്ന ഉദ്ബോധന കാമ്പയിന് ഇന്ന് വെള്ളി പള്ളികളിൽ തുടക്കമാവും. ഖതീബുമാരാണ് കാമ്പയിന് നേതൃത്വം നൽകുന്നത്. ഇന്ന് ജുമുഅ: പ്രഭാഷണം തുടർന്ന് ആത്മീയ സദസ്സുകൾ, ഉളുഹിയ്യത്ത് പീന ക്ലാസുകൾ, 14 ന്ബ അറഫാ ദിനം ബലി പെരുന്നാൾ സന്ദേശം, അറഫാ ദിനം പ്രാർത്ഥനാ സദസ്സ് എന്നിവ കാമ്പയിന്റെ ഭാഗമായി നടക്കും. ഇത് സംബന്ധമായ് ചേർന്ന സെക്രട്ടറിയേറ്റ് യോഗത്തിൽ പ്രസിഡന്റ് കൊയ്യോട് ഉമ്മർ മുസ്ല്യാർ അധ്യക്ഷത വഹിച്ചു.

നാ

പാവം പാപ്പുവ

ലോകകപ്പിൽ വീണ്ടും വീണു

റിയാസത്ത്

സെന്റ് ജോർജ്ജ്: ടി-20 ലോകകപ്പിൽ യുഗാൻഡക്ക് ചരിത്രത്തിലെ ആദ്യവിജയം. ഗ്രൂപ്പ് സി-യിൽ ഇന്നലെ നടന്ന മൽസരത്തിലവർ പത്ത് പന്ത് ബാക്കി നിൽക്കെ പാപ്പുവ ന്യൂഗിനിയയെ മൂന്ന് വിക്കറ്റിന് കീഴടക്കി. ആദ്യം ബാറ്റ് ചെയ്ത പാപ്പുവ ന്യൂഗിനിയ ഒരിക്കൽ കൂടി ബാറ്റിംഗിൽ നിരാശപ്പെടുത്തി. 77 റൺസ് മാത്രമാണ് അവർക്ക് നേടാനായത്. 15 റൺസ് സ്വന്തമാക്കിയ ഹിരി ഹിരിയാണ് ടോപ് സ്ക്കോറർ. മറുപടി ബാറ്റിംഗിൽ യുഗാൻഡയും തകർന്നിരുന്നു. 26 റൺസിനിടെ ആദ്യ അഞ്ച് വിക്കറ്റും നഷ്ടമായി. എന്നാൽ ഒരു ഭാഗം സംരക്ഷിച്ച റിയാസത്ത് അലി ഷാ കരുത്തനായി. 56 പന്തിൽ അദ്ദേഹം നേടിയ 33 റൺസാണ് യുഗാൻഡക്ക് വിജയമൊരുക്കിയത്. വിജയം മൂന്ന് റൺസ് അരികെ റിയാസത്ത് വീണപ്പോൾ യുഗാൻഡ വീണ്ടും തോൽവി മുഖത്തായി. എന്നാൽ വാലറ്റക്കാരനായ കെന്നത്ത് വൈസ്വ തോൽവി ഒഴിവാക്കി. പത്തൊമ്പതാമത്തെ ഓവറിലെ രണ്ടാം പന്തിലാണ് അവർ വിജയം ഉറപ്പാക്കിയത്. ആദ്യ മൽസരത്തിൽ വിൻഡീസിനോട് പൊരുതി ത്തോറ്റ പാപ്പുവ താരതമ്യേന വിജയിക്കാവുന്ന മൽസരത്തിലാണ് ബാറ്റിംഗ് തകർച്ചയിൽ തോൽവി ചോദിച്ചു വാങ്ങിയത്.

അബദ്ധം

ബ്രിഡ്ജ്ടൗൺ:ടി-20 ലോകകപ്പിൽ ഓസ്ട്രേലിയയും ഒമാനും തമ്മിൽ നടന്ന മൽസരത്തിനിടെ രസകരമായ സംഭവം. ഓസ്ട്രേലിയൻ ഓപ്പണറും സീനിയറുമായ ഡേവിഡ് വാർണർ 56 പന്തിൽ നേടിയ 51 റൺസുമായി പുറത്തായി ഡ്രസ്സിംഗ് റൂമിലേക്ക് നീങ്ങവെ അറിയാതെ കയറിയത് ഒമാന്റെ ഡ്രസ്സിംഗ് റൂമിൽ. ഡ്രസ്സിംഗ് റൂമിന്റെ പടികൾ കയറവെയാണ് വാർണർക്ക് അബദ്ധം മനസിലായത്. ടെലിവിഷനിൽ ഈ സമയത്ത് കളി പറയുന്നുണ്ടായിരുന്നത് ഓസ്ട്രേലിയയുടെ മുൻ ഓപ്പണർ മാത്യു ഹെയ്ഡനായിരുന്നു. വാർണറുടെ അബദ്ധം ചിരി മഴയായി സാമൂഹ്യ മാധ്യമങ്ങളിലും നിറഞ്ഞു. തന്റെ അവസാന ലോകകപ്പ് കളിക്കുന്ന വാർണർ ഇന്നലെ അർധ സെഞ്ചറി സ്വന്തമാക്കുന്നതിനിടെ മറ്റൊരു റെക്കോർഡും സ്വന്തം പേരിലാക്കി. ഓസ്ട്രേലിയക്കായി ടി-20 യിൽ ഏറ്റവുമധികം റൺസ് നേടുന്ന താരം. ഈ റെക്കോർഡ് ഇത് വരെ സുക്ഷിച്ചിരുന്ന മുൻ നായകൻ അരോൺ ഫിഞ്ച് കമന്റേറ്റർ ബോക്സിലുണ്ടായിരുന്നു. അദ്ദേഹവും ചിരിയോടെയാണ് വാർണറുടെ പുതിയ റെക്കോർഡിനെ അഭിനന്ദിച്ചത്.

ചന്ദ്രിക
സ്പോർട്സ്



പാരിസിൽ *കളിച്ചത് പൂർണ ആരോഗ്യത്തോടെയായിരുന്നില്ല. ഉദര സംബന്ധമായ പ്രശ്നങ്ങളുണ്ടായിരുന്നു. ക്വാർട്ടറിൽ അത് കലശലായി. തുടക്കം മുതൽ താളം കിട്ടിയതേയില്ല. പലപ്പോഴും മെഡിക്കൽ സഹായം വേണ്ടി വന്നു. പിന്മാറിയാലോ എന്നും ഇടക്ക് ചിന്തിച്ചു. ഫ്രഞ്ച് ഓപ്പണിൽ കിരീടം സ്വന്തമാക്കാനായിരുന്നു ഞാനെത്തിയത്. പക്ഷേ ആരോഗ്യ പ്രശ്നങ്ങൾ ആത്മവിശ്വാസത്തെ കാര്യമായി ബാധിച്ചു*

–അറീന സബലെങ്ക

BREAKING യൂറോ 2024:ഇംഗ്ലീഷ് സംഘത്തിൽ നിന്നും ജാക് ഗ്രിലിഷ്, ഹാരി മക്ഗ്വയർ എന്നിവർ പുറത്തേക്ക്



ഇന്ന്

ഫ്രഞ്ച് ഓപ്പൺ
ഉച്ചക്ക് 2-30 മുതൽ
സോണി ടെൻ-2
ലൈവ്

ടി-20 ലോകകപ്പ്
നമീബിയ-
സ്ക്കോട്ട്ലൻഡ്
(പുലർച്ചെ 12-30
മുതൽ)
കാനഡ-അയർലൻഡ്
(രാത്രി 8-00 മുതൽ)
സ്റ്റാർ സ്പോർട്സ്
ലൈവ്

സബലെങ്ക റബാകിന പുറത്ത്

പാരീസ്:ഫ്രഞ്ച് ഓപ്പൺ ടെന്നിസ് വനിതാ വിഭാഗത്തിൽ നിന്നും മുഖ്യതാരങ്ങളായ അറീന സബലെങ്കയും എലേന റബാകിനയും പുറത്ത്. ക്വാർട്ടർ ഫൈനലിൽ റഷ്യയിൽ നിന്നുള്ള പതിനേഴുകാരി മിറ ആൻഡ്രീവക്ക് മുന്നിലായിരുന്നു സെബലെങ്ക തോറ്റത്. മൽസരത്തിനിടെ പലപ്പോഴും അസ്വസ്ഥത പ്രകടിപ്പിച്ച സെബലെങ്ക മെഡിക്കൽ സഹായവും തേടി. ഉദര സംബന്ധമായ പ്രശ്നങ്ങൾ താരത്തെ അലട്ടിയിരുന്നതായി പിന്നിട് വ്യക്തമാക്കപ്പെട്ടു. ഒരു വേള മൽസരത്തിൽ നിന്ന് അവർ പിന്മാറുമെന്നും തോന്നി. ലോക റാങ്കിംഗിൽ 38 ൽ നിൽക്കുന്ന ആൻഡ്രീവ ജയിച്ചത് 6-7 (5-7), 6-4, 6-4 എന്ന സ്ക്കോറിന്. 1997 ൽ സ്വിസുകാരി മാർട്ടീന ഹിൻജിസ് യു.എസ് ഓപ്പൺ സെമി ഫൈനലിന് യോഗ്യത നേടിയ ശേഷം ഗ്രാൻഡ്സ്ലാം ചാമ്പ്യൻഷിപ്പിന്റെ സെമിയിലെത്തുന്ന ഏറ്റവും പ്രായം കുറഞ്ഞ താരമെന്ന ബഹുമതിയും അഡ്രീനക്കായി. മറ്റൊരു സൂപ്പർ താരം എലേന റബാകിനയും സെമി കാണാതെ പുറത്തായി. യുവതാരം ജാസ്മിൻ പവോലിനിയായിരുന്നു റബാകിനയെ വീഴ്ത്തിയത്. കഴിഞ്ഞ കുറച്ച് ദിവസങ്ങളിലായി ആരോഗ്യ പ്രയാസങ്ങളുണ്ടായിരുന്നുവെന്നും ക്വാർട്ടർ ഫൈനലിൽ കളിച്ചത് അനാരോഗ്യത്തോടെയായിരുന്നുവെന്നും മൽസര ശേഷം സംസാരിക്കവെ സെബലെങ്ക പറഞ്ഞു. സീസണിലെ ആദ്യ ഗ്രാൻഡ്സ്ലാം ചാമ്പ്യൻഷിപ്പായ ഓസ്ട്രേലിയൻ ഓപ്പണിൽ തകർപ്പൻ വിജയം സ്വന്തമാക്കിയാണ് സെബലെങ്ക ഇവിടെയെത്തിയത്. പുരുഷവിഭാഗത്തിൽ ജർമനിയുടെ അലക്സാണ്ടർ സവറേവും സെമി ഉറപ്പാക്കി. ഓസ്ട്രേലിയക്കാരൻ അലക്സ്ഡിമിനൗറിന്റെ വെല്ലുവിളി അതിജയിച്ചാണ് സവറേവ് തുടർച്ചയായി നാലാം സീസണിലും റോളണ്ട് ഗാരോസിൽ സെമി ഉറപ്പാക്കിയത്. സ്ക്കോർ 6-4, 7-6 (7-5),6-4. ഇഗ സ്വാതിക് വനിതാ വിഭാഗം ഫൈനലിലുമെത്തി. യു.എസ് താരം കോക ഗൗഫിനെ വീഴ്ത്തയായിരുന്നു ഫൈനൽ ബെർത്ത്

സലാം സുനിൽ

ഇന്ത്യക്ക് സമനില , തിരിച്ചടി

കൊൽക്കത്തയിലെ സാൾട്ട്ലെക്ക് സ്റ്റേഡിയത്തിൽ രാജ്യത്തിനായി അവസാന മൽസരം കളിച്ചതിന് ശേഷം കാണികളോട് യാത്ര ചോദിക്കുന്ന ഇന്ത്യൻ നായകൻ സുനിൽ ഛേത്രി. 151 മൽസരങ്ങളിൽ നിന്നായി 94 ഗോളുകൾ സ്ക്കോർ ചെയ്താണ് 39-കാരൻ വിരമിക്കുന്നത്

കൊൽക്കത്ത: സുനിൽ ഛേത്രി എന്ന ഇതിഹാസ നായകന് വിജയത്തിൽ പൊതിഞ്ഞ സുന്ദരമായ യാത്രയയപ്പ് നൽകാൻ സഹതാരങ്ങൾക്കായില്ല. ഇന്ത്യ-കുവൈറ്റ് ലോകകപ്പ് യോഗ്യതാ മൽസരം ഗോൾ രഹിത സമനിലയിൽ കലാശിച്ചപ്പോൾ തിരിച്ചടി ആതിഥേയർക്ക്. 2026 ലോകകപ്പിലേക്കുള്ള യോഗ്യതയുടെ ഏഷ്യൻ മൂന്നാം റൗണ്ടിലെത്തണമെങ്കിൽ അവസാന രണ്ടാം ഗ്രൂപ്പ് മൽസരത്തിൽ ഏഷ്യൻ ചാമ്പ്യന്മാരായ ഖത്തറിനെ തോൽപ്പിക്കണം. ജൂൺ 11 നാണ് ഈ അങ്കം. നിലവിൽ ഗ്രൂപ്പ് എയിൽ ഖത്തറിന് പിറകിൽ ഇന്ത്യക്ക് രണ്ടാം സ്ഥാനമുണ്ട്. പക്ഷേ അഞ്ച് പോയിന്റ് മാത്രമാണ് സമ്പാദ്യം. അഫ്ഗാനും അഞ്ച് പോയിന്റുണ്ട്. കുവൈറ്റിന് നാല് പോയിന്റും. ഇന്ത്യ ഖത്തറിനെ നേരിടുന്ന അതേ ദിവസം കുവൈറ്റും അഫ്ഗാനും നേർക്കുനേർ വരുന്നുണ്ട്. ഈ മൽസര ഫലവും ഇന്ത്യക്ക് നിർണായകമാവും. സ്വന്തം വേദിയായ കൊൽക്കത്തയിലും ഇന്ത്യ ഇന്നലെ നിരാശപ്പെടുത്തി. കുവൈറ്റിനെ അവരുടെ വേദിയിൽ തോൽപ്പിച്ചതിന്റെ 208-ാമത് ദിവസമായിരുന്നു ഇന്നലെ. സുനിൽ ഛേത്രിയുടെ അവസാന മൽസരവും. ഗ്യാലറി നിറയെ കാണികൾ ഒഴുകിയെത്തിയിട്ടും കുവൈറ്റിനെ വെല്ലുവിളിക്കാൻ ഇന്ത്യക്കായില്ല.

ആക്രമണമായിരുന്നു ഇരു ടീമുകളുടെയും മുദ്രാവാക്യം. പ്രതിരോധത്തെക്കുറിച്ച് ചിന്തിക്കാതെ ഗോൾ എന്ന ലക്ഷ്യത്തിലേക്കുള്ള കുതിപ്പ് നാലാം മിനുട്ടിൽ കുവൈറ്റാണ് തുടങ്ങിയത്. ഒമ്പതാം നമ്പറുകാരൻ മുഹമ്മദ് അബ്ദുല്ല ഒറ്റക്കുതിപ്പിൽ ഇന്ത്യൻ ബോക്സിലെത്തി. വലത് കോർണറിൽ നിന്നും അദ്ദേഹം പായിച്ച ഷോട്ട് ഇന്ത്യൻ ഗോൾക്കീപ്പർ ഗുർപ്രീത് കോർണർ കിക്കിന് വഴങ്ങിയാണ് രക്ഷപ്പെടുത്തിയത്. പതിനൊന്നാം മിനുട്ടിലായിരുന്നു ഇന്ത്യയുടെ ആദ്യ മുന്നേറ്റം. പക്ഷേ ചാംഗ്തേ നൽകിയ പാസ് ഉപയോഗപ്പെടുത്താൻ സുനിൽ ഛേത്രിക്കായില്ല. പതിനാലാം മിനുട്ടിൽ നിഖിൽ പുജാരി നൽകിയ പന്തിനെ ഉപയോഗപ്പെടുത്തുന്നതിൽ ചാംഗ്തേയും പരാജയപ്പെട്ടു. ഇരുപതാം മിനുട്ടിൽ കുവൈറ്റ് നായകൻ യൂസൽ അൽ സുലൈമാൻ പായിച്ച ഗ്രൗണ്ടർ ഗുർപ്രീത് കൈകളിലാക്കി. നാല് മിനുട്ടിന് ശേഷം കുവൈറ്റിന്റെ അൽ ഹർബി ലോബ് ചെയ്ത പന്ത് അൽ റാഷിദിക്കാണ് കിട്ടിയത്. ഗുർപ്രീത് അപകടം മനസിലാക്കി മുന്നോട്ട് കയറിയപ്പോൾ അൽ റാഷിദി പന്ത് പോസ്റ്റിലേക്ക് ചിപ്പ് ചെയ്തു. എന്നാൽ പുറത്തേക്കായിരുന്നു പന്തിന്റെ ഗമനം. ജയ്ഗുപ്തയും സഹൽ അബ്ദുൾ സമദും നടത്തിയ നീക്കത്തിൽ ഗ്യാലറിയിൽ ആരവമുയർന്നു. പക്ഷേ സഹലിന്റെ പാസ് കുവൈറ്റ് ഗോൾക്കീപ്പർ അൽനെസി രക്ഷപ്പെടുത്തി.

യാത്ര പറഞ്ഞ് ഇതിഹാസം

കൊൽക്കത്ത: സുനിൽ... സുനിൽ... സുനിൽ.....ഛേത്രി... ഛേത്രി.... സാൾട്ട്ലെക്കിലെ 62,000 ത്തോളം കണ്ഠങ്ങളിൽ നിന്നുയർന്നത് ഈ ശബ്ദം മാത്രമായിരുന്നു. 151 മൽസരങ്ങൾ രാജ്യത്തിന്റെ നീല ജഴ്സിയിൽ പൂർത്തിയാക്കി മടങ്ങുന്ന സൂപ്പർ നായകനുള്ള യാത്രയയപ്പായിരുന്നു ഇന്നലെ അദ്ദേഹത്തിന്റെ പ്രിയ വേദിയിൽ. കോച്ച് ഇഗോർ സ്റ്റിമോക് ക്യാപ്റ്റന്റെ ആംബാൻഡ് സുനിലിന് തന്നെ നൽകി. പൂർണ സമയവും അദ്ദേഹം മൈതാനത്തുണ്ടായിരുന്നു. പക്ഷേ ഒരു ഗോൾ സ്ക്കോർ ചെയ്യാനോ ടീമിന് വിജയം സമ്മാനിക്കാനോ നായകനായില്ല. 151 മൽസരങ്ങളിൽ രാജ്യത്തിനായി ബൂട്ടു കെട്ടി ഗോൾ സമ്പാദ്യം 94 ൽ നിലനിർത്തി 19 വർഷത്തെ രാജ്യാന്തര കളി ജീവിതത്തിന് അദ്ദേഹം അന്ത്യമിട്ടു. ഇന്നലെ എല്ലാ കണ്ണുകളും ഇന്ത്യൻ നായകനിലേക്കായിരുന്നു. വിരമിക്കൽ നേരത്തെ പ്രഖ്യാപിച്ചതിനാൽ ഗ്യാലറിയിൽ സുനിലിന്റെ മുഖംമൂടിയിൽ ആയിരങ്ങൾ. ഇന്ത്യൻ നായകന്റെ കാലുകളിൽ പന്ത് ലഭിക്കുമ്പോൾ കാതടപ്പിക്കുന്ന കരാഘോഷമായിരുന്നു. കളി സമനിലയിൽ അവസാനിച്ചതിന് പിറകെ കുവൈറ്റ് താരങ്ങളും സുനിലിന് അരികിലെത്തി. പിന്നീട് അദ്ദേഹം മൈതാനം വലം വെച്ച് കാണികളോട് യാത്ര പറഞ്ഞു.

ന്യുയോർക്ക് പ്രശ്നമാണ്....

ഇന്ത്യ-പാക്കിസ്താൻ മൽസരവേദി മാറ്റണമെന്ന് ആവശ്യം

ന്യൂയോർക്ക്: ടി-20 ലോകകപ്പിൽ ഞായറാഴ്ച്ച നടക്കാനിരിക്കുന്ന ഇന്ത്യ-പാക്കിസ്താൻ അങ്കം ന്യുയോർക്കിലെ നസാവു കൗണ്ടിയിലെ ഐസൻഹോവർ പാർക്കിൽ നിന്ന് മാറ്റുമോ...? നിലവാരമില്ലാത്ത ഇവിടുത്തെ പിച്ചിനെതിരെ വ്യാപക പരാതി ഉയർന്ന സാഹചര്യത്തിലാണ് ചോദ്യമുയർന്നിരിക്കുന്നത്. ടി-20 ലോകകപ്പിൽ അമേരിക്ക ആതിഥേയത്വം വഹിക്കുന്ന മൂന്ന് നഗരങ്ങളിൽ പ്രധാന മൽസരങ്ങൾ നടക്കുന്നത് ന്യൂയോർക്കിലാണ്. എന്നാൽ ഇവിടെ ഇതിനകം നടന്ന മൽസരങ്ങളെല്ലാം ആദ്യം ബാറ്റ് ചെയ്യുന്നവർക്ക് വലിയ തിരിച്ചടിയാണ്. അപ്രതീക്ഷിതമായ ബൗൺസും പന്ത് വളരെ താഴ്ന്ന് വരുന്നതുമാണ് പ്രശ്നമായി ടീമുകൾ ചൂണ്ടിക്കാട്ടുന്നത്. ഈ വേദിയിൽ ആദ്യം നടന്ന മൽസരത്തിൽ ദക്ഷിണാഫ്രിക്കക്കെതിരെ ന്യുസിലൻഡ് കേവലം 77 റൺസിനാണ് ആദ്യം ബാറ്റ് ചെയ്ത് പുറത്തായത്. ടി-20 ക്രിക്കറ്റിൽ ശ്രീലങ്കക്കാരുടെ ഏറ്റവും ചെറിയ സ്ക്കോറായിരുന്നു ഇത്. ദക്ഷിണാഫ്രിക്ക അനായാസം വിജയിക്കുകയും ചെയ്തു. ഇന്ത്യ അയർലൻഡിനെ എതിരിട്ടതും ഇവിടെ തന്നെ. ആദ്യം ബാറ്റ് ചെയ്യാൻ അയക്കപ്പെട്ട ഐറിഷുകാർ 96 ൽ പുറത്തായി. മൽസരത്തിൽ വിജയിച്ചപ്പോഴും ഇന്ത്യ പിച്ചിനെതിരെ പരാതി ഉയർത്തിയിട്ടുണ്ട്. അപ്രതീക്ഷിത ബൗൺസ് ബാറ്റർമാരുടെ സുരക്ഷിതത്വത്തെ പോലും ബാധിച്ചേക്കാം. ഇന്ത്യയുടെ ജസ്പ്രീത് ബുംറ എറിഞ്ഞ ഒരു പന്ത് ഐറിഷ് ബാറ്ററുടെ ഹെൽമറ്റിൽ തട്ടിയ കാഴ്ച്ച കഴിഞ്ഞ ദിവസം കണ്ടിരുന്നു. ചിലപ്പോൾ പന്ത് വളരെ താഴ്ന്ന് വരുന്നു. ബൗളർമാർ ഇത്തരം പിച്ചുകളിൽ പന്തെറിയാൻ ആഗ്രഹിക്കുന്നവരാണ്. കഴിഞ്ഞ ദിവസം മൽസരാനന്തര ശേഷമുള്ള ടെലിവിഷൻ അവലോകനത്തിൽ ഇന്ത്യൻ മുൻ പേസർമാരായ ഇർഫാൻ പത്താനും ലക്ഷ്മിപതി ബാലാജിയും ഇത്തരത്തിലുള്ള പിച്ചിൽ പന്തെറിയാൻ ഏതൊരു പേസറും മോഹിക്കുമെന്നാണ് അഭിപ്രായപ്പെട്ടത്.

32,000 പേർക്കാണ് ഐസൻഹോവർ പാർക്കിൽ ഇരിപ്പിടം. ഇന്ത്യ-പാക് മൽസരത്തിന്റെ മുഴുവൻ ടിക്കറ്റുകളും വിറ്റഴിഞ്ഞതുമാണ്. ഇനി ഇവിടെ നിന്നും അമേരിക്കയിലെ മറ്റ് മൽസര വേദികളായ ഫ്ളോറിഡയിലേക്കോ ടെക്സാസിലേക്കോ മൽസരം മാറ്റില്ലെന്നാണ് രാജ്യാന്തര ക്രിക്കറ്റ് കൗൺസിൽ പറയുന്നത്. ശനിയാഴ്ച്ചയിലെ മൽസരത്തിന് മുമ്പ് ഇതേ വേദിയിൽ നടക്കുന്ന മൽസരങ്ങൾ കൂടി വിലയിരുത്തിയാവും അന്തിമ തീരുമാനം. ഇന്ത്യ-പാക്കിസ്താൻ മൽസരത്തിനായി പുതിയ പിച്ചാണ് ഒരുക്കുന്നതെന്നാണ് പറയപ്പെടുന്നത്. അതിനാൽ പ്രശ്നങ്ങൾ ഉണ്ടാവില്ലെന്നും സംഘാടകർ സൂചിപ്പിക്കുന്നു.

ലോകകപ്പിലെ 55 മൽസരങ്ങളിൽ 16 അങ്കങ്ങളാണ് അമേരിക്കയിൽ നടക്കുന്നത്. ബാക്കിയെല്ലാ മൽസരങ്ങളും വിൻഡിസിലാണ്. ലോകകപ്പ് മുൻനിർത്തിയാണ് ഐസൻഹോവറിൽ ക്രിക്കറ്റ് സ്റ്റേഡിയം എട്ട് മാസക്കാലയളവിൽ ഉയർത്തിയത്. ഓസ്ട്രേലിയയിൽ നിന്നും പത്ത് തഹോമ പുൽ പിച്ചുകൾ ഫ്ളോറിഡയിലെത്തിച്ച് അവിടെ നിന്നും ന്യൂയോർക്കിലേക്ക് റോഡ് മാർഗ്ഗം കൊണ്ടുവന്ന് രണ്ട് മാസം മുമ്പാണ് പിച്ചുകൾ ഒരുക്കിയത്. ഔട്ട് ഫീൽഡിലാവട്ടെ കെന്റുക്കി പുല്ലാണ് വിരിച്ചിരിക്കുന്നത്. ഇത് ന്യൂജഴ്സിയിൽ നിന്നും കൊണ്ടുവന്നതാണ്. ശ്രീലങ്കയാണ് ആദ്യമായി പിച്ചിനെതിരെ പരാതി ഉയർത്തിയത്. മികച്ച ടീമായിട്ടും അവർ പെട്ടെന്നാണ് പുറത്തായത്. 22 പന്തുകൾ ബാക്കി നിൽക്കെയാണ് ദക്ഷിണാഫ്രിക്കക്ക് മുന്നിൽ അവർ ഓളൗട്ടായത്. ഇന്ത്യയാവട്ടെ അയർലൻഡിനെ ഓൾഔട്ടാക്കിയത് 46 പന്തുകൾ ബാക്കിനിൽക്കവെയാണ്. ടോസ് ലഭിക്കുന്നവർ ആദ്യം ബാറ്റ് ചെയ്യുന്നില്ല. അവർ പ്രതിയോഗികളെ ബാറ്റിംഗിന് അയക്കുന്നു. ഷോട്ട് പിച്ച് പന്തുകൾ തലയോളം ഉയരത്തിലാണ് പറക്കുന്നത്. സാധാരണ പന്തുകൾ പോലും ബാറ്റർമാരുടെ ചുമലിനേളം ഉയരുന്നു. ഐസൻഹോവറിലേത് ചെറിയ ബൗണ്ടറികളാണ്. എന്നിട്ടും അധികം ബൗണ്ടറികളോ സിക്സറുകളോ പിറക്കുന്നില്ല. പലപ്പോഴും കൂറ്റൻ ഗ്രൗണ്ടർ ഷോട്ടുകൾ പോലും അതിർത്തിയിലെത്തുന്നില്ല. ചെറിയ സ്ക്കോറുകളിൽ മൽസരങ്ങൾ പെട്ടെന്ന് അവസാനിക്കുമ്പോൾ ആരാധകരും നിരാശരാണ്.

രോഹിത് ഹാപ്പിയല്ല

ന്യൂയോർക്ക്: ഐസൻഹോവർ പാർക്കിലെ പിച്ചിന്റെ സ്വഭാവം പ്രചവനാതീതമാണെന്നും ഒന്നും പ്രവചിക്കാനാവില്ലെന്നും ഇന്ത്യൻ നായകൻ രോഹിത് ശർമ. അയർലൻഡിനെതിരായ മൽസരത്തിന് ശേഷം സംസാരിക്കവെയാണ് പിച്ചിനെക്കുറിച്ചുള്ള തന്റെ അസംതൃപ്തി ഇന്ത്യൻ നായകൻ പ്രകടിപ്പിച്ചത്. സത്യം പറഞ്ഞാൽ ഈ പിച്ചിൽ നിന്നും എത്ര സ്ക്കോർ നേടാനാവുമെന്ന് ഊഹിക്കാൻ പോലുമാവുന്നില്ല. സാഹചര്യം ഇത് തന്നെയാണെങ്കിൽ അത്തരത്തിൽ തന്നെ ഒരുങ്ങുമെന്നും രോഹിത് പറഞ്ഞു. ശ്രീലങ്കയും ദക്ഷിണാഫ്രിക്കയും തമ്മിൽ ഇതേ ട്രാക്കിൽ നടന്ന മൽസരത്തിൽ പേസർമാർ കരുത്ത് കാട്ടിയതിനാൽ ഇന്ത്യ അയർലൻഡിനെതിരെ മൂന്ന് പ്രധാന സീമർമാരെയും ഓൾറൗണ്ടർ ഹാർദിക് പാണ്ഡ്യയെയുമാണ് രംഗത്തിറക്കിയത്. ബാറ്റിംഗ് ശക്തിപ്പെടുത്താൻ സ്പിൻ ഓൾറൗണ്ടർമാരായ രവീന്ദ്ര ജഡേജക്കും അക്സർ പട്ടേലിനും അവസരം നൽകി. അതിന് കാര്യവുമുണ്ടായി. ഹാർദിക് മൂന്ന് പേരെ പുറത്താക്കിയപ്പോൾ അപകടകാരിയായ ബുംറ ആറ് റൺസ് മാത്രം നൽകി രണ്ട് വിക്കറ്റ് സ്വന്തമാക്കി കളിയിലെ കേമനുമായി.

പാക്കിസ്താൻ പതറി

ഡാലസ്: ടി-20 ലോകകപ്പിൽ പാക്കിസ്താനെ വിറപ്പിച്ച അമേരിക്ക. ടോസ് നഷ്ടമായി ആദ്യം ബാറ്റ് ചെയ്ത പാക്കിസ്താനെ അമേരിക്കൻ യുവസംഘം 159 റൺസിൽ നിയന്ത്രിച്ചു. അവസാന റിപ്പോർട്ട് ലഭിക്കുമ്പോൾ അമേരിക്ക മറുപടിയിൽ ആറ് ഓവറിൽ ഒരു വിക്കറ്റിന് 36 റൺസ് എന്ന നിലയിലാണ്. 30 റൺസ് മാത്രം നൽകി മൂന്ന് വിക്കറ്റ് നേടിയ നോസ്തുഷ് കെനിജെയാണ് പാക് ബാറ്റിംഗിലുടെ കയറിയിറങ്ങിയത്. സൗരബ് നേത്രവാൽകർ രണ്ട് വിക്കറ്റ് നേടിയപ്പോൾ അലിഖാൻ അവസാന ഓവറുകൾ ഗംഭീരമാക്കി. പാക് ബാറ്റിംഗ് നിരയിൽ മൂന്ന് പേരാണ് മിന്നിയത്. നായകൻ ബബർ അസം 43 പന്തിൽ 44 റൺസുമായി ടോപ് സ്ക്കോററായപ്പോൾ ഷദാബ് ഖാൻ 25 പന്തിൽ നാൽപ്പത് റൺസ് നേടി. രണ്ട് കൂറ്റൻ സിക്സറുകളുമായി ഷഹിൻഷാ അഫ്രീദി 16 പന്തിൽ പുറത്താവാതെ 23 റൺസുമായി സ്ക്കോർ 150 കടത്തി. മുഹമ്മദ് റിസ്വാനും ബബറുമായിരുന്നു ഇന്നിംഗ്സിന് തുടക്കമിട്ടത്. എന്നാൽ സിക്സറോടെ തുടങ്ങിയ റിസ്വാനെ ടെയ്ലർ അതിസുന്ദര സ്ലിപ് ക്യാച്ചിൽ മടക്കി. ഉസ്മാൻ ഖാൻ (3),ഫഖാർ സമാൻ (11),അസംഖാൻ (0) ഇഫ്തിക്കാർ അഹമ്മദ് (18) എന്നിവരെല്ലാം നിരാശപ്പെടുത്തി. മൂന്ന് ബൗണ്ടറികളും രണ്ട് സിക്സറുകളുമായി ശാന്തമായാണ് ബബർ കളിച്ചത്.

ഓസീസ് ട്രിക്

ബാർബഡോസ്: 35 പന്തുകളിൽ നിന്നും പുറത്താവാതെ 67 റൺസ് സ്വന്തമാക്കിയ മാർക്കസ് സ്റ്റോനിയിസിന്റെ മികവിൽ ഓസ്ട്രേലിയ ടി-20 ലോകകപ്പിലെ ആദ്യ മൽസരത്തിൽ ഒമാനെ 39 റൺസിന് തകർത്തു. ആദ്യം ബാറ്റ് ചെയ്ത മുൻ ലോക ചാമ്പ്യന്മാർ തുടക്കത്തിലെ പതർച്ചക്ക് ശേഷം അഞ്ച് വിക്കറ്റിന് 164 റൺസ് സ്വന്തമാക്കിയിരുന്നു. ഒമാനാവട്ടെ ഒമ്പത് വിക്കറ്റിന് 125 റൺസാണ് നേടിയത്. മൽസരത്തിന്റെ ആദ്യ ഒമ്പത് ഓവർ സമാപിക്കുമ്പോൾ ഓസ്ട്രേലിയ മൂന്ന് വിക്കറ്റിന് 50 റൺസ് എന്ന നിലയിലായിരുന്നു. നായകൻ മിച്ചൽ മാർഷും കൂറ്റനടിക്കാരൻ ഗ്ലെൻ മാക്സ്വെലും തുടർച്ചയായ പന്തുകളിൽ പുറത്തായ വേള. ഈ ഘട്ടത്തിലാണ് ഓപ്പണർ ഡേവിഡ് വാർണർക്കൊപ്പം സ്റ്റോനിയിസ് എത്തിയത്. വ്യക്തിഗത സ്ക്കോർ ഏഴിൽ സ്റ്റോനിയിസിനെ ഒമാൻ ഫീൽഡർ വിട്ടുകളഞ്ഞിരുന്നു. ഇത് ഉപയോഗപ്പെടുത്തി പിന്നെ അദ്ദേഹം അടിച്ചു തകർത്തു. തന്റെ അവസാന ലോകകപ്പിൽ കളിക്കുന്ന വാർണർക്കൊപ്പം ചേർന്ന് 102 റൺസിന്റെ സഖ്യമാണ് സ്റ്റോനിയിസ് പടുത്തുയർത്തിയത്. പിന്നീട് ഒമാൻ ബാറ്റ് ചെയ്ത വേളയിൽ സ്റ്റോനിയിസ് 19 റൺസ് മാത്രം നൽകി മൂന്ന് വിക്കറ്റും സ്വന്തമാക്കി. 36 റൺസ് നേടിയ അലി ഖാനും 27 റൺസ് സ്വന്തമാക്കിയ മുഹമ്മദ് ഖാനുമാണ് പൊരുതിയത്. സ്റ്റോനിയിസിനെ കൂടാതെ ഓസ്ട്രേലിയക്കായി മിച്ചൽ സ്റ്റാർക്ക് 20 റൺസിനും സ്പിന്നർ ആദം സാംപ 24 റൺസിനും രണ്ട് വീതം വിക്കറ്റുകൾ നേടി.

ട്രോപിക്കൽ ബയോസമ്മിറ്റ് 2024 അന്താരാഷ്ട്ര സമ്മേളനം നാളെ മുതൽ

കോഴിക്കോട്: ഫാറൂഖ് കോളജിലെ സുവോളജി പിജി-ഗവേഷണ വിഭാഗവും സെന്റർ ഫോർ ട്രോപ്പിക്കൽ ബയോഡൈവേഴ്സിറ്റി കൺസർവേഷനുമായി സഹകരിച്ച് അന്താരാഷ്ട്ര സമ്മേളനം ട്രോപിക്കൽ ബയോസമ്മിറ്റ് 2024 നാളെ മുതൽ 10 വരെ ഫാറൂഖ് കോളേജിൽ വെച്ചു നടക്കുന്നു. യു.എ.ഇ ആസ്ഥാനമായ ഇന്റർനാഷണൽ സെന്റർ ഫോർ ബയോസലൈൻ അഗ്രിക്കൾച്ചർന്റെ (ഐസിബിഎ) ആദ്യ എമിറാത്തി വനിത ഡയറക്ടർ ജനറലായ വിശിഷ്ട എമിറാത്തി ശാസ്ത്രജ്ഞ ഡോ. താരിഫ അൽസാബി ഈ സുപ്രധാന പരിപാടി ഉദ്ഘാടനം ചെയ്യും. ഉഷ്ണമേഖലാ ജൈവവൈവിധ്യ മേഖലയെ അഭിസംബോധന ചെയ്യാൻ ലക്ഷ്യമിട്ടുള്ള പരിപാടിയിൽ പ്രമുഖ അന്തർദേശീയ-ദേശീയ ശാസ്ത്രജ്ഞർ പ്രബന്ധങ്ങളും ഗവേഷണങ്ങളും പങ്കുവെക്കും. എംഎസ്എസ്ആർഎഫ് വയനാട്, ജെഎസ്എസ് നിലമ്പൂർ, സി.ഡബ്ല്യൂ.സി.എസ്-ഗുജറാത്ത്, പാൻ ഇന്ത്യ, കാനോപി ജിയോസ്പാഷ്യൽ ഇമീ്യ്യ ഏലിഗുമേശേമഹ എന്നീ പ്രമുഖ ഗവേഷണ സ്ഥാപനങ്ങൾ സമ്മേളനത്തിൽ സഹകരിക്കുന്നുണ്ട്.

ജിടെക് ഗ്ലോബൽ ക്യാമ്പസ് ഉദ്ഘാടനം 9ന്

കോഴിക്കോട്: പ്ലസ്ടു , ഡിഗ്രി കോഴ്സ്കൾ കഴിഞ്ഞവർക്ക് വിദേശ പഠനങ്ങൾക്ക് അവസരമൊരുക്കുന്ന ഗ്ലോബൽ ക്യാമ്പസ് സ്റ്റഡി അബ്രോഡിന്റെ ഉദ്ഘാടനം 9ന് കാലത്ത് 9.30ന് തോട്ടത്തിൽ രവീന്ദ്രൻ എംഎൽഎ നിർവഹിക്കും. പിവി ചന്ദ്രൻ മുഖ്യാതിഥിയാകും. 25 വർഷത്തെ പാരമ്പര്യമുള്ള ജിടെക് ഗ്ലോബൽ എജ്യുക്കേഷന്റെ സഹോദര സ്ഥാപനമായാണ് ഗ്ലോബൽ ക്യാമ്പസ്. ഇതോടനുബന്ധിച്ച് സ്റ്റഡി അബ്രോഡ് സെമിനാറും നടക്കും. ബിജു എം നമ്പ്യാർ മുഖ്യപ്രഭാഷണം നടത്തും. പത്രസമ്മേളനത്തിൽ വൈശാഖ് കെ, പിഎം രമേശ് ബാബു, ബിജു എം നമ്പ്യാർ, സനൂപ് പിഎം പങ്കെടുത്തു.

കേരള വാർത്തകൾ

നൊച്ചാട് അനു കൊലക്കേസ്

5000 പേജുള്ള കുറ്റപത്രം നൽകി പ്രതിയുടെ ഭാര്യ രണ്ടാം പ്രതി

കോഴിക്കോട്: നൊച്ചാട് അനു കൊലക്കേസിൽ കുറ്റപത്രം സമർപ്പിച്ച് പേരാമ്പ്ര പൊലീസ്. 5000 പേജുള്ള കുറ്റപത്രം പേരാമ്പ്ര ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി മുമ്പാകെയാണ് സമർപ്പിച്ചത്. കൊണ്ടോട്ടി സ്വദേശിയായ പ്രതി മുജീബ് റഹ്മാന് എതിരെ കൊലപാതകവും കവർച്ചയുമടക്കം ഒമ്പത് വകുപ്പുകളാണ് കുറ്റപത്രത്തിൽ ചുമത്തിയിരിക്കുന്നത്. തെളിവ് നശിപ്പിക്കാൻ ശ്രമിച്ചതിൽ മുജീബ് റഹ്മാന്റെ ഭാര്യയാണ് കേസിൽ രണ്ടാം പ്രതി. 2024 മാർച്ച് 11നാണ് കേസിനാസ്പദമായ സംഭവം നടന്നത്.

കാണാതായി 24 മണിക്കൂറിന് ശേഷം വീടിന് ഒരു കിലോമീറ്റർ മാത്രം അകലെയുള്ള അള്ളിയോറത്തോട്ടിലാണ് അനുവിന്റെ മൃതദേഹം കണ്ടെത്തിയത്. മുട്ടിന് താഴെ മാത്രം വെള്ളമുള്ള സ്ഥലത്ത് അർധ നഗ്നയായാണ് മൃതദേഹം കിടന്നത്. സ്ഥലത്ത് അസ്വാഭാവിക സാഹചര്യത്തിൽ ചുവന്ന ബൈക്കിൽ ഒരാൾ കറങ്ങിയത് കണ്ടെന്ന് നാട്ടുകാർ പൊലീസിന് മൊഴി നൽകിയതോടെ ഇത് കേന്ദ്രീകരിച്ച് നടത്തിയ അന്വേഷണത്തിലാണ് മലപ്പുറം സ്വദേശി മുജീബ് റഹ്മാൻ പിടിയിലായത്. പിന്നീടുള്ള അന്വേഷണത്തിലാണ് ഇയാൾ കൊടും ക്രിമിനലാണെന്നത് മനസിലായത്. പേരാമ്പ്ര സംഭവത്തിൽ അനുവിനെ തലയ്ക്കടിച്ച് ബോധം കെടുത്തിയാണ് വെള്ളത്തിൽ ചവിട്ടിത്താഴ്ത്തിയത്.

CLICK

തമിഴ്നാട്ടിലെ രാമനാഥപുരം ലോക്സഭാ മണ്ഡലത്തിൽ നിന്നും വൻ ഭൂരിപക്ഷത്തിന് തെരഞ്ഞെടുക്കപ്പെട്ട മുസ്‌ലിം ലീഗ് സ്ഥാനാർത്ഥി നവാസ് കനി പാർട്ടി ദേശീയ പ്രസിഡണ്ട് പ്രൊഫസർ ഖാദർ മൊയ്തിനെ കാണാനെത്തിയപ്പോൾ. തുടർച്ചയായി രണ്ടാം തവണയാണ് നവാസ് കനി രാമനാഥപുരത്തിൽ നിന്നും വലിയ ഭൂരിപക്ഷത്തിൽ ജയിക്കുന്നത്. ഡി.എം.കെയോടൊപ്പം ഇന്ത്യാ മുന്നണിയുടെ സ്ഥാനാർത്ഥിയായി മൽസരിച്ച കനി എ.ഐ.ഡി.എം.കെ, ബി.ജെ.പി സ്ഥാനാർത്ഥികളെ ബഹുദൂരം പിറകിലാക്കിയാണ് വിജയം ഉറപ്പിച്ചത്.

ബി.ജെ.പിക്ക് വളക്കൂറൊരുക്കി സ്വയം പാപ്പരായി സി.പി.എം

ഫൈസൽ മാടായി
കണ്ണൂർ

കേരളത്തിൽ മാത്രമായി തങ്ങൾ ഒതുങ്ങിയേക്കാമെന്ന ചിന്തയും നഷ്ടപ്പെട്ട സി.പി.എം നില പ്രകടമാക്കി പാർലമെന്റ് തിരഞ്ഞെടുപ്പ് ഫലങ്ങൾ. പാപ്പരാകുന്നു വർഗീയ പരാമർശം കൊണ്ട് ബി.ജെ.പിക്ക് വളക്കൂറൊരുക്കി പാർട്ടി തട്ടകങ്ങളിൽ പോലും.

വോട്ടിന്റെ വർധിത ഭൂരിപക്ഷത്തിൽ യു.ഡി.എഫ് തരംഗമുണ്ടാക്കിയ തിരഞ്ഞെടുപ്പിൽ തങ്ങളുടെ കോട്ടകളിൽ പോലും വോട്ട് കുറയാനായ സാഹചര്യമാണ് സി.പി.എം നില പരുങ്ങലിലാക്കുന്നത്. കാലം പുതിയ ആശങ്ങളുടെയും നിർമിതിയുടെയും നവീന ചിന്താഗതികളുമായി പ്രതിരോധത്തിന്റെ രാഷ്ട്രീയം തീർക്കുമ്പോൾ ഭിന്നതയ്ക്ക് ആക്കംകൂട്ടും സി.പി.എം നയങ്ങൾ തന്നെയാണ് സംഘ്പരിവാരത്തിന് വളരാനുള്ള ഊർജം. നവകേരള സൃഷ്ടിക്കായി പുതിയ തലമുറ കൊതിക്കുന്ന ചിന്തകൾക്ക് പകരം അക്രമത്തിന്റെയും ബോംബ് രാഷ്ട്രീയത്തിന്റെയും പാതയിൽ തന്നെയാണ് ഇന്നും സി.പി.എം. ന്യൂനപക്ഷ സ്നേഹം പ്രായോഗികമാക്കുന്നതിൽ ആത്മാർഥയില്ലാതെ വെറും നാട്യമായി മാറുന്നതും ചർച്ചയാകുന്നതിനിടെയാണ് സി.പി.എമ്മിന്റെ വർഗീയ പ്രീണനം. അധികാരം ലക്ഷ്യമാക്കി വോട്ട് രഷ്ട്രിയത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന നയ വൈരുധ്യം നേതാക്കളുടെ ധനാധിപത്യ ഭ്രമവും സംഘ്പരിവാർ ബാന്ധവവും നീക്കുപോക്കും ചർച്ചയാകുന്നതിനിടെ വർഗീയതയ്ക്ക് വഴിമരുന്നാകും പ്രവർത്തനങ്ങളാണ് മറുഭാഗത്ത് നടക്കുന്നത്.

സമൂഹമാധ്യമങ്ങൾ എല്ലാ മേഖലയിലും സ്വാധീനം ചെലുത്തുന്ന കാലത്ത് പാർട്ടി കേന്ദ്രീകൃത സൈബർ, പിആർഒ ഗ്രൂപ്പുകളിലൂടെ അസ്വാരസ്യങ്ങൾക്ക് ഹേതുവാകും കാപ്സ്യൂളുകൾ പടച്ചുവിടാൻ പ്രത്യേക ടീമിനെ തന്നെ ഉപയോഗപ്പെടുത്തുകയാണ് പാർട്ടി നേതൃത്വത്തിന്റെ മൗനാനുവാദത്തോടെ. ടിപി ചന്ദ്രശേഖരൻ വധക്കേസ് ശ്രദ്ധ തിരിക്കാൻ 'മാഷാ അള്ളാഹ്' സ്റ്റിക്കറാണ് പടച്ചുവിട്ടതെങ്കിൽ ഈ തിരഞ്ഞെടുപ്പിന് മുമ്പ് അവസാന മണിക്കൂറിൽ വടകരയിൽ 'കാഫിർ' പ്രയോഗത്തിലൂടെ മതേതര കേരളത്തിൽ കലാപത്തിന് വിത്തിടും സ്റ്റാറ്റസും പോസ്റ്ററും കൊണ്ട് അപകടകരമായ സാഹചര്യമൊരുക്കുകയായിരുന്നു സിപി.എം. തങ്ങൾക്കനുകൂല വോട്ട് ലക്ഷ്യമാക്കി സിപി.എം ആസൂത്രണം ചെയ്ത കാഫിർ പ്രയോഗ പ്രചാരണം മുഖ്യമായും സംഘ്പരിവാറിനെ പ്രതീപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെയായിരുന്നു. മതേതര ചേരിയിൽ വിള്ളലുണ്ടാക്കി വടകരയിൽ തങ്ങൾക്കനുകൂല ട്രെന്റുണ്ടാക്കുകയായിരുന്നു സിപി.എം ലക്ഷ്യം. സമ്പ്രദായത്തെ പോലെ മത സംഘടനകളിലും വിള്ളലുണ്ടാക്കി പൊന്നാനിയിലും മലപ്പുറത്തും മുസ്‌ലിംലീഗിനെതിരായ വികാരമുണ്ടാക്കിയതിന് പിന്നിലും സിപി.എം വഹിച്ച പങ്ക് ചെറുതല്ല. ഫെയ്ക് ഐഡിയിലൂടെ സമസ്തയിലെയും മുസ്‌ലിം ലീഗിലെയും പ്രവർത്തകരെന്ന പേരിൽ അസ്വാരസ്യം സൃഷ്ടിക്കാനുള്ള സി.പി.എം കേന്ദ്രങ്ങളുടെ ശ്രമവും പാളുകയായിരുന്നു. തിരഞ്ഞെടുപ്പ് ഫലം പുറത്ത് വന്നപ്പോൾ തകർന്നടിഞ്ഞതും സിപി.എം പ്രയോഗിച്ച തന്ത്രങ്ങളായിരുന്നു. ഇത്തരം വർഗീയപരവും മതേതര ചേരിയിൽ ഭിന്നതയും സൃഷ്ടിച്ച സി.പി.എം നിലപാടും അധികാരത്തിന്റെ സുഖലോലുപതയിൽ കേരളത്തിലെ സമാധാനാന്തരീക്ഷമൊരുക്കുന്നതിൽ ശ്രദ്ധയില്ലാത്ത ഭീഷണിയായ ഭരണ വൈകല്യവുമാണ് ബിജെപിയുൾപ്പെടെ സംഘ്പരിവാർ ശക്തികൾക്ക് വളർച്ചയുണ്ടാക്കുന്നതിലേക്ക് വഴിവച്ചത്. സി.പി.എമ്മിന്റെ വികലമായ നയങ്ങളുടെ ഗുണഫലം തന്നെയാണ് തൃശ്ശൂരിൽ ബിജെപിക്ക് പാർലമെന്റ് തിരഞ്ഞെടുപ്പിൽ ജയിച്ച് കയറാനും കണ്ണൂരിലുൾപ്പെടെ പാർട്ടി ശക്തി കേന്ദ്രങ്ങളിൽ ഒരു ലക്ഷത്തിന് മുകളിൽ വോട്ട് നേടുന്നതിലേക്കുമെത്തിച്ചത്. അതേസമയം കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിൽ മുഖ്യമന്ത്രിയുൾപ്പെടെ സി.പി.എം സ്ഥാനാർഥികൾ വൻ ഭൂരിപക്ഷത്തിന് വിജയിച്ച മണ്ഡലങ്ങളിൽ ഇത്തവണ പാർലമെന്റ് തിരഞ്ഞെടുപ്പിൽ ഇടത് സ്ഥാനാർഥി നേടിയത് രണ്ടായിരത്തിനും മൂവായിരത്തിനും താഴെ വോട്ടുകൾ മാത്രമാണ്. ഈ മണ്ഡലങ്ങളിലെ വോട്ടുകളിൽ യു.ഡി.എഫ് ഭൂരിപക്ഷമുയർത്തിയ വിജയത്തിനൊപ്പം ബി.ജെ.പിയും ചരിത്രത്തിൽ ആദ്യമായി വോട്ട് നില ഉയർത്തുകയായിരുന്നു.

വടകരയിൽ ഇത്തവണ സി.പി.എം തൊടുത്തുവിട്ട വർഗീയ പരാമർശങ്ങൾ തള്ളി ജനം യു.ഡി.എഫിനെ വിജയിപ്പിച്ചെങ്കിലും കണ്ണൂരിലും വടകരയിലും കോഴിക്കോട്ടും ബി.ജെ.പിക്ക് വലിയ വോട്ട് വർധനവാണുണ്ടായത്. കേന്ദ്രത്തിൽ ഇന്ത്യ മുന്നണിയുടെ ഭാഗമായ പാർട്ടിയുടെ സമീപനമാണ് ബിജെപിക്ക് വോട്ട് വർധനവുണ്ടാക്കിയതെന്നതും ചർച്ച ചെയ്യേണ്ട വിഷയമാണ്. മതേതര ചേരിയെ വർഗീയമായി ധ്രുവീകരിക്കുന്ന സി.പി.എം തന്ത്രം കേരളത്തിൽ ബി.ജെ.പി വലിയ തോതിൽ പറ്റിയില്ലെങ്കിലും സി.പി.എം ആസൂത്രണം ചെയ്ത തന്ത്രങ്ങൾ ബി.ജെ.പിക്ക് അനുകൂലമാകുകയായിരുന്നു.

പ്രഥമ ഡോ. എ യൂനുസ്കുഞ്ഞ് സ്മാരക മാധ്യമ അവാർഡുകൾ പ്രഖ്യാപിച്ചു

കൊല്ലം: പ്രമുഖ കശുവണ്ടി വ്യവസായിയും നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമയും മുൻ എംഎൽഎയുമായിരുന്ന ഡോ. എ.യൂനുസ് കുഞ്ഞിന്റെ സ്മരണയ്ക്കായി ഫാത്തിമ മെമ്മോറിയൽ ട്രസ്റ്റും കൊല്ലം പ്രസ് ക്ലബ്ബും സംയുക്തമായി ഏർപ്പെടുത്തിയ പ്രഥമ മാധ്യമ അവാർഡുകൾ പ്രഖ്യാപിച്ചു. കേരളത്തിലെ വ്യവസായമേഖലയുമായി ബന്ധപ്പെട്ട മികച്ച റിപ്പോർട്ടുകളാണ് അവാർഡിനായി പരിഗണിച്ചത്. പത്രമാധ്യമ അവാർഡിന് ദി ഹിന്ദു ആലപ്പുഴ ബ്യൂറോയിലെ പ്രിൻസിപ്പൽ കറസ്പോണ്ടന്റ് സാം പോളും ദൃശ്യമാധ്യമ അവാർഡിന് മാതൃഭൂമി ന്യൂസ് കൊല്ലം ബ്യൂറോ സീനിയർ ചീഫ് റിപ്പോർട്ടർ കണ്ണൻ നായരും അർഹനായി. 'നീര' എന്ന ഉൽപന്നത്തിന്റെ സാധ്യതകളെക്കുറിച്ചുള്ളതാണ് സാം പോളിന്റെ സ്റ്റോറി. 'കശുവണ്ടി മേഖലയെ കരകയറ്റാൻ' എന്ന സ്റ്റോറിയാണ് കണ്ണൻ നായരെ അവാർഡിന് അർഹനാക്കിയത്. 25000 രൂപയും ഫലകവും അടങ്ങുന്നതാണ് അവാർഡ്. രവീന്ദ്രനാഥൻ നായർ, സരിത വർമ്മ, കെ രാഘവൻ എന്നിവരടങ്ങുന്ന ജൂറിയാണ് പത്രമാധ്യമ അവാർഡ് നിർണയിച്ചത്. ജേക്കബ് ജോർജ്, ഡോ. ടി കെ സന്തോഷ് കുമാർ, ഡോ. ബൈജു ചന്ദ്രൻ എന്നിവരടങ്ങുന്ന ജൂറിയാണ് ദൃശ്യമാധ്യമ അവാർഡ് നിർണയിച്ചത്. കൊല്ലം പ്രസ്സ് ക്ലബ്ബിൽ നടന്ന വാർത്താസമ്മേളനത്തിൽ ഫാത്തിമ മെമ്മോറിയൽ എഡ്യൂക്കേഷണൽ ട്രസ്റ്റ് സെക്രട്ടറി നൗഷാദ് യൂനുസ്, ജൂറി അംഗം രവീന്ദ്രനാഥൻ നായർ, പ്രസ് ക്ലബ്ബ് സെക്രട്ടറി സനൽ ഡി പ്രേം എന്നിവർ പങ്കെടുത്തു.

അപകീർത്തി കേസിൽ സ്വപ്ന സുരേഷിന് ജാമ്യം

തളിപ്പറമ്പ്: സി.പി.എം സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദൻ നൽകിയ അപകീർത്തി കേസിൽ സ്വപ്ന സുരേഷിന് ജാമ്യം. ഇന്നലെ രാവിലെ 11 ഓടെയാണ് തളിപ്പറമ്പ് മജിസ്ട്രേറ്റ് കോടതിയിലെത്തിയത്. ബെംഗളൂരുവിലെ ഒരു ഹോട്ടലിൽ നടത്തിയ ചർച്ചയിൽ വിജേഷ് പിള്ള മുഖ്യമന്ത്രി പിണറായി വിജയനും കുടുംബത്തിനുമെതിരെ ആരോപണമുന്നയിക്കുന്നതിൽനിന്ന് താൻ പിൻമാറണമെന്നും അതിന് 30 ലക്ഷം രൂപ നൽകാമെന്നും എം.വി ഗോവിന്ദനുവേണ്ടി ദൂതനായെത്തി തന്നോട് പറഞ്ഞുവെന്നായിരുന്നു സ്വപ്ന സുരേഷ് ഫെയ്സ് ബുക്ക് വഴി വെളിപ്പെടുത്തിയിരുന്നത്. സ്വപ്ന സുരേഷും വിജേഷ് പിള്ളയും സംസാരിക്കുന്നതിന്റെ ദൃശ്യവും പുറത്തുവിട്ടിരുന്നു.

ഇതിനെതിരെയാണ് എംവി ഗോവിന്ദൻ തളിപ്പറമ്പ് ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ട് കോടതിയിൽ മാനനഷ്ട കേസ് ഫയൽ ചെയ്തത്. അഭിഭാഷകരായ കൃഷ്ണരാജ്, ഷീമ എന്നിവർ സ്വപ്നക്കുവേണ്ടി കോടതിയിൽ ഹാജരായി.

അതിനിടെ എംവി ഗോവിന്ദനെതിരായുള്ള ആരോപണത്തിൽ ഉറച്ചുനിൽക്കുന്നുവെന്ന് സ്വപ്ന സുരേഷ് പിന്നീട് മാധ്യമപ്രവർത്തകരോട് പറഞ്ഞു. മുഖ്യമന്ത്രിക്കും കുടുംബത്തിനുമെതിരെ ഒട്ടേറെ ആരോപണങ്ങൾ ഉന്നയിച്ചിട്ടും പ്രതികരിക്കാനോ കേസ് നൽകാനോ തയ്യാറാവാത്ത മുഖ്യമന്ത്രി, എംവി ഗോവിന്ദൻ കാണിച്ച ധൈര്യം കാണിക്കണമെന്ന് സ്വപ്നയുടെ അഭിഭാഷകൻ മാധ്യമപ്രവർത്തകരാട് പറഞ്ഞു.

വോട്ടർപട്ടിക പുതുക്കൽ തുടങ്ങി

21 വരെ വോട്ടർപട്ടികയിൽ പേര് ചേർക്കാം

തിരുവനന്തപുരം: തദ്ദേശസ്ഥാപനങ്ങളിലെ വോട്ടർപട്ടികയുടെ സംക്ഷിപ്ത പുതുക്കലിനുള്ള കരട് വോട്ടർപട്ടിക പ്രസിദ്ധീകരിച്ചു. അന്തിമ വോട്ടർപട്ടിക ജൂലൈ ഒന്നിന് പ്രസിദ്ധീകരിക്കും. കരട് വോട്ടർപട്ടിക എല്ലാ തദ്ദേശസ്ഥാപനങ്ങളിലും വില്ലേജ്, താലൂക്ക് ഓഫീസുകളിലും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ lec.kerala.gov.in വെബ്സൈറ്റിലും പരിശോധനയ്ക്ക് ലഭിക്കും.

ജൂൺ 21 വരെ വോട്ടർപട്ടികയിൽ പേര് ചേർക്കാൻ അവസരമുണ്ടാകും. 2024 ജനുവരി ഒന്നിനോ അതിന് മുൻപോ 18 വയസ്സ് പൂർത്തിയായവർക്ക് വോട്ടർപട്ടികയിൽ പേര് ചേർക്കാം. ഉപതിരഞ്ഞെടുപ്പ് നടക്കാനുള്ള 50 വാർഡുകൾ ഉൾപ്പെടെ സംസ്ഥാനത്തെ മുഴുവൻ തദ്ദേശസ്ഥാപനങ്ങളിലെയും വോട്ടർപട്ടികയാണ് പുതുക്കുന്നത്. ഉപതിരഞ്ഞെടുപ്പുള്ള 50 വാർഡുകളിലെ പ്രവാസി ഭാരതീയർക്കും വോട്ടർപട്ടികയിൽ പേരു ചേർക്കാം.

വോട്ടർപട്ടികയിൽ പുതുതായി പേരു ചേർക്കുന്നതിനും (ഫാറം 4) അപേക്ഷ, ഉൾക്കുറിപ്പുകൾ തിരുത്തുന്നതിനും (ഫാറം 6), സ്ഥാനമാറ്റം വരുത്തുന്നതിനും (ഫാറം 7) സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ sec.kerala.gov.in വെബ്സൈറ്റിൽ ഓൺലൈനായി അപേക്ഷിക്കണം. അക്ഷയ സെന്റർ തുടങ്ങിയ സർക്കാർ അംഗീകൃത ജനസേവന കേന്ദ്രങ്ങൾ മുഖേനയും അപേക്ഷിക്കാം. ഓൺലൈനായി അപേക്ഷിക്കുമ്പോൾ ഹിയറിംഗിനുള്ള കമ്പ്യൂട്ടർ ജനറേറ്റഡ് നോട്ടീസ് ലഭിക്കും. നോട്ടീസിൽ പറഞ്ഞിട്ടുള്ള തീയതിയിൽ ആവശ്യമായ രേഖകൾ സഹിതം ഹിയറിംഗിന് നേരിട്ട് ഹാജരാകണം.

വോട്ടർപട്ടികയിൽ പേര് ഒഴിവാക്കുന്നത് സംബന്ധിച്ച ആക്ഷേപങ്ങൾ (ഫാറം 5) ഓൺലൈനായി രജിസ്റ്റർ ചെയ്യുകയും അതിന്റെ പ്രിന്റൗട്ടിൽ അപേക്ഷകൻ ഒപ്പിട്ട് നേരിട്ടോ തപാലിലൂടെയോ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർക്ക് സമർപ്പിക്കണം. ഓൺലൈൻ മുഖേന അല്ലാതെയും നിർദ്ദിഷ്ട ഫാറത്തിൽ ഇലക്ഷൻ രജിസ്ട്രേഷൻ ഓഫീസർക്ക് അപേക്ഷിക്കാവുന്നതാണ്.

ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും അതാത് സ്ഥാപനങ്ങളിലെ സെക്രട്ടറിമാരും കോർപ്പറേഷനുകളിൽ അഡീഷണൽ സെക്രട്ടറിയുമാണ് ഇലക്ഷൻ രജിസ്ട്രേഷൻ ഓഫീസർമാർ. ഇലക്ഷൻ രജിസ്ട്രേഷൻ ഓഫീസർമാർ അപേക്ഷകളിലും ആക്ഷേപങ്ങളിലും സ്വീകരിക്കുന്ന നടപടിക്കെതിരെ ഉത്തരവ് തീയതി മുതൽ 15 ദിവസത്തിനകം തദ്ദേശസ്വയംഭരണവകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർക്ക് അപ്പീൽ നൽകാം.

മാനേജ്മെന്റ് ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ്: 10 വരെ അപേക്ഷിക്കാം

തിരുവനന്തപുരം: 2024-25 അധ്യയന വർഷത്തെ എം.ബി.എ പ്രവേശനത്തിനുള്ള കമ്പ്യൂട്ടർ അധിഷ്ഠിത പ്രവേശന പരീക്ഷയായ കേരള മാനേജ്മെന്റ് ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് പ്രവേശന പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ജൂൺ 10ന് വൈകിട്ട് ആറു വരെയായി ദീർഘിപ്പിച്ചു. യോഗ്യരായ വിദ്യാർഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റ് വഴി അപേക്ഷ സമർപ്പിക്കണം. വിശദവിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കുന്നതിനും പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിൽ ജൂൺ 30 ന് പ്രസിദ്ധീകരിച്ച വിജ്ഞാപനം കാണുക. ഹെൽപ് ലൈൻ നമ്പർ : 0471 2525300.

ഡിഫാം ഫലം പ്രസിദ്ധീകരിച്ചു

തിരുവനന്തപുരം: മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഫെബ്രുവരി 2024 ൽ നടത്തിയ ഡിഫാം പാർട്ട് I (റെഗുലർ/ സപ്ലിമെന്ററി) പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ www.dme.kerala.gov.in) എന്ന വെബ്സൈറ്റിൽ ലഭിക്കും.

നാലുവർഷ ഡിഗ്രി റഗുലേഷൻ ഏകപക്ഷീയമായി പാസാക്കി സെനറ്റ്

തേഞ്ഞിപ്പലം: കാലിക്കറ്റ് സർവകലാശാലയിൽ കഴിഞ്ഞ ദിവസം നടന്ന സെനറ്റ് യോഗത്തിൽ ഇടതുപക്ഷക്കാരുടെ ഭൂരിപക്ഷത്തിന്റെ ബലത്തിൽ നാലുവർഷ ഡിഗ്രിയുമായി ബന്ധപ്പെട്ട റെഗുലേഷൻ ഏകപക്ഷിയമായി അംഗീകരിച്ചു. ചർച്ച ചെയ്യണമെന്ന യു.ഡി.എഫ് സെനറ്റ് അംഗങ്ങളുടെ ആവശ്യം അംഗീകരിക്കാൻ വൈസ് ചാൻസലർ തയ്യാറായില്ല. ഓരോ കാര്യങ്ങളും വിശദമായി ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടു സെനറ്റ് അംഗങ്ങളായ ഡോ. റഷീദ് അഹമ്മദ്, ഡോ. ആബിദാ ഫാറൂഖി, വി.കെ.എം ഷാഫി, ഡോ. അൻവർ ഷാഫി, ലെഫ്റ്റനന്റ് കേണൽ ഡോ. അബ്ദുൽ ജബ്ബാർ, സി.പി ഹംസ, അഡ്വ. എൻ.എ കരീം, ഗഫൂർ കാട്ടി, എം.എസ്.എഫ് സെനറ്റംഗളായ റഹീസ് ആലുങ്ങൽ കെ.പി അമീൻ റാഷിദ്, റുമൈസ റഫീഖ്, ജി. ഷഫീൽ എന്നിവർ രംഗത്തെത്തി.

നാലുവർഷ ഡിഗ്രിയിൽ നാലാം വർഷത്തിൽ 75% മാർക്കുള്ളവർക്ക് മാത്രമേ പ്രവേശനം നൽകുവെന്ന് നിയമമുള്ളതിനാൽ സംവരണ വ്യവസ്ഥക്ക് അനുസരിച്ച് പ്രവേശനം ലഭിക്കില്ല. ഇന്റേണൽണൽ മാർക്ക് തിരുത്താൻ ആർക്കും അധികാരമില്ലെന്ന് പറയുമ്പോഴും പരീക്ഷാ കൺട്രോളർക്ക് അധികാരം നൽകുന്നത് വിവേചനത്തിന് വഴിയൊരുക്കും. അധ്യാപകരുടെ ജോലിഭാരം കുറയുന്നതിനാൽ ചില തസ്തികൾ നഷ്ടപ്പെടും എന്ന ആശങ്കയും ഉയർന്നിട്ടുണ്ട്. സിലബസ് അതത് കോളജ് അധ്യാപകർക്ക് തയ്യാറാക്കാം എന്നതിനാൽ സ്വന്തമായ താൽപര്യങ്ങൾ കടന്നുകൂടും. 1,3,5 സെമസ്റ്റർ മൂല്യനിർണയം അതത് കോളജുകൾക്ക് വിട്ടുകൊടുക്കുന്നത് വിദ്യാർഥികൾക്കിടയിൽ വ്യാപക പരാതിക്കിടയാക്കും എന്ന ആശങ്കകൾ ഒന്നും സെനറ്റ് യോഗത്തിൽ ചർച്ച ചെയ്യാത്തതിനെതിരെ ആയിരുന്നു ലീഗ് എം.എസ്.എഫ് സെനറ്റംഗങ്ങളുടെ പ്രതിഷേധ സമരം. നേരത്തെ നടന്ന സെനറ്റ് യോഗത്തിൽ നാലുവർഷ ഡിഗ്രിയുമായി ബന്ധപ്പെട്ട റഗുലേഷൻ സെനറ്റ് അംഗീകരിച്ചതിനുശേഷം കോളജുകളിൽ അപേക്ഷ ക്ഷണിക്കുമെന്നായിരുന്നു വൈസ് ചാൻസലറുടെ മറുപടി. എന്നാൽ ഇതിന് വിപരീതമായി റഗുലേഷന് അംഗീകാരം ലഭിക്കുന്നതിന് മുമ്പേ അഫിലിയേറ്റഡ് കോളജുകളിൽ നാലുവർഷ ഡിഗ്രി തുടങ്ങുന്നതിന് സർവകലാശാല വിജ്ഞാപനം ഇറക്കിയിരുന്നു. സിലബസ് ഒന്നുമില്ലാതെ എങ്ങനെയാണ് വിദ്യാർഥികൾ പഠിക്കുകയെന്ന് എം.എസ്.എഫ് സെനറ്റ് അംഗങ്ങൾ വൈസ് ചാൻസലറോട് ചോദിച്ചെങ്കിലും അദ്ദേഹം മറുപടി പറയാൻ തയ്യാറായിരുന്നില്ല. എന്നാൽ ഇടതുപക്ഷ സെനറ്റംഗങ്ങൾ ലീഗ്, എം.എസ്.എഫ് സെനറ്റംഗങ്ങൾക്ക് എതിരെ പ്രതിഷേധവുമായി രംഗത്തുവന്നതോടെ സംഘർഷത്തിലേക്ക് കടന്നു. ഭൂരിപക്ഷം ഇടതുപക്ഷ അംഗങ്ങളും ലീഗ് എം.എസ്.എഫ് സെനറ്റ് അംഗങ്ങൾക്കെതിരെ പോർവിളികളുമായി രംഗത്ത് വന്നു. തുടർന്ന് സെനറ്റ് യോഗത്തിലെ ഇരിപ്പിടങ്ങളിൽനിന്ന് എഴുന്നേറ്റ ലീഗ് -എം.എസ്.എഫ് സെനറ്റ് അംഗങ്ങൾ വൈസ് ചാൻസലറുടെ ചേമ്പറിന് മുന്നിൽ പോയി വിശദമായ ചർച്ചകൾക്ക് ശേഷമേ നാലുവർഷ ഡിഗ്രി റെഗുലേഷൻ അംഗീകരിക്കാവൂ എന്ന് ഡോ. റഷീദ് അഹമ്മദ് ഉൾപ്പെടെയുള്ളവർ വി.സിയോട് പറഞ്ഞു. ചർച്ച ചെയ്യാമെന്ന് വി.സിയുടെ ഉറപ്പിൽ സെനറ്റ് അംഗങ്ങൾ സീറ്റുകളിലേക്ക് മടങ്ങിയെങ്കിലും റഗുലേഷൻ മാറ്റം വരുത്തണമെങ്കിൽ അടുത്ത അക്കാദമിക് കൗൺസിൽ യോഗത്തിൽ മാത്രമേ കഴിയൂ എന്ന് വി.സി നിലപാടെടുത്തു. എതിർപ്പുകൾക്കിടയിൽ നാലുവർഷ ഡിഗ്രി റഗുലേഷൻ അംഗീകരിച്ചു. ഡിഗ്രിക്ക് അപേക്ഷ ക്ഷണിച്ചത് ഇന്ന് അവസാനിക്കുമെന്നിരിക്കെ ഒരാ

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂൺ 07 വെള്ളി
ഗൾഫ് ചന്ദ്രിക

സ്കൂൾ വാൻ താഴ്ചയിലേക്കു മറിഞ്ഞു ഡ്രൈവർക്കും വിദ്യാർഥികൾക്കും പരിക്ക്

കൊണ്ടോട്ടി: മുസ്‌ലിയാരങ്ങാടിയിൽ സ്കൂൾ വാൻ താഴ്ചയിലേക്കു മറിഞ്ഞു ഡ്രൈവർക്കും വിദ്യാർഥികൾക്കും പരിക്ക്. ഇന്നലെ രാവിലെ 9 മണിയോടെയാണ് സംഭവം. മൊറയൂർ വി.എച്ച്.എം ഹയർ സെക്കന്ററി സ്കൂളിലെ വാഹനമാണ് അപകടത്തിൽപ്പെട്ടത്.

സംഭവത്തിൽ 13 പേർക്ക് പരിക്കേറ്റു. മുസ്‌ലിയാരങ്ങാടി ഒഴുകൂർ റോഡിൽ കുമ്പളപറമ്പ്, കീരൻ കുണ്ടിൽ എത്തവെ ബസ് റോഡിന്റെ ഒരു വശത്തുനിന്നു ചെറിയ താഴ്ചയിലേക്കു മറിയുകയായിരുന്നു. തലകീഴായി മറിഞ്ഞ വാൻ മരത്തിൽ തട്ടിനിന്നു. നാട്ടുകാർ ഓടികൂടി രക്ഷാപ്രവർത്തനങ്ങൾ നടത്തി. ഡ്രൈവർ ഷെറിൻ, വിദ്യാർഥികളായ ഫാത്തിമ സജ (12), ആഷിർ (11) ഷെഹ്മ (12), സെൻഹഫാത്തിമ (15),അലിഫ് ഷാൻ(11)ഷാദിൽ (12),അദ്നാൻ (14),ലിയ ഫാത്തിമ(14) ഷദ ഫാത്തിമ(13),ഫാത്തിമ ഫിദ (11) ഹിബ ഫാത്തിമ(11) ഷിബിൻ റോഷൻ (13) എന്നിവർക്കാണ് പരിക്കേറ്റത്. ഇവരെ കൊണ്ടോട്ടിയിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ആരുടെയും പരുക്ക് ഗുരുതരമല്ല പൊലീസ് സ്ഥലത്തെത്തി.

മുസ്‌ലിയാരങ്ങാടിയിൽ സ്കൂൾ വാൻ താഴ്ചയിലേക്കു മറിഞ്ഞ നിലയിൽ

മലപ്പുറം വാർത്തകൾ

മലപ്പുറം ലോക്സഭാ അംഗമായി തിരഞ്ഞെടുക്കപ്പെട്ട ഇ.ടി മുഹമ്മദ് ബഷീർ മലപ്പുറം ജില്ലാ കലക്ടർ വി.ആർ വിനോദിൽ നിന്നും സർട്ടിഫിക്കറ്റ് ഏറ്റുവാങ്ങുന്നു

പൊന്നാനി ലോക്സഭാ അംഗമായി തിരഞ്ഞെടുക്കപ്പെട്ട ഡോ. എം.പി അബ്ദുസ്സമദ് സമദാനി എ.ഡി.എം കെ മണികണ്ഠനിൽ നിന്നും സർട്ടിഫിക്കറ്റ് ഏറ്റുവാങ്ങുന്നു

കടപുഴകി ഇടതുമുന്നണി
ജില്ലയിലെ തദ്ദേശ സ്ഥാപനങ്ങളും പിഴുതെറിഞ്ഞു

മലപ്പുറം: ജില്ലയിൽ വിസ്മയ വിജയം കൈവരിച്ച യു.ഡി.എഫിനൊപ്പം 16 മണ്ഡലങ്ങളിലെ തദ്ദേശ സ്ഥാപനങ്ങളും ഇടതിനെ കൈവിട്ടു. നിയമസഭ മണ്ഡലങ്ങൾ പൂർണമായും വൻ ഭൂരിപക്ഷത്തിൽ യു.ഡി.എഫിനൊപ്പമാണ്. കൂടാതെ മുഴുവൻ തദ്ദേശ സ്ഥാപനങ്ങലിലും യു.ഡി.എഫ് തേരോട്ടം. ഇടതുമുന്നണി ഞെട്ടിത്തരിച്ചിരിക്കുകയാണ്. അടുത്ത വർഷം നടക്കുന്ന തദ്ദേശ തിരഞ്ഞെടുപ്പിൽ യു.ഡി.എഫ് തൂത്തുവാരുമെന്നതിന്റെ സൂചന കൂടിയായി ഇത്തവണത്തെ വൻവിജയം. നിസാര വോട്ടുകൾക്ക് രണ്ടു പഞ്ചായത്തുകൾ നഷ്ടപ്പെട്ടതൊഴിച്ചാൽ 116ൽ 114 ഉം യു.ഡി.എഫ് വലിയ മുന്നേറ്റമാണുണ്ടാക്കിയത്. 2020 തദ്ദേശ തിരഞ്ഞെടുപ്പിൽ 94 ഗ്രാമപഞ്ചായത്തുകളിൽ 68ൽ മാത്രമാണ് യു.ഡി.എഫ് ഭരണം പിടിച്ചിരുന്നത്. എന്നാൽ അത് ഇത്തവണ 92 പഞ്ചായത്തുകളായി ഉയർന്നു. നഗരസഭയുടെ കണക്കുകളിലേക്ക് വന്നാൽ 2020ൽ 12 നഗരസഭകളിൽ 9 എണ്ണത്തിലാണ് യു.ഡി.എഫ് ഭരണമുറപ്പിച്ചിരുന്നത്. എന്നാൽ ഈ തിരഞ്ഞെടുപ്പിൽ 12 നഗരസഭകളിലും യു.ഡി.എഫിന് സർവാധിപത്യമാണ്. ശക്തമായ എൽ.ഡി.എഫ് കോട്ടകളിൽ പോലുമുണ്ടായ തകർച്ച വലിയ തിരിച്ചടിയാണ് ഇടതു മുന്നണിക്കുണ്ടാക്കിയത്.
കണക്കുകൾ താഴെ:

92 പഞ്ചായത്തുകളിലും 12 നഗരസഭകളിലും യു.ഡി.എഫ് തേരോട്ടം

മലപ്പുറം ലോക്സഭ

വേങ്ങര
എ.ആർ നഗർ 9184
കണ്ണമംഗലം 9811
ഊരകം 6729
വേങ്ങര 13369
പറപ്പൂർ 8616
ഒതുക്കുങ്ങൽ 8708

മലപ്പുറം
മലപ്പുറം നഗരസഭ 13,340
പൂക്കോട്ടൂർ 9068
ആനക്കയം 9352
കോഡൂർ 7,463
മൊറയൂർ 8,592
പുൽപറ്റ 6,224

കൊണ്ടോട്ടി
കൊണ്ടോട്ടി നഗരസഭ 13782
വാഴയൂർ (–168 വോട്ടിന് മാത്രം പിന്നിൽ)

വാഴക്കാട് 9152
മുതവല്ലൂർ 4616
ചീക്കോട് 7453
പുളിക്കൽ 6039

മഞ്ചേരി
മഞ്ചേരി നഗരസഭ 16575
തൃക്കലങ്ങോട് 6383
പാണ്ടിക്കാട് 7956
കീഴാറ്റൂർ 6466
എടപ്പറ്റ 4878
ചെറുകാവ് 4113

പെരിന്തൽമണ്ണ
പെരിന്തൽമണ്ണ നഗരസഭ 2388
മേലാറ്റൂർ 3759
വെട്ടത്തൂർ 4653
താഴേക്കോട് 6366
ആലിപ്പറമ്പ് 6262

പുലാമന്തോൾ 2446
ഏലംകുളം 1029

വള്ളിക്കുന്ന്
ചേലേമ്പ്ര 4484
പള്ളിക്കൽ 7391
പെരുവള്ളൂർ 7095
തേഞ്ഞിപ്പലം 2898
വള്ളിക്കുന്ന് 1081
മൂന്നിയൂർ 10233

മങ്കട
കൂട്ടിലങ്ങാടി 8037
മങ്കട 6148
മക്കരപ്പറമ്പ് 4795
കുറുവ 8769
പുഴക്കാട്ടിരി 4892
അങ്ങാടിപ്പുറം 5568
മൂർക്കനാട് 2820

വയനാട് ലോക്സഭ

എറനാട്
കീഴ്പറമ്പ് 5683
ഊർങ്ങാട്ടിരി 8395
കാവനൂർ 9052
അരീക്കോട് 7716
കുഴിമണ്ണ 10953
ചാലിയാർ 3514
എടവണ്ണ 12478

വണ്ടൂർ
വണ്ടൂർ 10149
പൊരൂർ 7315
തിരുവാലി 2498
കരുവാരകുണ്ട് 11207

തുവ്വൂർ 7632
കാളികാവ് 10259
ചോക്കോട് 8949
മമ്പാട് 10675

നിലമ്പൂർ
നിലമ്പൂർ നഗരസഭ 9003
എടക്കര 6816
മൂത്തേടം 6348
അമരമ്പലം 6046
കരുളായി 4078
ചുങ്കത്തറ 7696
പോത്തുകൽ 4760
വഴിക്കടവ് 11628

പൊന്നാനി ലോക്സഭ

തിരൂരങ്ങാടി
പരപ്പനങ്ങാടി നഗരസഭ 10705
തിരൂരങ്ങാടി നഗരസഭ 13665
നന്നമ്പ്ര 9616
തെന്നല 6762
എടരിക്കോട് 6763
പെരുമണ്ണ ക്ലാരി 6635

പൊന്നാനി
പൊന്നാനി നഗരസഭ 2103
മാറഞ്ചേരി 3330
ആലങ്കോട് 3904
നന്നംമുക്ക് 1549
പെരുമ്പടപ്പ് 3299
വെളിയങ്കോട് 1231

താനൂർ
താനൂർ നഗരസഭ 13996
താനളൂർ 7272
ഓഴൂർ 4767
പൊന്മുണ്ടം 5493
നിറമരുതൂർ 3249
ചെറിയമുണ്ടം 7410

തിരൂർ
തിരൂർ നഗരസഭ 9687
വളവന്നൂർ 6359
കൽപകഞ്ചേരി 8087
വെട്ടം 5526
തലക്കാട് 4099
തിരുന്നാവായ 9345
ആതവനാട് 7589

കോട്ടക്കൽ
പൊന്മള 6768

വളാഞ്ചേരി നഗരസഭ 6806
കോട്ടക്കൽ നഗരസഭ 8440
എടയൂർ 5097
ഇരിമ്പിളിയം 4391
കുറ്റിപ്പുറം 7652
മാറാക്കര 7159

തവനൂർ
എടപ്പാൾ – (485 വോട്ടിന് മാത്രം പിന്നിൽ)
വട്ടംകുളം 2171
കാലടി 2600
മംഗലം 4515
തൃപ്പങ്ങോട് 4324
പുറത്തൂർ 460
തവനൂർ 2956

ജലീൽ എം.എൽ.എയുടെ ബൂത്തിൽ ഇടതുപക്ഷം പിന്നിൽ

വളാഞ്ചേരി: കെ.ടി ജലീൽ എം.എൽ.എ വോട്ട് ചെയ്ത 127–ാം നമ്പർ ബൂത്തിൽ യു.ഡി.എഫിനു ലീഡ്. ആകെ പോൾ ചെയ്ത 1012 വോട്ടിൽ 649 വോട്ട് യു.ഡി.എഫ് നേടി. 257 വോട്ട് മാത്രമാണ് ഇടത് സ്ഥാനാർത്ഥിക്ക് ലഭിച്ചത്. ഡോ. എം.പി അബ്ദുസ്സമദ് സമദാനിക്ക് 392 വോട്ടിന്റെ ലീഡാണ് ബൂത്ത് സമ്മാനിച്ചത്. വർഷങ്ങളായി ജലീൽ ഈ ബൂത്ത് പരിധിയിൽ താമസമില്ലെങ്കിലും വോട്ട് ഇനിയും മാറ്റിയിട്ടില്ല. ജലീൽ നിലവിൽ താമസിക്കുന്ന 118–ാം നമ്പർ ബൂത്തിലും യു.ഡി.എഫിന് തന്നെയാണ് മേൽകൈ. ആകെ പോൾ ചെയ്ത 936 ൽ യു.ഡി.എഫ് നേടിയത് 601 വോട്ട്. ഇടതു സ്ഥാനാർത്ഥിക്ക് ലഭിച്ചത് 267 വോട്ട്. യു.ഡി.എഫിനു 341 വോട്ടിന്റെ ലീഡാണ് ബൂത്ത് നൽകിയത്. വളാഞ്ചേരി മുനിസിപ്പാലിറ്റിയിലെ 23 ബൂത്തിലും യു.ഡി.എഫിന് തന്നെയാണ് മേൽക്കൈ. 6900 വോട്ടിന്റെ ലീഡാണ് സമദാനിക്ക് വളാഞ്ചേരി നൽകിയത്.

യു.ഡി.എഫിന് നഗരസഭകളിൽ കൂടുതൽ ഭൂരിപക്ഷം നൽകി മഞ്ചേരി

മഞ്ചേരി: മലപ്പുറം ജില്ലയിലെ 16 നിയമസഭാ മണ്ഡലങ്ങളിൽ യു.ഡി.എഫ് സ്ഥാനാർഥികൾക്ക് കൂടുതൽ ഭൂരിപക്ഷം നൽകിയ നഗരസഭയായി മഞ്ചേരി.
ഇ.ടി മുഹമ്മദ് ബഷീർ സ്ഥാനാർഥിയായ മലപ്പുറം പാർലമെന്റ് മണ്ഡലത്തിൽ ഉൾപ്പെട്ട മഞ്ചേരി നഗരസഭയിൽ നിന്നും 16575 വോട്ടുകളുടെ ഭൂരിപക്ഷമാണ് ഇ.ടിക്ക് ലഭിച്ചത്. തൊട്ടുപിന്നിൽ താനൂർ നഗരസഭയാണ്. പൊന്നാനിയിലെ യു.ഡി.എഫ് സ്ഥാനാർത്ഥിയായ ഡോ. എം.പി അബ്ദുസമദ് സമദാനിക്ക് താനൂരിൽ നിന്നും 13996 വോട്ടിന്റെ ഭൂരിപക്ഷം ലഭിച്ചു.
മൂന്നാംസ്ഥാനത്ത് തിരൂരങ്ങാടി നഗരസഭയാണ് ഭൂരിപക്ഷം 13665 വോട്ടാണ് സമദാനിക്ക് അധികമായി ഇവിടെ നിന്നും ലഭിച്ചത്.
തിരൂരിൽ നിന്നും 9687 വോട്ടുകളുടെ ഭൂരിപക്ഷവും പരപ്പനങ്ങാടിയിൽ നിന്നും 10705 വോട്ടുകളുടെ ഭൂരിപക്ഷവും ലഭിച്ചു.
കോട്ടക്കൽ നഗരസഭയിൽ നിന്നും 8440, വളാഞ്ചേരി നഗരസഭയിൽ നിന്നും 6806 വോട്ടിന്റെ ലീഡും നേടി.പെരിന്തൽമണ്ണയിൽ നിന്നും 2388 വോട്ടുകളുടെ ഭൂരിപക്ഷമാണ് നേടാനായത്.
മഞ്ചേരി നഗരസഭ കഴിഞ്ഞ ലോക് സഭാ തിരഞ്ഞെടുപ്പിലും മികച്ച ഭൂരിപക്ഷമാണ് നൽകിയിരുന്നത്. വിജയത്തിൽ ഇ.ടി മുഹമ്മദ് ബഷീർ യു.ഡി.എഫ് കമ്മിറ്റികൾക്കും പ്രവർത്തകർക്കും പ്രത്യേകം നന്ദി രേഖപ്പെടുത്തി.

സർവകലാശാല യൂണിയൻ തിരഞ്ഞെടുപ്പ്
യു.യു.സിമാരുടെ തിരിച്ചറിയൽ കാർഡ് പിടിച്ചുവാങ്ങി എസ്.എഫ്.ഐ

തേഞ്ഞിപ്പലം : കാലിക്കറ്റ് സർവകലാശാല യൂണിയൻ തിരഞ്ഞെടുപ്പ് ഈ മാസം പത്തിന് നടക്കാനിരിക്കെയാണ് എസ്.എഫ്.ഐ നേതാക്കളുടെ നേതൃത്വത്തിൽ സർവകലാശാല പരിധിയിലുള്ള കോഴിക്കോട്, പാലക്കാട്, തൃശൂർ, മലപ്പുറം, വയനാട് ജില്ലകളിലായി വിവിധ യു.യു.സിമാരുടെ വീടുകളിലും കോളജുകളിലും എത്തി അവരുടെ തിരിച്ചറിയൽ കാർഡ് വാങ്ങി എസ്.എഫ്.ഐക്കാർ നശിപ്പിക്കുന്നു.
സർവകലാശാല യൂണിയൻ തങ്ങളുടെ കൈകളിൽ നിന്ന് നഷ്ടപ്പെടുമോ എന്ന് ഭയന്നാണ് എസ്.എഫ്.ഐക്കാർ ഇത്തരത്തിലുള്ള അക്രമത്തിന് ഇറങ്ങിയിരിക്കുന്നത്. പെരിന്തൽമണ്ണ അൽസലാമ കോളജിലെ യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിലറായ ശിഹാറിന്റെ തിരിച്ചറിയൽ കാർഡ് വാങ്ങി നശിപ്പിച്ചിട്ടുണ്ട്. ഒരു ബൈക്കിലും കാറിലുമായി വന്ന എസ്.എഫ്.ഐ ജില്ലാ പ്രസിഡന്റിന്റെ നേതൃത്വത്തിലുള്ള ഗുണ്ടാ സംഘമാണ് ശിഹാറിന്റെ കയ്യിൽ നിന്ന് തിരിച്ചറിയൽ കാർഡ് വാങ്ങി നശിപ്പിച്ചിരിക്കുന്നത്. ബലമായി പിടിച്ചു വച്ചാണ് ഐ.ഡി കാർഡ് കൈക്കലാക്കിയത്.
ഇത് സംബന്ധിച്ച് വളാഞ്ചേരി പൊലീസിൽ നൽകിയ പരാതിയെ തുടർന്ന് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.
ഇതുപോലെ കുറ്റിപ്പുറം കെ.എം.സി.ടി കോളജിലെ രണ്ട് കൗൺസിലർമാരായ ഷമീമിനെയും ഷബീബിനെയും ഭീഷണിപ്പെടുത്തി അവരുടെ കൈകളിൽ എന്നും തിരിച്ചറിയൽ കാർഡ് വാങ്ങിയിട്ടുണ്ട്. ഇരിങ്ങാലക്കുട നമ്പൂതിരിസ് ബി.എഡ് കോളജിലെ കൗൺസിലറായ അർണാഫിന്റെ തിരിച്ചറിയൽ കാർഡും എസ്എഫ്ഐക്കാർ വാങ്ങി നശിപ്പിച്ചിട്ടുണ്ട്. എസ്.എഫ്.ഐക്കാർ ആസൂത്രിതമായാണ് സർവകലാശാല യൂണിയൻ തിരഞ്ഞെടുപ്പിൽ യു.ഡി.എസ്.എഫ് സംഘടനകളിലെ യു.യു.സിമാർ സർവകലാശാല യൂണിയൻ തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യാതിരിക്കാൻ വേണ്ടി ഇത്തരത്തിൽ വ്യാപകമായി കാർഡ് നശിപ്പിക്കപ്പെടുന്നത്.
വിദ്യാർഥി ക്ഷേമ വിഭാഗം ഡീൻ ഓഫീസിൽ നിന്നുള്ള ഇടതുപക്ഷക്കാരായ സർവകലാശാല ഉദ്യോഗസ്ഥർ കോളജുകളിലേക്ക് ഐഡന്റിറ്റി കാർഡ് അയക്കുന്ന വിവരം എസ്.എഫ്.ഐക്കാരെ നേരിട്ട് അറിയിച്ചുകൊണ്ടാണ് ഇത്തരത്തിൽ കാർഡ് നശിപ്പിക്കുന്നതിന് എല്ലാ സൗകര്യങ്ങളും ചെയ്തു കൊടുക്കുന്നത് എന്നാണ് എം.എസ്.എഫിന്റെ പരാതി. വിദ്യാർഥി ക്ഷേമത്തിനുവേണ്ടി ഉപയോഗിക്കേണ്ട സർവകലാശാല യൂണിയൻ ഫണ്ട് ഒന്നരക്കോടി രൂപയോളം പാർട്ടി വ്യാപനത്തിനുവേണ്ടി ഇടതുപക്ഷം ചെലവഴിക്കുന്നതിന് വേണ്ടിയാണ് അക്രമം നടത്തി സർവകലാശാല യൂണിയൻ എസ്.എഫ്.ഐക്കാരെക്കൊണ്ട് പിടിച്ചെടുക്കാൻ മുഴുവൻ സഹായവും വഴിവിട്ട് സർക്കാരും പൊലീസും പാർട്ടി ഗുണ്ടകളും ചെയ്തു കൊടുക്കുന്നത്. എസ്.എഫ്.ഐക്കാരല്ലാത്ത യു.യു.സിമാരിൽ നിന്ന് അവരുടെ തിരിച്ചറിയൽ കാർഡ് ഗുണ്ടായിസം നടത്തി പിടിച്ചെടുക്കുകയാണെങ്കിൽ ഈ കാര്യത്തിൽ തിരിച്ച് പ്രതികരണത്തിന് ഇറങ്ങേണ്ടി വരുമെന്ന് യു.ഡി.എസ്.എഫ് സംഘടനകൾ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. കഴിഞ്ഞ തവണയും ഇത്തരത്തിൽ എം.എസ്.എഫ്/കെ.എസ്.യു സംഘടനകളിൽപെട്ട യു.യു.സിമാരുടെ തിരിച്ചറിയൽ കാർഡ് എസ്.എഫ്.ഐക്കാർ പിടിച്ചുവാങ്ങി നശിപ്പിച്ചിരുന്നു.

പ്ലസ്‌വൺ പ്രവേശനം ആദ്യ അലോട്ട്മെന്റ്
ഉന്നത വിജയികൾ വരെ പുറത്ത്

മലപ്പുറം : പ്ലസ് വൺ പ്രവേശനത്തിനുള്ള ആദ്യ അലോട്ട്മെന്റിൽ ഉൾപ്പെടാതെ ഉന്നത വിജയം നേടിയവരും. ജില്ലയിൽ ആദ്യ അലോട്മെന്റിൽ ഉൾപ്പെടാതെ പുറത്തായത് 46,063 വിദ്യാർഥികളാണ്.
ഇതിൽ മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് ലഭിച്ചവരുമുണ്ട് എന്നതാണ് ഏറെ ആശങ്ക നിറക്കുന്നത്. ആകെയുള്ള 50,207 മെറിറ്റ് സീറ്റിൽ 36,393 പേർക്കാണ് അലോട്മെന്റ് നൽകിയത്.
സ്പോർട്സ് കോട്ടയിൽ 1,179 പേർക്കും അലോട്ട്മെന്റ് നൽകി. മെറിറ്റ് വിഭാഗത്തിൽ 13,814ഉം സ്പോർട്സ് കോട്ടയിലെ 61 ഉം ഉൾപ്പെടെ 13,875 ഒഴിവുകളാണുള്ളത്. മെറിറ്റ് സീറ്റിലേക്കു 82.446 പേരും സ്പോർട്സ് കോട്ടയിലേക്കു 1,908 പേരുമാണ് അപേക്ഷിച്ചത്. അപേക്ഷകരിലെ 7,606 പേർ മറ്റു ജില്ലകളിൽ നിന്നുള്ളവരാണ്.
ജനറൽ, മുസ്‌ലിം, ഈഴവ,തിയ്യ. ബില്ലവ (ഇടിബി), വിശ്വകർമ വിഭാഗങ്ങളുടെ സീറ്റുകളെല്ലാം അലോട്ട്മെന്റായി ഈ വിഭാഗങ്ങളിൽ ഇനി നിലവിൽ സീറ്റുകളില്ല. സംവരണ വിഭാഗങ്ങളുടെ സീറ്റുകളിൽ അലോട്ട്മെന്റില്ലെങ്കിൽ ഇവ പൊതുമെറിറ്റ് സീറ്റുകളായി പരിഗണിച്ചു തുടർ അലോട്ട്മെന്റുകൾക്കു പരിഗണിക്കും.
അലോട്ട്മെന്റ് ലഭിച്ചവർ നാളെ വൈകുന്നേരം നാലിനുള്ളിൽ പ്രവേശനം നേടണം. അലോട്ട്മെന്റ് ലഭിക്കാത്തവർ അടുത്ത അലോട്ട്മെന്റുകൾക്കായി കാത്തിരിക്കണം.
ആദ്യ അലോട്ട്മെന്റിൽ അലോട്ട്മെന്റ് ലഭിച്ച വിഭാഗങ്ങളുടെ വിവരങ്ങൾ:
ആകെ സീറ്റുകൾ, അലോട്ട്മെന്റ് നൽകിയത്. ഒഴിവുകൾ
2008: 23,698–23,698–
ഈഴവ,തിയ്യ ബില്ലവ (ഇ.ടി.ബി) 2.067–2.657–
പൂജ്യം
മുസ്‌ലിം 2,454–2,454–പൂജ്യം
വിശ്വകർമ 681–681– പൂജ്യം
എൽസി.എസ്.ഐയുസി ആഗ്ലോ ഇന്ത്യൻ (എൽഎസ്എ) 1,048–50–998
ക്രിസ്ത്യൻ ഒ.ബി.സി 367–32– 335
ഹിന്ദു ഒ.ബി.സി 1,048 – 565 –483
എസ്.സി 7,227 – 4,496 – 2,731
എസ്.ടി 4,727 – 219 – 4,508
ഡിഫറൻഷ്യൽ ഏബിൾഡ് 1,141 – 760 – 381
242–27–215
ധീവര ആന്റ് റിലേറ്റഡ് 681 – 18 –663
കുശവൻ ആന്റ് റിലേറ്റഡ് 367 – 114 –253
കുടുംബി 367 –ഒന്ന്– 366
സാമ്പത്തിക പിന്നാക്കം (ഇ.ഡബ്ല്യു.എസ്) 3502 – 621 – –2,881
സ്പോർട്സ് കോട്ട 1,240 – 1,179 –61

സമദാനിയുടെ നന്ദി പര്യടനം ഇന്ന് ആരംഭിക്കും

കോട്ടക്കൽ: സർവകാല റെക്കോർഡ് ഭൂരിപക്ഷവുമായി യു.ഡി.എഫ് സ്ഥാനാർത്ഥിയെ വിജയിപ്പിച്ചതിൽ മണ്ഡലത്തിലെ വോട്ടർമാരോട് ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നതിനായി സ്ഥാനാർത്ഥി അബ്ദുസ്സമദ് സമദാനിയുടെ നന്ദി പറയൽ പര്യടനം ഇന്ന് ആരംഭിക്കും.
ഇന്ന് താനൂർ, 8ന് തിരൂരങ്ങാടി, 9ന് തവനൂർ, 10ന് പൊന്നാനി 11ന് കോട്ടക്കൽ, 12ന് തൃത്താല, 13ന് തിരൂർ എന്നിങ്ങനെയാണ് സ്ഥാനാർത്ഥിയുടെ പര്യടനം ക്രമീകരിച്ചിരിക്കുന്നത്.

ലീഗ് വനിത സെനറ്റംഗത്തെ പുറത്താക്കുമെന്ന് വി.സിയുടെ ഭീഷണി

തേഞ്ഞിപ്പലം : കാലിക്കറ്റ് സർവകലാശാല സെനറ്റ് യോഗത്തിൽ ലീഗ് വനിത സെനറ്റംഗത്തെ പിടിച്ച് പുറത്താക്കുമെന്ന് വി.സിയുടെ ഭീഷണി. ലീഗ് വനിതാ സെനറ്റംഗവും ഗവൺമെന്റ് കോളജ് അധ്യാപികയുമായ ഡോ. ആബിദ ഫാറൂഖിയോടാണ് വിസിയുടെ ഭീഷണി.
ഇന്നലെ നടന്ന സെനറ്റ് യോഗത്തിലാണ് സംഭവം. കാലിക്കറ്റ് സർവകലാശാലയുടെ പരീക്ഷ ചോദ്യ കടലാസുകൾ സ്ക്രൂട്ടിനി ചെയ്യുന്നുണ്ടോ? ഇല്ലായെങ്കിൽ എന്നു മുതൽ ഇല്ലാതായി ? വിശദമാക്കാമോ എന്ന സെനറ്റംഗം ജി സുനിൽകുമാറിന്റെ ചോദ്യത്തിന് ഉപചോദ്യം ഉന്നയിച്ച് സംസാരിക്കുകയായിരുന്നു ആബിദ ഫാറൂഖി.
ഫസ്റ്റ് സെമസ്റ്റർ ബി.എ കോമൺ കോഴ്സിന്റെ ഗ്രാമർ പേപ്പറിലുള്ള ഗ്രാമർ തെറ്റ് ചൂണ്ടിക്കാണി ക്കാനാണ് സെനറ്റംഗം ശ്രമിച്ചത്. ഇതിൽ പ്രകോപിതനായാണ് സെനറ്റംഗത്തിനെതിരെ വി.സിയുടെ പ്രതികരണമുണ്ടായത്. സർവകലാശാല നടത്തുന്ന പരീക്ഷകളുടെ ചോദ്യക്കടലാസുകൾ സ്ക്രൂട്ടിനി ചെയ്യുന്നുണ്ട് എന്നാണ് വൈസ്ചാൻസലർ നൽകിയ മറുപടി. സുനിൽകുമാർ ഉന്നയിച്ച ചോദ്യത്തിന് സ്ക്രൂട്ടിനി നടക്കുന്നില്ലായെന്ന് ഡോ. ആബിദാ ഫാറൂഖി സത്യസന്ധമായി മറുപടി പറഞ്ഞതാണ് വി.സിയുടെ ചെയറിനു യോജിക്കാത്ത തരത്തിലുള്ള പ്രതികരണത്തിനു കാരണം.

കാലിക്കറ്റ് യൂണിവേഴ്സിറ്റി സെനറ്റ് യോഗത്തിൽ ഫീസ് കുറക്കണം എന്നാവശ്യപ്പെട്ട് എം.എസ്.എഫ് അംഗങ്ങൾ പ്രതിഷേധമുയർത്തുന്നു

പകരം നൽകാൻ എന്റെ മനസും ഹൃദയവും നിങ്ങളോടൊപ്പമുണ്ട് : ഡോ. സമദാനി

എടപ്പാൾ : എത്രത്തോളം ഈ എളിയവനെ നിങ്ങൾ ചേർത്തുവെച്ചുവോ അവരെ ഞാൻ നെഞ്ചോട് ചേർക്കുന്നു. പകരം നൽകാൻ എന്റെ മനസും ഹൃദയവും നിങ്ങളോടൊപ്പമുണ്ട്. തവനൂർ മണ്ഡലത്തിലെ എടപ്പാളിൽ നൽകിയ സ്വീകരണത്തിൽ തടിച്ചുകൂടിയ ജനങ്ങളെയും നേതാക്കളെയും പ്രവർത്തകരേയും കണ്ടു കൃതജ്ഞത അറിയിക്കുകയായിരുന്നു ഡോ. സമദാനി. പൊന്നാനി ലോക്സഭ തിരഞ്ഞെടുപ്പിന്റെ മഹത്തായ യജ്ഞത്തിൽ പങ്കെടുത്ത ആബാലവൃദ്ധം ജനങ്ങളും സഹോദരി സഹോദരന്മരും കുട്ടിക്കൂട്ടങ്ങളുമാണ് മഹത്തായ ഈ വിജയത്തിന്റെ പിന്നിലുണ്ടായിരുന്നത്. യു.ഡി.എഫിന്റെ നേതാക്കളും ഇന്ത്യയെ സ്നേഹിക്കുന്നവരും രാപ്പകൽ വ്യത്യാസമില്ലാതെ കഠിനമായ ചൂടിലും ഈ യജ്ഞത്തിൽ പങ്കാളികളായി. വാക്കുകളിൽ നന്ദി പറഞ്ഞു തീരുന്നതല്ല. നാടിന്റെ സർവതോന്മുകമായ വളർച്ചക്കു വേണ്ടി പ്രവൃത്തിയിലൂടെ ഞാൻ ഒരു പൊന്നാനിക്കാരനായി നിങ്ങൾക്കൊപ്പം ഉണ്ടാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. എടപ്പാൾ കല്ലിങ്ങൽ സക്കീറിന്റെ ഭാര്യ അസ്ന സക്കീർ വരച്ച സമദാനിയുടെ ഛായ ചിത്രം സമദാനിക്ക് സമർപ്പിച്ചു. സുരേഷ് പൊൽപാക്കര, ഇബ്രാഹിം മുതൂർ, അഡ്വ. രോഹിത്, ചുള്ളിയിൽ രവീന്ദ്രൻ, ടി.പി ഹൈദരലി, കോയ മംഗലം, ഹാരിസ് തൊഴുത്തിങ്ങൽ, ടി.പി മുഹമ്മദ് വട്ടംകുളം, റഫിഖ് പിലാക്കൽ, കല്ലിങ്ങൽ മുഹമ്മദ്കുട്ടി, വി.കെ.എ മജീദ് നേതൃത്വം നൽകി.

എടപ്പാൾ സെന്ററിൽ എത്തിയ സമദാനി തവനൂർ മണ്ഡലത്തിലെ വോട്ടർമാരോട് സംവദിക്കുന്നു

കുരുത്തിച്ചാൽ ടൂറിസം പദ്ധതി ഉടൻ നടപ്പാക്കണം

മണ്ണാർക്കാട്: താലൂക്കിലെ കുമരംപുത്തൂർ പഞ്ചായത്തിലെ കുരിത്തിച്ചാൽ പ്രദേശത്ത് ജില്ലാ ടൂറിസം പദ്ധതി നിർദ്ദേശിച്ചിട്ടുള്ള പദ്ധതി ഉടൻ നടപ്പാക്കണമെന്നാവശ്യപ്പെട്ട് നിയോജക മണ്ഡലം എം.എസ്.എഫ് കമ്മിറ്റി ജില്ലാ കലക്ടർക്ക് നിവേദനം നൽകി. പ്രകൃതിയുടെ സൗന്ദര്യം ആസ്വദിക്കുന്നതിനും അനുഭവിക്കുന്നതിനുമായി വിവിധ ഭാഗങ്ങളിൽ നിന്ന് ഇവടുത്തേക്ക് നിരവധി സന്ദർശകരാണ് എത്തുന്നത്. ഇവിടെ മതിയായ സുരക്ഷകൾ ഇല്ലാത്തത് കൊണ്ട് തന്നെ പത്തിലധികം ജീവനുകൾ നഷ്ടപ്പെട്ടിട്ടുണ്ടെന്നും നിവേദനത്തിൽ പറയുന്നു. നിയോജക മണ്ഡലം ജനറൽ സെക്രട്ടറി മുഹ്സിൻ ചങ്ങലീരി, പ്രസിഡന്റ് ടി.കെ സഫ്വാൻ, ട്രഷറർ ബാസിത്ത് ഭീമനാട് എന്നിവരാണ് നിവേദനം

നീറ്റ് പരീക്ഷയിൽ ഉന്നത വിജയം

ഷെസിൻ ശബാബ്

പാലക്കാട്: നീറ്റ് പ്രവേശന പരീക്ഷയിൽ 720ൽ 705 മാർക്ക് വാങ്ങി നെല്ലായ മോളൂർ സ്വദേശി ഷെസിൻ ശബാബ് ഉന്നതവിജയം നേടി. ആൾ ഇന്ത്യ റാങ്ക് ജനറൽ 945, ആൾ ഇന്ത്യ റാങ്ക് ഒബിസി 298. മുസ്‌ലിം യൂത്ത്‌ലീഗ് മുൻ ജില്ലാ സെക്രട്ടറിയും അൽ അമീൻ എഞ്ചിനീയറിങ് കോളജ് അധ്യാപകനുമായ ഒ.ശബാബിന്റെയും വല്ലപ്പുഴ ഓർഫനേജ് എൽ.പി സ്കൂൾ അധ്യാപികയായ പി.പി നുസ്രത്തിന്റെയും മകനാണ്. റിട്ട.അറബിക് അധ്യാപകരായ മുൻ നെല്ലായ പഞ്ചായത്ത് മുസ്‌ലിംലീഗ് പ്രസിഡന്റ് ഒ.മുഹമ്മദലി മാസ്റ്റർ, പി.ആയിഷ ടീച്ചർ എന്നിവരുടെ പൗത്രനാണ്.

പാലക്കാട് വാർത്തകൾ

അട്ടപ്പാടി പാടവയലിന് സമീപത്തെ വനത്തിനുള്ളിലെ കഞ്ചാവ് കൃഷി നശിപ്പിക്കാനെത്തിയ എക്സൈസ് സംഘം

അട്ടപ്പാടി വനത്തിൽ കഞ്ചാവ് കൃഷി

●436 ചെടികൾ എക്സൈസ് നശിപ്പിച്ചു

അഗളി: അട്ടപ്പാടി വനത്തിനുള്ളിൽ കണ്ടെത്തിയ കഞ്ചാവ് കൃഷി എക്സൈസ് സംഘം നശിപ്പിച്ചു. അട്ടപ്പാടി പാടവയലിന് സമീപത്തെ വനത്തിനുള്ളിലാണ് കഞ്ചാവ് തോട്ടം കണ്ടെത്തിയത്. അഗളി എക്സൈസ് ഉദ്യോഗസ്ഥർക്ക് ലഭിച്ച രഹസ്യവിവരത്തെ തുടർന്നാണ് എക്സൈസ് പരിശോധന നടത്തിയത്. രണ്ടാഴ്ച മുതൽ ആറുമാസം വരെ പ്രായമുള്ള ചെടികളായിരുന്നു. 34 തടങ്ങളിലായി 436 ചെടികളുണ്ടായിരുന്നുവെന്ന് ഉദ്യോഗസ്ഥർ പറഞ്ഞു. അഗളി റെയ്ഞ്ച് എക്സൈസ് ഓഫീസർമാരുടെയും വനംവകുപ്പിന്റെയും സംയുക്ത പരിശോധനയിലാണ് ഇത് കണ്ടെത്തിയത്. തോട്ടത്തിൽ നിന്ന് പരിശോധനകൾക്കായി സാമ്പിളുകൾ ശേഖരിച്ചശേഷം കഞ്ചാവ് ചെടികൾ നശിപ്പിച്ചതായി ഉദ്യോഗസ്ഥർ പറഞ്ഞു. ഏകദേശം 8ലക്ഷം രൂപയുടെ വിപണി മൂല്യമുള്ള ചെടികളായിരുന്നുവന്നും കഞ്ചാവ് കൃഷി നടത്തിയവർക്കായുള്ള അന്വേഷണം ആരംഭിച്ചതായും എക്സൈസ് ഉദ്യോഗസ്ഥർ അറിയിച്ചു. എക്സൈസ് ഇൻസ്പെക്ടർ അശിൻകുമാർ, അസി.എക്സൈസ് ഇൻസ്പെക്ടർ പി.എസ് സുമേഷ് ,അസി.എക്സൈസ് ഇൻസ്പെക്ടർ ഗ്രേഡ്മാരായ പ്രഭ, ജയദേവൻ ഉണ്ണി പ്രിവന്റീവ് ഓഫീസർ പ്രമോദ്, സിവിൽ എക്സൈസ് ഓഫീസർമാരായ പ്രദീപ്, ലക്ഷ്മണൻ, ഭോജൻ, സുധീഷ് കുമാർ,വനിതാ സിവിൽ എക്സൈസ് ഓഫീസറായ വിജിനി, ഫോറസ്റ്റ് ഓഫീസർമാരായ രംഗസ്വാമി, അബ്ദുൾസലാം പരിശോധനക്ക് നേതൃത്വം നൽകി.

ഡൽഹിയിലെത്തിയ 'ഗിഫ്റ്റ്' ബോക്സിന്

ആരും കസ്റ്റംസ് ഡ്യൂട്ടി നൽകരുതേ...

രണ്ടു വനിതകൾക്ക് നഷ്ടപ്പെട്ടത് 28.68 ലക്ഷം

പാലക്കാട്: വൻതുക വിദേശ കറൻസിയും ആഭരണങ്ങളും അടങ്ങിയ ഗിഫ്റ്റ് ബോക്സുകളെത്തിയിട്ടുണ്ടെന്ന് തെറ്റിദ്ധരിപ്പിച്ച് കഴിഞ്ഞ മാസം പാലക്കാട്ടെ വനിതകളിൽ നിന്നും തട്ടിയത് 28.68 ലക്ഷം രൂപ. രണ്ടു പേരിൽ നിന്നും ഡൽഹിയിലെത്തിയ ഗിഫ്റ്റ് ബോക്സിനുള്ള കസ്റ്റംസ് ഡ്യൂട്ടി ഫീ, പാർസൽ വിട്ടുകിട്ടുന്നതിനുള്ള ഫീ എന്നിങ്ങനെ തെറ്റിദ്ധരിപ്പിച്ചാണ് പണം തട്ടിയതെന്ന പരാതിയുമായാണ് ജില്ലാ ആസ്ഥാനത്തുള്ള സൈബർ ക്രൈം പൊലീസ് സ്റ്റേഷനിലെത്തിയത്. കഴിഞ്ഞ മെയ് 16നാണ് കൊല്ലങ്കോട് സ്വദേശിനിയായ 37 വയസ്സുകാരി 11,00,691 രൂപ നഷ്ടപ്പെട്ടെന്ന് കാണിച്ച് പരാതിയുമായി എത്തിയത്. വാട്സ് ആപ്പ്, ടെലഗ്രാം ആപ്പുകൾ വഴി പരിചയപ്പെട്ടവർ ഗിഫ്റ്റ് ബോക്സ് അയച്ചിട്ടുണ്ടെന്ന് തെറ്റിദ്ധരിപ്പിച്ചു. പിന്നീട് ഡൽഹി എയർപോർട്ടിൽ നിന്നെന്ന വ്യാജേന യു.കെ പൗണ്ട്, പലതര ആഭരണങ്ങൾ എന്നിവ അടങ്ങിയ ഗിഫ്റ്റ് ബോക്സ് എത്തിയിട്ടുണ്ട് പറഞ്ഞ് വിശ്വസിപ്പിച്ച് കസ്റ്റംസ് ഡ്യൂട്ടി ഫീ, പാർസൽ ചാർജ് എന്നീ ആവശ്യങ്ങളുടെ പേരിൽ വിവിധ ബാങ്ക് അക്കൗണ്ടുകളിലേക്ക് പണം ഓൺലൈൻ ട്രാൻസ്ഫർ ചെയ്യിപ്പിക്കുകയായിരുന്നു. കഴിഞ്ഞ ജനുവരി ഒന്നുമുതൽ ഏപ്രിൽ 24 വരെയുള്ള ദിവസങ്ങളിലായാണ് യുവതി തട്ടിപ്പിനിരയായത്.

സമാന രീതിയിൽ തന്നെയാണ് കുന്നത്തൂർമേട് സ്വദേശിയായ വയോധിക തട്ടിപ്പിനിരയായത്. മെയ് 17 ന് ഇവർ നൽകിയ പരാതിയിൽ 17.67 ലക്ഷം രൂപ നഷ്ടപ്പെട്ടെന്നാണ് പറയുന്നത്. ഫേസ്ബുക്ക്, വാട്സ് ആപ്പ് സമൂഹ മാധ്യമങ്ങൾ വഴി പരിചയപ്പെട്ടവരാണ് 30000 ഡോളർ അടങ്ങിയ ഗിഫ്റ്റ് അയച്ചിട്ടുണ്ടെന്ന് തെറ്റിദ്ധരിപ്പിച്ച് ഓൺലൈൻ തട്ടിപ്പിനിരയാക്കിയത്. ഡൽഹി എയർപോർട്ടിൽ കസ്റ്റംസ് ചാർജ്, പാർസൽ ചാർജ് എന്നിവയുടെ പേരു പറഞ്ഞാണ് അറുപത്തഞ്ചുകാരിയിൽ വിവിധ ബാങ്ക് അക്കൗണ്ടുകളിലേക്ക് പണം ഓൺലൈൻ ട്രാൻസ്ഫർ ചെയ്യിപ്പിച്ചത്.

നിരന്തരമായി ഇത്തരം സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുമ്പോൾ പൊലീസ് കൃത്യമായ മുന്നറിയിപ്പ് നൽകുകയും ബോധവത്കരണം സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ടെങ്കിലും തട്ടിപ്പ് കേസുകൾ വ്യാപകമായി വന്നുകൊണ്ടിരിക്കുകയാണ്. ഗിഫ്റ്റ് വൗച്ചറുകൾ, വിലകൂടിയ വാഹനങ്ങൽ സമ്മാനമായി ലഭിച്ചെന്നും കാണിച്ചുള്ള സന്ദേശവും കൂപ്പണുകൾ വഴിയും കഴിഞ്ഞവർഷം നിരവധിപേർ ഓൺലൈൻ തട്ടിപ്പിനിരയായിരുന്നു.

തട്ടിപ്പ് തടയാൻ 1930 ൽ വിളിക്കണം

വിവിധ ഓൺലൈൻ ആപ്പുകൾ വഴിയും ഓൺലൈൻ മണി ട്രാൻസ്ഫർ വഴിയും തട്ടിപ്പുകൾക്കിരയായാൽ ഉടൻ സൈബർ ക്രൈം ഹെൽപ് ലൈൻ നമ്പറായ 1930 ടോൾഫ്രീ നമ്പറിൽ വിളിച്ച് പരാതി രജിസ്റ്റർ ചെയ്യണം. ഇവിടെ നിന്നും ലഭിക്കുന്ന നിർദേശ പ്രകാരം പണം കൈമാറിയ ട്രാൻസാക്ഷൻ ഐഡി ഉൾപ്പടെ നൽകണം. വിവരം കൈമാറുന്നതോടെ പൊലീസ്- ബാങ്കിങ് ഉദ്യോഗസ്ഥർ ഇടപെട്ട് വ്യാജ അക്കൗണ്ടുകൾ മരവിപ്പിക്കും. നഷ്ടപ്പെട്ട പണം തിരിച്ചു കിട്ടാൻ ഇത് അവസരമൊരുക്കും. cybercrime.gov.in എന്ന പോർട്ടലിൽ രജിസ്റ്റർ ചെയ്യപ്പെടുന്നതോടെയാണ് പ്രതികളുടെ അക്കൗണ്ട് വിവരങ്ങൾ പൊലീസ്- ബാങ്കിങ് സേവന ദാതാക്കൾ പരിശോധിച്ച് നടപടികൾ സ്വീകരിക്കുക.

കൺവൻഷൻ

പഴയലെക്കിടി: മുസ്‌ലിംലീഗ് മണ്ണൂർ പഞ്ചായത്ത് കൺവൻഷൻ കോങ്ങാട് മണ്ഡലം ട്രഷററും മണ്ണൂർ പഞ്ചായത്തംഗവുമായ വി.എം അൻവർ സാദിക് ഉദ്ഘാടനം ചെയ്തു. കെ. എം അബ്ദുൾഹക്കീം അധ്യക്ഷത വഹിച്ചു. മുസ്‌ലിം യൂത്ത്‌ലീഗും വനിതാലീഗിന്റെയും പ്രവർത്തനങ്ങളെ കൺവൻഷൻ അഭിനന്ദിച്ചു. പി.എം സാദിക്കലി, പഞ്ചായത്തംഗം പി.യു റജുല, ഷബിത മുനീർ, കെ.പി മുനീർ, ഷഫീർ, സൈഫുദ്ദീൻ, സി. എച്ച് ജബ്ബാർ സംസാരിച്ചു.

അധ്യാപക ഒഴിവ്

പാലക്കാട്: അട്ടപ്പാടി രാജീവ് ഗാന്ധി സ്മാരക ആർട്സ് ആൻഡ് സയൻസ് കോളജിൽ പബ്ലിക് അഡ്മിനിസ്ട്രേഷൻ വിഭാഗത്തിൽ ഒന്ന്, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ വിഭാഗത്തിൽ ഒന്ന് വീതം അതിഥി അധ്യാപക ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു. 55 ശതമാനം മാർക്കോടുകൂടി ബിരുദാനന്തര ബിരുദവും നെറ്റ്/പി.എച്ച്.ഡിയുമാണ് അടിസ്ഥാന യോഗ്യത. അഭിമുഖം 12ന് രാവിലെ പത്ത് മണിക്ക്. ഫോൺ: 04924 254142.

പാലക്കാട് പാർലമെന്റ് മണ്ഡലം യു.ഡി.എഫ് തിരഞ്ഞെടുപ്പ് കമ്മിറ്റി യോഗത്തിൽ പങ്കെടുത്ത നിയുക്ത എം.പി വി.കെ ശ്രീകണ്ഠന് ചെയർമാൻ മരക്കാർ മാരായമംഗലം മധുരം നൽകുന്നു

ശ്രീകണ്ഠന്റെ വിജയം വികസന പ്രവർത്തനങ്ങൾക്കുള്ള അംഗീകാരം

പാലക്കാട്: ലോക്സഭാ തിരഞ്ഞെടുപ്പിൽ വി.കെ ശ്രീകണ്ഠന്റെ വിജയം യു.ഡി.എഫിന്റെ ഐക്യത്തിന്റെ വിജയമാണെന്നും കഴിഞ്ഞ അഞ്ചു വർഷക്കാലം എം.പി എന്ന നിലയിൽ നടത്തിയ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരം കൂടിയാണ് ഇതെന്നും യു.ഡി.എഫ് പാലക്കാട് പാർലിമെന്റ് നിയോജകമണ്ഡലം തിരഞ്ഞെടുപ്പ് കമ്മിറ്റി യോഗം വിലയിരുത്തി. യോഗത്തിൽ ചെയർമാൻ മരക്കാർമാരായമംഗലം അധ്യക്ഷത വഹിച്ചു. നിയുക്ത എം.പി വി.കെ ശ്രീകണ്ഠൻ കേക്ക് മുറിച്ച് ആഹ്ലാദം പങ്കുവെക്കുകയും കമ്മിറ്റിയുടെ മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്ക് നന്ദി അറിയിക്കുകയും ചെയ്തു. പഞ്ചായത്തുതല സ്വീകരണ പരിപാടിക്ക് രൂപം നൽകി. യോഗത്തിൽ സി.ചന്ദ്രൻ, കളത്തിൽ അബ്ദുല്ല, എ.തങ്കപ്പൻ, അഡ്വ.ടി.എ സിദ്ദീഖ്, പി.എ തങ്ങൾ, എം.എം ഹമീദ്, കെ.കെ.എ അസീസ്, പൊൻപാറ കോയക്കുട്ടി, പി.ടി മുഹമ്മദ് മാസ്റ്റർ, കെ.എ തുളസി, ജോബി ജോൺ, രാജേന്ദ്രൻ നായർ, കെ.രാജൻ, ശിവാനന്ദൻ, പി.ബാലഗോപാലൻ, പി.വി രാജേഷ്, എം.എസ് അലവി, സൈതലവി പൂളക്കാട്, റഷീദ് ആലായൻ, പി.അബ്ദുറഹ്മാൻ, പി.എ ഷൗക്കത്ത്, സലാം തറയിൽ പ്രസംഗിച്ചു.

ഉബൈദ് ചങ്ങലീരി അനുസ്മരണവും അവാർഡ് ദാനവും അഡ്വ.എൻ ഷംസുദ്ദീൻ എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു.

ഉബൈദ് ചങ്ങലീരി അനുസ്മരണവും അവാർഡ് ദാനവും

മണ്ണാർക്കാട്: ഉബൈദ് ചങ്ങലീരി വെൽഫെയർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ഉബൈദ് ചങ്ങലീരി അനുസ്മരണവും അവാർഡ് ദാനവും നടത്തി. അഡ്വ.എൻ ഷംസുദ്ദീൻ എം.എൽ.എ ഉദ്ഘാടനം ചെയ്തു. സൊസൈറ്റി ചെയർമാൻ ഹുസൈൻ കോളശ്ശേരി അധ്യക്ഷനായി. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് രാജൻ ആമ്പാടത്ത് മുഖ്യാഥിതിയായി. മുസ്‌ലിംലീഗ് സംസ്ഥാന സെക്രട്ടേറിയേറ്റംഗം എം.എ സമദ് അനുസ്മരണ പ്രഭാഷണം നടത്തി. കൺവീനർ അസീസ് പച്ചീരി സ്വാഗതവും ട്രഷറർ ഷരീഫ് ചങ്ങലീരി നന്ദിയും പറഞ്ഞു. ജില്ലാ ബോക്ക് പഞ്ചായത്തംഗം മുസ്തഫ വറോടൻ, സിദ്ദീഖ് മല്ലിയിൽ, വിനിത സത്യൻ, ഷറഫുദ്ദീൻ ചങ്ങലീരി, കെ.ഫിലിപ്പ്, കൃഷ്ണദാസ്, എ.ടി മോഹനൻ, കെ.കെ ബഷീർ, മുഹമ്മദാലി അൻസാരി, സഹദ് അരിയൂർ, റസീന വറോടൻ, കെ.കെ ലക്ഷ്മിക്കുട്ടി, മജീദ് മാസ്റ്റർ സംബന്ധിച്ചു.

കേരള വ്യാപാരി വ്യവസായി ഏകോപന സമിതി ജില്ലാ പ്രവർത്തകസമിതി യോഗം പ്രസിഡന്റ് ബാബു കോട്ടയിൽ ഉദ്ഘാടനം ചെയ്യുന്നു

ജില്ലാ പ്രവർത്തക സമിതി യോഗം

പാലക്കാട്: കേരള വ്യാപാരി വ്യവസായി ഏകോപന സമിതി പാലക്കാട് ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ജില്ലാ പ്രവർത്തകസമിതി യോഗം ചേർന്നു. ജില്ലാ പ്രസിഡന്റ് ബാബു കോട്ടയിൽ ഉദ്ഘാടനം ചെയ്തു. ജില്ലാ വൈസ്പ്രസിഡണ്ട് ബാസിത് മുസ്‌ലിം സ്വാഗതം പറഞ്ഞു. ജില്ലാ തെരഞ്ഞെടുപ്പ് 29.ന് കുളപ്പുള്ളി ഗസീബോ ഓഡിറ്റോറിയത്തിൽ നടക്കും. സംസ്ഥാന സെക്രട്ടറി വി.എം.ലത്തീഫ്, ജില്ലാ ഭാരവാഹികളായ കെ.എ.ഹമീദ്, കെ.കെ ഹരിദാസ്, ടി.രമേശ് ബേബി, സി.വി ജയിംസ്, ടി.പി സക്കറിയ, ടി.പി ഷക്കീർ, എ.പി മാനു, പി.ബാലമുരളി, പരമേശ്വരൻ കാവശ്ശേരി, സുന്ദർരാജ് കോങ്ങാട്, മുസ്തഫ വല്ലപ്പുഴ, കെ.ചന്ദ്രൻ എന്നിവർ സംസാരിച്ചു.

ഡയാലിസിസ് ടെക്നീഷ്യൻ നിയമനം

പാലക്കാട്: ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് ടെക്നീഷ്യൻ തസ്തികയിലേക്ക് കരാർ/ദിവസവേതനാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്നതിലേക്ക് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. യോഗ്യത: സർക്കാർ അംഗീകൃത സ്ഥാപനത്തിൽനിന്നുള്ള ഡയാലിസിസ് ടെക്നീഷ്യൻ ഡിപ്ലോമ/ഡിഗ്രി. മേൽപ്പറഞ്ഞ യോഗ്യതയുള്ളവരുടെ അഭാവത്തിൽ ഡയാലിസിസ് യൂണിറ്റിൽ രണ്ട് വർഷത്തിൽ കൂടുതൽ പ്രവൃത്തി പരിചയമുള്ള സ്റ്റാഫ് നേഴ്സ്മാരെയും (ബി.എസ്.സി/ജി.എൻ.എം) പരിഗണിക്കും. 2024 ജനുവരി ഒന്നിന് 40 വയസ്സ് പ്രായമുള്ളവർ ആയിരിക്കണം. പ്രവൃത്തിപരിചയം അഭികാമ്യം. അപേക്ഷകർ പ്രായം, യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, മാർക്ക് ലിസ്റ്റ്, പ്രവൃത്തിപരിചയം തെളിയിക്കുന്ന രേഖ എന്നിവയുടെ ഒറിജിനലും പകർപ്പും സഹിതം ജൂൺ 15ന് രാവിലെ പത്തിന് ജില്ലാ ആശുപത്രി സൂപ്രണ്ടിന്റെ ഓഫീസിൽ നേരിട്ട് എത്തണമെന്ന് സൂപ്രണ്ട് അറിയിച്ചു. ഫോൺ: 0491 2533327, 2534524.

ഷംസുദ്ദീൻ എം.എൽ.എയുടെ

ഫ്ളെയിം എക്സലൻസ് മീറ്റ് നാളെ

മന്ത്രി കൃഷ്ണൻകുട്ടി ഉദ്ഘാടനം ചെയ്യും

മണ്ണാർക്കാട്: അഡ്വ.എൻ. ഷംസുദ്ദീൻ എം.എൽ.എയുടെ നേതൃത്വത്തിൽ മണ്ണാർക്കാട് നിയോജക മണ്ഡലത്തിലെ വിദ്യാഭ്യാസ ശാക്തീകരണം ലക്ഷ്യമാക്കി നടപ്പാക്കി വരുന്ന ഫ്ളെയിം സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായുള്ള എക്സലൻസ് മീറ്റ് നാളെ രാവിലെ 9 മണിക്ക് നടക്കും. കോടതിപ്പടി എം.പി ഓഡിറ്റോറിയത്തിൽ മന്ത്രി കെ.കൃഷ്ണൻകുട്ടി ഉദ്ഘാടനം ചെയ്യും.

മജീഷ്യൻ ഗോപിനാഥ് മുതുകാട് മുഖ്യാതിഥിയാകും. അഡ്വ.എൻ ഷംസുദ്ദീൻ എം.എൽ.എ അധ്യക്ഷത വഹിക്കും. മണ്ഡലത്തിൽ നിന്നും എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷകളിൽ സമ്പൂർണ എ പ്ലസ് നേടിയ 798 വിദ്യാർഥി പ്രതിഭകളെയും നൂറു ശതമാനം വിജയം കൈവരിച്ച 19 വിദ്യാലയങ്ങളെയും നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പ് ജേതാക്കളായ 92 പേരെയും ചടങ്ങിൽ അനുമോദിക്കും. ജനപ്രതിനിധികളും സാമൂഹ്യ രാഷ്ട്രീയ രംഗങ്ങളിലെ പ്രമുഖരും എക്സലൻസ് മീറ്റിൽ സംബന്ധിക്കും. ഫ്ളെയിം പദ്ധതിയുടെ ഭാഗമായി നടത്തിയ എൻ.എം.എം.എസ് പരിശീലനത്തിലൂടെ 92 പേരാണ് പ്രതിവർഷം 12000 രൂപ വീതം നാലു വർഷത്തേക്ക് 48000 രൂപ ലഭിക്കുന്ന സ്കോളർഷിപ്പിന് മണ്ഡലത്തിൽ നിന്നും യോഗ്യരായത്. അട്ടപ്പാടി മേഖലയിലെ എട്ട് ഹൈസ്കൂളുകൾ ഉൾപ്പെടെ 19 വിദ്യാലയങ്ങളിൽ നൂറ് ശതമാനം വിജയം നേടാനായി. വിവിധ വിദ്യാലയങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുന്നതിനായി പുതിയ കെട്ടിടങ്ങൾ, പാചകപ്പുരകൾ, ശുചിമുറികൾ, സ്മാർട്ട് ക്ലാസ് റൂമുകൾ, കമ്പ്യൂട്ടർവൽക്കരണം, സ്കൂൾ ബസുകൾ, സ്കൂൾ - കോളജ് ലൈബ്രറികൾക്ക് പുസ്തകങ്ങൾ, അംഗൻവാടികളിലെ കുട്ടികൾക്ക് വിശ്രമിക്കാൻ ബെഡുകൾ തുടങ്ങിയ പ്രവർത്തനങ്ങളും സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി നടപ്പാക്കിയിട്ടുണ്ട്.

സാധാരണക്കാർക്ക് ചികിത്സാ പരിരക്ഷ നൽകുന്ന പദ്ധതി പരിഗണിക്കണം: മനുഷ്യാവകാശ കമ്മീഷൻ

പാലക്കാട്: ചികിത്സാ ചെലവ് സാധാരണകാർക്ക് താങ്ങാനാവാത്ത സാഹചര്യത്തിൽ സമ്പൂർണ ചികിത്സാ പരിരക്ഷ ലഭിക്കുന്ന പദ്ധതിക്ക് രൂപം നൽകുന്നത് പരിഗണിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ. സർക്കാരിന്റെ നയപരമായ തീരുമാനം ഇക്കാര്യത്തിൽ ആവശ്യമായതിനാൽ ആരോഗ്യവകുപ്പ് സെക്രട്ടറി തുടർനടപടികൾ സ്വീകരിക്കണമെന്ന് കമ്മീഷൻ ആക്റ്റിങ് ചെയർപേഴ്സണും ജുഡീഷ്യൽ അംഗവുമായ കെ. ബൈജുനാഥ് ആവശ്യപ്പെട്ടു. സാധാരണകാർക്ക് ചികിത്സാ പരിരക്ഷ നൽകണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച പരാതിയിലാണ് നടപടി. ധനവകുപ്പ് അഡീഷണൽ സെക്രട്ടറിയിൽ (ആരോഗ്യ ഇൻഷൂറൻസ്) നിന്നും കമ്മീഷൻ റിപ്പോർട്ട് വാങ്ങി. സംസ്ഥാന സർക്കാർ ജീവനക്കാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ, പാർട്ട് ടൈം അധ്യാപകർ, എയ്ഡഡ് അധ്യാപകർ, അനധ്യാപകർ, പെൻഷൻകാർ, കുടുംബ പെൻഷൻകാർ എന്നിവർക്കും ആശ്രിതർക്കുമായി പ്രതിമാസം 500രൂപ നിരക്കിൽ മെഡിസെപ്പ് എന്ന പേരിൽ പദ്ധതി നടപ്പാക്കിയിട്ടുണ്ടെന്ന് റിപ്പോർട്ടിൽ പറയുന്നു. ഈപദ്ധതിയിൽ സർക്കാർ വിഹിതമില്ലാത്തതുകൊണ്ട് സർക്കാർ വിഹിതത്തോടെ സമ്പൂർണ പരിരക്ഷ എല്ലാവർക്കും ലഭിക്കുന്ന തരത്തിൽ മെഡിസെപ്പ് പദ്ധതിയുടെ കീഴിൽ കൊണ്ടുവരാൻ കഴിയുകയില്ലെന്നും റിപ്പോർട്ടിൽ പറയുന്നു. സാമ്പത്തിക ബാധ്യത ഉൾപ്പടെ കണക്കാക്കി ഇക്കാര്യത്തിൽ സർക്കാർ നയപരമായ തീരുമാനമെടുക്കണമെന്നും റിപ്പോർട്ടിൽ പറയുന്നു. ധനകാര്യ ഹെൽത്ത് ഇൻഷൂറൻസ് വകുപ്പിന് ഇക്കാര്യത്തിൽ അഭിപ്രായം ലഭ്യമാക്കാനാവില്ല. പരാതി പരിഗണനാർഹമാണെന്ന് കമ്മീഷൻ ഉത്തരവിൽ പറഞ്ഞു. കഞ്ചിക്കോട് സ്വദേശി മനോഹർ ഇരിങ്ങൽ സമർപ്പിച്ച പരാതിയിലാണ് നടപടി.

വി.കെ ശ്രീകണ്ഠന്റെ വിജയത്തിൽ നെല്ലായ പഞ്ചായത്ത് യു.ഡി.എഫ് കമ്മിറ്റിയുടെ നടത്തിയ ആഹ്ലാദ പ്രകടനം

കാരാകുറുശ്ശി പഞ്ചായത്ത് യു.ഡി.എഫ് കമ്മിറ്റി നടത്തിയ വിജയാഹ്ലാദ പ്രകടനം

തെരഞ്ഞെടുപ്പ് വിജയത്തിൽ യു.ഡി.എഫ് ആഹ്ലാദം

ചെർപ്പുളശേരി: നെല്ലായ പഞ്ചായത്ത് യു.ഡി.എഫ് കമ്മിറ്റിയുടെ നേതൃത്വത്തിൽ വി.കെ ശ്രീകണ്ഠന്റെ വിജയത്തിൽ ആഹ്ലാദ പ്രകടനം നടത്തി. നെല്ലായ സിറ്റിയിൽ നിന്നും വിവിധ വാദ്യമേളങ്ങളോടെ തുങ്ങിയ പ്രകടനം പേങ്ങാട്ടിരി സെന്റിൽ സമാപിച്ചു. യു.ഡി.എഫ് ജില്ലാ ചെയർമാൻ മരക്കാർ മാരായമംഗലം മേലാടയിൽ വാപ്പുട്ടി, മൂസ പേങ്ങാട്ടിരി, രായിൻ കീഴ്ശേരി, പി.പി അൻവർ സാദത്ത്,ഹംസത്ത് മാടാല, കെ.രാജീവ്, എൻ ബിജു, കെ.പി മുഹമ്മദ്, മാടാല മുഹമ്മദലി, ഉനൈസ് മാരായമംഗലം, കെ.എം.കെ ബാബു നേതൃത്വം നൽകി.

മരം ലേലം

പാലക്കാട്: കോട്ടായി ഗവ പ്രീമെട്രിക് ഹോസ്റ്റൽ (ആൺകുട്ടികൾ) പരിസരത്തെ മരങ്ങൾ ജൂൺ 11ന് രാവിലെ 11:30ന് ഹോസ്റ്റൽ ഓഫീസിൽ വച്ച് പരസ്യമായി ലേലം ചെയ്തു വിൽക്കും. താൽപര്യമുള്ളവർ രാവിലെ 10:30ന് മുമ്പായി നിരതദ്രവ്യം 2500 രൂപ കെട്ടിവച്ച് രജിസ്റ്റർ ചെയ്യണം. ഫോൺ: 8547630127.

മുസ്‌ലിംലീഗ് കാസർകോട് മണ്ഡലം യോഗം 12ന്

കാസർകോട്: മുസ്‌ലിം ലീഗ് കാസർകോട് നിയോജക മണ്ഡലം പ്രവർത്തക സമിതി അംഗങ്ങളുടെയും മുനിസിപ്പൽ പഞ്ചായത്ത് പ്രസിഡന്റ് ജനറൽ സെക്രട്ടറിമാരുടെയും യോഗം 12ന് രാവിലെ 11 മണിക്ക് ജില്ലാ മുസ്‌ലിം ലീഗ് ഓഫീസിൽ ചേരുമെന്ന് ജനറൽ സെക്രട്ടറി ടി.എം ഇഖ്ബാൽ അറിയിച്ചു.

തദ്ദേശ തിരഞ്ഞെടുപ്പ്; കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു

കാസർകോട്: തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിന്റെ ഭാഗമായി ജൂൺ ആറിന് കരട് സംയോജിത വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു. അവകാശ വാദങ്ങളും ആക്ഷേപങ്ങളും ജൂൺ 21 വരെ സ്വീകരിക്കും. 2024 ജനുവരി ഒന്നിനോ അതിന് മുമ്പോ 18 വയസ് തികഞ്ഞവരെ വോട്ടർ പട്ടികയിൽ ഉൾപ്പെടുത്തും. ജൂലൈ ഒന്നിന് അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിക്കും. ഉപതിരഞ്ഞെടുപ്പ് നടക്കുന്ന കാസർകോട് നഗരസഭയിലെ 24-ാം വാർഡ് ഖാസിലേൻ, മൊഗ്രാൽ പുത്തൂർ ഗ്രാമപഞ്ചായത്ത് മൂന്നാം വാർഡ് കോട്ടക്കുന്ന്, മൊഗ്രാൽ പുത്തൂർ ഗ്രാമപഞ്ചായത്ത് പതിനാലാം വാർഡ് കല്ലങ്കൈ എന്നിവിടങ്ങളിൽ പ്രവാസി ഭാരതീയരുടെ വോട്ടർ പട്ടികയും തയാറാക്കും.

അധ്യാപക ഒഴിവ്

പട്ള: ജി.എച്ച്.എസ്.എസ് പട്ളയിൽ എച്ച്.എസ്.എസ്.ടി കെമിസ്ട്രി (സീനിയർ) തസ്തികയിലെ താൽക്കാലിക ഒഴിവിലേക്ക് കൂടിക്കാഴ്ച 11ന് രാവിലെ 10ന് ഹയർ സെക്കന്ററി ഓഫീസിൽ നടക്കും. ഫോൺ- 9496749555.

കാസർകോട് വാർത്തകൾ

എസ്.ടി.യു ജില്ലാ നേതൃസംഗമം മുസ്‌ലിം ലീഗ് ജില്ലാ പ്രസിഡന്റ് കല്ലട്ര മാഹിൻ ഹാജി ഉദ്ഘാടനം ചെയ്യുന്നു

കുടുംബശ്രീ കുടിവെള്ള സ്ഥാപനം തകർക്കരുത്

13ന് ഫുഡ് സേഫ്റ്റി ഓഫീസിലേക്ക് എസ്.ടി.യു മാർച്ച് നടത്തും

കാസർകോട്: സ്വകാര്യ കുടിവെള്ള വിതരണ മാഫിയക്ക് വേണ്ടി കാസർകോട് നഗരസഭ കുടുംബശ്രീ സംരംഭമായ പ്യൂവർ വാട്ടർ യൂണിറ്റ് അടച്ചുപൂട്ടാനുള്ള ഫുഡ് സേഫ്റ്റി അധികതരുടെ നിലപാടിൽ പ്രതിഷേധിച്ച് 13ന് ഫുഡ് സേഫ്റ്റി അസി.കമ്മീഷണർ ഓഫീസിലേക്ക് കാസർകോട് മേഖലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ മാർച്ചും ധർണയും നടത്താൻ എസ്.ടി.യു ജില്ലാ കമ്മിറ്റി യോഗം തീരുമാനിച്ചു.

എസ്.ടി.യു ജില്ലാ പ്രസിഡന്റ് എ. അഹമ്മദ് ഹാജി അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി മുത്തലിബ് പാറക്കെട്ട് സ്വാഗതം പറഞ്ഞു. മുസ്‌ലിം ലീഗ് ജില്ലാ പ്രസിഡന്റ് കല്ലട്ര മാഹിൻ ഹാജി ഉദ്ഘാടനം ചെയ്തു. എൻ.എ നെല്ലിക്കുന്ന് എം.എൽ.എ മുഖ്യപ്രഭാഷണം നടത്തി. എസ്.ടി.യു ദേശീയ വൈസ് പ്രസിഡന്റ് എ. അബ്ദുൽ റഹ്മാൻ, സംസ്ഥാന ജനറൽ സെക്രട്ടറി കെ.പി മുഹമ്മദ് അഷ്റഫ്, വൈസ് പ്രസിഡന്റ് അഷ്റഫ് എടനീർ, സെക്രട്ടറി ഷരീഫ് കൊടവഞ്ചി, മുസ്‌ലിം ലീഗ് ജില്ലാ വൈസ് പ്രസിഡന്റ് എ.എം കടവത്ത്, സെക്രട്ടറി അബ്ദുല്ലക്കുഞ്ഞി ചെർക്കള, എസ്.ടി.യു ജില്ലാ ഭാരവാഹികളായ മുംതാസ് സമീറ, പി.പി നസീമ, ഷംസുദീൻ ആയിറ്റി, മാഹിൻ മുണ്ടക്കൈ, കുഞ്ഞാമദ് കല്ലൂരാവി,

പി.ഐ.എ ലത്തീഫ് ,മൊയ്തീൻ കൊല്ലമ്പാടി, എൽ.കെ ഇബ്രാഹിം, ടി.പി മുഹമ്മദ് അനീസ്, ബീഫാത്തിമ ഇബ്രാഹിം, ഉമ്മർ അപ്പോളൊ, സി.എ ഇബ്രാഹിം എതിർത്തോട്, ഷക്കീല മജീദ്, കെ. മുഹമ്മദ് റഫീഖ്, അസീസ് മഞ്ചേശ്വരം, ഇസ്മായിൽ തൈക്കടപ്പുറം, മജീദ് സന്തോഷ് നഗർ, മൻസൂർ മല്ലത്ത്, അഷ്റഫ് ബി.എം, ഫിറോസ് മടക്കര, മുഹമ്മദ് ഉപ്പള ഗേറ്റ്, എം.കെ.ഇബ്രാഹിം പൊവ്വൽ, ഷിഹാബ് റഹ്മാനിയ നഗർ, ശുക്കൂർ ചെർക്കള, കെ.ടി അബ്ദുൽ റഹ്മാൻ, സുബൈർ മാര, സിദ്ധീഖ് ചക്കര, ഇൽയാസ് ബേക്കൽ, ബഷീർ പള്ളങ്കോട്, എം. നൈമുന്നിസ, നൂർജഹാൻ സി.എ, സക്കീന എം.ടി.പി, കെ. പള്ളിക്കുഞ്ഞി, മുഹമ്മദ് കുഞ്ഞി കോയിപ്പാടി, ഫുളൈൽ തൃക്കരിപ്പൂർ, കദീജ കെ, സഫിയ പി.കെ, കെ.കുഞ്ഞിരാമൻ, ആരിഫഎം, മൊയിനുദ്ദീൻ ചെമ്മനാട് ,അഷ്റഫ് മുതലപ്പാറ, താജുദ്ദീൻ പുളിക്കൂർ, എച്ച്.കെ.അബ്ദുല്ല, അനീസ മൻസൂർ മല്ലത്ത്, സുഹറ പൈവളിഗെ, അബ്ദുല്ല കൊല്ലമ്പാടി, ബൽക്കീസ് ടി.എം, ബി.എസ്.അബ്ദുല്ല, ആസിഫ് മഞ്ചേശ്വരം, മൊയ്തീൻ ഹൊസങ്കടി, റഹീം നെല്ലിക്കുന്ന് പ്രസംഗിച്ചു.

നേട്ടം

നീറ്റ് പ്രവേശന പരീക്ഷയിൽ ദേശീയതലത്തിൽ 347-ാം റാങ്ക് നേടിയ ഖദീജത്ത് നസ്‌ല. 720ൽ 711 മാർക്ക് നേടിയാണ് റാങ്ക് കരസ്ഥമാക്കിയത്. ഒബിസി വിഭാഗത്തിൽ 95-ാം റാങ്കാണ്. അസീസ് മൈക്ക മധൂരിന്റെയും സാഹിദ ഉദുമ പടിഞ്ഞാറിന്റെയും മകളാണ്.

തൃക്കരിപ്പൂർ വടക്കുമ്പാട് നിയന്ത്രണംവിട്ട കാർ കടയിലേക്ക് ഇടിച്ച് കയറിയ നിലയിൽ

ഭൂരിപക്ഷം ഇരട്ടിയിലധികം കൂടിയ ഏക കോൺഗ്രസ് മണ്ഡലം

കാസർകോട്ട് അഞ്ചിടത്തും മുന്നിലെത്തി യു.ഡി.എഫ്

സി.പി.എം ശക്തികേന്ദ്രങ്ങളിൽ ബി.ജെ.പിക്ക് വോട്ടു കൂടി

ശരീഫ് കരിപ്പൊടി
കാസർകോട്

റെക്കോർഡുകൾ പിറന്ന തിരഞ്ഞെടുപ്പിൽ ജില്ലയിലെ അഞ്ചു നിയമസഭ മണ്ഡലങ്ങളിലും ഭൂരിപക്ഷം കൂട്ടി ശക്തമായ മേധാവിത്വമുറപ്പിച്ച് യു.ഡി.എഫ്. കാസർകോട് പാർലമെന്റ് മണ്ഡലത്തിന്റെ ഭാഗമായ കണ്ണൂർ ജില്ലയിലെ പയന്നൂർ, കല്യാശ്ശേരി നിയമസഭ മണ്ഡലങ്ങളിലും യു.ഡി.എഫിന് കഴിഞ്ഞ ലോക്സഭ തിരഞ്ഞെടുപ്പിനെ അപേക്ഷിച്ച് വോട്ടു കൂടി. പാർട്ടി ശക്തികേന്ദ്രമെന്ന് സി.പി.എം അവകാശപ്പെടുന്ന പയ്യന്നൂർ, കല്യാശ്ശേരി, തൃക്കരിപ്പൂർ ഉൾപ്പടെ ഉദുമ, കാഞ്ഞങ്ങാട് നിയമസഭ മണ്ഡലങ്ങളിൽ എൻ.ഡി.എയ്ക്ക് വോട്ടുകൂടിയതും എൽഡിഎഫിന് കനത്ത തിരിച്ചടിയായി.

2019ലെ 40,438 ഭൂരിപക്ഷത്തിന്റെ വിജയവീര്യത്തോടെ രണ്ടാംതവണയും അങ്കത്തിനിറങ്ങിയ രാജ്മോഹൻ ഉണ്ണിത്താൻ ലക്ഷം (1,00,649) വോട്ടിന്റെ ഭൂരിപക്ഷം നേടിയാണ് മണ്ഡലം ഒരിക്കൽക്കൂടി കൈപിടിയിലൊതുക്കിയത്. ഭൂരിപക്ഷം ഇരട്ടിയിലധികം കൂടിയ ഏക കോൺഗ്രസ് സ്ഥാനാർഥിയെന്ന ഖ്യാതിയും ജില്ല രൂപീകരിച്ചതിനു ശേഷം പാർലമെന്റ് മണ്ഡലത്തിൽ ഒരുലക്ഷം ഭൂരിപക്ഷമുയർത്തിയ മൂന്നാമത്തെയാളെന്ന റെക്കോർഡും ഉണ്ണിത്താൻ സ്വന്തമാക്കി. മൂന്നുപതിറ്റാണ്ടുകാലം സിപിഎം ഒകത്തുവച്ചിരുന്ന കാസർകോട് ലോക്സഭ മണ്ഡലം യു.ഡി.എഫിനു സ്വപ്നമണ്ഡലമാകാവുന്ന തരത്തിൽ പാകപ്പെടുത്തിയ തിരഞ്ഞെടുപ്പായിരുന്നു 2019ഉം 2024ഉം. നിയമസഭ മണ്ഡലങ്ങളിലെ വോട്ടുനേട്ടത്തിലും ആ സ്വപ്നം വലിയ തോതിൽ പ്രതിഫലിക്കുകയും ചെയ്യുന്നുണ്ട്.

മഞ്ചേശ്വരത്തിന്റെ തിരഞ്ഞെടുപ്പ് ചരിത്രത്തിൽ ഏറ്റവും വലിയ ഭൂരിപക്ഷമാണ് ഇക്കുറി യു.ഡി.എഫ് ഉയർത്തിയത്. വോട്ടെണ്ണത്തിൽ രണ്ടാം സ്ഥാനത്തുള്ള എൻ.ഡിഎയെക്കാൾ 17258 വോട്ടിന്റെ ഭൂരിപക്ഷം. 2019ലെ ലോക്സഭ തിരഞ്ഞെടുപ്പിൽ 11000ലധികം വോട്ടിന്റെ ഭൂരിപക്ഷം നേടിയടുത്താണ് ഇത്തവണ 35ശതമാനത്തോളം വോട്ടിന്റെ മേൽക്കൈ ഉണ്ണിത്താൻ നേടിയത്. മണ്ഡലത്തിന്റെ സ്റ്റാറ്റിറ്റിക്സ് വിലയിരുത്തിയാലും ശക്തമായ അടിയൊഴുക്കുകൾ വ്യക്തമാണ്. 2019ലെ ലോക്സഭ തിരഞ്ഞെടുപ്പിനേക്കാൾ വെറും 75 വോട്ട് മാത്രമാണ് എൻ.ഡിഎക്ക് കൂടിയത്. മൂന്നാം സ്ഥാനത്തുള്ള എൽ.ഡി.എഫ് പെട്ടിയിലെ 2640 വോട്ടുകൾ ചോരുകയും ചെയ്തു. അതായത് പുതിയ വോട്ടർമാരെ സ്വാധീനിക്കാൻ എൻ.ഡി.എക്കോ എൽ.ഡി.എഫിനൊ കഴിഞ്ഞില്ലെന്നത് വ്യക്തം.

കാസർകോട് മണ്ഡലത്തിലേക്ക് വന്നാൽ 2019നെക്കാൾ 13ശതമാനം ഭൂരിപക്ഷം കൂടി. തൊട്ടടുത്തുള്ള എൻ.ഡി.എ സ്ഥാനാർഥിയെക്കാൾ 26,375 വോട്ടിന്റെ ഭൂരിപക്ഷമുണ്ട്. മൂന്നാം സ്ഥാനത്തുള്ള എൽ.ഡി.എഫിനെക്കാൾ 47,245 വോട്ടിന്റെ വ്യത്യാസവുമുണ്ട് യു.ഡി.എഫിന്. 2019ൽ 23,160 വോട്ടിന്റെ വ്യക്തമായ ഭൂരിപക്ഷമാണ് മണ്ഡലത്തിൽ നിന്ന് ലഭിച്ചത്. എൽ.ഡി.എഫിനെക്കാൾ 41223 വോട്ടിന്റെ വ്യത്യാസവും. അതേസമയം കഴിഞ്ഞ ലോക്സഭ തിരഞ്ഞെടുപ്പുമായി താരതമ്യപ്പെടുത്തുമ്പോൾ എൻ.ഡി.എ പരമ്പരാഗത വോട്ടുകൾ നിലനിർത്തിയപ്പോഴും യു.ഡി.എഫിന് വോട്ടുവിഹിതം കൂടിയിട്ടുണ്ട്. എന്നാൽ മൂന്നാം സ്ഥാനത്തുള്ള എൽ.ഡി.എഫിന് മൂവായിരത്തോളം വോട്ടിന്റെ കുറവുണ്ടായത് സിപിഎമ്മിനെ സംബന്ധിച്ചെടുത്തോളം തിരിച്ചടി തന്നെയാണ്.

1991 മുതൽ നിയമസഭ തിരഞ്ഞെടുപ്പിൽ സി.പി.എമ്മിനൊപ്പം നിൽക്കുന്ന ഉദുമ മണ്ഡലത്തിൽ ഇത്തവണയും യു.ഡി.എഫ് മുന്നിലായി. എൽ.ഡി.എഫിനെക്കാൾ 11,959 വോട്ടിന്റെ ലീഡുണ്ട് ഉണ്ണിത്താന്. 2019ൽ 8937വോട്ടിന്റെ ഭൂരിപക്ഷത്തിൽ നിന്നാണ് ഈ മുന്നേറ്റം. അതേസമയം, എൽ.ഡി എഫിന് മൂവ്വായിരത്തോളം വോട്ടിന്റെ ചോർച്ചയുണ്ടായി. പാർട്ടി കേന്ദ്രമെന്ന് സിപിഎം പറയുന്ന ഉദുമ മണ്ഡലത്തിൽ എൻ.ഡി.എ സ്ഥാനാർഥിക്ക് ഏഴായിരത്തിലധികം വോട്ട് കൂടിയെന്നതും ശ്രദ്ധേയമാണ്.

അടിയൊഴുക്കുകൾ നേരിട്ട മറ്റൊരു പാർട്ടി കേന്ദ്രമാണ് കാഞ്ഞങ്ങാട്. 2019ലെ തിരഞ്ഞെടുപ്പിൽ എൽ.ഡി.എഫിന് 2221 വോട്ടിന്റെ ലീഡുണ്ടായിരുന്ന മണ്ഡലത്തിൽ ഇക്കുറി യു.ഡി.എഫ് 2050 വോട്ടിന്റെ മേൽക്കൈ നേടി. യു.ഡി.എഫ് താരതമ്യേന പാരമ്പര്യ വോട്ടു നില നിലർത്തിയപ്പോഴും കഴിഞ്ഞ ലോക്സഭയിൽ കിട്ടിയതിനെക്കാൾ 14,302 വോട്ട് എൽ.ഡി.എഫിന് കുറഞ്ഞു. അതേസമയം എൻ.ഡി.എക്ക് 12,000ഓളം വോട്ട് കൂടുകയും ചെയ്തു. ബൂത്ത്തല കണക്കിൽ സിപിഎം ശക്തികേന്ദ്രങ്ങളിലെല്ലാം വലിയ രീതിയിൽ വോട്ടു ചോർച്ചയുണ്ടായെന്നതും പാർട്ടിയെ ഞെട്ടിപ്പിക്കുന്നതാണ്. ഭരണവിരുദ്ധ വികാരം എന്ന് പറഞ്ഞ് ന്യായീകരിക്കുമ്പോഴും ഇത്രയുമധികം വോട്ടുകൾ എങ്ങനെ ചോർന്നു എന്ന അങ്കലാപ്പിലാണ് സി.പി.എമ്മും എൽ.ഡി.എഫ് നേതാക്കളും.

പാർട്ടിയുടെ ഇളകാത്ത കോട്ടയെന്ന് അവകാശപ്പെടുന്ന തൃക്കരിപ്പൂരിലും സിപിഎമ്മിന് കാലിടറുന്ന കാഴ്ചയാണ് ഈ തിരഞ്ഞെടുപ്പിൽ കണ്ടത്. 1899 വോട്ടിന്റെ മേൽക്കൈ ഉണ്ടായിരുന്ന ഇടതുപക്ഷം കുത്തുപാളയെടുത്ത തിരഞ്ഞെടുപ്പായിരുന്നു ഇത്. ഇടതുകോട്ടകൾ തകർത്ത് 10448 വോട്ടിന്റെ ഭൂരിപക്ഷമാണ് ഉണ്ണിത്താൻ സ്വന്തമാക്കിയത്. പ്രതീക്ഷിച്ച വോട്ടുകൾ യു.ഡി.എഫ് പെട്ടിയിൽ വീണെങ്കിലും എൽ.ഡി.എഫ് വോട്ടുപെട്ടി ചോർന്നത് സിപിഎമ്മിനെ സംബന്ധിച്ചെടുത്തോളം അങ്കലാപ്പിലാക്കുന്നതാണ്. പാർട്ടിയുടെ ഉറച്ച വോട്ടുകൾ പോലും എൻ.ഡി.എയിലേക്കാണ് എത്തിയത്. 2019നെ അപേക്ഷിച്ച് പതിനായിരത്തിലധികം വോട്ടുകളുടെ കുറവുണ്ട് എൽഡിഎഫിന്. ഇരട്ടിയോളം വോട്ടുകൾ എൻ.ഡി.എ നേടുകയും ചെയ്തു. എൽഡിഎഫ് സ്ഥാനാർഥിയുടെ ജന്മനാടായ കയ്യൂരിൽ പോലും വലിയ രീതിയിൽ വോട്ടുകുറഞ്ഞു. ചെറുവത്തൂർ പഞ്ചായത്തിലും നീലേശ്വരം നഗരസഭയിലും വലിയ തോതിൽ വോട്ടുചോർച്ചയുണ്ടായി.

സിപിഎം പാർട്ടി ഗ്രാമങ്ങളായ പയ്യന്നൂർ, കല്യാശ്ശേരി മണ്ഡലങ്ങളിൽ എൻ.ഡി.എയ്ക്ക് വോട്ടുകൂടിയതും എൽ.ഡി.എഫിനത്തെ അടിയൊഴിക്കുകൾ വ്യക്തമാക്കുന്നു. പയ്യന്നൂരിൽ എൻഡിഎയ്ക്ക് പതിനായിരത്തോളം വോട്ടുകൾ കൂടിയപ്പോൾ അത്രതന്നെ വോട്ടുകൾ എൽ.ഡി.എഫിന് കുറഞ്ഞു. യുഡിഎഫിനും വോട്ടു വിഹിതം കൂടി. കല്യാശ്ശേരിയിലും സ്ഥിതി സമാനമാണ്. നാലായിരത്തോളം യു.ഡി.എഫിന് വോട്ടു കൂടിയപ്പോൾ എൽഡിഎഫിന് എട്ടായിരത്തിലധികം വോട്ടുകളുടെ കുറവുണ്ടായി. ആറായിരത്തിലധികം വോട്ടിന്റെ വർധന എൻഡിഎയിലുണ്ടായി.

നിയമസഭാ മണ്ഡലങ്ങളിൽ ലഭിച്ച വോട്ട്

	2024	2019	2021 (നിയമസഭ)
മഞ്ചേശ്വരം			
യു.ഡി.എഫ്:	74437	68217	65858
എൽ.ഡി.എഫ്:	30156	32796	65103
എൻ.ഡി.എ:	57179	57104	40639
കാസർകോട്			
യു.ഡി.എഫ്:	73407	69790	63296
എൽ.ഡി.എഫ്:	26162	28567	28323
എൻ.ഡി.എ:	47032	46630	50395
ഉദുമ			
യു.ഡി.എഫ്:	72448	72324	65342
എൽ.ഡി.എഫ്:	60489	63387	78664
എൻ.ഡി.എ:	31245	23786	20360
കാഞ്ഞങ്ങാട്			
യു.ഡി.എഫ്:	69171	72570	57476
എൽ.ഡി.എഫ്:	67121	74791	84615
എൻ.ഡി.എ:	29301	20046	21570
തൃക്കരിപ്പൂർ			
യു.ഡി.എഫ്:	75643	74504	60014
എൽ.ഡി.എഫ്:	65195	76403	86151
എൻ.ഡി.എ:	17085	8652	10916
പയ്യന്നൂർ			
യു.ഡി.എഫ്:	58184	56730	43915
എൽ.ഡി.എഫ്:	71441	82861	93695
എൻ.ഡി.എ:	18466	9268	11308
കല്യാശ്ശേരി			
യു.ഡി.എഫ്:	64347	59848	43859
എൽ.ഡി.എഫ്:	65405	73542	88252
എൻ.ഡി.എ:	17688	9854	11365

ചെമ്മനാട് പഞ്ചായത്ത് ഓഫീസിൽ കവർച്ചാശ്രമം

കാസർകോട്: ചെമ്മനാട് പഞ്ചായത്ത് ഓഫീസിൽ കവർച്ചാശ്രമം. ഇന്നലെ രാവിലെ പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറിയും ഹെഡ് ക്ലർക്കും ഓഫീസിൽ എത്തിയപ്പോഴാണ് ഓഫീസ് തുറന്ന് കിടക്കുന്നതു കണ്ടത്. അകത്തുകയറിയ പരിശോധിച്ചപ്പോൾ രേഖകൾ സൂക്ഷിച്ചിരുന്ന അലമാരകളും പണം സൂക്ഷിക്കുന്ന പെട്ടിയും തുറന്ന നിലയിൽ കണ്ടെത്തുകയായിരുന്നു. തുടർന്ന് ഉദ്യോഗസ്ഥർ പഞ്ചായത്ത് പ്രസിഡന്റിനെയും പൊലീസിനെയും വിവരം അറിയിച്ചു. വിവരമറിയിച്ചതിനെ തുടർന്ന് മേൽപറമ്പ് പൊലീസും പൊലീസ് നായയും വിരലടയാള വിദഗ്ധരും സ്ഥലത്തെത്തി പരിശോധന നടത്തി. പണമോ രേഖകളോ മറ്റു വസ്തുക്കളോ നഷ്ടപ്പെട്ടിട്ടില്ലെന്നാണ് വിവരം. ലോക്കർ തകർക്കാൻ ശ്രമം നടന്നതായി കണ്ടെത്തിയതായും പ്രസിഡന്റ് സുഫൈജ അബൂബക്കർ പറഞ്ഞു. സമീപ പ്രദേശങ്ങളിലെ സിസിടിവി കാമറകൾ പരിശോധിച്ച് മോഷ്ടാക്കളെ കണ്ടെത്താനുള്ള ശ്രമം പൊലീസ് ഊർജിതമാക്കിയിട്ടുണ്ട്.

നടക്കാവ് സിന്തറ്റിക് സ്റ്റേഡിയത്തിൽ നടക്കുന്ന സംസ്ഥാന സംസ്ഥാന സബ് ജൂനിയർ ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ പാലക്കാടും വയനാടും തമ്മിൽ നടന്ന മത്സരത്തിൽ നിന്ന്

സി.പി.എം വോട്ട് ബി.ജെ.പിക്ക്; നേതാക്കളുടെ അറിവോടെയോ എന്ന് വ്യക്തമാക്കണം: കല്ലട്ര മാഹിൻ ഹാജി

കാസർകോട്: കാസർകോട് സി.പി.എം വോട്ട് ബിജെപിക്ക് പോയത് നേതാക്കളുടെ അറിവോടെയാണോയെന്ന് വ്യക്തമാക്കണമെന്ന് മുസ്‌ലിം ലീഗ് ജില്ലാ പ്രസിഡന്റ് കല്ലട്ര മാഹിൻ ഹാജി പറഞ്ഞു. മുഖ്യമന്ത്രിയേയും മകളെയും കേസിൽ നിന്ന് രക്ഷിക്കാൻ സി.പി.എം. ബി.ജെ.പിയുമായി നടത്തിയ ഡീലിന്റെ ഭാഗമായി കാസർകോട് പാർലിമെന്റ് മണ്ഡലത്തിലും 50,000ത്തോളം വോട്ടുകൾ സി.പി.എം ബി.ജെ.പി.ക്ക് നൽകിയതായി അദ്ദേഹം പറഞ്ഞു. ഇടതുപക്ഷ കോട്ടകളിലും പ്രത്യേകിച്ച് എൽ.ഡി.എഫ് സ്ഥാനാർത്ഥിയുടെ തട്ടകത്തിൽ പോലും ബി.ജെ.പിക്ക് വോട്ട് വർധിച്ചതായി കാണാം. അതുപോലെ ബി.ജെ.പി ബൂത്ത് ഏജന്റ് ഇല്ലാത്തിടത്ത് പോലും ബിജെപിക്ക് വോട്ട് ലഭിച്ചിട്ടുണ്ട്. ആരെ പ്രീതിപ്പെടുത്താനാണ് സി.പി.എം ബി.ജെ.പിക്ക് വോട്ട് മറിച്ചതെന്ന് വ്യക്തമാക്കണമെന്നും അദ്ദേഹം പറഞ്ഞു.

കവിയറിഞ്ഞ കവിതയറിഞ്ഞ് കയ്യൂരിലെ കുട്ടികൾ

കയ്യൂർ: ഏഴാം ക്ലാസിലെ മലയാള പാഠഭാഗത്തിലെ 'കാട് ആരത്' എന്ന കവിത ചൊല്ലി പഠിപ്പിക്കാൻ പ്രശസ്ത ഗോത്ര കവിയും പരിസ്ഥിതി പ്രവർത്തകനുമായ പ്രകാശ് ചെന്തളം പരിസ്ഥിതി ദിനത്തിൽ കയ്യൂർ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ എത്തി. ഏഴാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും തന്റെ കവിത ചൊല്ലി കൊടുക്കുകയും കവിതയുടെ പിന്നാമ്പുറ കഥകൾ പഠിപ്പിച്ചു നൽകുകയും ചെയ്തു. പാഠപുസ്തകത്തിലെ കവി നേരിട്ട് ക്ലാസിൽ എത്തിയപ്പോൾ കുട്ടികളും അധ്യാപകരും ഏറെ ആവേശത്തോടെ സ്വീകരിച്ചു.

സ്കൂൾ പരിസ്ഥിതി ദിനാഘോഷ പരിപാടികൾ ഉദ്ഘാടനം ചെയ്ത് മുഴുവൻ കുട്ടികളുമായി സംവദിക്കാനും കവി സമയം കണ്ടെത്തി കൂടാതെ സ്കൂൾ കാമ്പസിൽ സ്റ്റുഡന്റ് പൊലീസ് കേഡറ്റ് നടപ്പാക്കുന്ന മധുരവനം പദ്ധതിയുമായി ബന്ധപ്പെട്ട് നിരവധി തൈകൾ നടുന്നതിന്റെ ഉദ്ഘാടനവും പ്രകാശ് ചെന്തളം നിർവഹിച്ചു. തന്റെ സ്വതസിദ്ധമായ ശൈലിയിലൂടെ തന്റെ അനുഭവസാക്ഷ്യങ്ങൾ കുട്ടികളുമായി പങ്കുവെച്ചത് ഏറെ കൗതുകത്തോടെ ആസ്വദിക്കാനിടയാക്കി. ചടങ്ങിൽ സ്കൂൾ എസ്എംസി ചെയർമാൻ കെവി ലക്ഷ്മണൻ അധ്യക്ഷത വഹിച്ചു. പ്രിൻസിപ്പൽ സുധ. പി, ഹെഡ്മാസ്റ്റർ പ്രമോദ് ആലപ്പടമ്പൻ, ശ്രീഷ വിജി, മധുകുമാർ ടി.വി, പ്രോഗ്രാം കൺവീനർ കെഎം വേണുഗോപാൽ സംസാരിച്ചു.

കവി പ്രകാശ് ചെന്തളം കയ്യൂർ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ വിദ്യാർഥികൾക്കൊപ്പം

സബ്ജൂനിയർ ഫുട്ബോൾ; ഇന്ന് സെമി ഫൈനൽ

തൃശൂരും പാലക്കാടും മലപ്പുറവും കാസർകോടും ബൂട്ടണിയും

തൃക്കരിപ്പൂർ: നടക്കാവ് രാജീവ് ഗാന്ധി സിന്തറ്റിക് സ്റ്റേഡിയത്തിൽ നടക്കുന്ന സംസ്ഥാന സബ്ജൂനിയർ ഫുട്ബോൾ ചാമ്പ്യൻഷിപ്പിലെ സെമി ഫൈനൽ മത്സരങ്ങൾ ഇന്ന് നടക്കും. ഇന്നലെ രാവിലെ നടന്ന ആദ്യ മത്സരത്തിൽ ശക്തരായ തൃശൂർ ഒന്നിനെതിരെ ആറു ഗോളുകൾക്ക് തിരുവനന്തപുരത്തെ തകർത്താണ് സെമി ഫൈനൽ ബെർത്ത് നേടിയത്. മുഴുവൻ കളിസമയത്തും ആധിപത്യം നേടിയ തൃശൂരിന് വേണ്ടി മഹാദേവൻ രണ്ടും മുഹമ്മദ് ബാസിലും ആദിത്യ ഇഷാഖ് ബെന്നിയും കെ.വി അലേഖും ആദിദേവ് ജയേഷും ഒരോ ഗോളുകൾ വീതവും വലയിലാക്കി.

തിരുവനന്തപുരത്തിന് ആരോൺ റോഹൻ അവരുടെ ആശ്വാസ ഗോൾനേടി. കളിയിലെ കേമനായി തൃശൂരിന്റെ മഹാദേവനെ തിരഞ്ഞെടുത്തു. രണ്ടാമത്തെ മത്സരത്തിൽ കരുത്തരായ പാലക്കാട് ജില്ല ഒന്നിനെതിരെ നാല് ഗോളുകൾക്ക് വയനാടിനെ തറപറ്റിച്ച് സെമി ഫൈനലിൽ ഇടം നേടി. പാലക്കാടിന് വേണ്ടി മുഹമ്മദ് ഷാസിലും ഷാരോണും രണ്ടു വീതം ഗോളുകൾ നെറ്റിലെത്തിച്ചു. വയനാടിനായി അഭിനന്ദനാണ് ആശ്വാസ ഗോൾ നേടിയത്. കളിയിലെ താരമായി പാലക്കാടിന്റെ മുഹമ്മദ് ഷാഹിനെയാണ് തിരഞ്ഞെടുത്തത്.

ഇന്ന് വൈകിട്ട് മൂന്നിന് നടക്കുന്ന ആദ്യ സെമിയിൽ മലപ്പുറം തൃശൂരും തമ്മിൽ മാറ്റുരക്കും. 4.30ന് രണ്ടാം സെമിയിൽ ആതിഥേയരായ കാസർകോട് പാലക്കാടിനെ നേരിടും.

ഐടിഐ; അപേക്ഷ ക്ഷണിച്ചു

കാസർകോട്: ഐ.ടി.ഐകളിൽ പ്രവേശനത്തിന് 29 വരെ അപേക്ഷ ഓൺലൈനായി സമർപ്പിക്കാം. https://itiadmissionskerala.gov.in വെബ്സൈറ്റിലൂടെയാണ് അപേക്ഷ നൽകേണ്ടത്. നൂറു രൂപയാണ് അപേക്ഷാഫീസ് അപേക്ഷ ഓൺലൈനായി നൽകിയാലും അടുത്തുള്ള ഐടിഐയിൽ ഹാജരായി അപേക്ഷ വെരിഫിക്കേഷൻ നടത്തണം. വെരിഫിക്കേഷൻ നടത്താത്ത അപേക്ഷകൾ റദ്ദാക്കുന്നതാണ്. ഹെൽപ് ലൈൻ നമ്പർ 0499 4256440.

പരിസ്ഥിതി ദിനാചരണം നടത്തി

വലിയപറമ്പ്: ലോക പരിസ്ഥിതി ദിനത്തിൽ ജില്ലാ മുസ്‌ലിം ലീഗ് പരിസ്ഥിതി സംരക്ഷണ സമിതിയുടെയും വലിയപറമ്പ് പഞ്ചായത്ത് വനിതാ ലീഗിന്റെയും സംയുക്താഭിമുഖ്യത്തിൽ മാവിലാകടപ്പുറത്ത് ലോക പരിസ്ഥിതി ദിനാചരണവും കവ്വായിപ്പുഴ സംരക്ഷണ പ്രതിജ്ഞയും സംഘടിപ്പിച്ചു. ജില്ലാ മുസ്‌ലിം ലീഗ് സെക്രട്ടറി എജി സി ബഷീർ ഉദ്ഘാടനം ചെയ്തു. മുസ്‌ലിം ലീഗ് പരിസ്ഥിതി സംരക്ഷണ സമിതി ജില്ലാ കൺവീനർ എം.ടി അബ്ദുൽ ജബ്ബാർ അധ്യക്ഷത വഹിച്ചു. തൃക്കരിപ്പൂർ മണ്ഡലം മുസ്‌ലിം ലീഗ് സെക്രട്ടറി പി.കെ.സി അബ്ദുള്ള സ്വാഗതം പറഞ്ഞു. പരിസ്ഥിതി പ്രവർത്തകൻ ടി.പി

ഇസ്തിഫാദ പരിപാടി സമാപിച്ചു

നൂഞ്ഞേരി: ഹിദായത്തു ത്വലബ ദർസിന്റെ കീഴിൽ വേനലവധിക്കവധി എന്ന പ്രമേയത്തിൽ നടത്താറുള്ള ഇസ്തിഫാദ പ്രോഗ്രാം സമാപിച്ചു. മെയ് 3 ന് മുഹമ്മദ്കുട്ടി തങ്ങൾ മഖാം സിയാറത്തോട് കൂടിയാണ് പരിപാടി ആരംഭിച്ചത്.

പ്രകൃതി സംരക്ഷണം, ലഹരി വിരുദ്ധ ബോധവൽക്കരണം, ജല സംരക്ഷണം, സഫറുസ്സിയറ:, മജിലിസു തക്രീം തുടങ്ങിയ സെഷനുകൾ നടന്നു.

സമാപന ദിനത്തിൽ സ്വദേശികളായ വിദ്യാർത്ഥികൾക്ക് നടത്തിയ വെക്കേഷൻ ക്ലാസുകളിൽ പങ്കെടുത്ത വിദ്യാർത്ഥികളെ അനുമോദിച്ചു. ഹാഫിള് ഷാഹിദ് കാഞ്ഞങ്ങാട് ഖിറാഅത്ത് അവതരിപ്പിച്ചു. മുഹമ്മദ്കുട്ടി ഹാജി അദ്ധ്യക്ഷനായി. സവാദ് ഫൈസി ഉദ്ഘാടനം ചെയ്തു. റാസി നെല്ലിപ്പറമ്പ്, മുബഷിർ ബാഖവി, യൂസുഫ് ഫൈസി, ശാഹുൽ ഹമീദ്, വിപി കുഞ്ഞിമൊയ്തീൻ, ജമാൽ സിഎംകെ, റഷാദ് തെക്കുമ്പാട്, സാമിർ തെകുമ്പാട്, അബ്ദുസ്സമദ് ഹാജി, അബ്ദുറസാഖ്, അബ്ദുൽഖാദിർ ഹാജി സംസാരിച്ചു. മഹല്ല് ഖത്തീബ് മുഹമ്മദ് അഷ്റഫ് അൽ ഖാസിമി കമ്പിൽ പ്രാർത്ഥനക്ക് നേതൃത്വം നൽകി.

അധ്യാപക നിയമനം; അഭിമുഖം 21ന്

കണ്ണൂർ; വിനോദസഞ്ചാര വകുപ്പിന് കീഴിലെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് കോളജിൽ കണ്ണൂർ സർവകലാശാലയുമായി അഫിലിയേറ്റ് ചെയ്ത ബിഎസ്സി ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിങ് സയൻസ് കോഴ്സിൽ ഇംഗ്ലീഷ്, ഫ്രഞ്ച്, ഫുഡ് സയൻസ് ആന്റ് ന്യൂട്രിഷൻ, അക്കൗണ്ടൻസി, ഹോട്ടൽ എഞ്ചിനീയറിങ് ആന്റ് ഫെസിലിറ്റി പ്ലാനിങ് എന്നീ വിഷയങ്ങൾ പഠിപ്പിക്കാൻ മണിക്കൂർ വേതന അടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കുന്നു. ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തര ബിരുദം, നെറ്റ് എന്നിവയാണ് യോഗ്യത. ഉദ്യോഗാർഥികൾ ബയോഡാറ്റ അയച്ച് 21ന് രാവിലെ 10 മണിക്ക് കോളജിൽ നടക്കുന്ന അഭിമുഖത്തിന് ബന്ധപ്പെട്ട രേഖകളുമായി ഹാജരാകണം. ഫോൺ: 9567463159, 0490 2353600.

കണ്ണൂർ വാർത്തകൾ

യു.ഡി.എഫ് യോഗം നാളെ

കണ്ണൂർ: യു.ഡി.എഫ് ജില്ലാ കമ്മിറ്റി അംഗങ്ങളുടെയും നിയോജക മണ്ഡലം ചെയർമാൻ, കൺവീനർമാരുടെയും യോഗം നാളെ രാവിലെ 10.30ന് കണ്ണൂർ ഡി.സി.സി ഓഫീസിൽ ചേരുമെന്ന് ചെയർമാൻ പി.ടി മാത്യുവും കൺവീനർ അബ്ദുൽ കരീം ചേലേരിയും അറിയിച്ചു.

വൈറ്റ് ഗാർഡ് സെക്യൂരിറ്റി സ്കീം അൽത്താഫ് മാങ്ങാടൻ ഉദ്ഘാടനം ചെയ്യുന്നു

കണ്ണൂർ മേഖലയിൽ വൈറ്റ് ഗാർഡ് സെക്യൂരിറ്റി സ്കീമിന് തുടക്കം

കണ്ണൂർ: യൂത്ത് ലീഗ് വൈറ്റ് ഗാർഡ് അംഗങ്ങൾക്കും പ്രവർത്തകർക്കും നടപ്പിലാക്കുന്ന സെക്യൂരിറ്റി സ്കീം കണ്ണൂർ മേഖലയിൽ തുടക്കം. ജില്ലാ ട്രഷറർ അൽത്താഫ് മാങ്ങാടൻ ഉദ്ഘാടനം ചെയ്തു. മേഖല ജനറൽ സെക്രട്ടറി റഷീദ് പടന്ന അധ്യക്ഷനായി. മണ്ഡലം പ്രസിഡന്റ് സി.എം ഇസുദ്ദീൻ, നേതാക്കളായ സഹീർ കണ്ണൂക്കര, യാസർ, ഫൈസൽ നീർച്ചാൽ, ഫാരിസ് കൊച്ചിപ്പള്ളി, മഷ്ഹൂദ് ചിനി, ജംസൽ പങ്കെടുത്തു.

നിതിൻ ശ്രാവണന്റെ ചികിത്സയ്ക്ക് മുസ്ലിംലീഗ് ചെനയന്നൂർ ശാഖ കമ്മിറ്റി സമാഹരിച്ച തുക പ്രസിഡന്റ് കെ.പി മുഹമ്മദലി, സെക്രട്ടറി സി.കെ മഹറൂഫ് പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ.പിമുഹമ്മദ് കുഞ്ഞി ഹാജി എന്നിവർ ചേർന്ന് ചികിത്സാ സഹായ കമ്മിറ്റിക്ക് കൈമാറുന്നു. ഇസ്മായിൽ ഹാജി, ഹസൻ, പി നൗഷാദ് പങ്കെടുത്തു.

അൽഅമീൻ യുഎഇ ചാപ്റ്റർ

അബൂദാബി: പുതിയങ്ങാടി അൽഅമീൻ ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബ് യുഎഇ ചാപ്റ്റർ ജനറൽ ബോഡി യാസീൻ തങ്ങൾ ഉദ്ഘാടനം ചെയ്തു. അബ്ദുല്ല കുണ്ടപ്പൻ അധ്യക്ഷനായി. അൽഅമീൻ കേന്ദ്ര റിലീഫ് സെൽ ചെയർമാൻ കെ.പി അബ്ബാസ് ഹാജിക്ക് സ്വീകരണവും നൽകി. കോ-ഓർഡിനേറ്റർ കെ.സി അഷ്റഫ്, അഡ്വൈസറി ബോർഡ് ചെയർമാൻ മുസ്തഫ പുഴക്കൽ, അഷ്റഫ് അസൈനാർ, കെ.ടി മാടായി സംസാരിച്ചു. ടി ഇഖ്ബാൽ, എം അബ്ദുൽ ജബ്ബാർ തിരഞ്ഞെടുപ്പ് നിയന്ത്രിച്ചു.

ഭാരവാഹികൾ: അബ്ദുല്ല കുണ്ടപ്പൻ (പ്രസി), കെ മുസ്തഫ (ജന.സെക്ര), കെ.ടി അഷ്റഫ് (ട്രഷ), പി ഹാഷിം, എസ്.വി ആസാദ് (വൈ.പ്രസി), കെ.ടി മാടായി, എം.ടി അൻവർ (ജോ.സെക്ര). മുസ്തഫ പുഴക്കൽ, കെ.ടി കരീം (ഉപദേശക സമിതി), കെ.സി അഷ്റഫ് (കോ-ഓർഡിനേറ്റർ), എം ഹക്കീം, കെ.ടി ഫത്താഹ്, പി അബ്ദുൽസലാം (അസി.കോ-ഓർഡിനേറ്റർ), എസ്.വി അബ്ദുൽ സലാം (ടീം മാനേജർ), നവാർ അബ്ദുൽ നാസർ (ക്യാപ്റ്റൻ), കെ.സി നാസർ (അൽഅമീൻ അലിഫ് ചെയർമാൻ), എം ഇബ്രാഹിം (കൺവീനർ).

എസ്എസ്എൽസി, പ്ലസ്ടു വിജയികളെ 'ഓട്ടോഗ്രാഫ്-94' പൂർവവിദ്യാർഥി കൂട്ടം ആദരിച്ചപ്പോൾ

അനുമോദനം 'ഓട്ടോഗ്രാഫ്-24' കൂട്ടം

പഴയങ്ങാടി: എസ്എസ്എൽസി, പ്ലസ്ടു പരീക്ഷകളിൽ ഉന്നതവിജയം നേടിയ വിദ്യാർഥികളെ ആദരിച്ച് പുതിയങ്ങാടി ജമാഅത്ത് ഹയർസെക്കന്ററി സ്കൂൾ പൂർവവിദ്യാർഥി കൂട്ടം 'ഓട്ടോഗ്രാഫ്-94' പൂർവവിദ്യാർഥി വാട്സാപ്പ് കൂട്ടായ്മ സംഘടിപ്പിച്ച സ്നേഹാദരവ് പെരിങ്ങോം ഗവ.കോളജ് അസിപ്രൊഫസർ ആഷിദ് പുഴക്കൽ ഉദ്ഘാടനം ചെയ്തു. റാഷിദ് ഹമീദ് അധ്യക്ഷനായി. കണ്ണപുരം സ്റ്റേഷനിലെ പൊലീസ് ഓഫീസർ കെ.പി സറീന ഉപഹാരങ്ങൾ സമ്മാനിച്ചു. പഠനത്തിൽ ഉന്നത നിലവാരം പുലർത്തിയ വിദ്യാർഥികളെ ഒരുജോലി എന്നതിനപ്പുറം സ്വയം തൊഴിൽ കണ്ടെത്താൻ പ്രാപ്തരാക്കുകയെന്ന ലക്ഷ്യത്തോടെ സെൽഫ് എന്റർപ്രണർഷിപ്പ് കരിയർ ഗൈഡൻസ് ക്ലാസ്, സ്ത്രീ ശാക്തീകരണ ക്ലാസുമുമുണ്ടായിരുന്നു. അഹമദ് പുഴക്കൽ ക്ലാസെടുത്തു. അബുദാബി കെ.എം.സി.സി കണ്ണൂർ ജില്ലാ മുൻ പ്രസിഡന്റ് എ.കെ മാടായി, മാടായി പഞ്ചായത്ത് അംഗം കെ.എം അബ്ദുസമദ്, എ.പി.വി മുസ്തഫ, എസ്.കെ.പി ഹാരിസ്, ആദം, ഷഫീഖ് പങ്കെടുത്തു.

അധികാരികൾ കണ്ടിട്ടും കണ്ടില്ലെന്ന് നടിക്കുന്നു

അപകട ഭീഷണിയുയർത്തും കെട്ടിടങ്ങൾ

തലശ്ശേരി: നഗരസഭയുടെ ഉടമസ്ഥതയിൽ വരുന്ന മഞ്ഞോടിയിലെ പഴകിയ കെട്ടിടങ്ങൾ അപകട ഭീഷണി ഉയർത്തുന്നു. കണ്ടിട്ടും കണ്ടില്ലെന്ന് നടിച്ച് ഭരണവർഗം. മത്സ്യ വിപണി കെട്ടിടത്തിന് എതിർവശത്തും മുന്നിലായും പ്രവർത്തിക്കുന്ന മൂന്നിലധികം കെട്ടിടങ്ങളാണ് അപകടം വിളിച്ചു വരുത്തുന്നത്. അർച്ചന ഹോട്ടലിന് സമീപത്തെ കെട്ടിടത്തിന്റെ ചുറ്റുമതിൽ കുയ്യാട്ട തകർന്ന് ഹോട്ടലിനോട് ചേർന്ന് ചാഞ്ഞുനിൽക്കുകയാണ്. ഏത് നിമിഷവും നിലംപൊത്താവുന്ന അവസ്ഥയിലാണ് കെട്ടിടം. ഹോട്ടലിലെ ജീവനക്കാർ ഇതേകെട്ടിടത്തിലെ രണ്ടാം നിലയിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങളിലേക്ക് പോകേണ്ടത് തകർന്ന മതിലിന് സമീപത്തുകൂടെയാണ്. കാലവർഷം ആരംഭിച്ചതോടെ ഏത് നിമിഷവും അപകടമെത്താമെന്ന ഭീതിയിലാണ് പരിസരവാസികൾ. നാട്ടുകാരുടെ നിരന്തര പരാതിയെത്തുടർന്ന് നഗരസഭ അപകടത്തിന് വഴിയൊരുക്കുന്ന കെട്ടിടങ്ങളും ചുറ്റുമതിലുകളും പരിശോധിച്ച് മടങ്ങുകയല്ലാതെ ഇതുവരെ നടപടികളൊന്നും കൈകൊണ്ടിട്ടില്ല. മുൻകാലങ്ങളിൽ നഗരസഭ ജീവനക്കാർക്ക് താമസത്തിന് അനുവദിച്ചു നൽകിയ കെട്ടിടമാണ് അപകടാവസ്ഥയിലുള്ളത്. അപകടാവസ്ഥയിലായിട്ടും മത്സ്യ വിപണിക്ക് മുന്നിലെ കെട്ടിടത്തിൽ വർഷങ്ങളായി പ്രവർത്തിക്കുന്ന വ്യാപാരികളെ അപകടം പതിയിരിക്കുന്ന മുൻഭാഗത്തെ മറ്റൊരു കെട്ടിടത്തിലേക്കാണ് മാറ്റിയത്. ഈ കെട്ടിടത്തിന്റെ ചുറ്റുമതിലാണ് തകർന്നത്.

ഈ കെട്ടിടത്തിന് സമീപത്തുകൂടി ബസ് ഉൾപ്പെടെ നിരവധി വാഹനങ്ങളും കാൽനട യാത്രക്കാരും കടന്നുപോകുന്നുണ്ട്. കെട്ടിടത്തിന് പിന്നിലെ വലിയ തണൽ മരവും അപകട ഭീഷണിയുയർത്തുകയാണ്. ഈ മരത്തിന്റെ വേരിറങ്ങി കെട്ടിടത്തിനും ചുറ്റുമതിലിനും കേടുപാടുകൾ സംഭവിക്കുന്നതായും സമീപത്തെ വ്യാപാരികൾ പറയുന്നു.

1. അപകട ഭീഷണിയിലായ കെട്ടിടം. 2. കെട്ടിടമതിൽ തകർന്ന് വീഴാതിരിക്കാൻ മരക്കഷ്ണങ്ങൾ കൊണ്ട് താങ്ങിനിർത്തിയ നിലയിൽ

ശ്രീകണ്ഠപുരം മുനിസിപ്പൽ മുസ്ലിംലീഗ് സംഘടിപ്പിച്ച എക്സലൻസി അവാർഡ് പരിപാടി എംഎസ്എഫ് സംസ്ഥാന സെക്രട്ടറി റുമൈസ റഫീഖ് ഉദ്ഘാടനം ചെയ്യുന്നു

ശ്രീകണ്ഠപുരം മുസ്ലിംലീഗ് എക്സലൻസി അവാർഡ്

ശ്രീകണ്ഠപുരം: ശ്രീകണ്ഠപുരം മുനിസിപ്പൽ മുസ്ലിംലീഗ് കമ്മിറ്റി എസ്എസ്എൽസി, പ്ലസ് ടു, മദ്രസ അഞ്ച്, ഏഴാം ക്ലാസ് പൊതുപരീക്ഷയിൽ മുഴുവൻ എ പ്ലസും ടോപ്പ് പ്ലസും നേടിയ വിജയികളെ എക്സലൻസി അവാർഡ് നൽകി ആദരിച്ചു. എൻപി സിദ്ധീഖ് അധ്യക്ഷനായി. എംഎസ്എഫ് സംസ്ഥാന സെക്രട്ടറി റുമൈസ റഫീഖ് ഉദ്ഘാടനം ചെയ്തു.

മുസ്ലിംലീഗ് ജില്ലാ വൈസ് പ്രസിഡന്റ് അഡ്വ. എസ് മുഹമ്മദ്, മണ്ഡലം പ്രസിഡന്റ് പി.ടി.എ കോയ മാസ്റ്റർ, ജന സെക്രട്ടറി ടി എൻഎ ഖാദർ, കെ സലാഹുദ്ധീൻ, പി.ടി മുഹമ്മദ് മാസ്റ്റർ, വികെ നജീബ്, ബിപി ഷൂക്കൂർ, കെപി മൊയ്തീൻകുഞ്ഞി, കെ ശിവദാസൻ, അഫ്സൽ കായക്കൂൽ, നാസർ ഫൈസ് ബുക്ക്, മിർദ്ദാസ് വിപി, അഫ്സൽ എപി, ഉസ്സൻകുട്ടി യുപി, ശാക്കിർ, സുഫിയാൻ മുസ്തഫ, അഫ്നാസ് സംസാരിച്ചു. റമീസ് പാറാട് കരിയർ ഗൈഡൻസ് ക്ലാസിന് നേതൃത്വം നൽകി. ഒ.വി ഹുസൈൻ ഹാജി സ്വാഗതവും വിപി അബ്ദുൽഖാദർ ഹാജി നന്ദിയും പറഞ്ഞു.

അനുമോദിച്ചു

ഇരിട്ടി: എസ്എസ്എൽസി, പ്ലസ്ടു പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർഥികളെ അനുമോദിച്ച് ആറളം ഗവ.ഹയർസെക്കന്ററി സ്കൂളിൽ വിജയോത്സവം. പഞ്ചായത്ത് പ്രസിഡന്റ് കെ.പി രാജേഷ് ഉദ്ഘാടനം ചെയ്തു. ഇരിട്ടി ബ്ലോക്ക് പഞ്ചായത്തംഗം ഷിജി നടുപറമ്പിൽ അധ്യക്ഷനായി. പഞ്ചായത്ത് അംഗങ്ങളായ ഷീബ രവി, ഷൈൻ ബാബു, മേരിക്കുട്ടി, കെ സുധാകരൻ, പിടിഎ പ്രസിഡന്റ് കെ.പി അബ്ദുല്ല, വൈസ് പ്രസിഡന്റ് എൻ.കെ ഷറഫുദ്ദീൻ, മദർ പിടിഎ പ്രസിഡന്റ് രമ്യ ദിലീപ്, പ്രേമ ദാസൻ കൊച്ചോത്ത്, രമേശൻ, പ്രിൻസിപ്പൽ എം.കെ ബീന, പ്രധാനാധ്യാപകൻ ടി.കെ മുഹമ്മദലി, ജെയ്സ് ജോസ്, ലിന്റു കുര്യൻ, ജീനസ്, റീന ഫിലിപ്പ്, സക്കരിയ വിളക്കോട്, എം.ഒ പവിത്രൻ പങ്കെടുത്തു.

പേരാവൂർ: കുനിത്തല ശ്രീനാരായണ ഗുരു മഠത്തിന്റെ നേതൃത്വത്തിൽ എസ്എസ്എൽസി, പ്ലസ്ടു, എൽഎസ്എസ്, യുഎസ്എസ് വിജയികളെ അനുമോദിച്ചു. പേരാവൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പിപി വേണുഗോപാലൻ ഉദ്ഘാടനം ചെയ്തു. ചന്ദ്രമതി അധ്യക്ഷയായി. സുജിത് മങ്ങാടൻ, ജയചന്ദ്രബോസ്, സി യമുന, കളത്തിൽ പുരുഷോത്തമൻ, പ്രജീഷ് മമ്പള്ളി, എൻ അശോകൻ, രവി വാച്ചാലി, കെ ശിവദാസൻ, കെവി ബാലകൃഷ്ണൻ സംസാരിച്ചു.

അപേക്ഷ ക്ഷണിച്ചു

കണ്ണൂർ: മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡ് കണ്ണൂർ മേഖലാ ഓഫീസ് പരിധിയിൽപ്പെട്ട കണ്ണൂർ-കാസർകോട് ജില്ലകളിലെ ഫിഷറീസ് ഓഫീസുകളിലേക്ക് കരാറടിസ്ഥാനത്തിൽ കോ-ഓർഡിനേറ്റർമാരെ നിയമിക്കുന്നു. 20നും 36നും ഇടയിൽ പ്രായക്കാരായ ബിരുദധാരികൾക്ക് അപേക്ഷിക്കാം.അപേക്ഷകർ അതത് ജില്ലകളിൽ സ്ഥിര താമസമുള്ളവരും കമ്പ്യൂട്ടർ പരിജ്ഞാനമുള്ളവരുമായിരിക്കണം. മത്സ്യത്തൊഴിലാളി കുടുംബത്തിൽപെട്ടവർക്ക് മുൻഗണന. വിദ്യാഭ്യാസ യോഗ്യത, വയസ്, മത്സ്യത്തൊഴിലാളി കുടുംബാംഗം, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന രേഖകളുടെ പകർപ്പുകളും ബയോഡേറ്റയും 15 നകം സമർപ്പിക്കണം.

പയ്യന്നൂരിലും വരിക്കാരുടെ എണ്ണം കൂടും

പയ്യന്നൂർ: ചന്ദ്രിക വരിക്കാരുടെ വർധന ലക്ഷ്യമാക്കി പയ്യന്നൂർ മണ്ഡലം ശിൽപശാല. 'ചന്ദ്രിക സ്പെഷ്യൽ ഡ്രൈവ്' വിജയത്തിന് പഞ്ചായത്ത്, ശാഖ തലങ്ങളിൽ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കും.

മുസ്ലിംലീഗ് ജില്ലാ ജനറൽ സെക്രട്ടറി കെ.ടി സഹദുല്ല ഉദ്ഘാടനം ചെയ്തു. മണ്ഡലം പ്രസിഡന്റ് കെ.കെ.അഷ്റഫ് അധ്യക്ഷനായി. മണ്ഡലം ഭാരവാഹികളും പഞ്ചായത്ത്, ശാഖ പ്രസിഡന്റുമാരും സെക്രട്ടറിമാരും പ്രചാരണ സമിതി ഭാരവാഹികളും പങ്കെടുത്തു. ജില്ലാ വൈസ് പ്രസിഡന്റ് ഇബ്രാഹിംകുട്ടി തിരുവട്ടൂർ, എ.പി ഹാരിസ്, ടി.പി മഹമൂദ് ഹാജി, പി.എം ലത്തീഫ്, പി.കെ അബ്ദുൽഖാദർ മൗലവി, എം.എൻ .പി അബ്ദുറഹിമാൻ, ടി.പി മുസ്തഫ, വി.കെ.പി ഇസ്മായിൽ, പി മുസ്തഫ, കാട്ടൂർ ഹംസ, സജീർ ഇഖ്ബാൽ, ജനറൽ സെക്രട്ടറി ഇഖ്ബാൽ കോയിപ്ര, പി.പി മുഹമ്മദലി, മൊയ്തു മൗലവി മക്കിയാട്, ഇബ്രാഹിം പൂമംഗലം, എം.ടി.പി സൈഫുദ്ദീൻ, എം.ടി.പി അബ്ദുൽ അസീസ്, അയ്യൂബ് വട്യേര, പി.പി അബ്ദുറഹിമാൻ, സമദ് എറന്തല, ബി മുഹമ്മദ് കുഞ്ഞി, എ.എം ഉമ്മർ, കെ മൊയ്തീൻ, കെ ആദം, എം കാസിം, മഹമൂദ് ഹാജി പുളിങ്ങോം, പി.എം.എച്ച് മുഹമ്മദ് കുഞ്ഞി, പി.വി ഇബ്രാഹിംകുട്ടി, എസ്.സി അഷ്റഫ്, എം.കെ ഇസ്മായിൽ പങ്കെടുത്തു.

പയ്യന്നൂർ മണ്ഡലം ശിൽപശാല കെ.ടി സഹദുല്ല ഉദ്ഘാടനം ചെയ്യുന്നു

പാനൂർ മുനിസിപ്പൽ

'ചന്ദ്രിക സ്പെഷ്യൽ ഡ്രൈവ്' പാനൂർ മുൻസിപ്പൽതല ഉദ്ഘാടനം പാനൂർ നഗരസഭ വൈസ് ചെയർപേഴ്സൺ പ്രീത അശോകിന് ചന്ദ്രിക കൈമാറി മുസ്ലിംലീഗ് മണ്ഡലം പ്രസിഡന്റ് പി.പി.എ സലാം നിർവഹിക്കുന്നു. ചന്ദ്രിക പ്രചാരണ സമിതി ചെയർമാൻ മുഹമ്മദ് പൂന്തോട്ടം അധ്യക്ഷനായി. മുസ്ലിംലീഗ് മണ്ഡലം ജനറൽ സെക്രട്ടറി പി.കെ ഷാഹുൽ ഹമീദ്, ചന്ദ്രിക മണ്ഡലം കോ-ഓർഡിനേറ്റർ ഇ.എ നാസർ, ചന്ദ്രിക മുൻ റസിഡന്റ് എഡിറ്റർ ടി.സി മുഹമ്മദ്, എം ഗഫൂർ, നൗഷാദ് അണിയാരം, ബഷീർ ആവോലം, ഇസ്മായിൽ ചാമാളി, അബ്ദുല്ല പാലേരി, എ.കെ മുഹമ്മദ്, പി.കെ അബൂബക്കർ ഹാജി, പി.കെ അലി, അലി നാണാറത്ത് പങ്കെടുത്തു.

ചപ്പാരപ്പടവ്

'ചന്ദ്രിക സ്പെഷ്യൽ ഡ്രൈവ്' ചപ്പാരപ്പടവ് പഞ്ചായത്ത് തല ഉദ്ഘാടനം പവർസോയ്ഡ് മാനേജിംഗ് ഡയറക്ടർ എം മുഹമ്മദ് ഷാഫിയെ വരിക്കാരനാക്കി മുസ്ലിംലീഗ് മണ്ഡലം പ്രസിഡന്റ് ഒ.പി ഇബ്രാഹിംകുട്ടി നിർവഹിക്കുന്നു. പി അബ്ദുൽ ലത്തീഫ് ഹാജി, മുസ്തഫ പാറോൽ, അലി മംഗര, ഒ.കെ ഇബ്രാഹിംകുട്ടി, ഉനൈസ് എരുവാട്ടി, ഇസ്മായിൽ, വി.സി മൊയ്ദു, റഹീസ് ശാന്തിഗിരി, ജാഫർ ഹുസൈൻ, മഹമൂദ് ഹാജി, അബ്ദുൽ റഹ്മാൻ പെരുവണ, കെ.സി മുഹമ്മദ് കുഞ്ഞി, ആസിഫ് ചപ്പാരപ്പടവ്, ടി.സി

കുന്നോത്തുപറമ്പ്

'ചന്ദ്രിക സ്പെഷ്യൽ ഡ്രൈവ്' കുന്നോത്തുപറമ്പ് പഞ്ചായത്ത് തല ഉദ്ഘാടനം പാനൂർ ബ്ലോക്ക് കോൺഗ്രസ് സെക്രട്ടറി ജയചന്ദ്രന് ചന്ദ്രിക കൈമാറി മുസ്ലിം ലീഗ് സംസ്ഥാന കൗൺസിലർ പി.പി.എ ഹമീദ് നിർവഹിക്കുന്നു. പഞ്ചായത്ത് കമ്മിറ്റി പ്രസിഡന്റ് കൊമ്പൻ മഹമൂദ് ഹാജി അധ്യക്ഷനായി. എസ്.ടി.യു സംസ്ഥാന വൈസ് പ്രസിഡന്റ് കെ.പി മൂസഹാജി, നസീർ പുത്തൂർ, ടി.എം നാസർ, കെ.വി അഹമ്മദ്, കെ.കെ ഉസ്മാൻ, പി.കെ മമ്മൂട്ടി പങ്കെടുത്തു.

ഇരിക്കൂർ

ചന്ദ്രിക സ്പെഷ്യൽ ഡ്രൈവ് ഇരിക്കൂർ പഞ്ചായത്ത്തല ഉദ്ഘാടനം ഇരിക്കൂർ കൺസ്ട്രക്ഷൻ കമ്പനി മാനേജിംഗ് ഡയറക്ടർ കെ.ടി സിയാദ് ഹാജിയെ വരിക്കാരനായി ചേർത്ത് പഞ്ചായത്ത് മുസ്ലിംലീഗ് പ്രസിഡന്റ് എം ഉമ്മർ ഹാജി നിർവഹിച്ചു. മുസ്ലിം ലീഗ് ജില്ലാ സെക്രട്ടറി സികെ മുഹമ്മദ് മാസ്റ്റർ, കെപി അസീസ് മാസ്റ്റർ, കെപി അബ്ദുല്ല, യുപി അബ്ദുറഹ്മാൻ, അഡ്വ. കെപി മുഹമ്മദ് ബഷീർ, സിസി ഹിദായത്ത്, കെ മേമി ഹാജി സംബന്ധിച്ചു.

ഇരിക്കൂറിൽ ചന്ദ്രിക-പി.ടി.എച്ച് സന്ദേശയാത്ര

ശ്രീകണ്ഠപുരം: 'ചന്ദ്രിക സ്പെഷ്യൽ ഡ്രൈവ്' കർമപരിപാടികൾ ആവിഷ്കരിച്ച് ഇരിക്കൂർ മണ്ഡലം ശിൽപശാല. ബലിപെരുന്നാൾ ദിനത്തിൽ പൂക്കോയ തങ്ങൾ ഹോസ്പിസ് ഫണ്ട് ശേഖരണത്തോടനുബന്ധിച്ച് ചന്ദ്രിക പ്രചാരണവും നടത്തും. 11ന് മണ്ഡലത്തിൽ സന്ദേശ യാത്രയും നടക്കും. മുസ്ലിംലീഗ് ജില്ലാ സെക്രട്ടറി സി.കെ മുഹമ്മദ് ഉദ്ഘാടനം ചെയ്തു. മണ്ഡലം പ്രസിഡന്റ് പി.ടി.എ കോയ അധ്യക്ഷനായി. ടി.എൻ.എ ഖാദർ, വി.എ റഹീം, പി.പി ഖാദർ, കെ സലാഹുദ്ദീൻ, കെ.പി അബ്ദുല്ല, എ അഹമ്മദ് കുട്ടി ഹാജി, ഇ.എം നാസർ, കെ.എം.പി മുഹമ്മദ്കുഞ്ഞി, എം.എ ഖലീലുറഹ്മാൻ, അഷ്റഫ് ചുഴലി, എൻ.പി സിദ്ദീഖ്, സി.പി മുഹമ്മദ് ദാവൂദ്, എം അസീസ്, വി .പി മുഹമ്മദ് കുഞ്ഞി, കെ സൈനുദ്ദീൻ, പി.എ ഷാഹുൽ ഹമീദ്, സമീറ പള്ളിപ്പാത്ത്, പി.സി ആയിഷ, മുത്തലിബ് നൂറാനി പങ്കെടുത്തു.

'ചന്ദ്രിക സ്പെഷൽ ഡ്രൈവ്' ഇരിക്കൂർ മണ്ഡലം ശൽപശാല സി.കെ മുഹമ്മദ് ഉദ്ഘാടനം ചെയ്യുന്നു

വരിക്കാരുടെ വർധന ലക്ഷ്യമാക്കി മട്ടന്നൂർ

മട്ടന്നൂർ: വരിക്കാരുടെ വർധന ലക്ഷ്യമാക്കി മട്ടന്നൂർ മണ്ഡലം 'ചന്ദ്രിക സ്പെഷ്യൽ ഡ്രൈവ്' ശിൽപശാല. ശാഖകളിൽ കാമ്പയിൻ വിജയിപ്പിക്കാൻ പഞ്ചായത്ത്, മുനിസിപ്പൽതല കൺവൻഷൻ സംഘടിപ്പിക്കും. ജില്ലാ സെക്രട്ടറി അൻസാരി തില്ലങ്കേരി ഉദ്ഘാടനം ചെയ്തു.

ഇ.പി ശംസുദ്ദീൻ അധ്യക്ഷനായി. പി.കെ കുട്ട്യാലി, മുസ്തഫ ചുര്യോട്ട്, കെ.കെ റഫീഖ്, മുസ്തഫ അലി, യാക്കൂബ് വളമ്പാറ, പി.എം ആബൂട്ടി, ലത്തീഫ് ശിവപുരം, കെ.കെ കുഞ്ഞമ്മദ്, പി.പി ജലീൽ, എ.കെ അഷ്റഫ്, ഇബ്രാഹിം പഞ്ചാര, ഇ.കെ അബ്ദുറഹ്മാൻ, പി.കെ.സി മുഹമ്മദ്, ഒ മൊയ്തു, റഫീഖ് ബാവോട്ട്പാറ, സി മുസ്തഫ, വി.എൻ മുഹമ്മദ്, പി മൂസ, പി.പി ഷൗക്കത്തലി, കെ.പി അഷ്റഫ്, സലീം എടയന്നൂർ, ടി.പി കാസിം, ടി.പി ത്വാഹ പങ്കെടുത്തു.

മട്ടന്നൂർ മണ്ഡലം കൺവൻഷൻ അൻസാരി തില്ലങ്കേരി ഉദ്ഘാടനം ചെയ്യുന്നു

കർമ പദ്ധതികളുമായി കണ്ണൂർ മണ്ഡലം

കണ്ണൂർ: 'ചന്ദ്രിക സ്പെഷ്യൽ ഡ്രൈവ്' ഊർജിതമാക്കാൻ കർമപദ്ധതികളുമായി മുസ്ലിംലീഗ് കണ്ണൂർ മണ്ഡലം ഭാരവാഹികളുടെയും മേഖല, പഞ്ചായത്ത് പ്രസിഡന്റ് ജനറൽ സെക്രട്ടറിമാരുടെയും മണ്ഡലം പ്രചരണ സമിതി അംഗങ്ങളുടെയും മേഖലാതല പ്രചരണസമിതി ചെയർമാൻ കൺവീനർമാരുടെയും യോഗം തീരുമാനിച്ചു. ജില്ലാ സെക്രട്ടറി എം.പി മുഹമ്മദലി ഉദ്ഘാടനം ചെയ്തു. പ്രചരണ സമിതി ചെയർമാൻ സി എറമുള്ളാൻ അധ്യക്ഷനായി. ഒമ്പതിനനകം മേഖല, പഞ്ചായത്ത്, ശാഖ കമ്മിറ്റികൾ യോഗം ചേർന്ന് കർമപദ്ധതികൾ ആവിഷ്കരിക്കും. ജനറൽ സെക്രട്ടറി സി സമീർ, ട്രഷറർ പി.സി അഹമ്മദ് കുട്ടി, ഭാരവാഹികളായ കൊളേക്കര മുസ്തഫ, പി.കെ റിയാസ്, നേതാക്കളായ ഖാദർ മുണ്ടേരി, മുഹമ്മദ് തയ്യിബ്, അബ്ദുല്ലത്തീഫ്, മൻസൂർ പാറക്കണ്ടി, മുഹമ്മദ് കുഞ്ഞി കുറുവ പങ്കെടുത്തു. പ്രചരണ സമിതി കൺവീനർ ടി കെ നൗഷാദ് സ്വാഗതം പറഞ്ഞു.

വൃക്ഷതൈകൾ നട്ട് പരിസ്ഥിതി ദിനാചരണം

ഇരിങ്ങാലക്കുട : ലോക പരിസ്ഥിതി ദിനത്തിൽ ദേവാങ്കണം ചാരു ഹരിതം പദ്ധതിയുടെ ഭാഗമായി കൂടൽമാണിക്യം ദേവസ്വം ഭൂമിയിൽ വൃക്ഷ തൈകൾ നട്ടു.

ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡൻറ് ലത ചന്ദ്രൻ ഉദ്ഘാടനം ചെയ്തു. ദേവസ്വം ചെയർമാൻ അഡ്വ.സി.കെ.ഗോപി അധ്യക്ഷത വഹിച്ചു. ദേവസ്വം ഭരണസമിതി അംഗം അഡ്വ.കെ.ജി അജയ്കുമാർ, സംഗമേശ്വര ആയുർവേദ ഗ്രാമത്തിൻറെ ഡയറക്ടർ ഡോ.കേസരി മേനോൻ, ദേവസ്വം ഭരണസമിതി അംഗം രാഘവൻ മുളങ്ങാടൻ, അഡ്മിനിസ്ട്രേറ്റർ കെ.ഉഷാനന്ദിനി പ്രസംഗിച്ചു. .

കൊടകര : ഗവ. നാഷണൽ ബോയ്സ് ഹൈസ്കൂളിൽ പരിസ്ഥിതിദിനത്തിൽ പ്രദേശത്തെ ഹരിത കർമ്മ സേനാംഗങ്ങളായ സിന്ധു രവി, പ്രീത എം. സി. എന്നിവരെ ആദരിച്ചു. വാർഡ് അംഗം സി.ഡി. സിബി പരിസ്ഥിതി ദിനം ഉദ്ഘാടനം ചെയ്തു. എസ്പിസി നോഡൽ ഓഫീസർ ജോയ് കോറേത്ത് പരിസ്ഥിതിദിന സന്ദേശം നല്കി. പിടിഎ വൈസ് പ്രസിഡൻറ് എ.ആർ. മനോജ് കുമാർ , പ്രധാനാധ്യാപിക ടി.ഷീല, പരിസ്ഥിതി ക്ലബ്ബ് കൺവീനർ രശ്മി ചന്ദ്രൻ, കെ.വി. അനന്തു കൃഷ്ണ പ്രസംഗിച്ചു.

കൊടകര ഗവ. എൽപി സ്കൂളിൽ തെരുവുനാടകം

കൊടകര : കൊടകര ഗവ. എൽപി സ്കൂളിൽ പരിസ്ഥിതിദിനാചരണത്തിൻറെ പ്രാധാന്യം വിളിച്ചോതുന്ന തെരുവുനാടകം കുട്ടികൾ അവതരിപ്പിച്ചു. കുട്ടികൾ കൊണ്ടുവന്ന വിവിധ തരത്തിലുള്ള ഫലവൃക്ഷത്തൈകൾ ഹെഡ്മിസ്ട്രസ് ഡെയ്നി എം.കെ ഏറ്റുവാങ്ങി സ്കൂൾ അങ്കണത്തിൽ നട്ടു. കുട്ടികളെ ജന്മനക്ഷത്രവും മരങ്ങളും പരിചയപ്പെടുത്തി. സീനിയർ അധ്യാപിക ഗീത പരിസ്ഥിതി ദിന സന്ദേശം നൽകി. പരിസ്ഥിതിയുമായി ബന്ധപ്പെട്ട പ്രസംഗം, ഗാനാലാപനം, പോസ്റ്റർ നിർമാണം എന്നിവയും ഉണ്ടായി. പി.ടി.എ പ്രസിഡൻറ് സന്ദേശ് നാരായണൻ, എംപിടിഎ പ്രസിഡൻറ് മഞ്ജുഷ സതീഷ് പ്രസംഗിച്ചു.

തൃശൂർ വാർത്തകൾ

കടപ്പുറം ഗ്രാമപഞ്ചായത്ത് അംഗനവാടി പ്രവേശനോത്സവം അംഗനവാടി നമ്പർ 8ൽ പ്രസിഡന്റ് സാലിഹ ഷൗക്കത്ത് ഉദ്ഘാടനം ചെയ്യുന്നു

കടപ്പുറം ഗ്രാമപഞ്ചായത്ത് അംഗനവാടി പ്രവേശനോത്സവം

കടപ്പുറം: ഗ്രാമപഞ്ചായത്ത് അംഗനവാടി പ്രവേശനോത്സവം പഞ്ചായത്ത് തലം ഉദ്ഘാടനം അംഗനവാടി നമ്പർ 8-ൽ നടത്തി. കടപ്പുറം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സാലിഹ ഷൗക്കത്ത് ഉദ്ഘാടനം ചെയ്തു. വികസന സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ഹസീന താജുദ്ദീൻ അധ്യക്ഷത വഹിച്ചു. കമ്മിറ്റി ചെയർമാൻ ശുഭാജയൻ, വാർഡ് മെമ്പർ അബ്ദുൽ ഗഫൂർ, അംഗനവാടി ടീച്ചർ , ഹെൽപ്പർ, ഫത്തഹ് ക്ലബ്ബ് മിക്സ് ഗ്രൂപ്പ് ക്ലബ്ബ് ഭാരവാഹികളും, എ എൽ എം സി അംഗങ്ങളും, സംബന്ധിച്ചു. കളിയും കരച്ചിലുമായി വന്ന കുഞ്ഞുകൂട്ടുകാരെ സ്വീകരിക്കാൻ തോരണങ്ങളും ബലൂണും വെച്ച് അംഗനവാടി അലങ്കരിച്ചിരുന്നു.ക്ലബ്ബ് ഭാരവാഹികളുടെ നേതൃത്വത്തിൽ കുരുന്നുകൾക്ക് സമ്മാനങ്ങൾ നൽകി.

ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ വി പി മൻസൂർ അലി സ്വാഗതവും ഐസിഡിഎസ് സൂപ്പർവൈസർ ജി ജി ജോർജ് നന്ദിയും പറഞ്ഞു

ഇബാദ് ജില്ലാ നേതൃ സംഗമം എം.ഐ.സിയിൽ നാളെ

തൃശൂർ: എസ്.കെ.എസ്.എസ്.എഫ് ഇബാദ് ജില്ലാ നേതൃസംഗമം 'തഖ്ദീം' നാളെ ഉച്ചയ്ക്ക് രണ്ട് മണിക്ക് തൃശൂർ എം.ഐ.സി യിൽ നടക്കും. ജില്ലയിലേയും മേഖലയിലേയും സമിതി അംഗങ്ങളാണ് ക്യാമ്പിൽ പങ്കെടുക്കുക. വിവിധ വിഷയങ്ങളിലുള്ള ശില്പ ശാലകളും കർമ്മ പദ്ധതി അവതരണവും നടക്കും. റഷീദ് ബാഖവി എടപ്പാൾ,

ശരീഫ് സഹിബ് പൊന്നാനി, സിദ്ദീഖ് ബദ് രി പെരുമ്പിലാവ്, സിദ്ദീഖ് ഫൈസി മങ്കര, ശരീഫ് ദാരിമി ചിറമനേങ്ങാട്, മുനവ്വർ ഫൈറൂസ് ഹുദവി എന്നിവർ ക്യാമ്പിൽ വിഷയാവതരണം നടത്തും.

യോഗത്തിൽ ചെയർമാൻ ഇബ്രാഹീം ഫൈസി ചാവക്കാട് അ അധ്യക്ഷനായി. അബാസ് അൻവരി, സലീം മുസ്ലിയാർ ചേർപ്പ്, സ്വാദിഖ് അൻവരി, റഹൂഫ് യമാനി, സ്വാബിർ ഖാസിമി എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

പ്രവേശനോത്സവത്തിന്റെ ഭാഗമായി ഗ്ലോബൽ അലുംനി ഓഫ് ജി.എച്ച്.എസ്.എസ് മണത്തല വാട്ട്സ്ആപ്പ് കൂട്ടായ്മ

ചാവക്കാട്: മണത്തല ഗവ:ഹയർ സെക്കണ്ടറി സ്കൂളിൽ നടന്ന പ്രവേശനോത്സവം പരിപാടിയിൽ സ്കൂളിലെ ചെറിയ ക്ലാസ്സുകളിലേക്ക് ആദ്യ പ്രവേശനത്തിയ കുരുന്നുകൾക്ക് പഠനോപകരണ കിറ്റുകൾ നൽകിക്കൊണ്ടും, മുതിർന്ന ക്ലാസ്സുകളിലെ നിർധനരായ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകിയും ഗ്ലോബൽ അലുംനി ഓഫ് ജി.എച്ച്.എസ്.എസ് മണത്തല വാട്ട്സ്ആപ്പ് കൂട്ടായ്മ പ്രവേശനോത്സവത്തിന്റെ ഭാഗമായി

സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്ന പരിപാടി പി.ടി.എ പ്രസിഡന്റും മുൻസിപ്പൽ വൈസ് ചെയർമാനുമായ കെ. കെ. മുബാറക്ക് ഉദ്ഘാടനം ചെയ്തു. ഗ്ലോബൽ അലുംനി അഡ്മിൻ കെ. വി. അബ്ദുൽ അസീസ് അധ്യക്ഷത വഹിച്ചു. വാർഡ് കൗൺസിലർ ഫൈസൽ കാനാമ്പുള്ളി, ഗ്ലോബൽ അലുംനി അഡ്മിൻ അംഗങ്ങളായ കെ.വി. അബ്ദുൽ അസീസ്, ഖമർ ബാവ, സന്ധ്യ ടീച്ചർ, നസ്രിയ, സബരിയ റീന കോനാരത്ത്, രജിനി എന്നിവർ ചേർന്ന് നവാഗതരായ ചെറിയ ക്ലാസ്സിലെ കുരുന്നുകൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു. . നസ്റിയ സ്വാഗതവും വാർഡ് മെമ്പർ ഫൈസൽ കാനാമ്പുള്ളി , ജോഷി മാസ്റ്റർ , സീനത്ത് ടീച്ചർ, ഖമർ ബാവാ സാഹിബ്, സന്ധ്യ ടീച്ചർ, റീന കോനാരത്ത് , രജനി എന്നിവർ ആശംസകളും സബരിയ നന്ദിയും പറഞ്ഞു..

ജി.എച്ച്.എസ്.എസ് വിജയരാഘവപുരം സ്കൂളിൽ എൻ.എസ്.എസ് പരിസ്ഥിതി ദിനാചരണം വൃക്ഷ തൈ നട്ട് സനീഷ് കുമാർ ജോസഫ് എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു

വിജയരാഘവപുരം സ്കൂളിൽ ലോക പരിസ്ഥിതി ദിനാചരണം

ചാലക്കുടി: ജി.എച്ച്.എസ്.എസ് വിജയരാഘവപുരം സ്കൂളിൽ നാഷണൽ സർവീസ് സ്കീമിന്റെ ഭാഗമായി സമൃദ്ധി 2024 ലോക പരിസ്ഥിതി ദിനാചരണം ആഘോഷിച്ചു. എൻ.എസ്.എസ് വളന്റിയേഴ്സിന്റെ ഗീതത്തോടുകൂടി പരിപാടി ആരംഭിച്ചു.

സനീഷ് കുമാർ ജോസഫ് എം.എൽ.എ വിദ്യാലയത്തിൽ വൃക്ഷ തൈ നട്ട് പരിപാടി ഉദ്ഘാടനം ചെയ്തു. വിദ്യാലയത്തിലെ പ്രിൻസിപ്പാൾ ഇൻചാർജ് വിബി ബാബു സ്വാഗതം പറഞ്ഞു. ചാലക്കുടി നഗരസഭ ചെയർപേഴ്സൺ ആലിസ് ഷിബു അധ്യക്ഷത വഹിച്ചു. എൻ.എസ്.എസ് ജില്ല കോഡിനേറ്റർ എം വി പ്രതീഷ് പദ്ധതി വിശദീകരണം നടത്തി. ചാലക്കുടി എൻ.എസ്.എസ് പി.എ.സി മെമ്പർ ആയ ദേവാദസ് കെ ആർ, പി.ടി.എ പ്രസിഡന്റ് ജോഫിൻ ജോസഫ്, ചെയർമാൻ വേലായുധൻ വി വി, ഹെഡ്മിസ്ട്രെസ് ബിജി എസ് തുടങ്ങിയവർ സംസാരിച്ചു. എൻ.എസ്.എസ് ലീഡർ ആൽവിൻ കെ.എസ് നന്ദി പറഞ്ഞു. തുടർന്ന് സ്കൂളിലെ എല്ലാ കുട്ടികൾക്കും എൻ.എസ്.എസ് വളന്റിയേഴ്സ് നട്ടു വളർത്തിയ ഫല വൃക്ഷ തൈകളും തുണി സഞ്ചികളും കൈമാറി.

ബി.ജെ.പി വിജയത്തിന് വഴിയൊരുക്കിയത് എൽ.ഡി.എഫ് വോട്ടുകൾ: മുസ്ലിംലീഗ്

തൃശൂർ : കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് ലഭിച്ച 132000 ഭൂരിപക്ഷം വോട്ട് ബി ജെ പിയിലേക്ക് ചോർന്നതാണ് തൃശൂർ പാർലമെന്റ് മണ്ഡലത്തിൽ ബിജെപിയുടെ വിജയത്തിന് വഴിയൊരുക്കിയതെന്ന് മുസ്ലിം ലീഗ് ജില്ലാ പ്രവർത്തക സമിതി യോഗം വിലയിരുത്തി.

പരമ്പരാഗതമായി ഐക്യജനാധിപത്യ മുന്നണിക്ക് ലഭിച്ചു വന്നിരുന്നു വോട്ടുകൾ പൂർണ്ണമായും കെ മുരളീധരന് ലഭിച്ചിട്ടില്ലെന്നത് ഗൗരവത്തോടെ കണ്ട് പരിഹാരമാർഗങ്ങൾ സ്വീകരിക്കുന്നതിനും യോഗം തീരുമാനിച്ചു. പാർലമെന്റ് തെരഞ്ഞെടുപ്പിലെ പരാജയം ഉൾക്കൊണ്ട് ആവശ്യമായ പരിഹാരങ്ങൾ കണ്ടെത്തുന്നതിന് ജില്ലയിൽ മുന്നണിക്ക് നേതൃത്വം കൊടുക്കുന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസ് കൂടുതൽ ജാഗ്രത പുലർത്തണമെന്ന് യോഗം അഭിപ്രായപ്പെട്ടു. ത്രിതല പഞ്ചായത്ത് തിരഞ്ഞെടുപ്പിന് പാർട്ടിയെ സജ്ജമാക്കുന്നതിന് വേണ്ടി പ്രവർത്തന പരിപാടികൾക്ക് യോഗം രൂപം നൽകി.

തൃശൂർ സീതിസാഹിബ് സ്മാരക സൗധത്തിൽ മുസ്ലിം ലീഗ് ജില്ലാ പ്രവർത്തക സമിതി യോഗം സംസ്ഥാന വൈസ് പ്രസിഡന്റ് സി എച്ച് റഷീദ് ഉദ്ഘാടനം ചെയ്യുന്നു

തൃശൂർ സീതിസാഹിബ് സ്മാരക സൗധത്തിൽ ചേർന്ന യോഗത്തിൽ മുസ്ലിം ലീഗ് ജില്ലാ പ്രസിഡന്റ് സി.എ. മുഹമ്മദ് റഷീദ് അധ്യക്ഷനായി. സംസ്ഥാന വൈസ് പ്രസിഡന്റ് സി.എച്ച് റഷീദ് യോഗം ഉദ്ഘാടനം ചെയ്തു. സംസ്ഥാന സെക്രട്ടറി പി.എം. സാദിഖലി, ജില്ലാ ജനറൽ സെക്രട്ടറി പി.എം. അമീർ, ദുബായ് കെ.എം.സി.സി ജില്ലാ പ്രസിഡന്റ് ജമാൽ മനയത്ത്, മുസ്ലിം ലീഗ് ജില്ലാ ഭാരവാഹികളായ എ.എസ്.എം അസ്ഗറലി തങ്ങൾ, കെ.എ. ഹാറൂൺ റഷീദ്, പി.കെ ഷാഹുൽ ഹമീദ്, പി.കെ മുഹമ്മദ് ഹാജി, പി.കെ അബൂബക്കർ, ഐ.ഐ അബ്ദുൽ മജീദ്, യു.എ.ഇ കെ.എം.സി.സി മണലൂർ നിയോജക മണ്ഡലം കോഡിനേറ്റർ മുഹമ്മദ് വെട്ടുകാട് എന്നിവർ പ്രസംഗിച്ചു.

നിയോജകമണ്ഡലങ്ങളെ പ്രതിനിധീകരിച്ച് ടി.കെ സൈതലവി ചേലക്കര, എൻ. ഹംസ വടക്കാഞ്ചേരി, ഗഫൂർ പള്ളികുളം കുന്നംകുളം, എം.വി ഷക്കീർ ഗുരുവായൂർ, ആർ.എ അബ്ദുൽ മനാഫ് മണലൂർ, കെ. എ ഷൗക്കത്തലി നാട്ടിക, എസ്.എ സിദ്ദീഖ് മതിലകം, നിസാർ പുത്തൻചിറ കൊടുങ്ങല്ലൂർ, ഇസ്മായിൽ ഹാജി ചാലക്കുടി, സി.എ അബ്ദുട്ടി ഹാജി പുതുക്കാട്, സി. സുൽത്താൻ ബാബു തൃശൂർ, പോഷക സംഘടന നേതാക്കളായ സി.കെ അഷ്റഫ് അലി, ഇ.എസ് സഗീർ, ആർ.എസ് മുഹമ്മദ് മോൻ, വി.പി മൻസൂർ അലി, ആരിഫ് പാലയൂർ, ഷെഫീഖ് പള്ളിക്കുളം എന്നിവർ സംസാരിച്ചു.

ആദരവ് 2024

കൊടുങ്ങല്ലൂർ: പുല്ലൂറ്റ് തണൽ സാംസ്കാരിക സമിതിയുടെ ആഭിമുഖ്യത്തിൽ 11ന് വൈകിട്ട് 5 മണിക്ക് തണൽ സാംസ്കാരിക സമിതി പരിസരത്ത് വച്ച് എസ് എസ് എൽ സി , പ്ലസ് ടു പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്കുള്ള അനുമോദന ചടങ്ങും, സ്കൂൾ കുട്ടികൾക്കുള്ള പഠനോപകരണ വിതരണവും,ലോക പരിസ്ഥിതി ദിനത്തിന്റെ ഭാഗമായുള്ള വൃക്ഷത്തൈ വിതരണവും നടത്തും.

ദേവാങ്കണം ചാരു ഹരിതം പദ്ധതി

വടക്കാഞ്ചേരി: കൊച്ചിൻ ദേവസ്വം ബോർഡിന്റെ ദേവാങ്കണം ചാരു ഹരിതം പദ്ധതിയുടെ ഭാഗമായി പരിസ്ഥിതി ദിനത്തിൽ ഉത്രാളിക്കാവ് ക്ഷേത്രത്തിൽ ക്ഷേത്ര ഉപദേശക സമിതിയുടെ ആഭിമുഖ്യത്തിൽ എച്ച്ഡിഎഫ്സി ബാങ്ക് തൃശൂർ ബ്രാഞ്ചിന്റെ സഹകരണത്തോടെ വൃക്ഷത്തൈകളും പൂജാപുഷ്പ തൈകളും നട്ടു. മുനിസിപ്പാലിറ്റി വികസന കാര്യ സ്റ്റാൻറിങ്ങ് കമ്മിറ്റി ചെയർമാൻ എം.ആർ. അനൂപ് കിഷോർ ഉദ്ഘാടനം ചെയ്തു. കൊച്ചിൻ ദേവസ്വം ബോർഡ് അംഗം പ്രേംരാജ് ചൂണ്ടലാത്ത് മുഖ്യപ്രഭാഷണം നടത്തി.

ദേവസ്വം ബോർഡ് അസി.കമ്മീഷണർ കെ.കെ.കല, ഡിവിഷൻ കൗൺസിലറും ഉപദേശക സമിതി അംഗവുമായ കെ.യു.പ്രദീപ്, ദേവസ്വം ഓഫീസർ ജി.ശ്രീരാജ് പങ്കെടുത്തു.

കുത്തിയിരുപ്പ് സമരം നടത്തിയയാൾക്ക് കോൺഗ്രസുമായി ബന്ധവുമില്ലെന്ന്

തൃശൂർ: ഡിസിസി ഓഫീസിന് മുന്നിൽ കുത്തിയിരിപ്പ് സമരം നടത്തിയ ഇസ്മയിൽ എന്ന വ്യക്തിയെ പാർട്ടിയിൽ നിന്ന് മുൻപ് പുറത്താക്കിയ വ്യക്തിയാണെന്ന് ജില്ലാ കോൺഗ്രസ് കമ്മിറ്റിയുടെ സംഘടനാ ചുമതലയുള്ള ജനറൽ സെക്രട്ടറി കെ. ഗോപാലകൃഷ്ണൻ അറിയിച്ചു.

എഐസിസി ജനറൽ സെക്രട്ടറി കെ.സി വേണുഗോപാലിനെതിരെ സമൂഹ മാധ്യമങ്ങളിൽ പോസ്റ്റ് ഇട്ടതിന്റെ പേരിൽ 2021 ൽ ഇദ്ദേഹത്തെ പാർട്ടിയിൽ നിന്ന് പുറത്താക്കിയിരുന്നു. കുത്തിയിരുപ്പ് സമരം നടത്തിയ ഇസ്മയിലിന് പാർട്ടിയുമായി യാതൊരുവിധ ബന്ധവുമില്ല. പിന്നെ ആരുടെ പ്രേരണയാലാണ് ഇസ്മയിൽ കുത്തിയിരുപ്പ് സമരം നടത്തിയതെന്ന് അത്ഭുതം ഉളവാക്കുന്നു.

കഴിഞ്ഞ പാർലിമെന്റ് തിരഞ്ഞെടുപ്പിന്റെ പ്രവർത്തനങ്ങളിൽ കെ. മുരളീധരനെ വിജയിപ്പിക്കാൻ യുഡിഎഫ് ഒറ്റക്കെട്ടായാണ് പ്രവർത്തിച്ചത്. എം.പിയായിരുന്ന ടി.എൻ പ്രതാപൻ തിരഞ്ഞെടുപ്പ് കമ്മിറ്റി ചെയർമാനും യുഡിഎഫ് ജില്ലാ ചെയർമാൻ എം.പി വിൻസെന്റ് ജനറൽ കൺവീനറും മുൻ എം.എൽ.എ ടി.വി ചന്ദ്രമോഹൻ ചീഫ് ഇലക്ഷൻ ഏജന്റും മുൻ എം.എൽ.എ അനിൽ അക്കര കോഡിനേറ്ററും മുൻ ഡിസിസി പ്രസിഡന്റ് ഒ. അബ്ദുറഹ്മാൻ കുട്ടി ട്രഷററും ഡിസിസി പ്രസിഡന്റ് ജോസ് വള്ളൂർ തൃശൂർ, ചാലക്കുടി, ആലത്തൂർ എന്നീ 3 പാർലമെന്റ് മണ്ഡലങ്ങളുടെ ചീഫ് കോഡിനേറ്ററുമായിട്ടാണ് പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചത്. തൃശ്ശൂരിലെ 7 നിയമസഭാ നിയോജകമണ്ഡലങ്ങളിൽ പി.എ മാധവൻ എക്സ്. എം.എൽ.എ, മുൻ മേയർ ഐ.പി പോൾ, കെപിസിസി മുൻ ജനറൽ സെക്രട്ടറി എം.പി ജാക്സൺ, ഡിസിസി പ്രസിഡന്റ് അഡ്വ. ജോസഫ് ടാജറ്റ്, ഇന്റക് ജില്ലാ പ്രസിഡന്റ് സുന്ദരൻ കുന്നത്തുള്ളി, മുസ്ലിം ലീഗ് സംസ്ഥാന വൈസ് പ്രസിഡന്റ് സി.എച്ച് റഷീദ്, മുസ്ലിം ലീഗ് ജില്ലാ വൈസ് പ്രസിഡന്റ് ഹാറൂൺ റഷീദ് എന്നിവർ ചെയർമാൻമാരായി തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. എഐസിസി നിർദ്ദേശപ്രകാരം ബൂത്തുകളിൽ ചുമതല കൊടുക്കുന്നതിന്റെ ഭാഗമായി തൃശ്ശൂർ പാർലമെന്റിലെ 1275 ബൂത്തുകളിൽ ഓരോ മുതിർന്ന കോൺഗ്രസ് നേതാവിനും ചുമതല നൽകി. സ്വന്തം ബൂത്തിലെ വോട്ടുകളുടെ ലീഡിനെ സംബന്ധിച്ച് ഓരോ നേതാവും മറുപടി പറയാൻ ബാധ്യസ്ഥനായിരിക്കെ തിരഞ്ഞെടുപ്പ് പരാജയം മൂന്നോ നാലോ വ്യക്തികളുടെ തലയിൽ കെട്ടിവെക്കാനുള്ള ശ്രമങ്ങൾ വിലപ്പോകില്ല. യുഡിഎഫ് നേതാക്കളെ അധിക്ഷേപിക്കാനും കല്ലെറിയാനും നേതൃത്വം കൊടുക്കുന്നവർ 'പാപം ചെയ്യാത്തവർ' ആകട്ടേയെന്ന് ഗോപാലകൃഷ്ണൻ പറഞ്ഞു.

അധ്യാപക സംഗമം

ഇരിങ്ങാലക്കുട : സമഗ്ര ശിക്ഷാ കേരള ഇരിങ്ങാലക്കുട ബിആർസിയുടെ നേതൃത്വത്തിൽ ഹയർ സെക്കൻഡറി അധ്യാപക സംഗമം ആരംഭിച്ചു. മുൻസിപ്പൽ ചെയർ പേഴ്സൺ സുജ സഞ്ജീവ് കുമാർ ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ എം.കെ. മുരളി അധ്യക്ഷത വഹിച്ചു.

ദിവസങ്ങൾക്ക് മുൻപ് അന്തരിച്ച മുസ്ലിം ലീഗ് അന്തിക്കാട് പഞ്ചായത്ത് കമ്മിറ്റിയുടെ രക്ഷാധികാരി ഉമ്മർ ഹാജി എടയാടി യുടെ വീട് പാണക്കാട് സയ്യിദ്. അബ്ബാസ് അലി ശിഹാബ് തങ്ങൾ സന്ദർശിച്ചപ്പോൾ

ഉമ്മർഹാജി എടയാടിയുടെ വീട് അബ്ബാസലി ശിഹാബ് തങ്ങൾ സന്ദർശിച്ചു

അന്തിക്കാട്: ദിവസങ്ങൾക്ക് മുൻപ് അന്തരിച്ച മുസ്ലിം ലീഗ് അന്തിക്കാട് പഞ്ചായത്ത് കമ്മിറ്റിയുടെ രക്ഷാധികാരി ഉമ്മർ ഹാജി എടയാടിയുടെ വീട് പാണക്കാട് സയ്യിദ് അബ്ബാസ് അലി ശിഹാബ് തങ്ങൾ സന്ദർശിച്ചു. എം.എസ്.എഫ് സംസ്ഥാന ലോഫൈഡ് കൺവീനർ സുഹൈൽ നാട്ടിക, ഉമർഹാജി മക്കളായ നജീബ്, ശരീഫ്, ഷഫീക്ക് ഹുദവി, ചാമക്കാല മഹല്ല് ജനറൽ സെക്രട്ടറി സലീം പുറക്കുളം, നെഹ്ജുർ റശാദ് ഇസ്ലാമിക് കോളജ് ചാമക്കാല അധ്യാപകരായ മുഹമ്മദ് ഹുദവി, യൂനസ് ഹുദവി എന്നിവർ കൂടെ ഉണ്ടായിരുന്നു

അധ്യാപക ഒഴിവ്

എറിയാട്: അഴീക്കോട് സീതി സാഹിബ് മെമോറിയൽ ഹയർസെക്കൻഡറി സ്കൂളിൽ, ഹയർസെക്കൻഡറി വിഭാഗം ഇംഗ്ലീഷ് വിഷയത്തിൽ താൽക്കാലിക ഒഴിവുണ്ട്. സെറ്റ് നിർബന്ധം.

താൽപര്യമുള്ളവർ യോഗ്യത തെളിയിക്കുന്ന രേഖകളുടെ പകർപ്പും ഫോട്ടോയും സഹിതമുള്ള അപേക്ഷ 12ന് വൈകിട്ട് 4ന് മുമ്പ് ഓഫീസിൽ എത്തിക്കണം.

അയ്യന്തോളിൽ ഡോക്ടറുടെ വീട്ടിൽ നിന്ന് 17 പവൻ കവർന്നു

തൃശൂർ: അയ്യന്തോളിൽ ഡോക്ടറുടെ അടച്ചിട്ട വീട്ടിൽ നിന്ന് 17 പവൻ സ്വർണാഭരണങ്ങൾ കവർന്നു. തൃശൂരിലെ സ്വകാര്യ ആശുപത്രിയിലെ ഗ്യാസ്ട്രോ ഡിപ്പാർട്ടുമെന്റിലെ ഡോ.കുരുവിളയുടെ വീട്ടിലാണ് കവർച്ച നടന്നത്. പതിനെട്ട് ലക്ഷം രൂപ വില വരുന്ന പതിനേഴ് പവന്റെ സ്വർണാഭരണങ്ങളും വജ്രാഭരണങ്ങളും മോഷണം പോയതായാണ് അറിയുന്നത്.

ഡോക്ടറും കുടുംബവും കഴിഞ്ഞ ഒരുമാസമായി വിദേശത്താണ്. വരുന്ന പതിനേഴാം തീയതിയെ തിരിച്ചു വരികയുള്ളൂ. വീടിന്റെ പിൻവാതിലും ഗ്രില്ലും തുറന്നാണ് മോഷ്ടാവ് അകത്ത് കടന്നിരിക്കുന്നത്. അലമാരയിൽ സൂക്ഷിച്ചിരിക്കുന്ന ആഭരണങ്ങളാണ് നഷ്ടപ്പെട്ടത്. ഇന്നലെ രാവിലെ വീട്ടുജോലിക്കെത്തിയ സ്ത്രീയാണ് പിൻവാതിൽ തുറന്നുകിടക്കുന്നത് കണ്ടത്. ബാത്ത് റൂമിലെ പൈപ്പുകളും ഷവറും തുറന്നിട്ടിരിക്കുന്നതും കണ്ടു. സംശയം തോന്നി അകത്തുകയറി നോക്കിയപ്പോഴാണ് കവർച്ച നടന്നതായി മനസിലായത്. തുടർന്ന് വിവരം വിദേശത്തുള്ള ഡോക്ടറുടെ വീട്ടുകാരെ അറിയിക്കുകയായിരുന്നു.

മോഷണം നടന്ന അയ്യന്തോളിലെ ഡോക്ടറുടെ വീട്ടിൽ പൊലീസ് പരിശോധന നടത്തുന്നു

തൃശൂർ വെസ്റ്റ് പൊലീസും ഡോഗ് സ്ക്വാഡും വിരലടയാള വിദഗ്ധരും സ്ഥലത്തെത്തിയിട്ടുണ്ട്. വീടിനെകുറിച്ച് കൃത്യമായ ധാരണയുള്ള ആരോ ആണ് കവർച്ചയ്ക്ക് പിന്നിലെന്നാണ് പൊലീസ് സംശയിക്കുന്നത്. വീടിന് പിന്നിലെ പറമ്പിലേക്ക് മണംപിടിച്ച് പൊലീസ് നായ ഓടിപോയി മടങ്ങിവന്നു. വീട്ടിലെ സി.സി.ടി.വി ക്യാമറ തകർത്ത നിലയിലാണ്. മുഖംമറച്ച ഒരാളാണ് സി.സി.ടിവി ക്യാമറകൾ നശിപ്പിച്ചതെന്ന് ഹാർഡ് ഡിസ്ക് പരിശോധിച്ചതിലൂടെ പൊലീസിന് മനസിലായിട്ടുണ്ട്.

ജിഎൽപി സ്കൂളിൽ ഒന്നാം ക്ലാസിലേക്ക് നേപ്പാളി വിദ്യാർഥിനിയും

ഇരിങ്ങാലക്കുട : ഗവ. എൽപി സ്കൂളിൽ ഒന്നാം ക്ലാസിലേക്ക് ഇക്കുറി നേപ്പാളി വിദ്യാർഥിനിയും. നേപ്പാൾ സ്വദേശിനിയായ ബി.കെ. സന്ധ്യയാണ് സ്കൂളിൽ ഒന്നാം ക്ലാസിൽ പ്രവേശനം തേടിയത്. അച്ഛൻ റമീസ് കഴിഞ്ഞ ആറു വർഷമായി ഇരിങ്ങാലക്കുടയിലെ ഹോട്ടലിൽ തൊഴിലാളിയാണ്. ഈ വർഷമാണ് കുടുംബത്തെ ഇങ്ങോട്ട് കൊണ്ടുവന്നത്. റമീസ് നന്നായി മലയാളം പറയുമെങ്കിലും സന്ധ്യക്ക് മലയാളം അറിയില്ല. കുട്ടികളുമായി സന്ധ്യ എളുപ്പത്തിൽ ചങ്ങാത്തം കൂടുകയും കളിക്കുകയും ചെയ്യുന്നുണ്ടെന്ന് പ്രധാന അധ്യാപിക പി.ബി.അസീന പറഞ്ഞു.

പുല്ലൂറ്റ് കെ.കെ.ടി.എം ഗവ. കോളജിൽ പരിസ്ഥിതി ദിനാചരണം ക്യാമ്പസിൽ വൃക്ഷത്തൈ നട്ടുകൊണ്ട് പ്രിൻസിപ്പാൾ ഡോ.ബിന്ദു ശർമിള ടി.കെ. ഉദ്ഘാടനം ചെയ്യുന്നു

പുല്ലൂറ്റ് കെ.കെ.ടി.എം ഗവ. കോളജിൽ പരിസ്ഥിതി ദിനാചരണം

കൊടുങ്ങല്ലൂർ: പുല്ലൂറ്റ് കെ.കെ.ടി.എം ഗവ. കോളജിലെ എൻഎസ്എസ് യൂണിറ്റുകളും സയൻസ് ഫോറവും കെ കെ ടി എം സീഡ്സും പുല്ലൂറ്റ് 611-ാം നമ്പർ സർവീസ് സഹകരണ ബാങ്കും സംയുക്തമായി പരിസ്ഥിതി ദിനാചരണം സംഘടിപ്പിച്ചു. ക്യാമ്പസിൽ വൃക്ഷത്തൈ നട്ടുകൊണ്ട് കോളേജ് പ്രിൻസിപ്പാൾ ഡോ.ബിന്ദു ശർമിള ടി.കെ. ഉദ്ഘാടനം ചെയ്തു. എൻഎസ്എസ് പ്രോഗ്രാം ഓഫീസർ ഡോ. ധന്യ പി.ഡി. സ്വാഗതം ആശംസിച്ച ചടങ്ങിൽ കോളേജ് പ്രിൻസിപ്പാൾ പരിസ്ഥിതി ദിന സന്ദേശം നൽകി.

കെ കെ ടി എം സീഡ്സും പുല്ലൂറ്റ് സർവീസ് സഹകരണ ബാങ്കും നൽകിയ ഫലവൃക്ഷത്തൈകൾ ക്യാമ്പസിൽ നട്ടു. പരിപാടിയിൽ ഹരിത കർമ്മ സേനാംഗങ്ങളായ ശാരദ, തങ്കമണി എന്നിവരെ പൊന്നാടയണിയിച്ച് ആദരിച്ചു. കെ കെ ടി എം സീഡ്സ് സെക്രട്ടറി വിനോദ്, പ്രസിഡണ്ട് ആര്യാ രാമചന്ദ്രൻ, പുല്ലൂറ്റ് സർവീസ് സഹകരണ ബാങ്ക് പ്

ആലപ്പുഴ സെന്റ് ജോസഫ്സ് കോളജിൽ തൊഴിൽമേള 11ന്

ആലപ്പുഴ: കേരള നോളജ് ഇക്കണോമി മിഷൻറെയുടെ ആഭിമുഖ്യത്തിൽ ആലപ്പുഴ സെന്റ് ജോസഫ്സ് കോളജിൽ 11ന് തൊഴിൽ മേള സംഘടിപ്പിക്കുന്നു. ജില്ലയിലെ എല്ലാ ഉദ്യോഗാർത്ഥികൾക്കും വേണ്ടിയുള്ള തൊഴിൽ മേളയിൽ അൻപതിൽ പരം കമ്പനികളും സ്ഥാപനങ്ങളും പങ്കെടുക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു. തൊഴിൽ മേളയിൽ പങ്കെടുക്കാൻ താൽപര്യപ്പെടുന്ന ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈൽ ഡി.ഡബ്ല്യു.എം.എസ് പോർട്ടലിൽ രെജിസ്റ്റർ ചെയ്യണം. വിശദവിവരങ്ങൾക്ക് സെന്റ് ജോസഫ്സ് കോളജ് പ്ലേയ്സ്മെന്റ് സെല്ലുമായി ബന്ധപ്പെടുക, ഫോൺ: 9747111079.

ഒഫ്താൽമിക് അസിസ്റ്റന്റ്

ആലപ്പുഴ: ഗവ.ടി.ഡി. മെഡിക്കൽ കോളജ് ആശുപത്രിയിൽ ഒഫ്താൽമിക് അസിസ്റ്റന്റ് താൽകാലിക ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു.

https://forms.gle/uUieVsHSWyubduF7 എന്ന ലിങ്ക് വഴി ഓൺലൈനായി അപേക്ഷിക്കണം.

അപേക്ഷ സമർപ്പിച്ച ശേഷം ലഭിക്കുന്ന അപേക്ഷ പകർപ്പ്, ആധാർകാർഡ്, യോഗ്യത സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിവ ജൂൺ 20 ന് വൈകിട്ട് അഞ്ചിനകം ടി.ഡി.മെഡിക്കൽ കോളജ് ആശുപത്രി സൂപ്രണ്ട് ഓഫസിൽ ലഭിക്കണം. ഫോൺ 04772282021.

ഫുൾസ്റ്റാക്ക് ഡെവലപ്പർ

ആലപ്പുഴ: കേരള സർക്കാരിന്റെ നൈപുണ്യ വികസന പരിശീലന സ്ഥാപനമായ അസാപ് കേരള കമ്മ്യൂണിറ്റി സ്കിൽ പാർക്ക് പ്രമുഖ സോഫ്റ്റെയർ കമ്പനിയായ ടെക്ജൻഷ്യയുമായി ചേർന്ന് നടത്തുന്ന ഫുൾസ്റ്റാക്ക് ഡെവലപ്പർ കോഴ്സിലേക്ക് പ്രവേശനം തുടങ്ങുന്നു. ബി.സി.എ, ബി.എസ്.സി കമ്പ്യൂട്ടർ സയൻസ്, ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ സയൻസ് എഞ്ചിനീയറിങ് ബി.ടെക്, ഡി.സി.എ, എം.ടെക്, എം.സി.എ. തുടങ്ങി കമ്പ്യൂട്ടർ പ്രോഗ്രാമിങ് പാഠ്യവിഷയമായുള്ളവർക്ക് അപേക്ഷിക്കാം. അവസാന തിയതി: ജൂൺ 15. ഫോൺ: 9495999680, 8078069622,

ആലപ്പുഴ വാർത്തകൾ

മാന്നാർ പഞ്ചായത്ത് 12-ാം വാർഡിൽ കുട്ടമ്പേരൂർ ചേപ്പഴത്തിൽ അമ്പലത്തിന് വടക്ക് മഴയിലും കാറ്റിലും തെങ്ങ് കടപുഴകി വീണപ്പോൾ

കാറ്റിലും മഴയിലും തെങ്ങ് കടപുഴകി വീണു

മാന്നാർ : മഴയിലും കാറ്റിലും തെങ്ങ് കടപുഴകി വീണു. മാന്നാർ പഞ്ചായത്ത് 12-ാം വാർഡിൽ കുട്ടമ്പേരൂർ ചേപ്പഴത്തിൽ അമ്പലത്തിന് വടക്ക് ഇന്നലെ രാവിലെ 11 മണിയോടെയാണ് സംഭവം. സ്വകാര്യ വ്യക്തിയുടെ ആൾതാമസമില്ലാതെ കിടക്കുന്ന വീടിന്റെ പുരയിടത്തിൽ നിന്ന തെങ്ങാണ് വൈദ്യുതി ലൈനുകൾക്ക് മുകളിലേക്ക് കടപുഴകി വീണത്. നാലോളം വൈദ്യുതി പോസ്റ്റുകക്ക് കേടുപാടുകൾ സംഭവിച്ചു. സമീപവാസികൾ അറിയിച്ചതനുസരിച്ച് ചെന്നിത്തലയിൽ നിന്നും വൈദ്യുതി ബോർഡ് ഉദ്യോഗസ്ഥരെത്തി വൈദ്യുതി ബന്ധം വിച്ഛേദിക്കുകയും തുടർന്ന് മരം മുറിച്ചു മാറ്റുകയും ചെയ്തു. ആൾതാമസം ഇല്ലാതെ കിടക്കുന്നതിനാൽ ഈ വീടും പുരയിടവും കാടുപിടിച്ചു കിടക്കുകയാണ്. ഇതിനാൽ മരപ്പട്ടിയുടെയും വിഷപ്പാമ്പുകളുടെയും ശല്യം രൂക്ഷമാണെന്ന് നാട്ടുകാർ പറയുന്നു. കാട് വെട്ടിത്തെളിച്ച് വൃത്തിയാക്കാത്തതിനാൽ ഭീതിയോടെയാണ് പ്രദേശവാസികൾ കഴിയുന്നത്. അധികൃതർ ഇടപെട്ട് ഇതിന് പരിഹാരം കാണണമെന്ന് നാട്ടുകാർ ആവശ്യപ്പെട്ടു.

മരണം അണുബാധയെ തുടർന്നെന്ന് ആശുപത്രി അധികൃതർ

അമ്പലപ്പുഴ; ആലപ്പുഴ മെഡിക്കൽ കോളജ് ആശുപത്രിയിൽ നവജാതശിശു മരിക്കാനിടയായത് അണുബാധയെ തുടർന്നാണ് ആശുപത്രി അധികൃതർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ജനിച്ചപ്പോളുണ്ടായ അണുബാധയാണ് മരണത്തിന് കാരണം. സാധാരണ പ്രസവം ആയിരുന്നു. കുട്ടി ജനിച്ചത് പ്രസവ വാർഡിൽ ആണെന്നത് തെറ്റായ പ്രചാരണമാണ്. യുവതിയെ ലേബർ റൂമിൽ തന്നെയാണ് പരിചരിച്ചത്.പ്രസവ ശേഷമാണ് വാർഡിലേക്ക് മാറ്റിയത്. സീനിയർ ഡോക്ടർമാർ പരിചരിച്ചില്ല എന്നതും തെറ്റാണ്. ഗൈനക് അസോ: പ്രൊഫ: ഡോ.റെയ്ഞ്ചൽ അലക്സാണ്ടറുടെ മേൽനോട്ടത്തിൽ ഡോ.ആത്മാഹർഷൻറെ നേതൃത്വത്തിൽ ഒരു പ്രൊഫസർ,മൂന്ന് അസ്സോ. പ്രൊഫസർമാർ, ഏഴ് അസി. പ്രൊഫസർമാരുടെ സേവനം ലേബർ റൂമിൽ എപ്പോഴും ഉണ്ടായിരുന്നു. അണുബാധയുള്ള കുട്ടികളെ ഓക്സിജൻറെയും മറ്റും സഹായത്തോടെയാണ് തീവ്രപരിചരണത്തിൽ കഴിയുന്നത്. ആ സാഹചര്യത്തിൽ കുഞ്ഞിനെ മറ്റുള്ളവരെ കാണിക്കാൻ സാധിക്കില്ല എന്നും ഇവർ പറഞ്ഞു. ഇതു സംബന്ധിച്ച് ആരോഗ്യ വകുപ്പു മന്ത്രിക്ക് റിപ്പോർട്ട് സമർപ്പിച്ചതായും പ്രിൻസിപ്പാൾ പറഞ്ഞു.ആശുപത്രി സൂപ്രണ്ട് ഡോ.എ.അബ്ദുൽ സലാം, ഗൈനക് എച്ച്.ഒ.ഡി.ഡോ.സംഗീതാമേനോൻ, പീഡിയാട്രിക് എച്ച്.ഒ.ഡി ഡോ.ശ്രീലത, ഡോ.ബിന്ദുനമ്പീശൻ, ഗൈനക് അസോ.പ്രൊഫ:.ഡോ.റെയ്ഞ്ചൽ അലക്സാണ്ടർ, ഡോ.ദേവി അക്ഷയ രാധാകൃഷ്ണൻ എന്നിവർ വാർത്താസമ്മേളനത്തിൽ പങ്കെടുത്തു

ശ്രീനാരായണ ഗുരു പരിസ്ഥിതി ദിനാചരണത്തിന്റെ ഉപജ്ഞാതാവ്

മാന്നാർ : സർവ്വജീവജാലങ്ങളെയും സ്നേഹിക്കുകയും പരിസ്ഥിതി സംരക്ഷണം പ്രാവർത്തികമാക്കുകയും ചെയ്ത ശ്രീനാരായണ ഗുരുദേവനാണ് പരിസ്ഥിതി ദിനാചരണത്തിന്റെ ഉപജ്ഞാതാവെന്ന് വിശ്വധർമ്മ മഠാധിപതി ശ്രീമദ് ശിവ ബോധാനന്ദ സ്വാമികൾ പറഞ്ഞു. ഗുരു കല്പിച്ചരുളിയ വനവൽക്കരണത്തിന്റെ ഭാഗമായി മാന്നാർ എസ്.എൻ.ഡി.പി യൂണിയന്റെ നേതൃത്വത്തിൽ ലോക പരിസ്ഥിതി ദിനത്തിൽ തുടക്കം കുറിച്ച ഗുരു അരുൾ വനപദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു. സംസ്ഥാന വനം വകുപ്പുമായി ചേർന്ന് നടത്തുന്ന ഗുരു അരുൾ വനപദ്ധതിയിൽ യൂണിയനിലെ 28 ശാഖകളിലും ഫലവൃക്ഷത്തൈകൾ നടുന്നതിന്റെ ഭാഗമായി 1926ാംനമ്പർ ഇരമത്തൂർ ആർ.ശങ്കർ മെമ്മോറിയൽ ശാഖാങ്കണത്തിൽ അശോക വൃക്ഷത്തൈ നട്ടു കൊണ്ടാണ് ബോധാനന്ദ സ്വാമികൾ പദ്ധതിക്ക് തുടക്കം കുറിച്ചത്. ചടങ്ങിൽ മാന്നാർ യൂണിയൻ ചെയർമാൻ കെ.എം.ഹരിലാൽ അധ്യക്ഷത വഹിച്ചു.

ജൂനിയർ ലാംഗ്വേജ് അറബി ടീച്ചർ: അഭിമുഖം ഇന്ന്

തൃക്കുന്നപ്പുഴ : പാനൂർക്കര ഗവ:യുപി സ്കൂളിൽ ജൂനിയർ ലാംഗ്വേജ് അറബി ടീച്ചറുടെ ഒഴിവുണ്ട്.

യോഗ്യതയുള്ളവർ ഇന്ന് ഉച്ചയ്ക്ക് 2.30ന് നടക്കുന്ന അഭിമുഖത്തിൽ പങ്കെടുക്കണമെന്ന് പ്രിൻസിപ്പാൾ അറിയിച്ചു.

ആരോഗ്യമന്ത്രി മെഡിക്കൽ കോളേജ് സന്ദർശിക്കണം: കെ.സി

ആലപ്പുഴ: മെഡിക്കൽ കോളേജിൽ ചികിത്സ തേടി എത്തിയ നിരവധി രോഗികൾ മരിക്കാനിടയായ സംഭവത്തിൽ സർക്കാരിന്റെ ഇടപെടൽ ആവശ്യപ്പെട്ട് കെ.സി.വേണുഗോപാൽ എംപി ആരോഗ്യമന്ത്രി വീണാ ജോർജിന് കത്ത് നൽകി.നേരത്തെ ഇതേ ആവശ്യം ഉന്നയിച്ച് കെ.സി. വേണുഗോപാൽ മന്ത്രിയുമായി ഫോണിൽ ആശയവിനിമയവും നടത്തിയിരുന്നു.ആരോഗ്യമന്ത്രി അടിയന്തരമായി ആലപ്പുഴ മെഡിക്കൽ കോളജ് സന്ദർശിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുചേർത്ത് പരിഹാരനടപടികൾ സ്വീകരിക്കുകയും വേണം.സമാനമായ സാഹചര്യങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനും രോഗികൾക്ക് മികച്ച ചികിത്സ ഉറപ്പാക്കുന്നതിനും ഒരു വിപുലമായ ആക്ഷൻ പ്ലാൻ തയ്യാറാക്കണംചികിത്സ തേടി എത്തുന്ന രോഗികൾ ആശുപത്രി അധികൃതരുടെ അനാസ്ഥയെ തുടർന്ന് മരണമടയുന്നത് അതീവ ഗുരുതരമായ സാഹചര്യമാണ്. ഇത്തരം സംഭവങ്ങളിൽ കൃത്യമായി അന്വേഷണം നടത്തി കുറ്റക്കാർക്ക് എതിരെ മാതൃകാപരമായ നടപടികൾ സ്വീകരിക്കുന്നതിൽ ഗുരുതരമായ അലംഭാവവും വീഴ്ചയും സർക്കാരിന് ഉണ്ടായിട്ടുണ്ട്. ജനങ്ങൾക്ക് ആശ്രയം നൽകേണ്ടതും ജീവൻ സംരക്ഷിക്കേണ്ടതുമായ ആശുപത്രികൾ ജീവനെടുക്കുന്ന കേന്ദ്രങ്ങളായി മാറുന്നുവെന്നത് ഏറെ നിർഭാഗ്യകരമാണെന്ന് കെ.സി കുറ്റപ്പെടുത്തി.

തുടരെയുണ്ടാകുന്ന ചികിത്സ പിഴവും പ്രതിഷേധവും

വണ്ടാനം മെഡിക്കൽ കോളജ് ആശുപത്രിയുടെ ശോഭകെടുത്തുന്നു

ഒരു മാസത്തിനുള്ളിൽ പൊലിഞ്ഞത് മൂന്ന് ജീവനുകൾ

അമ്പലപ്പുഴ : തുടരെയുണ്ടാകുന്ന ചികിത്സ പിഴവും പ്രതിഷേധവും ആലപ്പുഴ വണ്ടാനം മെഡിക്കൽ കോളജാശുപത്രിയുടെ ശോഭ കെടുത്തുന്നു. കഴിഞ്ഞ ഒരു മാസത്തിനുള്ളിൽ ചികിത്സ പിഴവു മൂലം നവജാത ശിശുവിന്റെയടക്കം മൂന്നു ജീവനുകളാണ് പൊലിഞ്ഞത്.

കഴിഞ്ഞ ഏപ്രിൽ 28 ന് പ്രസവ ചികിത്സയെ തുടർന്ന് മരിച്ച പുറക്കാട് കരൂർ തൈവേലിക്കകത്ത് അൻസറിന്റെ ഭാര്യ ഷിബിന (31) യുടെ മരണത്തെ തുടർന്നുണ്ടായ വിവാദം കെട്ടടങ്ങും മുമ്പാണ് ഇന്നലെ അർധരാത്രി നവജാത ശിശു മരണമുണ്ടായത്. വണ്ടാനം വിലാസം തോപ്പ് മനുവിന്റെ ഭാര്യ സൗമ്യ (28) യുടെ എട്ടു ദിവസം പ്രായമായ ആൺകുഞ്ഞാണ് മരിച്ചത്.

തുടർന്ന് ബന്ധുക്കൾ കുഞ്ഞിന്റെ മൃതദേഹവുമായി ലേബർ റൂമിന് മുന്നിൽ പ്രതിഷേധിച്ചത് സംഘർഷാവസ്ഥക്കു കാരണമായി. രണ്ടാഴ്ച മുമ്പാണ് പനി ബാധിച്ചു മരിച്ച പുന്ന പ്രഅഞ്ചിൽ ഉമൈബ (70) യുടെ മൃതദേഹവുമായി മകൻ ഉൾപ്പടെയുള്ള ബന്ധുക്കളും നാട്ടുകാരും അത്യാഹിതത്തിനു മുന്നിൽ മണിക്കൂറുകളോളം പ്രതിഷേധിച്ചത്.

പനി ബാധിച്ചു മെഡിക്കൽ കോളജാശുപത്രിയിൽ പ്രവേശിപ്പിച്ച ഉമൈബക്ക് വിദഗ്ദ ചികിൽസ നൽകാതെ കോട്ടയത്തേക്ക് പറഞ്ഞു വിടുകയായിരുന്നെന്നാണ് ബന്ധുക്കളുടെ പരാതി. മെഡിസിൻ വിഭാഗത്തിലെ പ്രധാന ഡോക്ടർമാർ മാതാവിനെ പരിശോധിച്ചില്ലെന്നും പി.ജി ഡോക്ടർമാർ മോശമായി പെരുമാറിയെന്നും ഉമൈബയുടെ മകൻ നിയാസ് പരാതിപ്പെട്ടിരുന്നു. ഈ പരാതിയിലെല്ലാം ആരോഗ്യ വകുപ്പിന്റെ ഉത്തരവിനെ തുടർന്ന് പ്രത്യക സംഘം അന്വക്ഷണം നടത്തി സർക്കാരിലേക്ക് റിപ്പോർട്ട് നൽകിയെങ്കിലും ആരോപണ വിധേയരായ ഡോക്ടർമാർക്കെതിരെ യാതൊരു നടപടിയുമില്ലെന്നുള്ളതാണ് യാഥാർഥ്യം.

നവജാതശിശു മരണപ്പെട്ടതുമായി ബന്ധപ്പെട്ട് അമ്പലപ്പുഴ ബ്ലോക്ക് കോൺഗ്രസ്കമ്മിറ്റി സംഘടിപ്പിച്ച പ്രതിഷേധം സമരം കെ.പി.സി.സി ജനറൽ സെക്രട്ടറി എം.ജെ ജോബ് ഉദ്ഘാടനം ചെയ്യുന്നു

കോൺഗ്രസ് പ്രതിഷേധിച്ചു

അമ്പലപ്പുഴ: ആലപ്പുഴ ടി.ഡി മെഡിക്കൽ കോളജ് ആശുപത്രിയെ തകർക്കാൻ ഭരണാധികാരികൾ സ്വകാര്യ ലോബിയിൽനിന്ന് കോഴ വാങ്ങി വിടുപണി ചെയ്യുകയാണെന്ന് കെ.പി.സി.സി ജനറൽ സെക്രട്ടറി എം.ജെ ജോബ്.

നവജാതശിശു മരണപ്പെട്ടതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പരാതിയുടെ പശ്ചാത്തലത്തിൽ അമ്പലപ്പുഴ ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റി സംഘടിപ്പിച്ച പ്രതിഷേധം സമരം ഉദ്ഘാടനം ചെയ്യുകയായിരുന്നു ജോബ്.

ആരോഗ്യവകുപ്പ് ഇനിയെങ്കിലും ഉണർന്ന് പ്രവർത്തിക്കാൻ തയ്യാറാകണമെന്നും കോൺഗ്രസ് ആവശ്യപ്പെട്ടു.

കോൺഗ്രസ് ബ്ലോക്ക് പ്രസിഡന്റ് ടി.എ ഹാമിദിന്റെ അധ്യക്ഷതയിൽ നടന്ന പരിപാടിയിൽ ഡി സി സി ഭാരവാഹികളായ പി സാബു എസ് സുബാഹു, മുൻ മുൻ ബ്ലോക്ക് പ്രസിഡന്റ് എം എച്ച് വിജയൻ, സി പ്രദീപ്, എ ആർ കണ്ണൻ,ആർ വി ഇടവന,യു എം കബീർ,എൻ ഷിനോയ്,ബിന്ദു ബൈജു,ഷിത ഗോപിനാഥ്, ബി റഫീഖ്, ഹസൻ പൈങ്ങാമടം, രതീഷ് പുന്നപ്ര,സാബു വെള്ളാപ്പള്ളി, നജീഫ് അരിശ്ശേരി,യു ഷാജി,ബി സുവർണ്ണൻ,വിശ്വമ്മ വിജയൻ, ഷാഹിത പുറക്കാട്, സമീർ പാലമൂട്,നിസാർ അമ്പലപ്പുഴ,സിറാജ് കെ, ധനമണി, ഹനീഫ തുടങ്ങിയവർ നേതൃത്വം നൽകി.

ആറ് ഗ്രാം എം.ഡി.എം.എയുമായി

യുവാവ് പിടിയിൽ

ആലപ്പുഴ: ആലപ്പുഴയിൽ ആറ് ഗ്രാം എം.ഡി.എം.എയുമായി യുവാവ് പിടിയിൽ. ആര്യാട് സൗത്ത് കാളാത്ത് തൈലം തറവെളിയിൽ അനന്തകൃഷ്ണൻ (23) ആണ് പിടിയിലായത്.മാസങ്ങളായി ബാംഗ്ലൂരിൽ നിന്നും എം.ഡി.എം.എ നാട്ടിലെത്തിച്ച് വിൽപ്പന നടത്തിവരികയായിരുന്നു.ഇയാൾ തമിഴ്നാട് സേലത്ത് നഴ്സിങ് പടിക്കുകയാണ്.നാട്ടിൽ വരുമ്പോൾ ബാംഗ്ലൂരിൽ പോയി എം.ഡി.എം.എ വാങ്ങിനാട്ടിൽ കൊണ്ടുവന്ന് കച്ചവടം നടത്തിവരികയായിരുന്നു. കഴിഞ്ഞ കുറെ മാസങ്ങളായിആലപ്പുഴ ടൗൺ ഭാഗങ്ങളാണ് ലഹരി വസ്തുക്കൾ വിൽക്കുന്നതിനായി ഇയാൾ തിരഞ്ഞെടുത്തിരുന്നത്. ജില്ലാലഹരി വിരുദ്ധ സ്ക്വാഡ് ഡി.വൈ.എസ്.പി ബി പങ്കജാക്ഷന്റെ നേതൃത്വത്തിലുള്ള ലഹരി വിരുദ്ധ സ്ക്വാഡും ആലപ്പുഴ ഡി.വൈ.എസ്.പി വിജയന്റെ നേതൃത്വത്തിലുള്ള ആലപ്പുഴ നോർത്ത് സി.ഐ സുമേഷ് സുധാകരൻ, എസ്.ഐ അനിൽ, ജി.എസ്.ഐ സാലസ്,എസ്.സി.പി.ഒ മാത്യു, ഡാരിൽ നെൽസൺ എന്നിവരാണ് പ്രതിയെ പിടികൂടിയത്.

അനന്തകൃഷ്ണൻ

ഉമ്മൻചാണ്ടിയെ അനുസ്മരിച്ച് കൊടിക്കുന്നിൽ സുരേഷ് ഡൽഹിയിലേക്ക്

മാവേലിക്കര: കൊടിക്കുന്നിൽ സുരേഷ് തന്റെ രാഷ്ട്രീയ ഗുരു മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടി അന്ത്യ വിശ്രമം കൊള്ളുന്ന പുതുപ്പള്ളി സെൻറ്.ജോർജ്ജ് ഓർത്തഡോക്സ് പള്ളിയിലെ കല്ലറയിൽ പോയി മെഴുകുതിരി കത്തിച്ച് പ്രാർത്ഥിച്ച് ഡൽഹിക്ക് പോയി. തന്റെ രാഷ്ട്രീയ ഗുരുവും ജനകീയ നേതാവുമായിരുന്ന ഉമ്മൻ ചാണ്ടിയുടെ കബറിടത്തിൽ ചാണ്ടി ഉമ്മന്റെ സാന്നിധ്യത്തിൽ മെഴുകുതിരി കത്തിച്ച് ഏറെ നേരം പ്രാർത്ഥിച്ചു പുഷ്പ്പ ചക്രവും അർപ്പിച്ചാണ് മടങ്ങിയത്.

കെ.പി.സി.സി സെക്രട്ടറി പി എസ് രഘുറാം, യു.ഡി.എഫ് ചങ്ങനാശ്ശേരി നിയോജക മണ്ഡലം ചെയർമാൻ പി എൻ നൗഷാദ്, പി.എച്ച്.നാസർ, തോമസ് അക്കര ,ആന്റണി കുന്നുംപുറം, സാബു കോഴിപ്പുറം എന്നിവരും പങ്കാളികളായി.

ഫലവൃക്ഷ തൈകളുടെ വിതരണോദ്ഘാടനം

ആലപ്പുഴ : മുസ്ലിംലീഗ് പരിസ്ഥിതി ജില്ലാ സംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ പരിസ്ഥിതി ദിനത്തിൽ ഫലവൃക്ഷ തൈകളുടെ വിതരണോദ്ഘാടനം നടത്തി. പേര , പ്ലാവ്, മാവ് , കണിക്കൊന്ന തുടങ്ങിയ ഇനത്തിൽ പെടുന്ന തൈകളാണ് വിതരണം നടത്തിയത്. ചടങ്ങ് ജില്ലാ പ്രസിഡന്റ് എ.എം നിസാർ വിയപുരം അബ്ദുൽ റഹീം താമരക്കുളത്തിന് നൽകി ഉദ്ഘാടനം ചെയ്തു. ജില്ലാ ഭാരവാഹികളായ മിർസാദ് മാന്നാർ മുഹമ്മദാലി ആലപ്പുഴ അബ്ദുൽ ഗഫൂർ എന്നിവർ നേതൃത്വം നൽകി. ജില്ലയിൽ പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി ആയിരം വൃക്ഷ തൈകൾ നട്ടുപിടിപ്പിക്കും.

വൃക്ഷ തൈകളുടെ വിതരണ ഉദ്ഘാടനം മുസ്ലിംലീഗ് ജില്ല പരിസ്ഥിതി സംരക്ഷണ സമിതി പ്രസിഡന്റ് എ.എം നിസാർ അബ്ദുൽ റഹിം താമരക്കുളത്തിന് നൽകി നിർവഹിക്കുന്നു

കൊടിക്കുന്നിൽ സുരേഷ് മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടി അന്ത്യ വിശ്രമം കൊള്ളുന്ന പുതുപ്പള്ളി സെൻറ്.ജോർജ്ജ് ഓർത്തഡോക്സ് പള്ളിയിലെ കല്ലറയിൽ പോയി മെഴുകുതിരി കത്തിച്ച് പ്രാർത്ഥിക്കുന്നു



പ്ലസ് ടു പരീക്ഷയിൽ എല്ലാ വിഷയത്തിനും എ പ്ലസ് നേടിയ ഫിദ ഫാത്തിമ.എസ് (സൈതൂൻ ഇന്റർനാഷണൽ ഗേൾസ് ക്യാമ്പസ് കോട്ടക്കൽ) മുസ്ലിം ലീഗ് ജില്ലാ സെക്രട്ടറി എ ഷാജഹാന്റെയും പുറക്കാട് എ.എസ്.എം എൽ.പി.എസ് അധ്യാപിക ഫൗസിയയുടെയും മകളാണ്

അപേക്ഷ ഇന്ന് വരെ

ആലപ്പുഴ: നിർമല കോളജിൽ (ഓട്ടോണമസ്) ബിരുദ പ്രോഗ്രാമുകളിലേക്കുള്ള അഡ്മിഷൻ അപേക്ഷകൾ ഓൺലൈനായി ഇന്ന് വരെ സമർപ്പിക്കാം. കോളജ് വെബ്സൈറ്റ് (www.nirmalacollege.ac.in) വഴിയാണ് അപേക്ഷ നൽകേണ്ടത്. വിവിധ പ്രോഗ്രാമുകളിലേക്കുള്ള ട്രയൽ അലോട്ട്മെന്റ് എട്ടിന് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും. ഫോൺ: 9446600852, 9446600853,

പ്രവേശനോത്സവവും പഠനാരംഭവും ജംഇയ്യത്തുൽ ഖുത്വബഅ സംസ്ഥാന വൈസ് പ്രസിഡന്റ് അസ്സയ്യിദ് ഹദിയത്തുള്ള തങ്ങൾ അൽ ഹൈദ്റൂസി ഉദ്ഘാടനം ചെയ്യുന്നു

പ്രവേശനോത്സവവും പഠനാരംഭവും

മാന്നാർ : നഫീസത്തുൽ മിസ്രിയാ ഇസ്ലാമിക് കോളജിൽ (സനാ ഇയ്യ) ഒമ്പതാമത് ബാച്ച് കുട്ടികളുടെ പ്രവേശനോത്സവവും പഠനാരംഭവും നടന്നു. കോളജ് ചെയർമാൻ മാന്നാർ ഇസ്മായിൽ കുഞ്ഞ് ഹാജി അധ്യക്ഷത വഹിച്ച ചടങ്ങ് ജംഇയ്യത്തുൽ ഖുത്വബഅ സംസ്ഥാന വൈസ് പ്രസിഡന്റ് അസ്സയ്യിദ് ഹദിയത്തുള്ള തങ്ങൾ അൽ ഹൈദ്റൂസി ഉദ്ഘാടനം ചെയ്തു. കോളജ് പ്രിൻസിപ്പൽ ഹംസ ഫൈസി സ്വാഗതവും, പതിയാങ്കര ശംസുൽ ഉലമ ഇസ്ലാമിക് കോളജ് സെക്രട്ടറി സലിം ഫൈസി മുഖ്യപ്രഭാഷണവും നടത്തി, കോളജ് അധ്യാപകൻ മൂസാ ബാഖവി ആശംസ അറിയിച്ചു. കോളേജ് മാനേജർ ഷഫീഖ് നന്ദി രേഖപ്പെടുത്തി.

അനുസ്മരണ സമ്മേളനം

അരൂക്കുറ്റി: നദുവത്തുൽ ഇസ്ലാം യു.പി സ്കൂളിന്റെ മാനേജറും പ്രമുഖ വ്യവസായിയുമായ തേലാപ്പിള്ളി റ്റി.എ മുഹമ്മദ് കുട്ടി ഹാജിയുടെ നിര്യാണത്തിൽ അദ്ദേഹത്തിന്റെ അനുസ്മരണ യോഗം പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ ആഭിമുഖ്യത്തിൽ സ്കൂൾ ഹാളിൽ നടന്നു.അരൂകുറ്റി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് അഷ്റഫ് വെള്ളേഴത്ത് ഉദ്ഘാടനം ചെയ്തു.

യോഗത്തിൽ പൂർവ്വവിദ്യാർത്ഥി സംഘടന പ്രസിഡന്റ് പി.എം സുബൈർ അധ്യക്ഷനായിരുന്നു. സ്കൂൾ ഹെഡ് മിസ്ട്രസ് ജസീന ടീച്ചർ അനുസ്മരണ സന്ദേശം നൽകി. സെക്രട്ടറി ഷാജി വി.എ സ്വാഗതം പറഞ്ഞു.ജമാഅത്ത് സ്കൂൾ മാനേജർ കെ എ പരീത്, കെ കെ പി ജെ പ്രസിഡന്റ് ഷംസുദ്ധീൻ പി എ , മുൻ ഹെഡ് മാഷ് മാമ്മു സി എസ് ,ബ്ലോക് മെമ്പർ അനീസ്എൻ കെ , വാർഡ് മെമ്പർ പ്രകാശൻ വെള്ളപ്പനാട്ട്, മുഹമ്മദദൻസ് വൈസ് പ്രസിഡന്റ് കെ പി നടരാജൻ, കുടപുറം റസിഡന്റ് അസോസിയേഷൻ ഭാരവാഹി നജീബ് കുടപുറം, കണ്ണത്ത കുടുംബട്രസ്റ്റ് ചെയർമാൻ അഹമ്മദ് ഹുസൈനി, മുൻ പി ടി എ പ്രസിഡന്റ് ഫയാസ് എന്നിവർ സംസാരിച്ചു.

സ്കൂൾ അധ്യാപകൻ അൻസാരി പാണാവള്ളി നന്ദിയും പറഞ്ഞു.

ആൽഫ പാലിയേറ്റീവ് പരിശീലന പരിപാടി

ചേർത്തല: ആൽഫ പാലിയേറ്റീവ് ചേർത്തല ലിങ്ക് സെന്ററിന്റെ നേതൃത്വത്തിൽ സന്നദ്ധ പ്രവർത്തകർക്കായി പാലിയേറ്റീവ് പരിചരണ പരിശീലന പരിപാടി നടത്തി. നഗരസഭ ചെയർപേഴ്സൺ ഷേർളി ഭാർഗവൻ ഉദ്ഘാടനം ചെയ്തു. എൻ. എസ്. എസ് ഹാളിൽ നടന്ന പരിപാടിയിൽ പ്രസിഡന്റ് എം. ജെ. മാത്യു അധ്യക്ഷത വഹിച്ചു.ഫാ.ആന്റോ ചേരാന്തുരുത്തി മുഖ്യപ്രഭാഷണം നടത്തി.ഡോ എബ്രഹാം നെയ്യാരപ്പള്ളി, സുരേഷ് രാഘവൻ,ചാക്കോഎന്നിവർ സംസാരിച്ചു.വൈസ് പ്രസിഡന്റ് ബേബി തോമസ് സ്വാഗതംവും സെക്രട്ടറി രാജ്ശ്രീ നിഗിൽരാജ് നന്ദിയും പറഞ്ഞു. തുടർന്ന് ഡോ. ജോസ് ബാബു പരിശീലനത്തിന് നേതൃത്വം നൽകി.

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂൺ 07 വെള്ളി
ഗൾഫ് ചന്ദ്രിക

ശിഹാബ് തങ്ങൾ റോഡിൽ മാലിന്യം നിക്ഷേപിക്കുന്നതിനെതിരെ പരാതി

കൊച്ചി: ചേരാനല്ലൂർ ആസ്റ്റർ മെഡിസിറ്റിക്ക് മുന്നിലൂടെയുള്ള ശിഹാബ് തങ്ങൾ റോഡിലെ ഇരുവശങ്ങളിൽ മാലിന്യ നിക്ഷേപം നടത്തുന്നതിനെതിരെ ആം ആദ്മി പാർട്ടി. മാലിന്യ നിക്ഷേപം നിർബാധം തുടരുമ്പോഴും പഞ്ചായത്ത് അധികൃതർ ഇത് കണ്ടില്ലെന്ന് നടിക്കുകയാണെന്ന് ആം ആദ്മി പാർട്ടി നേതൃത്വം കുറ്റപ്പെടുത്തി. റോഡിന്റെ ഇരുഭാഗത്ത് നിന്നും അസഹനീയമായ ദുർഗന്ധം വമിക്കുന്നുവെന്ന് നാട്ടുകാർ നിരന്തരം പരാതിപ്പെട്ടിട്ടും നടപടിയുണ്ടായില്ല.

ഇതിനെതിരെ എ.എ.പി സംസ്ഥാന പ്രസിഡന്റ് സുജിത് സുകുമാരൻ മുഖ്യമന്ത്രിക്ക് പരാതി നൽകിയിട്ടുണ്ട്. സിസിടിവി ക്യാമറാ നിരീക്ഷണം രാത്രികാലങ്ങളിൽ ഉണ്ടാകണമെന്നും, ആവശ്യമായ ബോർഡുകൾ സ്ഥാപിക്കണമെന്നും ആവശ്യപ്പെട്ടാണ് പരാതി.

ചേരാനല്ലൂർ പഞ്ചായത്ത് 18 ലക്ഷം രൂപ മുടക്കി ഇവിടെ ക്യാമറ സ്ഥാപിച്ചിട്ടുണ്ട്.

എന്നാൽ ക്യാമറ ക്ലാരിറ്റി ഇല്ലാത്തതും, നൈറ്റ് വിഷൻ ഇല്ലാത്തതുമാണെന്ന് പരാതിയിൽ പറയുന്നു. സംഭവത്തിൽ പഞ്ചായത്തിന്റെ കുറ്റകരമായ അനാസ്ഥക്കെതിരെ പാർട്ടി മണ്ഡലം ഭാരവാഹികളും പ്രതിഷേധിച്ചു.

ലോക പരിസ്ഥിതി ദിനം

കാലടി: കാഞ്ഞൂർ കൃഷിഭവനും പഞ്ചായത്തും സംയുക്തമായി ലോക പരിസ്ഥിതി ദിനം ആഘോഷിച്ചു. പുതിയേടം ശക്തന്തമ്പുരാൻയു. പി സ്കൂളിൽ നടന്ന ആഘോഷ പരിപാടികൾ പഞ്ചായത്ത് പ്രസിഡൻറ് വിജി ബിജു ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് സിമി ടിജോ അധ്യക്ഷത വഹിച്ചു. കൃഷിഓഫീസർ കെ. എസ് സുമി പരിസ്ഥിതിദിന സന്ദേശം നൽകി. സ്കൂൾ പ്രധാനാധ്യാപിക ശ്രീജവർമ്മ, പ്രിയ രഘു,ടി.എൻ വേലായുധൻ,എം.വി സത്യൻ,കൃഷി അസിസ്റ്റന്റ് എം.ജെ സിന്ധു,പി.ആർ നികേഷ്,അധ്യാപകർ, പിടിഎ പ്രതിനിധികൾ എന്നിവർ സംബന്ധിച്ചു. പഞ്ചായത്ത് പരിധിയിലെ വിവിധ സ്കൂളുകൾക്ക് കൃഷിത്തോട്ടം തുടങ്ങുവാനായി പച്ചക്കറി തൈകളുടെ വിതരണവും നടത്തി.

എറണാകുളം വാർത്തകൾ

മുഖ്യമന്ത്രിക്ക് ധാർമികമായി തുടരാൻ അനുവാദമില്ല: കോൺഗ്രസ്

തിരഞ്ഞെടുപ്പിൽ ഇടതുപക്ഷത്തിനും അരാഷ്ട്രീയവാദികൾക്കും ഒരു സ്വാധീനവും ചെലുത്താൻ കഴിഞ്ഞില്ലെന്ന് യോഗം വിലയിരുത്തി

കൊച്ചി: ലോക്സഭ തിരഞ്ഞെടുപ്പിൽ എറണാകുളം ജില്ലയിൽ യുഡിഎഫ് നേടിയ തിളക്കമേറിയ വിജയം ഒത്തൊരുമയോടെയുള്ള പ്രവർത്തനത്തിന്റെ ഫലമാണെന്ന് ഡിസിസി നേതൃയോഗത്തിന്റെ വിലയിരുത്തൽ. തിരഞ്ഞെടുപ്പിൽ ഇടതുപക്ഷത്തിനും അരാഷ്ട്രീയവാദികൾക്കും ഒരു സ്വാധീനവും ചെലുത്താൻ കഴിഞ്ഞില്ലെന്നും യോഗം വിലയിരുത്തി. പിണറായിക്കും നരേന്ദ്രമോദിക്കുമെതിരായ ജനവികാരമാണ് തിരഞ്ഞെടുപ്പിൽ പ്രതിഫലിച്ചതെന്നും, ജനപ്രതിനിധികളുടെ മികച്ച പ്രവർത്തനങ്ങൾ പ്രതിഫലിച്ചെന്നും യോഗത്തിൽ പങ്കെടുത്തവർ അഭിപ്രായപ്പെട്ടു.

കോട്ടിട്ട മോദിക്കും മുണ്ടുടുത്ത മോദിക്കും ജനം നൽകിയ തിരിച്ചടിയാണിതെന്ന് യോഗം ഉദ്ഘാടനം ചെയ്ത മുൻമന്ത്രി കെ.ബാബു എംഎൽഎ പറഞ്ഞു. മുഖ്യമന്ത്രിക്ക് ധാർമികമായി തുടരാൻ അനുവാദമില്ല.

മുഖ്യമന്ത്രി ദുർബലനായെന്നും കെ.ബാബു പറഞ്ഞു. ഡിസിസി പ്രസിഡന്റ് മുഹമ്മദ് ഷിയാസ് അധ്യക്ഷനായി. എംഎൽഎമാരായ അൻവർ സാദത്ത്, എൽദോസ് കുന്നപ്പള്ളി, ഉമ തോമസ്, കെപിസിസി വൈസ് പ്രസിഡന്റ് വി.പി സജീന്ദ്രൻ, ജനറൽ സെക്രട്ടറിമാരായ എസ് അശോകൻ,, അബ്ദുൾ മുത്തലിബ്, ദീപ്തി മേരി വർഗീസ്, നേതാക്കളായ എൻ വേണുഗോപാൽ, കെ.പി ധനപാലൻ, അജയ് തറയിൽ, ഡൊമിനിക് പ്രസന്റേഷൻ, പി.ജെ ജോയ്, ജയ്സൺ ജോസഫ്, ടോണി ചമ്മിണി, ഐ.കെ രാജു, എം.ആർ അഭിലാഷ്, തമ്പി സുബ്രഹ്മണ്യം, ആശ സനൽ, കെ.എം സലിം, ചാൾസ് ഡയസ്, എം.എ ചന്ദ്രശേഖരൻ, ലൂഡി ലൂയിസ്, മനോജ് മൂത്തേടൻ, വി.കെ മിനിമോൾ, സിജോ ജോസഫ്, കെ.വി.പി കൃഷ്ണകുമാർ, കെ.പി ബേബി തുടങ്ങിയവർ സംസാരിച്ചു. ഡൽഹിക്ക് പോയതിനാൽ ചാലക്കുടിയിൽ വിജയിച്ച ബെന്നി ബഹനാൻ യോഗത്തിനെത്തിയില്ല.

എറണാകുളം ഡി സി സിയിൽ നടന്ന ജില്ലാ കോൺഗ്രസ് കമ്മിറ്റി നേതൃയോഗത്തിൽ കഴിഞ്ഞ ലോക്സഭാ ഇലക്ഷനിൽ വിജയികളായ ഡീൻ കുര്യാക്കോസ്, ഹൈബി ഈഡൻ, ഫ്രാൻസിസ് ജോർജ് എന്നിവർ കേക്ക് കട്ട് ചെയ്ത് സ്നേഹം പങ്കുവെക്കുന്നു. കെ ബാബു എംഎൽ എ, മുഹമ്മദ് ഷിയാസ് തുടങ്ങിയവർ സമീപം. **നിതിൻ കൃഷ്ണൻ**

കണ്ടൽച്ചെടികൾ നട്ട് ആസ്റ്റർ മെഡ്സിറ്റി

കൊച്ചി: ലോകപരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ആസ്റ്റർ മെഡ്സിറ്റിയുടെ നേതൃത്വത്തിൽ കടമക്കുടിയിൽ കണ്ടൽച്ചെടികൾ നട്ടുപിടിപ്പിക്കുന്ന പദ്ധതിക്ക് തുടക്കമിട്ടു. മന്ത്രി പി.രാജീവ് ഉദ്ഘാടനം ചെയ്തു.

ആസ്റ്റർ ഗ്രീൻ ചോയിസസ് എന്ന പേരിൽ ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ നടപ്പിലാക്കി വരുന്ന പരിസ്ഥിതി സൗഹൃദപദ്ധതികളുടെ ഭാഗമാണിത്. ആശുപത്രി ശൃംഖലയുടെ സേവന വിഭാഗമായ ആസ്റ്റർ വോളന്റിയഴ്സും കടമക്കുടി ഗ്രാമപഞ്ചായത്തുമായി ചേർന്നാണ് പരിപാടി നടപ്പിലാക്കുന്നത്. ഈ പദ്ധതിയിലൂടെ 25 ഏക്കറോളം മത്സ്യക്കെട്ടാണ് സംരക്ഷിക്കപ്പെടുന്നതെന്ന് ആസ്റ്റർ അവകാശപ്പെട്ടു. ആസ്റ്റർ ഡിഎം ഹെൽത്ത്കെയറിന്റെ പാരിസ്ഥിതിക പ്രവർത്തനങ്ങളുടെ ഭാഗമാണിതെന്ന് ആസ്റ്റർ ഇന്ത്യയുടെ വൈസ് പ്രസിഡന്റ് ഫർഹാൻ യാസിൻ പറഞ്ഞു. ആസ്റ്റർ ഡിഎം ഫൗണ്ടേഷന്റെ അസിസ്റ്റന്റ് ജനറൽ മാനേജർ ലത്തീഫ് കാസിം, ആസ്റ്റർ മെഡ്സിറ്റി ഹെഡ് ഓഫ് ഓപ്പറേഷൻസ് ധന്യ ശ്യാമളൻ അടക്കമുള്ള ജീവനക്കാർ ചടങ്ങിൽ പങ്കെടുത്തു.

വനിതാ സംരംഭകരെ ശാക്തീകരിക്കാൻ പദ്ധതി

കൊച്ചി: മുൻനിര മൈക്രോഫിനാൻസ് സ്ഥാപനമായ മുത്തൂറ്റ് മൈക്രോഫിൻ ലിമിറ്റഡ് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുമായി സഹകരിച്ച് വായ്പകൾ നൽകുന്നതിനുള്ള സഹകരണത്തിനു തുടക്കം കുറിച്ചു. ഇതിന്റെ ഭാഗമായി രാജ്യത്തെ ഗ്രാമങ്ങളിലേയും ചെറു പട്ടണങ്ങളിലേയും വനിതാ സംരംഭകർക്ക് സാമ്പത്തിക സേവനങ്ങൾ ലഭ്യമാക്കുകയാണ് മുത്തൂറ്റ് മൈക്രോഫിൻ ലക്ഷ്യമിടുന്നത്. കൃഷി അനുബന്ധ മേഖലകളിലും വരുമാനം സൃഷ്ടിക്കുന്ന മറ്റു മേഖലകളിലും വാപൃതരായിട്ടുള്ള വനിതകളുടെ ജോയിൻറ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക് വായ്പ നൽകും. 10,000 രൂപ മുതൽ 3 ലക്ഷം രൂപ വരെയായിരിക്കും വായ്പ. താഴേത്തട്ടിലുള്ള വനിതകളെ കേന്ദ്രീകരിച്ചു മുന്നോട്ടു പോകുകയും വനിതാ സംരംഭകത്വം പ്രോൽസാഹിപ്പിക്കുകയുമാണ് മുത്തൂറ്റ് മൈക്രോഫിൻ ഉദ്ദേശിക്കുന്നതെന്ന് മുത്തൂറ്റ് മൈക്രോഫിൻ ലിമിറ്റഡ് സി ഇഒ സദാഫ് സയീദ് പറഞ്ഞു.

കെ.പി.എം.എ ഫോർട്ട് കൊച്ചി ബീച്ച് ശുചീകരിച്ചു

കൊച്ചി: കേരള പ്ലാസ്റ്റിക് മാനുഫാക്ചേഴ്സ് അസ്സോസിയേഷന്റെ (കെ.പി.എം.എ) നേതൃത്വത്തിൽ ഫോർട്ട് കൊച്ചി ബീച്ച് ശുചീകരിച്ചു. ഫോർട്ട് കൊച്ചി വാസ്കോ ഡഗാമ സ്ക്വയറിൽ കെ.പി.എം.എ മധ്യമേഖല പ്രസിഡന്റ് പി.ജെ.ജോർജ്കുട്ടിയുടെ അധ്യക്ഷതയിൽ സംഘടിപ്പിച്ച പൊതുയോഗം ബി.പി.സി.എൽ കൊച്ചി റിഫൈനറി അഡ്മിനസ്ട്രേറ്റീവ് മാനേജർ ടോം ജോസഫ് ഉദ്ഘാടനം ചെയ്തു.

സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പെട്രോകെമിക്കൽസ് എൻജിനിയറിംഗ് ആന്റ് ടെക്നോളജി (സിപെറ്റ്) ഡയറക്ടർ ജനറൽ പ്രൊഫ. ഷിഷിർ സിൻഹ മുഖ്യ പ്രഭാഷണം നടത്തി. ക്ലീൻ ഫോർട്ട് കൊച്ചി ഫൗണ്ടേഷൻ ചെയർപേഴ്സൺ ഔര്യ കൈയിം പരിസ്ഥിതി സന്ദേശം നൽകി. ഭാരവാഹികളായ ജെ.സുനിൽ, ഷാഹുൽ ഹമീദ്, എം.എസ്.ജോർജ്, മുഹമ്മദ് ഇർഫാൻ, പി.ജെ.മാത്യു, മുഹമ്മദ് താരിഫ്, ഇ. സന്തോഷ് കുമാർ തുടങ്ങിയവർ പ്രസംഗിച്ചു. ശുചീകരണ പ്രവർത്തനങ്ങളിൽ സിപെറ്റ് കൊച്ചി കാമ്പസിലെ വിദ്യാർഥികളും, സന്നദ്ധപ്രവർത്തകരും പങ്കാളികളായി.

പെൺകുട്ടിയെ ഉപദ്രവിച്ച പ്രതി അറസ്റ്റിൽ

സജീവ്

കാലടി: മാനസിക ബൗദ്ധിക വെല്ലുവിളികളുള്ള പെൺകുട്ടിയെ ലൈംഗികമായി ഉപദ്രവിച്ച കേസിൽ മധ്യവയസ്ക്കൻ അറസ്റ്റിൽ. അയ്യമ്പുഴ ഉദയാനഗർ പഴൂപ്പിള്ളി വീട്ടിൽ സജീവ്(49) നെയാണ് അയ്യമ്പുഴ പോലീസ് അറസ്റ്റ് ചെയ്തത്. മാതാപിതാക്കൾ വീട്ടിലില്ലാത്ത സമയത്താണ് ഇയാൾ അതിക്രമിച്ചു കയറി ഉപദ്രവിച്ചത്.

ഇൻസ്പെക്ടർ ഇ.കെ സോൾജിമോൻ, എസ്.ഐ ജോർജ്, എ.എസ്.ഐ ഇ.ഡി ശ്രീജ,സീനിയർ സി.പി.ഒ മാരായ പോൾ ജേക്കബ്ബ്, പ്രിൻസ്,നൈജോ സെബാസ്റ്റ്യൻ തുടങ്ങിയവരാണ് അന്വേഷണ സംഘത്തിലുള്ളത്.

പഠനോപകരണ വിതരണം

ഏലൂർ: ഫാക്ടിന്റെ സി എസ് ആർ പദ്ധതിയുടെ ഭാഗമായി, പാതാളം ഗവർണ്മെന്റ് ഹയർ സെക്കന്ററി സ്കൂളിലെ വിദ്യാർത്ഥികൾക്ക് സ്കൂൾ പഠനോപകരണങ്ങൾ വിതരണം ചെയ്തു.

ഫാക്ട് കോർപ്പറേറ്റ് ഓഫീസിൽ നടന്ന ചടങ്ങിൽ സ്കൂൾ ബാഗുകൾ, കുടകൾ, നോട്ട്ബുക്കുകൾ, ഇൻസ്ട്രുമെന്റ് ബോക്സുകൾ എന്നിവ അടങ്ങിയ കിറ്റുകൾ ഫാക്ട് ഡയറക്ടർമാരായ എസ് ശക്തിമണി, ഡോ കെ ജയചന്ദ്രൻ എന്നിവർ വിതരണം ചെയ്യുകയുണ്ടായി.

ഏലൂർ നഗരസഭ ചെയർമാൻ എ.ഡി. സുജിൽ, ഫാക്ട് എക്സിക്യൂട്ടീവ് ഡയറക്ടർ ആർ.മണിക്കുട്ടൻ, പ്രധാനദ്ധ്യാപിക സി.എസ്.ആർ കമ്മറ്റിയംഗങ്ങളായ മരിയ വർഗീസ്. സൂസൻ എബ്രഹാം , ദിലീപ് മോഹൻ,എന്നിവർ പങ്കെടുത്തു.

പ്രതിഷേധ സമരം

ഏലൂർ നഗരസഭയിലെ കണ്ടെയ്നർ റോഡിൽ ആനവാതിൽ കവലയിലെ സിഗ്നൽ തെളിയാത്തതിനെതിരെ കോൺഗ്രസ് പുത്തലം ബൂത്ത് കമ്മിറ്റിയുടെ നേതൃത്വത്തിൽ പ്രതിഷേധ സമരം നടത്തി. കോൺഗ്രസ് ഏലൂർ മണ്ഡലം പ്രസിഡന്റ് കെ.എം. അബ്ദുൽ റസാക്ക് ഉദ്ഘാടനം ചെയ്തു.

നഗരസഭ പ്രതിപക്ഷ നേതാവ് പി.എം.അയൂബ്, വാർഡ് കൗൺസിലർ നസീറ റസ്സാക്ക്, ബൂത്ത് പ്രസിഡന്റ് നവാസ്, നാസർ അലുപുരം, ജമാൽ മേലാത്ത്, മുഹമ്മദ് അബ്ദുൽ സലാം, മജിദ് എം.എ, ബഷീർ, സി.എ. മുഹമ്മദ്കുഞ്ഞ്, അഖിലേഷ് തുടങ്ങിയവർ നേതൃത്വം നൽകി

ആയുർവേദ മരുന്നിന്റെ മറവിൽ സാമ്പത്തിക തട്ടിപ്പ്; കോടതി നിർദ്ദേശ പ്രകാരം കേസെടുത്തു

അങ്കമാലി: ആയുർവേദ ക്ലിനിക്ക് നടത്തി ലാഭവിഹിതം തരാമെന്ന പേരിൽ തട്ടിപ്പ് നടത്തിയതിനെതിരെ അങ്കമാലി മജിസ്ട്രേറ്റ് കോടതി കേസെടുത്തു. പാലക്കാട് ചന്ദ്രനഗർ സഹ്യാദ്രി കോളനിയിൽ താമസിക്കുന്ന നീരജ മേനോൻ(26), പിതാവ് എം കെ ജയകൃഷ്ണൻ(60) എന്നിവർക്കെതിരെയാണ് അങ്കമാലി പോലീസ് സ്റ്റേഷനിൽ അങ്കമാലി മജിസ്ട്രേറ്റിന്റെ നിർദേശപ്രകാരം എഫ്ഐആർ നമ്പർ 0983/ 2024 പ്രകാരം കേസെടുത്തത്. പ്രതികളുടെ ബന്ധു കൂടിയായ കാലടിയിൽ പുന്നക്കാട്ട് വീട്ടിൽ പ്രവീൺ വിജയൻ ആണ് പരാതി നൽകിയത്. ഒന്നാം പ്രതി ആയ നീരജ മേനോൻ കേരള സംസ്കൃത കോളേജ് താൽകാലിക ജീവനക്കാരിയാണ്. കോടതി നിർദ്ദേശ പ്രകാരം എഫ്ഐആറിട്ട് പോലീസ് കേസ് അന്വേഷണം ആരംഭിച്ചു.

പ്രതികളുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്റ്റെറി കെയർ ആയുർവേദ ക്ലിനിക് എന്ന സ്ഥാപനത്തിന്റെ ഔട്ട് ലെറ്റിന്റെ മറവിൽ ആയിരുന്നു തട്ടിപ്പ്. പ്രസ്തുത സ്ഥാപനത്തിൽ നിന്നുണ്ടാക്കുന്ന ലാഭവിഹിതവും പ്രതിഫലവും നൽകാമെന്ന് പരാതിക്കാരനെ വിശ്വസിപ്പിച്ച് അങ്കമാലിയിൽ രണ്ട് വർഷത്തോളം നാല് ഡോക്ടർമാർ അടങ്ങിയ ക്ലിനിക് പരാതിക്കാരൻ പ്രവർത്തിപ്പിക്കുകയായിരുന്നു. സ്റ്റെറിസ്വാസ (steriswsa), സ്റ്റെറി ചാം (steri charm) എന്നീ ഉൽപ്പന്നങ്ങൾ ഈ ഔട്ട്ലെറ്റ് വഴി വിവിധ വൈറസ്, ബാക്ടീരിയ, ഫംഗസ് വഴി ഉണ്ടാകുന്ന രോഗങ്ങൾ മാറുമെന്ന് വിശ്വസിപ്പിച്ച് മരുന്നുകൾ വിറ്റഴിക്കുകയായിരുന്നു. എന്നാൽ ഈ ക്ലിനിക്കിന്റെ മറവിൽ പ്രതികൾ വിറ്റഴിച്ച മരുന്നുകളുടെ വിൽപ്പന സംഖ്യകൾ മുഴുവൻ പ്രതികൾ നേരിട്ട് ശേഖരിക്കുകയും പരാതിക്കാരന് യാതൊരുവിധ ലാഭവിഹിതമോ മുടക്കു മുതലോ നൽകാതെ വഞ്ചിക്കുകയായിരുന്നു.

ഈ കാലയളവിൽ മരുന്നു നിർമാണത്തിനോ, വിൽപ്പനക്കോ ആവിശ്യമുള്ള യാതൊരുവിധ ലൈസൻസുകളും ഇല്ലാതെയാണ് പ്രതികൾ മേൽപറഞ്ഞ മരുന്നുകളുടെ വിൽപ്പന നടത്തിയതെന്നും ആരോപണമുണ്ട്.

ഒരുകോടി രൂപയോളം ആണ് പരാതിക്കാരന് ലഭിക്കാനുള്ളത്.

സോഷ്യൽ ഫോറസ്ട്രി സമുച്ചയം, 6 മരങ്ങൾ മാത്രം മുറിക്കാൻ അനുമതി

കൊച്ചി: ഇടപ്പള്ളിയിൽ സാമൂഹിക വനവത്ക്കരണ വിഭാഗത്തിന്റെ ഓഫീസ് സമുച്ചയത്തിനായി 6 മരങ്ങൾ മാത്രം മുറിച്ചുകൊണ്ട് നിർമാണ പ്രവർത്തങ്ങൾ നടത്താൻ ഹൈക്കോടതി അനുമതി നൽകി. 59 മരങ്ങൾക്കു പകരം 6 മരങ്ങൾ മാത്രം മുറിച്ചു കൊണ്ടുള്ള തരത്തിൽ ഓഫീസ് സമുച്ചയ കെട്ടിട നിർമാണത്തിൽ മാറ്റം വരുതിയതായുള്ള വനം വകുപ്പിന്റെ സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിലാണ് ജസ്റ്റിസ് ടി.ആർ രവിയുടെ ഉത്തരവ്. ഓഫീസ് കെട്ടിട സമുച്ചയ നിർമാണത്തിന് വേണ്ടി പൊളിക്കുന്ന കെട്ടിടങ്ങളുടെ സ്ഥലത്തു വം നാശ ഭീഷണി നേരിടുന്ന കൂടുതൽ മരങ്ങൾ വച്ചു പിടിപ്പിക്കുമെന്നും, പാർപ്പിട സാമൂച്ചായ നിർമാണം നെടുമ്പാശ്ശേരിയിലേക്ക് മാറ്റിയതയും വനം വകുപ്പ് കോടതിയെ അറിയിച്ചു. 59 മരങ്ങളിൽ 19 എണ്ണം മാറ്റി വച്ചു പിടിപ്പിക്കാനായിരുന്നു നേരത്തെ വനംവകുപ്പ് തീരുമാനിച്ചിരുന്നത്. വനം വകുപ്പിന്റെ സാമൂഹികവത്കരണ വിഭാഗത്തിന്റെ ഓഫീസ് നിർമാണത്തിനായി ഇടപ്പള്ളിയിലെ ഓഫീസ് പരിസരത്ത് നിന്നും മരങ്ങൾ മുറിക്കുന്നതിനെതിരെ ഹൈക്കോടതിയിലെ ഒരു അഭിഭാഷകനാണ് ഹൈക്കോടതിയെ സമീപിച്ചത്.

വിദ്യാഭ്യാസ അവാർഡ്

കാലടി:കാഞ്ഞൂർ പഞ്ചായത്തിൽ 2023, 24 അധ്യയന വർഷത്തിൽ സ്റ്റേറ്റ് സിലബസിൽ എസ്എസ്എൽസി പ്ലസ് ടു പരീക്ഷകളിൽ ഫുൾ എ പ്ലസ് നേടിയ വിദ്യാർത്ഥികളിൽ നിന്നും സിബിഎസ്ഇ ഐസിഐസി പരീക്ഷകളിൽ 90 ശതമാനത്തിന് മുകളിൽ മാർക്ക് നേടിയവരും ഉന്നത വിദ്യാഭ്യാസ മേഖലകളിൽ റാങ്ക് ലഭിച്ചവരെയും കലാകായിക രംഗങ്ങളിൽ മികച്ച വിജയം കൈവരിച്ചവരെയും പുരസ്കാരങ്ങൾ നൽകി ആദരിക്കുന്നു. അപേക്ഷകർ പഞ്ചായത്ത് അതിർത്തിക്കുള്ളിൽ താമസിക്കുന്നവരായിരിക്കണം. അപേക്ഷയോടൊപ്പം മാർക്ക് ലിസ്റ്റിൻെറ പകർപ്പ്,പാസ് പോർട് സൈസ് ഫോട്ടോ, ഫോൺ നമ്പരുൾപ്പെടെ 10 നകം പഞ്ചായത്തോഫീസിൽ നൽകേണ്ടതാണ്.

വി. നാരായണൻ നായരെ ആദരിച്ചു

കാലടി: കേരള ശാന്തിസമിതി കാഞ്ഞൂർ ശ്രീമൂലനഗരം യൂണിറ്റിൻെറ നേതൃത്വത്തിൽ സ്വാതന്ത്ര്യസമര സേനാനി വി. നാരായണൻ നായരെ ആദരിച്ചു . ശാന്തി സമിതിയുടെ മുൻ കമ്മിറ്റിയംഗവും, ഗാന്ധിയനും, മദ്യനിരോധന സമിതിയുടെ സജീവ പ്രവർത്തകനുമായിരുന്ന നാരായണൻ നായരുടെ നൂറാം ജന്മദിനമാ ഘോഷിക്കുകയാണ്. ഇതിൻെറ ഭാഗമായാണ് ശാന്തി സമിതി ഭാരവാഹികൾ അദ്ദേഹത്തെ വീട്ടിലെത്തി പൊന്നാടയണിയിച്ച് ഉപഹാരം നൽകി ആദരിച്ചത്. ശാന്തി സമിതി യൂണിറ്റ് പ്രസിഡൻറ് ജോസഫ് നടുപ്പറമ്പിൽ യോഗത്തിൽ അധ്യക്ഷത വഹിച്ചു. ജില്ലാ പ്രസിഡന്റ് പി.ഐ നാദിർഷ അനുമോദന പ്രഭാഷണം നടത്തി. ജില്ലാ ഭാരവാഹികളായ റോയ് പടയാട്ടി, ഡേവിസ് പാലിമറ്റം, യൂണിറ്റ് സെക്രട്ടറി ഡേവിസ് ചക്കാലക്കൽ, ഭാരവാഹികളായ ജോസഫ് തെറ്റയിൽ,കെ.എ ഉണ്ണികൃഷ്ണൻ എന്നിവർ സംസാരിച്ചു

അധ്യാപക ഒഴിവ്

മട്ടാഞ്ചേരി: പനയപ്പിള്ളി എം. എം.ഒ.വി.എച്ച്.എസ് സ്കൂളിൽ വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗത്തിൽ ദിവസവേതന നിരക്കിൽ താൽക്കാലിക അധ്യാപക ഒഴിവുണ്ട്. എം.എസ്.സി ബോട്ടണി/സുവോളജി, ബി എഡ്, സെറ്റ് യോഗ്യതയുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകളും,പ്രവൃത്തിപരിചയം തെളിയിക്കുന്ന രേഖകളും സഹിതം ഇന്ന് മൂന്നിന് അഭിമുഖത്തിന് സ്കൂളിൽഹാജരാകണം. ഫോൺ : 9446375662.

ഹൈബി ഈഡന്റെ ഉജ്വല വിജയത്തിൽ ആഹ്ളാദം പ്രകടിപ്പിച്ച് യു.ഡി.എഫ് പ്രവർത്തകർ എടവനക്കാട് നടത്തിയ ആഹ്ലാദ പ്രകടനം

10,000 ബാറ്ററി സ്വാപ്പിങ് യൂണിറ്റുകൾ സ്ഥാപിക്കും

കൊച്ചി: അടുത്ത മൂന്നു വർഷത്തിനുള്ളിൽ രാജ്യത്ത് 10,000 ബാറ്ററി സ്വാപ്പിങ് യൂണിറ്റുകൾ സ്ഥാപിക്കാൻ സൺ മൊബിലിറ്റിയും ഇന്ത്യൻ ഓയിലും തമ്മിൽ ധാരണയായി. 2030ഓടെ രാജ്യത്തെ ഏറ്റവും വലിയ ബാറ്ററി സ്വാപ്പിങ് സൗകര്യമായി ഇതുമാറും. വൈദ്യുതി വാഹനങ്ങൾക്കായുള്ള സേവനങ്ങളും ഊർജസൗകര്യങ്ങളും നൽകുന്ന രാജ്യത്തെ മുൻനിരക്കാരാണ് സൺ മൊബിലിറ്റി. 40ലേറെ നഗരങ്ങളിലായാണ് മൂന്നു വർഷംകൊണ്ട് 10,000 ബാറ്ററി സ്റ്റേഷനുകൾ സ്ഥാപിക്കുക. 2ഡബ്ല്യൂ, 3ഡബ്ല്യൂ, സ്മാൾ 4ഡബ്ല്യൂ വാഹനങ്ങളുടെ വലിയ വർധന ഇതോടെ രാജ്യത്തുണ്ടാകും. 20 നഗരങ്ങളിലായി ഇതിനകം 25,000 വൈദ്യുതി വാഹനങ്ങൾക്ക് സൺ മൊബിലിറ്റി ഊർജപിന്തുണ നൽകിവരുന്നു. 630ലേറെ സ്റ്റേഷനുകളിൽ നിന്നാണിത്.

5.50 കിലോ കഞ്ചാവുമായി പിടിയിൽ

പെരുമ്പാവൂർ : അഞ്ചര കിലോ കഞ്ചാവുമായി ഇതര സംസ്ഥാനത്തൊഴിലാളി പിടിയിൽ. ഒഡീഷ കണ്ട മാൽ സ്വദേശി സമീർ ദിഗൽ(38) നെയാണ് പെരുമ്പാവൂർ എ.എസ്.പിയുടെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണ സംഘം പിടികൂടിയത്. ഒഡീഷയിൽ നിന്ന് കഞ്ചാവുമായി വരുന്ന വഴി മുടിക്കൽ പവർഹൗസ് ജംഗ്ഷന് സമീപം വച്ചാണ് ഇയാളെ കസ്റ്റഡിയിലെടുത്തത്. കിലോയ്ക്ക് രണ്ടായിരത്തി അഞ്ഞൂറ് രൂപയ്ക്ക് അവിടെ നിന്ന് വാങ്ങി ഇവിടെ 25000 രൂപയ്ക്കാണ് വിൽക്കുന്നത്. അതിഥി ത്തൊഴിലാളികൾക്കിടയിലും തദ്ദേശിയർക്കുമാണ് വിൽപ്പന. ഒഡീഷയിൽ നിന്നും ട്രയിൻ മാർഗം ആലുവയിലെത്തിയ സമീർ ദിഗൽ ഓട്ടോയിലാണ് പെരുമ്പാവൂരിലേയ്ക്ക് തിരിച്ചത്. ഓപ്പറേഷൻ ക്ലീൻ പെരുമ്പാവൂരിന്റെ ഭാഗമായി ജില്ലാ പോലീസ് മേധാവി ഡോ. വൈഭവ് സക്സേനയ്ക്ക് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിലായിരുന്നു പരിശോധന. എ.എസ്.പി മോഹിത് രാവത്ത്, ഇൻസ്പെക്ടർ എം. കെ രാജേഷ്, സബ് ഇൻസ്പെക്ടർമാരായ വി. വിദ്യ, ദിനേശ് കുമാർ, എ.എസ്.ഐ പി.എ അബ്ദുൽ മനാഫ്, സീനിയർ സി.പി.ഒ മാരായ സി. കെ മീരാൻ , ടി.എൻമനോജ് കുമാർ, ടി.എ അഫ്സൽ, ബെന്നി ഐസക്ക് തുടങ്ങിയവരാണ് അന്വേഷണ സംഘത്തിലുള്ളത്.

സമീർ ദിഗൽ

കുടിവെള്ള വിതരണ സ്വകാര്യവത്കരണത്തിനെതിരെ പ്രതിഷേധം

കൊച്ചി: കുടിവെള്ള സ്വകാര്യവത്കരിക്കാനുള്ള നീക്കത്തിനെതിരെ കൊച്ചി കോർപറേഷൻ കുടിവെള്ള സംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ എറണാകുളം വാട്ടർ അതോറിറ്റി ഓഫീസിന് മുന്നിൽ ധർണ നടത്തി. കോർപ്പറേഷൻ പരിധിയിലെ കുടിവെള്ള വിതരണം അന്താരാഷ്ട്ര കുടിവെള്ള വിതരണ കമ്പനിയായ സൂയസ് കമ്പനിയെ ഏൽപിക്കാനുള്ള നീക്കം ഉപേക്ഷിക്കണമെന്ന് സമരക്കാർ ആവശ്യപ്പെട്ടു. ധർണ അഡ്വ. ടി.ബി മിനി ഉദ്ഘാടനം ചെയ്തു. എം.എൻ. ഗിരി അധ്യക്ഷനായി. എ.ഐ.ടി.യു.സി എറണാകുളം ജില്ലാ വൈസ് പ്രസിഡന്റ് പി.എ ജിറാർ, എ.ഐ.വൈ.എഫ് ജില്ലാ സെക്രട്ടറി റെനീഷ്, എഡ്രാക്ക് പ്രസിഡന്റ് രംഗദാസപ്രഭു, എ.എ.പി ജില്ലാ പ്രസിഡന്റ് സാജു പോൾ, വി.ഡി മജീന്ദ്രൻ, പ്രഹ്ലാദൻ, കുരുവിള മാത്യൂസ്, പുരുഷൻ ഏലൂർ, ഷിബു ലൂക്കോസ് എന്നിവർ പ്രസംഗിച്ചു. പി.ബി അനിൽകുമാർ ഷാജി ലൂക്കോസ്, സുൽഫിക്കർ അബ്ദുൾ റഹീം നേതൃത്വം നൽകി.

കൊച്ചിൻ ഇക്കണോമിക് സോണിന്റെ പ്രവർത്തനം തുടങ്ങി

കൊച്ചി: ഡിപ

ശവ്വാൽ മാസപ്പിറവി അറിയിക്കണം

തിരുവനന്തപുരം: ഇന്ന് ദുൽഖഅ്ദ് 29 ആയതിനാൽ സൂര്യാസ്തമയത്തോടെ മാസപ്പിറവി കാണുന്നവർ 9447304327, 9447655270, 9745682586,93878 02306, 90372 44228 എന്നീ നമ്പരുകളിൽ അറിയിക്കണമെന്ന് തിരുവനന്തപുരം വലിയ ഖാസി ചന്തിരൂർ വി.എം അബ്ദുല്ലാ മൗലവി, നായിബ് ഖാസിമാരായ കെ.കെ സുലൈമാൻ മൗലവി, എ.ആബിദ് മൗലവി പാളയം ഇമാം ഡോ വി.പി സുഹൈബ് മൗലവി,മണക്കാട് വലിയപള്ളി മുസ്ലിം ജമാഅത്ത് ചീഫ് ഇമാം അൽ ഹാഫിസ് ഇ.പി അബൂബക്കർ അൽ ഖാസിമി എന്നിവർ അറിയിച്ചു.

ഡോ.എൻ.കൃഷ്ണകുമാർ നിയമസഭാ സെക്രട്ടറി

തിരുവനന്തപുരം: നിയമസഭാ സെക്രട്ടറിയായി തിരുവനന്തപുരം ഗവ. ലോ കോളജിലെ അസോസിയേറ്റ് പ്രൊഫസറായ ഡോ.എൻ.കൃഷ്ണകുമാറിനെ നിയമിച്ചു. ഐ.എം.ജിയിലെ മുൻ ഫാക്കൽറ്റി കൂടിയായ കൃഷ്ണകുമാർ കോഴിക്കോട് ലോ കോളജിൽ പ്രിൻസിപ്പലിന്റെ ചുമതല വഹിച്ചിട്ടുണ്ട്.

പാറശാലയിൽ നടരാജപിള്ളയുടെയും മനോമണിയുടെയും മകനായി ജനനം. ധനുവച്ചപുരം വി.ടി.എം.എൻ.എസ്.എസ്. കോളജിൽ നിന്ന് കെമിസ്ട്രിയിൽ ബിരുദവും തിരുവനന്തപുരം ഗവ. ലോ കോളജിൽ നിന്ന് എൽ.എൽ.ബി, എൽ.എൽ.എം ബിരുദങ്ങളും കുസാറ്റിൽ നിന്ന് നിയമത്തിൽ ഡോക്ടറേറ്റും നേടിയിട്ടുള്ള കൃഷ്ണകുമാർ ദീർഘകാലം തിരുവനന്തപുരം വഞ്ചിയൂർ കോടതിയിലും കേരള ഹൈക്കോടതിയിലും അഭിഭാഷകനായിരുന്നു.

ജില്ലയിൽ ഇന്ന് മഞ്ഞ അലർട്ട്

തിരുവനന്തപുരം: ജില്ലയിൽ ഇന്ന് 24 മണിക്കൂറിൽ 64.5 മില്ലിമീറ്റർ മുതൽ 115.5 മില്ലിമീറ്റർ വരെ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയുള്ളതിനാൽ, കേന്ദ്രകാലാവസ്ഥാവകുപ്പ് മഞ്ഞ അലർട്ട് മുന്നറിയിപ്പ് നൽകി.

ഇന്ന് മുതൽ പത്ത് വരെ കേരള കർണാടക ലക്ഷദ്വീപ് തീരങ്ങളിൽ അതി ശക്തമായ കാറ്റിനും മോശം കാലാവസ്ഥക്കും സാധ്യതയുള്ളതിനാൽ, ഈ ദിവസങ്ങളിൽ മത്സ്യബന്ധനത്തിന് പോകരുതെന്ന് കേന്ദ്രകാലാവസ്ഥാവകുപ്പ് അറിയിച്ചു.

തിരുവനന്തപുരം വാർത്തകൾ

റയിൽവേ ട്രാക്കിലെ വീട്ടമ്മയുടെ മൃതദേഹം വീണ്ടും പോസ്റ്റുമോർട്ടം ചെയ്തു

വെഞ്ഞാറമൂട്: റയിൽവേ ട്രാക്കിൽ വീട്ടമ്മയുടെ മൃതദേഹം കണ്ട സംഭവത്തിൽ ദുരൂഹത ആരോപിച്ച് ബന്ധുക്കൾ നല്കിയ പരാതിയുടെ അടിസ്ഥാനത്തിൽ വീണ്ടുംപോസ്റ്റുമോർട്ടം നടത്തി. വെഞ്ഞാറമൂട് വലികട്ടയ്ക്കാൽ ഗണപതിപുരം ആമ്പാടിയിൽ പ്രസന്നയെ(65) ആണ് മരിച്ച നിലയിൽ കണ്ടെത്തിയത്.

ഇക്കഴിഞ്ഞ ആഗസ്റ്റ് 31ന് രാവിലെയാണ് ഇവരുടെ മൃതദേഹം ചിറയിൻകീഴ് കടകംപള്ളിക്ക് സമീപം റയിൽവേ ട്രാക്കിൽ കാണപ്പെടുന്നത്. തലേദിവസം വൈകുന്നേരത്തോടെ കടകംപള്ളിയിയിൽ തന്നെയുള്ള മകളുടെ വീട്ടിൽ പോയതായിരുന്നു ഇവർ. എന്നാൽ രാത്രിയായിട്ടും വീട്ടിലെത്താത്തതിനെ തുടർന്ന് ബന്ധുക്കൾ ചിറയിൽകീഴ് പോലീസിൽ പരാതി നല്കുകയും സ്വന്തം നിലയിൽ അന്വേഷണം നടത്തുകയും ചെയ്യുന്നതിനെയാണ് ചിറയിൽകീഴ് പോലീസ് കടകംപള്ളിക്ക് സമീപം റെയിൽവേ ട്രാക്കിൽ ഒരു സ്ത്രീയുടെ മൃതശരീരം കണ്ടെത്തിയ കാര്യം അറിയിക്കുന്നത്.

തുടർന്ന് ബന്ധുക്കൾ എത്തി നടത്തിയ പരിശോധനയിൽ മൃതദേഹം പ്രസന്നയുടേതാണെന്ന് സ്ഥിരീകരിക്കുകയും പോലീസ് നടപടികൾക്ക് ശേഷം വലിയകട്ടയ്ക്കാലിലുള്ള വീട്ടു വളപ്പിൽ സംസ്ക്കരിക്കുകയും ചെയ്തു.

എന്നാൽ മൃതദേഹത്തിൽ ട്രെയിൻ തട്ടിയതിന്റേതായ ഒരു തരത്തിലുള്ള ലക്ഷണങ്ങളും കാണാത്തതും മൃതദേഹം കാണപ്പെട്ടത് പാളങ്ങൾക്ക് നടുവിലായിരുന്നതും തലേദിവസം ശക്തമായ മഴയുണ്ടായിരുന്നിട്ടും പ്രസന്നയുടെ മൃതദേഹം നനയാതിരുന്നതും ബന്ധുക്കളിൽ സംശയം ഉണർത്തുകയും ഇക്കാര്യങ്ങൾ പോലീസിൽ അറിയിക്കുകയും ചെയ്തിരുവെങ്കിലും പോലീസ് ഇക്കാര്യം പരിഗണിക്കുകയുണ്ടായില്ല.

വലിയകട്ടയ്ക്കൽ ആമ്പാടിയിൽ പ്രസന്നയുടെ മൃതദേഹം റീ പോസ്റ്റുമോർട്ടത്തിനായി സംസ്കരിച്ച സ്ഥലത്ത് നിന്ന് പുറത്തെടുക്കുന്നു. പ്രസന്ന ഇൻസെറ്റിൽ

തുടർന്ന് ബന്ധുക്കൾ ഉയർന്ന പോലീസ് ഉദ്യോഗസ്ഥർക്ക് പരാതി നല്കി. ഇതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടന്നുവെങ്കിലും കാര്യമായ പുരോഗതിയുണ്ടായില്ല. തുടർന്ന് മകൻ സന്തോഷ് ഹൈക്കോടതിയെ സമീപിച്ചു.

ഇതിൽ ഹൈക്കോടതി സർക്കാരിനോട് കേസന്വേഷണം ഊർജ്ജിതമാക്കാൻ വേണ്ട നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുകയും സർക്കാർ ആറ്റിങ്ങൽ ഡിവൈ.എസ്.പിയെ അന്വേഷണ ചുമതല ഏല്പിക്കുകയും ചെയ്തു. എന്നിട്ടും കാര്യമായ പുരോഗതി ഉണ്ടാകാത്തതിനെ തുടർന്ന് വീണ്ടും മകൻ സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ട് ഹൈക്കോടതിയെ സമീപിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ഹൈക്കോടതി സർക്കാരിന്റെ അഭിപ്രായം ആരാഞ്ഞു.

കേസിൽ കേരളാ പോലീസിന്റെ അന്വേഷണം മതിയാവുമെന്നും കേസ് മറ്റൊരു ടീമിനെ ക്കൊണ്ട് അന്വേഷിപ്പിക്കാമെന്നും കോടതിയെ അറിയിച്ചു. ഇത് കോടതി അംഗീകരിച്ചതോടെ കേസന്വേഷണം ക്രൈംബ്രാഞ്ചിന് കൈമാറി. ക്രൈം ബ്രാഞ്ച് തിരുവനന്തപുരം യൂണിറ്റ് ഡി.വൈ.എസ്.പി. നിസാറുദ്ദീനെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിക്കുകയും ചെയ്തു.

ഇതിന്റെ അടിസ്ഥാനത്തിൽ നടക്കുന്ന അന്വേഷണത്തിന്റെ ഭാഗമായി പ്രസന്നയുടെ മൃതദേഹം റീ പോസ്റ്റുമോർട്ടം നടത്തുകയായിരുന്നു. നെടുമങ്ങാട് തഹസീൽദാർ സജീവ് കുമാറിന്റെ സാന്നിദ്ധ്യത്തിലായിരുന്നു പോസ്റ്റുമോർട്ടം. തിരുവന്തപുരം മെഡിക്കൽ കോളേജ് ഫോറൻസിക് വിഭാഗത്തിൽ നിന്നുള്ള ഡോക്ടർ.സ്മിതയാണ് പോസ്റ്റുമോർട്ടം നടപടികൾക്ക് നേതൃത്വം നല്കിയത്. അന്വേഷണ ചുമതലയുള്ള ഡി.വൈ.എസ്.പി. നിസാറുദ്ദീൻ, വെഞ്ഞാറമൂട് എസ്.എച്ച്.ഒ. പി.എസ്. രാജേഷ് എന്നിവരും സ്ഥലത്തെത്തിയിരുന്നു.

വിജയികളെ ആദരിച്ചു

തിരുവനന്തപുരം ജില്ലയിൽ നിന്നും പ്ലസ് ടുവിന് 1200ൽ 1200 മാർക്ക് നേടിയ വിദ്യാർത്ഥികളെ വെള്ളയമ്പലം ടി എംസി ഇൻസ്റ്റിറ്റ്യൂട്ട് മൊബൈൽ ടെക്നോളജി ആദരിച്ചു. ശാസ്തമംഗലം എൻഎസ്എസ് ഹാളിൽ സി കെ ഹരീന്ദ്രൻ എംഎൽഎയുടെ അധ്യക്ഷതയിൽ നടത്തിയ അനുമോദന സമ്മേളനം മന്ത്രി ജി ആർ അനിൽ ഉദ്ഘാടനം ചെയ്തു. സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ചെയർമാൻ അഡ്വ. എ. എ റഷീദ് മുഖ്യപ്രഭാഷണവും ഗ്രാൻഡ് മാസ്റ്റർ ജിഎസ് പ്രദീപ് അവാർഡ് വിതരണവും, സിനിമാതാരം എം ആർ ഗോപകുമാർ പ്രശസ്തിപത്ര സമർപ്പണം നടത്തി. ടി എം സി,എം ഡി ജമീൽ യൂസഫ്, അഡ്മിനിസ്ട്രേറ്റർ പനച്ചമൂട് ഷാജഹാൻ, സി. ഇ . ഒ.വിജയകുമാർ, സോനാ ശശി എന്നിവർ പ്രസംഗിച്ചു. ശാസ്തമംഗലം വാർഡ് കൗൺസിലർ മധുസൂദനൻ നായരുടെ അദ്ധ്യക്ഷതയിൽ നടന്ന കരിയർ ഗൈഡൻസ് പ്രോഗ്രാം മുൻ ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഡയറക്ടറും മന്നാനിയ ആർട്സ് ആൻഡ് സയൻസ് കോളേജ് പ്രിൻസിപ്പലുമായ പ്രൊഫ പി.നസീർ ഉദ്ഘാടനം ചെയ്തു.കെ. എസ്. ടി. ഡി. സി സെക്രട്ടറി ഡോ:ബി. മുഹമ്മദ് അനസ്, എസ്. മുകുന്ദേശ്, അമ്പാടി ഗോവിന്ദ്,എന്നിവർ പ്രസംഗിച്ചു.

പ്ലസ് ടു വിജയികളെ അനുമോദിച്ച് സംഘടിപ്പിച്ച സമ്മേളനം മന്ത്രി ജി ആർ അനിൽ ഉദ്ഘാടനം ചെയ്യുന്നു

പെയിൻറ് മോഷണം: പിടിയിൽ

തിരുവനന്തപുരം: വെൺപാലവട്ടത്തുള്ള, ലേക്ക് ഗാർഡൻ ഫ്ളാറ്റിൽ നിന്ന് പെയിന്റ് മോഷ്ടിച്ച കേസിവെ പ്രതി അറസ്റ്റിൽ. നെടുമങ്ങാട് എ കെ ജി നഗർ സ്വദേശി രാജേഷ് (45)നെയാണ് പേട്ട പോലീസ് അറസ്റ്റ് ചെയ്തത്. 16000 രൂപ വിലവരുന്ന 20 ലിറ്റർ പെയിന്റാണ് മോഷ്ടിച്ചത്.

യുവാവിന് മർദനം: ബാർ ജീവനക്കാർ അറസ്റ്റിൽ

തിരുവനന്തപുരം: ക്ലബിലെത്തിയ യുവാവിനെ ഉപദ്രവിച്ച കേസിലെ പ്രതികളായ ജീവനക്കാർ അറസ്റ്റിൽ. തുമ്പ തമ്പുരാൻ മുക്കിലെ ഹോട്ടലിലെ ക്ലബിലെ പബ്ബിൽ ഇക്കഴിഞ്ഞ 19ന് ഈ ജീവനക്കാർ അപമര്യാദയായി പെരുമാറിയെന്ന് മാനേജർക്ക് പരാതി കൊടുത്തതിനുള്ള വിരോധമാണ് അക്രമത്തിന് കാരണം. ഇതേ തുടർന്ന് ജൂൺ രണ്ടിന് രാത്രി പബ്ബിൽ പരിപാടി കണ്ടു കൊണ്ടിരുന്ന അതുലിനെ ഇവർ ബലമായി പിടിച്ചു കൊണ്ടു പോയി ക്ലബ്ബിന് പുറത്തുള്ള ബാത്റൂമിൽ വെച്ച് ആക്രമിക്കുകയും കയ്യിലുണ്ടായിരുന്ന 15,000 രൂപ പിടിച്ചു പറിക്കുകയും 13000 രൂപ വിലയുള്ള ബെൽറ്റ് തട്ടിയെടുക്കുകയുമായിരുന്നു. അമ്പലക്കാട് റെജിൻ മോൻ(27), വരയടി വീട് അരുൺ(27), പൂവാർ സ്വദേശി ബോഗിൽ(27) എന്നിവരെയാണ് തുമ്പ പോലീസ് അറസ്റ്റ് ചെയ്തത്.

ദമ്പതികളെ അക്രമിച്ച കേസിലെ പ്രതി അറസ്റ്റിൽ

തിരുവനന്തപുരം:ദമ്പതികളെ അക്രമിച്ച കേസിലെ പ്രതി അറസ്റ്റിൽ. ഇക്കഴിഞ്ഞ അഞ്ചിന് വൈകുന്നേരമാണ് സംഭവം. സ്റ്റാച്യു ജനറൽ ആശുപത്രി റോഡിൽ നിന്നും ബി.എസ്.എൻ.എൽ റോഡിലേക്ക് തിരിയുന്ന ഭാഗത്തുള്ള കണ്ണടക്കടയിൽ നിന്നും കണ്ണട വാങ്ങിയ ശേഷം സ്കൂട്ടറിൽ കയറി പോകാൻ തുടങ്ങിയ ദമ്പതികളെ ഉപദ്രവിക്കുകയും, അസഭ്യം വിളിക്കുകയും ചെയ്യുകയായിരുന്നു. രാജാജി നഗർ സ്വദേശി പ്രകാശ് എന്ന സുരേഷിനെയാണ് വഞ്ചിയൂർ പോലീസ് അറസ്റ്റ് ചെയ്തത്.

വലയിൽ ഉപകരണം കുടുങ്ങി

ആറ്റിങ്ങൽ: അഞ്ചുതെങ്ങിൽ മത്സ്യബന്ധനത്തിനിടെ വലയിൽ കുടുങ്ങിയ അജ്ഞാത ഉപകരണം മത്സ്യ തൊഴിലാളികൾ അഞ്ചുതെങ്ങ് പൊലീസിന് കൈമാറി. അഞ്ചുതെങ്ങ് മാമ്പള്ളി മേഖലയിലെ കടലിലെ മത്സ്യബന്ധനത്തിനിടെ മത്സ്യത്തൊഴിലാളികളുടെ വലയിൽ കുടുങ്ങിയ ഐ.എസ്.ആർ.ഒയുടെ സീൽ ഉള്ള അജ്ഞാത ഉപകരണമാണ് അഞ്ചുതെങ്ങ് പൊലീസിന് കൈമാറിയത്.

അഞ്ചുതെങ്ങ് മാമ്പള്ളി കടപ്പുറത്ത് നിന്നും മത്സ്യബന്ധനത്തിനായി പുറപ്പെട്ട അഞ്ചംഗ സംഘത്തിന്റെ വള്ളത്തിനാണ് അജ്ഞാത വസ്തു ലഭിച്ചത്. തുടർന്ന് അഞ്ചുതെങ്ങ് പൊലീസ് വള്ളം ഉടമയെ ബന്ധപ്പെടുകയും അഞ്ചുതെങ്ങ് പൊലീസ് സർക്കിൾ ഇൻസ്പെക്ടർ ജയപ്രകാശന്റെ നേതൃത്വത്തിൽ നേരിട്ടെത്തി ഉപകരണം കൈപ്പറ്റുകയുമായിരുന്നു.

നിൽപ്പ് സമരം നടത്തും

തിരുവനന്തപുരം: സ്കൂൾ പാചക തൊഴിലാളികളുടെ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് വരുന്ന എട്ടിന് തിരുവനന്തപുരത്ത് മന്ത്രി വി. ശിവൻകുട്ടിയുടെ ഔദ്യോഗിക വസതിക്ക് മുന്നിൽ സ്കൂൾ പാചക തൊഴിലാളി സംഘടന (എച്ച്എംഎസ്) നിൽപ്പ് സമരം നടത്തും.മാർച്ച് മാസത്തെ ശമ്പളം ഇതുവരെ തൊഴിലാളികൾക്ക് ലഭിച്ചിട്ടില്ല. എല്ലാവർഷവും നൽകിവന്നിരുന്ന വേനലവധി ആശ്വാസ വേതനം അനുവദിക്കുക. 250 വിദ്യാർത്ഥികൾക്ക് ഒരു തൊഴിലാളി എന്ന തീരുമാനം നടപ്പിലാക്കുക, സ്കൂൾ ഉച്ചഭക്ഷണ പാചക തൊഴിലാളികളെ വിദ്യാഭ്യാസ വകുപ്പിൽ കണ്ടിജൻസി ജീവനക്കാരായി നിയമിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടാണ് തൊഴിലാളികൾ പ്രതിഷേധ സമരം നടത്തുന്നത്.

പട്ടം എസ് യു ടി ആശുപത്രിയിൽ 'സുഗതവന' പദ്ധതി മുൻ കേന്ദ്ര ക്യാബിനറ്റ് സെക്രട്ടറി ടി. കെ. എ. നായർ സുഗതകുമാരിയുടെ ജന്മനക്ഷത്ര വൃക്ഷമായ 'കാഞ്ഞിരത്തൈ' നട്ടുകൊണ്ട് ഉദ്ഘാടനം നിർവ്വഹിക്കുന്നു

ആറ്റിങ്ങലിലെ അടിയൊഴുക്കിൽ പകച്ച് സി.പി.എം

ആറ്റിങ്ങൽ: പാർലമെന്റ് തിരഞ്ഞെടുപ്പിൽ ആറ്റിങ്ങൽ നിയമസഭാ മണ്ഡലത്തിൽ ബി.ജെ.പി നേടിയ മുന്നേറ്റം പരിശോധിക്കാൻ മുന്നണികൾ. ശക്തമായ ത്രികോണ മത്സരം നടന്ന ആറ്റിങ്ങൽ പാർലമെന്റ് മണ്ഡലത്തിലെ ഫല പ്രഖ്യാപനം യു.ഡി.എഫിന് അനുകൂലമാണെങ്കിലും ബി.ജെ.പി മുന്നേറ്റം നടന്ന സ്ഥലങ്ങളിൽ ഇടതുമുന്നണിയുമായി ഒത്തുകളി നടന്നിട്ടുണ്ടോ എന്നാണ് പരക്കെയുള്ള സംശയം.

ഇടത് മുന്നണിയുടെ സിറ്റിംഗ് നിയമസഭ മണ്ഡലമായ ആറ്റിങ്ങലിൽ ബി.ജെ.പി സ്ഥാനാർഥി വി. മുരളീധരനാണ് 52448 വോട്ടുകൾ നേടി ഒന്നാം സ്ഥാനത്തെത്തിയത്. ഇടതു സ്ഥാനാർഥിയായ വി ജോയിയെക്കാൾ 6,287 വോട്ടുകൾ ബിജെ പിക്ക് അധികം നേടാനായി എന്നതാണ് ഇടത് ക്യാമ്പുകളെ ഞെട്ടിപ്പിച്ചത്. 46161 വോട്ടുകൾ നേടി വി ജോയി രണ്ടാം സ്ഥാനത്തും,

42006 വോട്ടുകൾ നേടിയ അടൂർ പ്രകാൾ മൂന്നാം സ്ഥാനത്തുമായിരുന്നു. ഇടത് മുന്നണിയുടെ പ്രമുഖ ജനപ്രതിനിധികളുടെ വാർഡുകളിലടക്കം ബി.ജെ.പിയ്ക്ക് വൻ ലീഡ് ലഭിച്ചിരുന്നു. ഇതും സി.പി.എം നുള്ളിൽ ചർച്ചകൾക്ക് വഴിവച്ചിട്ടുണ്ട്.ഭരണ വിരുദ്ധം മാത്രമാണോ മറ്റ് അടിയൊഴുക്കുകൾ ഉണ്ടായോ എന്നും സി.പി.എം വിലയിരുത്തും. ഇടത് കോട്ടയായിരുന്ന കോളനികളിൽ പോലും ബി.ജെ.പിക്ക് മുന്നേറ്റമുണ്ടായി.

2019 ൽ എൽ.ഡി.എഫ് സ്ഥാനാർഥിയെക്കാൾ 1503 വോട്ടുകൾക്ക് പിന്നിലായി രണ്ടാം സ്ഥാനത്തായിരുന്നു കോൺഗ്രസ്. പാർലമെന്റ് തിരത്തെടുപ്പിന് തൊട്ടു മുമ്പ് ബ്ലോക്ക് മണ്ഡലം ഭാരവാഹികളെ മാറ്റിയിരുന്നു. കോൺഗ്രസ് നേതൃത്വത്തിന്റെ നിർദ്ദേശം വന്നാലുടൻ പാർട്ടി ഘടകങ്ങളിൽ ചർച്ച ചെയ്ത് അവശ്യമായ നടപടി സ്വീകരിക്കാനാണ് തീരുമാനം.

മുസ്ലിംലീഗ് തിരുവനന്തപുരം സെൻട്രൽ നിയോജക മണ്ഡലം കൗൺസിൽ യോഗം ജില്ലാ പ്രസിഡണ്ട് ബീമാപള്ളി റഷീദ് ഉദ്ഘാടനം ചെയ്യുന്നു. മണ്ഡലം പ്രസിഡണ്ട് യു ഗുലാം മുഹമ്മദ്, ജനറൽ സെക്രട്ടറി എം കെ അഷ്റഫുദ്ദീൻ, ജില്ലാ ഭാരവാഹികളായ ഷംസുദ്ദീൻ, റാഫി മാണിക്യവിളാകം, വള്ളക്കടവ് ഗഫൂർ തുടങ്ങിയവർ സമീപം

അങ്കണവാടിയിൽ പ്രവേശനോത്സവം

വെള്ളറട: ചിരിച്ചു കരഞ്ഞും നിലവിളിച്ചും അങ്കണവാടി പ്രവേശനോൽസവം ആവേശമാക്കി കുരുന്നുകൾ. വെള്ളറട ഗ്രാമപഞ്ചായത്ത് വെള്ളറട ചിറത്തലക്കൽ 184 ാംനമ്പർ അങ്കണ വാടിയിൽ പ്രവേശനോത്സവം നടന്നു.അങ്കണവാടി ടീച്ചർ ശരണ്യയുടെ അധ്യക്ഷതയിൽ വികസനകാര്യ സ്റ്റാൻഡിങ് കമ്മറ്റി ചെയർമാനും വെള്ളറട വാർഡ് മെമ്പറുമായ കെ ജി മംഗൾദാസ് ഉദ്ഘാടനം ചെയ്തു. വിജയൻ, സുനിത, ദീപ, സെക്രട്ടറി സുനിത,റാണി രക്ഷിതാക്കൾ എന്നിവർ പങ്കെടുത്തു.

കുടപ്പനക്കുന്ന് ചൂഴമ്പാലയിൽ നടന്ന സംസ്ഥാനതല അങ്കണവാടി പ്രവേശനോത്സവത്തിൽ നിന്ന്

ബി എ സംസ്കൃതത്തിൽ ഒന്നാം റാങ്ക് കരസ്ഥമാക്കിയ അശ്വനിയെ എം വിൻസന്റ് എം എൽ എ ആദരിച്ചപ്പോൾ

അശ്വനിക്ക് ഒന്നാം റാങ്ക്

വെള്ളറട: കേരള യൂണിവേഴ്സിറ്റി ബി എ സംസ്കൃതത്തിൽ ഒന്നാം റാങ്ക് കരസ്ഥമാക്കി അശ്വനി. ആര്യൻകോട് തുടലിയിൽ അനിയുടെ മകളാണ് അശ്വനി.യൂത്ത് കോൺഗ്രസ്സ് ആര്യൻകോട് മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ എം വിൻസന്റ് എം എൽ എ അശ്വനിയുടെ വീട്ടിൽ എത്തി ആദരിച്ചു.ബ്രമിൻ ചന്ദ്രൻ, വിരേന്ദ്രകുമാർ, സാം കുമാർ തുടങ്ങിയവരും പങ്കെടുത്തു,

കിണറ്റിൽ വീണ ഒന്നരവയസ്സുകാരൻ രക്ഷപ്പെട്ടത് പൈപ്പിൽ പിടിച്ചുകിടന്ന്

പോത്തൻകോട്: കളിക്കുന്നതിനിടെ ആഴക്കിണറ്റിലേക്കു വീണ ഒന്നരവയസ്സുകാരൻ ആബേലിന് ഇത് രണ്ടാം ജന്മം. വെള്ളത്തിനടിയിലേക്കു താണുപോയ കുഞ്ഞ് മുങ്ങിപ്പൊങ്ങിയതും പമ്പുസെറ്റുമായി ഘടിപ്പിച്ച പൈപ്പിൽ പിടിച്ചു.

പിടി വിടാതെ കിടന്ന കുഞ്ഞിനെ മുത്തച്ഛൻ വിജയൻ ഇറങ്ങിയാണ് രക്ഷിച്ചത്. ഇപ്പോൾ മെഡിക്കൽകോളജ് എസ്എടിയിൽ ഡോക്ടർമാരുടെ നിരീക്ഷണത്തിലാണ് ആബേൽ. പോത്തൻകോട് നന്നാട്ടുകാവ് മുറമേൽ പുതുവൽ പുത്തൻവീട്ടിൽ അജിയുടെയും ആൻസിയുടെയും മകനാണ് ആബേൽ.

കഴിഞ്ഞ ചൊവ്വാഴ്ച വൈകിട്ടായിരുന്നു സംഭവം.

വീടിനു സമീപത്തുള്ള പഴയ കിണറിന് 14 അടിയോളം താഴ്ചയുണ്ട്. കിണറ്റിനു സമീപം കിടന്ന കസേരയിൽ കയറി അവിടെ നിന്ന് ആബേൽ കൈവരിയിലേക്കു കയറുകയായിരുന്നു. ഇതുകണ്ട് അമ്മ കുഞ്ഞിനെയെടുക്കാൻ ഓടിച്ചെല്ലുമ്പോഴേക്കും കിണറ്റിനു മുകളിലെ വലയ്ക്കിടയിലൂടെ ഉള്ളിലേക്കു വീണു.

മുത്തച്ഛൻ വിജയൻ ഉടനെ കിണറ്റിലേക്കിറങ്ങി. അപ്പോഴേക്കും വെള്ളത്തിനടിയിൽ നിന്ന് ഉയർന്നു വന്ന ആബേൽ പൈപ്പിൽ പിടിച്ചു കരഞ്ഞുകൊണ്ടു കിടക്കുകയായിരുന്നു.

പാത്രം കെട്ടിയിറക്കി അതിനുള്ളിൽ വച്ചാണ് കുഞ്ഞിനെ പുറത്തെത്തിച്ചത്. വീഴ്ചയുടെ ആഘാതമല്ലാതെ കുഞ്ഞിനു പരുക്കേൽക്കാത്തത് ആശ്വാസമായി. പക്ഷേ അതിനിടെ വിജയന് തളർച്ച ബാധിച്ച് കിണറ്റിൽ നിന്നു കയറാനായില്ല. അയൽവാസികളെത്തി കയറിലൂടെ വിജയനെയും പുറത്തെത്തിച്ചു. സംഭവം അറിഞ്ഞെത്തിയ പോത്തൻകോട് പൊലീസ് ജീപ്പിൽ കുഞ്ഞിനെയുംകൊണ്ട് സമീപത്തെ സ്വകാര്യ ആശുപത്രിയിലേക്കു പാഞ്ഞു. പിന്നീട് ആംബുലൻസിൽ മെഡിക്കൽ കോളജ് എസ്എടിയിൽ പ്രവേശിപ്പിക്കുകയായിരുന്നു. ഇതിനിടെ അഗ്നിരക്ഷാ സേനാംഗങ്ങളും എത്തിയിരുന്നു.

തരൂരിന്റെ വിജയത്തിൽ ആഹ്ലാദപ്രകടനം

പൂവാർ: തിരുവനന്തപുരം മണ്ഡലത്തിലെ ശശി തരൂരിന്റെ വിജയത്തിൽ ആഹ്ലാദം പ്രകടിപ്പിച്ച് പൂവാർ മണ്ഡലം കോൺഗ്രസ് കമ്മിറ്റി മധുരപലഹാര വിതരണവും ആഹ്ലാദ പ്രകടനവും നടത്തി. ഡി.സി.സി. ജനറൽ സെക്രട്ടറി പി.കെ സാംദേവ് പ്രകടനം ഉദ്ഘാടനം ചെയ്തു. മണ്ഡലം പ്രസിഡൻറ് എസ് .എ. മജു സാം, മുഹമ്മദ് ഹുസൈൻ, നൗഷാദ്, എസ്.എ. മനു സാം, താഹ, ക്ലീറ്റസ്, ഷറഫ്,എസ്. മുരുകൻ ,എം .ശ്രീകുമാർ ,പ്രസാദ്, ബി.ആർ. സുകേഷ് ,രാജേന്ദ്രൻ, സജീവ് കുമാർ, എന്നിവർ നേതൃത്വം നൽകി.

പൂവാർ മണ്ഡലം കോൺഗ്രസ് കമ്മിറ്റി നടത്തിയ ആഹ്ലാദം പ്രകടനം ഡി.സി.സി.ജനറൽ സെക്രട്ടറി പി. കെ. സാംദേവ് ഉദ്ഘാടനം ചെയ്യുന്നു

കാഴ്ചയില്ലാത്ത വൃദ്ധയും ഭിന്നശേഷിക്കാരായ മക്കളും അന്തിയുറങ്ങുന്നത് ശവക്കല്ലറയിൽ

വെള്ളറട: കാഴ്ചയില്ലാത്ത വൃദ്ധയും ഭിന്നശേഷിക്കാരായ രണ്ടു മക്കളും അന്തിയുറങ്ങുന്നത് ശവക്കല്ലറയുടെ പുറത്ത്. വെള്ളറട പഞ്ചായത്തിൽ പഞ്ചാകുഴി വാർഡിൽ പരേതനായ ദേവനേശന്റെ ഭാര്യ ലീല (67), ഭിന്നശേഷിക്കാരായ മക്കളായ മനോജ് (41) ബിനു കുമാർ (39)മാണ് ശവക്കല്ലറയിൽ അന്തിയുറങ്ങുന്നത്. സ്വന്തമായി ഉണ്ടായിരുന്ന വീട് മഴക്കാലത്ത് പല ഘട്ടങ്ങളിലായി പൂർണമായും നിലംപോത്തി. പഞ്ചാകുഴി വാർഡിനെ പ്രതിനിധീകരിക്കുന്ന വനിതാ വാർഡ് അംഗത്തോട് നിരവധി തവണ വീട് ആവശ്യപ്പെട്ടെങ്കിലും അവരാരും ചെവിക്കൊണ്ടില്ല. കാഴ്ചയില്ലാത്ത വൃദ്ധയായ മാതാവ് കളക്ടർക്കും പരാതി നൽകിയതായി പറയുന്നു. കാഴ്ചയില്ലാത്ത മാതാവിന് പരസഹായം ഇല്ലാതെ പുറത്തിറങ്ങാൻ കഴിയാത്ത അവസ്ഥ. അഞ്ച്സെന്റിലെ തകർന്ന വീടും ശവക്കല്ലറയുമാണ് വൃദ്ധയ്ക്ക് ആകെ ഉള്ള സമ്പാദ്യം. തകർന്ന വീടിന്റെ ഒരു ഭാഗത്ത് പോളിത്തീൻ ഷീറ്റ് വലിച്ചു കെട്ടിയാണ് അഭയകേന്ദ്രം ഒരുക്കിയത്. മഴയത്തും രാത്രിയിലും ഭർത്താവിന്റെ ശവക്കല്ലറ സ്ഥിതി ചെയ്യുന്ന ഷെഡിലാണ് കഴിയുന്നത്. എന്നാൽ കാഴ്ചയില്ലാത്ത വൃദ്ധയ്ക്ക് വാർഡ് അംഗത്തെ നിരന്തരം കണ്ട് പരാതി പറയാൻ കഴിയാത്ത സ്ഥിതിയാണ്. അംഗത്തിന് കൊടുത്ത അപേക്ഷയും പരിഗണിച്ചില്ല. ശവക്കല്ലറയിൽ അന്തിയുറക്കം ആരംഭിച്ചിട്ട് ഏറെയായതായി പ്രദേശവാസികൾ പറയുന്നു. ഇവർക്ക് ആഹാരം വാങ്ങി കൊടുക്കുവാനോ പട്ടിണി മാറ്റുവാനോ സാമ്പത്തിക സഹായം നൽകുവാനോ ആരുമില്ല. പരസഹായം ഇല്ലാതെ പുറത്തു പോയി മലമൂത്ര വിസർജനം നടത്താൻ പോലും കഴിയാത്ത അവസ്ഥയിലാണ് വയോധികയും മക്കളും. ഇവരെല്ലാം തന്നെ പലവിധത്തിലുള്ള രോഗങ്ങൾക്ക് അടിമയുമാണ്.

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂൺ 07 വെള്ളി
ഗൾഫ് ചന്ദ്രിക

നീറ്റ് പരീക്ഷയെ സംബന്ധിച്ച് വിദ്യാർഥികൾ ഉന്നയിക്കുന്ന പരാതികളും അവർക്കുണ്ടായിരിക്കുന്ന ആശങ്കകളും പരിഹരിക്കാൻ അടിയന്തര നടപടി വേണം. റാങ്ക് നിർണയത്തിലും മാർക്ക് നൽകിയതിലും കാണപ്പെടുന്ന പൊരുത്തക്കേടുകളും അസ്വാഭാവികതകളും ആശങ്കയുണർത്തുന്നതാണ്. അറുപത്തിയേഴ് പേർക്ക് ഒറ്റയടിക്ക് ഒന്നാം റാങ്ക് പതിച്ചുനൽകിയത് തന്നെ ഒട്ടേറെ സംശയങ്ങൾ ഉളവാക്കുന്നുണ്ട്. അതിനാൽ കാര്യങ്ങൾ സുതാര്യമാക്കണം. പരാതികളുയർന്ന സാഹചര്യത്തിൽ പരീക്ഷയെഴുതിയ വിദ്യാർഥികൾക്ക് ആവശ്യമായ പരിരക്ഷ ഉറപ്പുവരുത്തുന്ന സത്വര നടപടികളുണ്ടാകണം.

–ഡോ.എം.പി അബ്ദുസ്സമദ് സമദാനി

മുരളീധരന്റെ വികാരം ഞങ്ങൾക്ക് മനസിലാകും. മുരളീധരൻ ഒരാവശ്യവും ഉന്നയിച്ചിട്ടില്ല. അദ്ദേഹത്തെ പൊതുരംഗത്തേക്ക് തിരിച്ചുകൊണ്ടുവരും. ഏത് പദവി നൽകണമെന്ന് പാർട്ടി ആലോചിച്ച് തീരുമാനിക്കും. തനിക്ക് മാത്രമായി ഒരു തീരുമാനം പറയാൻ കഴിയില്ല. കെ.പി.സി.സി അധ്യക്ഷ പദവി അടക്കം ചർച്ച ചെയ്യും.

–കെ.സുധാകരൻ

കേരള വാർത്തകൾ

രാജ്യമില്ലാ രാജാക്കന്മാർ

ഇരുപതിൽ 18 മന്ത്രിമാരെയും കൈവിട്ട് മണ്ഡലങ്ങൾ

- സി.പി.എം സംസ്ഥാന സെക്രട്ടറിയുടെ മണ്ഡലത്തിൽ കെ.പി.സി.സി പ്രസിഡന്റ് മുന്നിൽ
- ഡെപ്യൂട്ടി സ്പീക്കറിനും ചീഫ് വിപ്പിനും 'തോൽവി'

അനസ്. കെ
തിരുവനന്തപുരം

പിണറായി സർക്കാരിന്റെ ജനദ്രോഹ നയങ്ങളിൽ പങ്കാളികളായ മന്ത്രിമാർക്ക് കനത്ത പ്രഹരമാണ് ലോക്സഭാ തിരഞ്ഞെടുപ്പിൽ ജനങ്ങൾ നൽകിയത്. സംസ്ഥാന മന്ത്രിസഭയിലെ 20 മന്ത്രിമാരിൽ 18 പേർക്കും തങ്ങളുടെ നിയമസഭാ മണ്ഡലങ്ങളിൽ ഭൂരിപക്ഷം നഷ്ടപ്പെട്ടു. മന്ത്രിമാരായ രാമചന്ദ്രൻ കടന്നപ്പള്ളി, എ.കെ ശശീന്ദ്രൻ, മുഹമ്മദ് റിയാസ്, വി. അബ്ദുറഹ്മാൻ, എം.ബി രാജേഷ്, കൃഷ്ണൻകുട്ടി, കെ. രാജൻ, ആർ.ബിന്ദു, പി രാജീവ്, റോഷി അഗസ്റ്റിൽ, വി.എൻ വാസവൻ, പി. പ്രസാദ്, സജി ചെറിയാൻ, വീണാ ജോർജ്, കെ.ബി ഗണേഷ്കുമാർ, ജെ. ചിഞ്ചുറാണി, ജി.ആർ അനിൽ,വി. ശിവൻകുട്ടി എന്നിവർക്കാണ് സ്വന്തം മണ്ഡലങ്ങൾ ഒപ്പം നിർത്താൻ കഴിയാതിരുന്നത്. മന്ത്രി കെ രാധാകൃഷ്ണൻ എം.പിയായി രക്ഷപ്പെട്ടപ്പോൾ, മന്ത്രി കെ.എൻ ബാലഗോപാൽ മാത്രമാണ് ഏറെ കഷ്ടപ്പെട്ടിട്ടാണെങ്കിലും മണ്ഡലം രക്ഷിച്ചെടുത്തത്.

സീറ്റ് നഷ്ടപ്പെട്ടവരിൽ സി.പി.എം സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദൻ മാസ്റ്ററും ഉൾപ്പെടുന്നു. എം.വി ഗോവിന്ദൻ മാസ്റ്ററുടെ തളിപ്പറമ്പ് നിയോജക മണ്ഡലത്തിൽ, കെ.പി.സി.സി പ്രസിഡന്റ് കെ.സുധാകരന് ഭൂരിപക്ഷം 8787 വോട്ടുകളാണ്. മ്യൂസിയം മന്ത്രി കടന്നപള്ളി രാമചന്ദ്രന്റെ തട്ടകമായ കണ്ണൂരിൽ സുധാകരന് 26,030 വോട്ടിന്റെതാണ് ഭൂരിപക്ഷം. വനം മന്ത്രി എ.കെ ശശീന്ദ്രൻ സ്വന്തം മണ്ഡലമായ ഏലത്തൂരിൽ ഇടത് മുന്നണി പിന്നിലായത് 10,491 വോട്ടുകൾക്കാണ്. ടൂറിസം മന്ത്രി മുഹമ്മദ് റിയാസിന്റെ മണ്ഡലമായ ബേപ്പൂരിൽ എം.കെ രാഘവന്റെ ഭൂരിപക്ഷം 19,561.

കായിക മന്ത്രി വി. അബ്ദുറഹിമാന്റെ താനൂർ മണ്ഡലത്തിൽ നാൽപതിനായിരത്തിലേറെ വോട്ടുകളാണ് അബ്ദുസമദ് സമദാനിക്ക് ലീഡ്. തദ്ദേശ വകുപ്പ് മന്ത്രി എം.ബി രാജേഷിന്റെ തൃത്താലയിൽ സമദാനിക്ക് ലഭിച്ചത് 9,203 വോട്ടിന്റെ ഭൂരിപക്ഷം. ഇടത് മുന്നണിക്ക് ആശ്വാസമായ വിജയം നൽകിയെങ്കിലും ആലത്തൂരിൽ ഉൾപ്പെടുന്ന ചിറ്റൂർ നിയമസഭാ മണ്ഡലം, വൈദ്യുതി മന്ത്രി കെ കൃഷ്ണൻകുട്ടിക്ക് നൽകിയത് ഷോക്ക് ട്രീറ്റ്മെന്റാണ്. ഇവിടെ യു.ഡി.എഫ് സ്ഥാനാർഥി രമ്യാഹരിദാസിനായിരുന്നു ഭൂരിപക്ഷം. മന്ത്രിസഭയിലെ രണ്ടാമൻ റവന്യൂ മന്ത്രി കെ രാജന്റെ ഒല്ലൂർ നിയമസഭാ മണ്ഡലത്തിൽ സുരേഷ് ഗോപിക്ക് ലഭിച്ചത് 10,363 വോട്ടിന്റെ ഭൂരിപക്ഷം. ഉന്നത വിദ്യാഭ്യാസ മന്ത്രി ആർ ബിന്ദുവിന്റെ ഇരിങ്ങാലക്കുടയിൽ സുരേഷ് ഗോപിയുടെ ഭൂരിപക്ഷം 13,016.

എറണാകുളം ലോക്സഭാ മണ്ഡലത്തിൽ ഉൾപ്പെടുന്ന വ്യവസായ മന്ത്രി പി. രാജീവിന്റെ കളമശേരിയിൽ യു.ഡി.എഫിന്റെ പ്രതിനിധി ഹൈബി ഈഡന് ലഭിച്ചത് 38,447 വോട്ടിന്റെ ഭൂരിപക്ഷം. തൃക്കാക്കരയും കൊച്ചിയും കഴിഞ്ഞാൽ ഹൈബിയുടെ ഭൂരിപക്ഷം രണ്ടരലക്ഷമാക്കുന്നതിൽ മന്ത്രി മണ്ഡലമായ കളമശേരി കാര്യമായ പങ്കുവഹിച്ചെന്ന് ചുരുക്കം. ജലവിഭവ മന്ത്രി റോഷി അഗസ്റ്റിന്റെ മണ്ഡലമായ ഇടുക്കിയിൽ ഇടത് മുന്നണി പിന്നിലായത് 15,595 വോട്ടുകൾക്കാണ്. സഹകരണമന്ത്രി വി.എൻ വാസവന്റെ മണ്ഡലമായ ഏറ്റുമാനൂരിൽ 9610 വോട്ടിന്റെ ഭൂരിപക്ഷമാണ് യു.ഡി.എഫിന്റെ ഫ്രാൻസിസ് ജോർജ് നേടിയത്. കൃഷി മന്ത്രി പി. പ്രസാദിന്റെ ചേർത്തല മണ്ഡലത്തിൽ കെ.സി വേണുഗോപാലും സാംസ്കാരിക മന്ത്രി സജി ചെറിയാന്റെ മണ്ഡലമായ ചെങ്ങന്നൂരിൽ കൊടിക്കുന്നിൽ സുരേഷുമാണ് മുന്നിലെത്തിയത്. കൊടിക്കുന്നിൽ വിജയിച്ച മാവേലിക്കര മണ്ഡലത്തിൽ തന്നെ ഉൾപ്പെടുന്ന, മന്ത്രി കെ.ബി ഗണേഷ്കുമാറിന്റെ പത്തനാപുരം മണ്ഡലത്തിലും ഭൂരിപക്ഷം യു.ഡി.എഫിനാണ്.

ആരോഗ്യമന്ത്രി വീണ ജോർജിന്റെ ആറന്മുള നിയോജക മണ്ഡലമാണ്, പത്തനംതിട്ടയുടെ ലോക്സഭാ പ്രതിനിധിയായ ആന്റോ ആന്റണിക്ക് ഏറ്റവും വലിയ ഭൂരിപക്ഷം നൽകിയത്, 14,717 വോട്ടുകൾ. ഡപ്യൂട്ടി സ്പീക്കറുടെ മണ്ഡലമായ അടൂർ, ചീഫ് വിപ്പ് പ്രതിനിധാനം ചെയ്യുന്ന കാഞ്ഞിരപ്പള്ളി എന്നിവയും ആന്റോ ആന്റണിക്കൊപ്പമായിരുന്നു. മൃഗസംരക്ഷണ മന്ത്രി ജെ. ചിഞ്ചുറാണിയുടെ മണ്ഡലമായ ചടയമംഗലത്ത് എൻ.കെ പ്രേമചന്ദ്രന് ലഭിച്ചത് 14,619 വോട്ടിന്റെ ഭൂരിപക്ഷം. ആറ്റിങ്ങൽ മണ്ഡലത്തിൽ ഉൾപ്പെടുന്ന ഭക്ഷ്യമന്ത്രി ജി.ആർ അനിലിന്റെ നെടുമങ്ങാട് മണ്ഡലത്തിൽ യു.ഡി.എഫിന്റെ അടൂർ പ്രകാശ് മുന്നിലെത്തിയപ്പോൾ, വിദ്യാഭാസ മന്ത്രി വി.ശിവൻകുട്ടിയുടെ നേമം മണ്ഡലത്തിൽ ബി.ജെ.പിയാണ് മുന്നിലെത്തിയത്. ഇവിടെ മൂന്നാം സ്ഥാനത്തായിരുന്നു ഇടത് സ്ഥാനാർഥി എത്തിയത്.

മുൻ മന്ത്രിമാരും പിന്നിലായി

മുൻ മന്ത്രി അഹമ്മദ് ദേവർകോവിലിന്റെ സ്വന്തം മണ്ഡലമായ കോഴിക്കോട് സൗത്തിൽ പിന്നിലായത് 21,063 വോട്ടുകൾക്ക്. ആന്റണി രാജുവിന്റെ തിരുവനന്തപുരം മണ്ഡലത്തിൽ ശശിതരൂരിന്റെ ഭൂരിപക്ഷം 4,541 വോട്ടുകൾ. ഒന്നാം പിണറായി സർക്കാരിനെ പ്രധാനിയായിരുന്ന മുൻ മന്ത്രി ടി.പി രാമകൃഷ്ണന്റെ മണ്ഡലമായ പേരാമ്പ്രയിൽ ഷാഫി പറമ്പിലിന് ലീഡ് 19,085 വോട്ടുകൾ. കെ.ടി ജലീലിന്റെ തവനൂരിൽ ഇടതു മുന്നണി പിന്നിലായത് 18,016 വോട്ടുകൾക്ക്. അബ്ദുസമദ് സമദാനിയുടെ ഭൂരിപക്ഷത്തിന് കെ.ടി ജലീലിന്റെ തവനൂർ കാര്യമായ പങ്കുവഹിച്ചുവെന്ന് സാരം.

മുൻ മന്ത്രി എം.എം മണിയുടെ ഉടുമ്പഞ്ചോലയും ഇടത് മുന്നണിയെ കൈവിട്ടു. ഇടുക്കി മണ്ഡലത്തിൽ ഉൾപ്പെടുന്ന ഉടുമ്പഞ്ചോലയിൽ 6760 വോട്ടിന്റെ ഭൂരിപക്ഷമാണ് യു.ഡി.എഫിന്റെ ഡീൻകുര്യാക്കോസിന് ലഭിച്ചത്. മാത്യു ടി തോമസിന്റെ തിരുവല്ലയിൽ 11,530 വോട്ടിന്റെ ഭൂരിപക്ഷമാണ് ആന്റോആന്റണിക്ക് ലഭിച്ചത്. മുൻ മന്ത്രി കടകം പള്ളി സുരേന്ദ്രന്റെ മണ്ഡലമായ കഴക്കൂട്ടത്ത് ബി.ജെ.പിയാണ് മുന്നിൽ. ഇടതുമുന്നണിയുടെ ചാവേറ് പി.വി അൻവറിന്റെ നിലമ്പൂരിൽ പാർട്ടി പിന്നിലായത് അരലക്ഷത്തിലേറെ വോട്ടുകൾക്കാണ്.

വയനാട് മണ്ഡലത്തിൽ ഇടത് മുന്നണിയുടെ കൈവശമുള്ള നിയോജക മണ്ഡലങ്ങളിൽ ഏറ്റവും കൂടുതൽ ഭൂരിപക്ഷം രാഹുലിന് സമ്മാനിച്ച മണ്ഡലവും പി.വി അൻവറിന്റെ നിലമ്പൂർ തന്നെ.ഭാര്യയും തിരുവനന്തപുരം മേയറുമായ ആര്യാരാജേന്ദ്രന്റെ കെ.എസ്.ആർ.ടി.സി ബസ് ഡ്രൈവറുമായുള്ള തർക്കത്തിന്റെ പേരിൽ വിവാദത്തിലായ സച്ചിൽ ദേവിന് സ്വന്തം മണ്ഡലത്തിൽ പാർട്ടിയെ വിജയിപ്പിക്കാനായില്ല. 17,634 വോട്ടുകൾക്കാണ് ഇവിടെ എളമരം കരീം പിന്നിൽപോയത്. സ്വന്തം നിയോജക മണ്ഡലം നിലനിർത്താൻ കൊല്ലത്തെ ഇടത് സ്ഥാനാർഥിയായ മുകേഷിനും കഴിഞ്ഞില്ല. നിയമസഭയിൽ കൊല്ലത്തെ പ്രതിനിധാനം ചെയ്യുന്ന മുകേഷ് 23,792 വോട്ടുകൾക്കാണ് പിന്നിൽ പോയത്.

ഡൽഹിയിലെ വസതിയിലെത്തി പി.കെ ബഷീർ രാഹുൽ ഗാന്ധിയെ അഭിനന്ദിക്കുന്നു

രാഹുൽ ഗാന്ധിക്ക് അഭിനന്ദനവുമായി പി.കെ ബഷീർ

ന്യൂഡൽഹി: ഇന്ത്യ മുന്നണിയുടെ വൻ മുന്നേറ്റത്തിന് നേതൃത്വം നൽകിയ രാഹുൽ ഗാന്ധിയെ പി.കെ ബഷീർ എംഎൽഎ ഡൽഹിയിലെത്തി നേരിട്ട് അഭിനന്ദിച്ചു. ഡൽഹിയിലെ നമ്പർ 10 ജൻപഥിലെ വസതിയിൽ വച്ചാണ് ഇരുവരും കൂടിക്കാഴ്ച നടത്തിയത്.വയനാട്മണ്ഡലത്തിലെഎല്ലാവോട്ടർമാരോടും രാഹുൽ ഗാന്ധി നന്ദി അറിയിച്ചു. വയനാട്ടിൽ ഇത്തവണ ഭൂരിപക്ഷം വർധിപ്പിച്ച നിയമസഭാ മണ്ഡലമാണ് ഏറനാട്. യു.ഡിഎഫിന്റെ വൻ വിജയത്തിന് വേണ്ടി അധ്വാനിച്ച മുഴുവൻ പ്രവർത്തകർക്കും രാഹുൽ ഗാന്ധി നന്ദി അറിയിച്ചു. ഏറെ സ്നേഹത്തോടെയാണ് രാഹുൽ ഗാന്ധി ചേർത്തുപിടിച്ചതെന്നും രാജ്യത്തെ ഓരോരുത്തരും അദ്ദേഹത്തിന്റെ സ്നേഹം അനുഭവിക്കുന്നത് കൊണ്ടാണ് ഇന്ത്യാ മുന്നണി ഈ തിരഞ്ഞെടുപ്പിൽ മികച്ച പ്രകടനം കാഴ്ചവെച്ചതെന്നും പി.കെ ബഷീർ പറഞ്ഞു. ഇന്ത്യാ മുന്നണി ഈ തിരഞ്ഞെടുപ്പിൽ മികച്ച പ്രകടനമാണ് കാഴ്ചവെച്ചതെന്നും മുസ്‌ലിം ലീഗ് നേതാവ് അഭിപ്രായപ്പെട്ടു.

പാഠമുദ്ര

വാനോളം വളർന്ന വനിത

ബഹിരാകാശ നിലയത്തിലേക്ക് മൂന്നാം തവണയും പറന്നുയർന്ന ഇന്ത്യൻ വംശജയായ സുനിത വില്യംസിനെ കൂട്ടുകാർക്കറിയാമോ? നിശ്ചയദാർഢ്യത്തിന്റെ പര്യായമായി മാറിയ സുനിത അമേരിക്കൻ ബഹിരാകാശ യാത്രികനായ ബുഷ് വിൽമോറിനൊപ്പമാണ് ചരിത്രത്തിലേക്ക് കുതിച്ചുയർന്നത്. ഏവർക്കും പ്രചോദനമാകുന്ന സുനിതയെക്കുറിച്ച് കൂടുതലറിയാം...

അമേരിക്കൻ സ്പെയ്സ് ഏജൻസിയായ നാസ ബഹിരാകാശ യാത്രക്കുവേണ്ടി തിരഞ്ഞെടുത്ത രണ്ടാമത്തെ ഇന്ത്യൻ വംശജയാണ് സുനിത വില്യംസ്. ആദ്യ വനിത കൽപന ചൗളയായിരുന്നു. അമേരിക്കൻ പൗരത്വമുള്ള സുനിതയുടെ പിതാവ് ദീപക് പാണ്ഡ്യ ഇന്ത്യക്കാരനും മാതാവ് ബോണി പാണ്ഡ്യ സ്ലോവേനിയക്കാരിയുമാണ്. ഇന്തോ-സ്ലോവേനിയൻ വംശപാരമ്പര്യം പിന്തുടരുന്ന സുനിത 1965 സെപ്തംബർ 19ന് ഓഹിയോയിലാണ് ജനിച്ചത്.

ആദ്യാക്ഷരം

മസാച്യുസെറ്റ്സിലെ നീദം ഹൈസ്കൂളിലായിരുന്നു സുനിതയുടെ പ്രാഥമിക വിദ്യാഭ്യാസം. 1987ൽ യു.എസ് നേവൽ അക്കാദമിയിൽ നിന്ന് ഫിസിക്കൽ സയൻസിൽ ശാസ്ത്ര ബിരുദം നേടിയ അവർ 1995ൽ ഫ്ളോറിഡ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ നിന്ന് എൻജിനീയറിങ് മാനേജ്മെന്റിൽ ബിരുദാനന്ദ ബിരുദവും നേടി.

സൈനിക ജീവിതം

നേവൽ സിസ്റ്റം കമാന്റ് പദവിയിലൂടെയാണ് സുനിത വില്യംസ് സൈനികയാകുന്നത്. 1989ൽ നാവിക വൈമാനികയായ സുനിത ഹെലികോപ്ടർ കോംബാറ്റ് സപ്പോർട്ട് സ്കാർഡൻ 8-ൽ ചേരുകയും ഓപ്പറേഷൻ ഡിസേർട്ട് ഷീൽഡ്, ഓപ്പറേഷൻ പ്രൊവൈഡ് കംഫർട്ട് എന്നിവയിൽ പങ്കാളിയാവുകയും ചെയ്തു. 1995ൽ നേവൽ ടെസ്റ്റ് പൈലറ്റ് സ്കൂളിൽ റോട്ടറി വിങ് ഇൻസ്ട്രക്ടറായി ചുമതലയേറ്റു. അമേരിക്കൻ നാവിക യുദ്ധക്കപ്പലായ USS Saipanse എയർക്രാഫ്റ്റ് ഹാൻഡ്‌ലറും അസിസ്റ്റന്റ് എയർ ബോസുമായി.

സ്പെയ്സ് മാരത്തോൺ

ബഹിരാകാശനിലയത്തിൽ നിന്ന് മാരത്തോണിൽ പങ്കെടുത്തും സുനിത വേറിട്ട ഖ്യാതി നേടി. 2007 ഏപ്രിൽ 16ന് അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലെ ട്രെഡ് മില്ലിൽ ഓടി കൊണ്ട് അവർ 2007 ബോസ്റ്റൺ മാരത്തോണിൽ പങ്കാളിയായി. നാലു മണിക്കൂറും 24 മിനിറ്റുമാണ് അവർ ഓടിയത്. ഇതോടെ ബഹിരാകാശത്ത് നിന്ന് ഭൂമിയെ വലംവെച്ച് മാരത്തോൺ മത്സരത്തിൽ പങ്കെടുത്ത ആദ്യ വനിത കൂടിയായി സുനിത.

നാസക്കൊപ്പം

1998 ജൂണിലാണ് സുനിത നാസക്കൊപ്പം ചേരുന്നത്. അതേ വർഷം ഓഗസ്റ്റിൽ പരിശീലനം ആരംഭിച്ച അവർ 2006 ഡിസംബർ ഒമ്പതിനാണ് ആദ്യ ബഹിരാകാശ യാത്ര നടത്തിയത്. 2007ലാണ് അവർ ആദ്യമായി ബഹിരാകാശ നടത്തിയത്. 2012ൽ വീണ്ടും നാസയുടെ ബഹിരാകാശ ദൗത്യത്തിന്റെ ഭാഗമായി. നിലവിൽ സ്റ്റാർലൈനർ ദൗത്യത്തിലുൾപ്പെട്ട് മൂന്നാമതും ബഹിരാകാശ ദൗത്യത്തിലാണ് സുനിത.

ആകാശ നടത്തം

ബഹിരാകാശ നിലയത്തിലേക്ക് യാത്ര തിരിച്ചാൽ ചില പ്രത്യേക സമയങ്ങളിൽ യാത്രികർക്ക് ബഹിരാകാശത്ത് നടക്കാനുള്ള അവസരമുണ്ട്. അത്തരത്തിൽ സുനിത വില്യംസ് 2006 ഡിസംബർ മുതൽ 2007 ജൂൺ 22 വരെ ബഹിരാകാശ നിലയത്തിലുണ്ടായ സമയത്ത് 29 മണിക്കൂറും 17 മിനിറ്റും ബഹിരാകാശത്തു നടന്ന് റെക്കോർഡിട്ടു. 2007 ജനുവരി 31നാണ് അവർ ആദ്യമായി ബഹിരാകാശത്ത് നടന്നത്. 2012ൽ വീണ്ടും അന്താരാഷ്ട്ര നിലയത്തിൽ പോയപ്പോഴും ബഹിരാകാശത്ത് നടന്നു. ആകെ 50 മണിക്കൂറും 40 മിനിറ്റുമാണ് സുനിത ബഹിരാകാശത്ത് നടന്നത്. നിലവിൽ സുനിതയാണ് ഏറ്റവും കൂടുതൽ സമയം ബഹിരാകാശത്തു നടന്ന വനിത. ഏറ്റവും കൂടുതൽ പ്രാവശ്യം ബഹിരാകാശത്ത് നടന്ന വനിതയെന്ന ബഹുമതിയും സുനിതയുടെ പേരിലാണ്. നാസയുടെ ഔദ്യോഗിക കണക്കനുസരിച്ച് മുൻ ദൗത്യങ്ങളിലായി ഇതുവരെ 322 ദിവസം ബഹിരാകാശത്ത് ചെലവഴിച്ചിട്ടുണ്ട്.



സന്ദർശക വിസ ചട്ടങ്ങൾ കർശനമാക്കി യു.എ.ഇ

നെടുമ്പാശ്ശേരി: യു.എ.ഇ സന്ദർശക വിസ ചട്ടങ്ങൾ കർശനമാക്കി. ഗൾഫ് രാജ്യങ്ങളിലേയ്ക്ക് പോകുവാൻ വരുന്ന നിരവധി പേരുടെ യാത്ര മുടങ്ങുന്നു. കൊച്ചി, കോഴിക്കോട് വിമാനത്താവളങ്ങളിലാണ് കേരളത്തിൽ നിന്നുള്ള ഭൂരിഭാഗം യാത്രക്കാരും കുടുങ്ങുന്നത്. ഇവരിൽ ഭൂരിഭാഗവും ദുബായിലേക്ക് പോകാൻ വരുന്നവരാണ്.

വിസയും വിമാന ടിക്കറ്റുമായി എയർപോർട്ടിൽ വരുമ്പോഴാണ് പലരും നിയമങ്ങൾ കർശനമാക്കിയ വിവരങ്ങളറിയുന്നത്. ഒരു മാസത്തെ സന്ദർശക വിസയിൽ പോകുന്നവർ 3000 ദിർഹവും (68000 രൂപ) രണ്ട് മാസത്തെ വിസയിൽ പോകുന്നവർക്ക് 5000 ദിർഹവും (1 .3 ലക്ഷം രൂപ) കൈവശം ഉണ്ടായിരിക്കണമെന്നാണ് നിയമം. ഇത്രയും തുകയുടെ ക്രെഡിറ്റ് കാർഡും ഉണ്ടായാലും മതി. റിട്ടേൺ ടിക്കറ്റും ഹോട്ടൽ ബുക്കിംഗ് രേഖകളും ഇതോടൊപ്പം നിർബന്ധമാക്കിട്ടുണ്ട്. ഇത് സംബന്ധിച്ച് എല്ലാ വിമാന കമ്പനികൾക്കും അറിയിപ്പ് നൽകിട്ടുണ്ടങ്കിലും സാധരണ യാത്രക്കാർക്ക് വിവരം ലഭിച്ചിട്ടില്ല. ഇതുമൂലമാണ് സന്ദർശക വിസയും വിമാന ടിക്കറ്റുമായി വരുന്നവരുടെ യാത്ര മുടങ്ങുന്നത്. ഇവരുടെ ടിക്കറ്റിന്റെ പണം പോലും എപ്പോൾ തിരിച്ച് കിട്ടുമെന്ന് ഉറപ്പില്ല. യു.എ.ഇയിലുള്ള ബന്ധുക്കളെയും സുഹൃത്തുക്കളെയും സന്ദർശിക്കാൻ പോകുന്നവരാണ് കുരുക്കിലാകുന്നത്. ഇവർക്ക് താമസിക്കാൻ ഹോട്ടലിൽ ബുക്ക് ചെയ്യേണ്ട ആവശ്യമില്ല. സന്ദർശക വിസയിൽ പോകുന്നവർക്ക് പണവും കരുതേണ്ടതില്ല. പുതിയ നിയമം മൂലം ഏറ്റവും കൂടുതൽ വിഷമിക്കുന്നത് മലയാളികളാണ്. സന്ദർശക വിസയിൽ പോകുന്നവരിൽ നിരവധി പേർ അവിടെയുള്ള ബന്ധുക്കളുടെയും സുഹൃത്തുക്കളുടെയും താമസസ്ഥലത്ത് തങ്ങി ജോലി തരപ്പെടുത്തുവാൻ ശ്രമിക്കുന്നത് യു എ ഇ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് തടയാനാണ് സന്ദർശക വിസ നിയമം കർശനമാക്കിയത്. വിമാന കമ്പനികൾ ഇത് സംബന്ധിച്ച് യാത്രക്കാർക്ക് മുന്നറിയിപ്പ് കൊടുക്കാൻ ബാധ്യസ്ഥരാണങ്കിലും ഇതുവരെ ഒരു നടപടിയും ഉണ്ടായിട്ടില്ല. പ്രശ്നത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഇടപെടൽ അനിവാര്യമാണ്.

കെ.ജി.ടി.ഇ പ്രിന്റിംഗ് ടെക്നോളജി കോഴ്സുകളിൽ സീറ്റൊഴിവ്

തിരുവനന്തപുരം: സാങ്കേതിക വിദ്യാഭ്യാസ വകുപ്പും കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആൻഡ് ട്രെയിനിംഗും സംയുക്തമായി തിരുവനന്തപുരം (04712474720, 2467728), എറണാകുളം (04842605322), കോഴിക്കോട് (04952356591, 2723666) എന്നീ ക്രേന്ദ്രങ്ങളിൽ ആരംഭിക്കുന്ന കേരള ഗവൺമെന്റ് അംഗീകാരമുള്ള ഒരു വർഷ കെ.ജി.ടി.ഇ പ്രീപ്രസ്സ്ഓപ്പറേഷൻ, കെ.ജി.ടി.ഇ പ്രസ് വർക്ക്, കെ.ജി.ടി.ഇ പോസ്റ്റ്പ്രസ്സ് ഓപ്പറേഷൻ ആൻഡ് ഫിനിഷിംഗ് 2024-25 കോഴ്സുകളിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്.

അപേക്ഷകർ എസ്.എസ്.എൽ.സി അഥവാ തത്തുല്യ യോഗ്യത പാസ്സായിരിക്കണം. ഒ.ബി.സി, എസ്.ഇ.ബി.സി, മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർഥികൾക്ക് വരുമാന പരിധിയ്ക്ക് വിധേയമായി ഫീസ് ആനുകൂല്യം ലഭിക്കും.

അപേക്ഷകർ വിദ്യാഭ്യാസ യോഗ്യത, ജാതി, വരുമാനം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളും സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും പാസ്സ്പോർട്ട് സൈസ് ഫോട്ടോ സഹിതം അതാത് കോന്ദങ്ങളിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. വിശദ വിവരങ്ങൾക്ക് കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആൻഡ് ട്രെയിനിംഗ്, ട്രെയിനിംഗ് ഡിവിഷൻ, പുന്നപുരം, പടിഞ്ഞാറേകോട്ട, തിരുവനന്തപുരം 695024 ഫോൺ 0471 2474720, 0471 2467728 എന്ന വിലാസത്തിൽ നേരിട്ട് ബന്ധപ്പെടേണ്ടതാണ്. വെബ് സൈറ്റ്: www. captkerala. com .

കെ.എസ്.ആർ.ടി.സി വിദ്യാർഥി കൺസഷൻ ആപ്ലിക്കേഷൻ ഗൂഗിൾ പ്ലേ സ്റ്റോറിലും ലഭ്യം

തിരുവനന്തപുരം: സ്റ്റുഡൻസ് കൺസെഷൻ ആപ്ലിക്കേഷൻ ഗൂഗിൾ പ്ലേ സ്റ്റോറിലും ആപ്പിൾ സ്റ്റോറിലും ലഭ്യമാണെന്ന് കെ.എസ്.ആർ.ടി.സി മാനേജ് മെന്റ്. കെ.എസ്.ആർ.ടി.സി കൺസഷൻ എന്ന് സെർച്ച് ചെയ്താൽ ആപ്ലിക്കേഷൻ ലഭിക്കും. ആപ്ലിക്കേഷൻ ഡൗൺലോഡ് ചെയത് രജിസ്റ്റർ എന്ന ഓപ്ഷൻ ക്ലിക്ക് ചെയ്ത് നിർദേശങ്ങൾക്ക് അനുസരിച്ച് രേഖകൾ നൽകിയാൽ സ്റ്റുഡൻസ് കൺസഷനുള്ള അപേക്ഷാ നടപടി പൂർത്തിയാക്കാനാകും.

പിന്നീട് ഇതിന് സ്കൂൾ അധികാരികൾ അംഗീകാരം നൽകണം. അതിനു ശേഷം കെ.എസ്.ആർ.ടി.സി അംഗീകാരം നൽകുകയും ആപ്ലിക്കേഷൻ മുഖേന തന്നെ പണമടയ്ക്കാൻ കഴിയുകയും ചെയ്യും. യൂസർ നെയിമും പാസ് വേഡും നൽകി ലോഗിൻ ചെയ്ത് പരിശോധിച്ചാൽ അപേക്ഷയുടെ തൽസ്ഥിതി അറിയാനാകും. പണമടച്ചു കഴിഞ്ഞാൽ കൺസഷൻ വാങ്ങുന്നതിനുള്ള തീയതിയും സമയവും ആപ്ലിക്കേഷൻ മുഖേന അറിയിക്കും. ആ ദിവസം വിദ്യാർഥിക്ക് ഫോട്ടോയുമായി ഡിപ്പോയിലെത്തി കൺസഷൻ കൈപ്പറ്റാവുന്നതാണെന്നും കെ. എസ്. ആർ.ടി.സി അറിയിച്ചു.

പ്രകൃതി സംരക്ഷണത്തിന് ആംസ്റ്റർ മിംസിന്റെ 'പിറവി' പദ്ധതി തുടങ്ങി

കോഴിക്കോട്:ഓരോ കുഞ്ഞ് ജനിക്കുമ്പോഴുമുള്ള മാതാപിതാക്കളുടെ കൺകുളിർമ ഇനി ഓരോ തളിർ വിരിയുമ്പോൾ കൂടുതൽ മധുരമുള്ളതുമാവും.

ലോക പരിസ്ഥിതദിനത്തോട് അനുബന്ധിച്ച് കോഴിക്കോട് ആസ്റ്റർ മിംസ് ആശുപത്രിയിയുടെ പുതു ചുവടപ്പ് 'പിറവി' പദ്ധതി ആരംഭിച്ചു. ജൂൺ അഞ്ച് മുതൽ മിംസ് ആശുപത്രിയിൽ പിറവിയെടുക്കുന്ന ഓരോ കുഞ്ഞിന്റെയും ജനനത്തോടനുബന്ധിച്ച് ഒരു ഫല വൃക്ഷ തൈ കുഞ്ഞിന്റെ മാതാപിതാക്കൾക്ക് സമ്മാനിക്കുന്ന പദ്ധതിയുടെ ഉദ്ഘാടനം സാമൂഹ്യ സുരക്ഷാ മിഷൻ ഡയറക്ടർ ഡോ. സൗമ്യ പി സി നിർവ്വഹിച്ചു. കുട്ടികളിലും മുതിർന്നവരിലും പ്രകൃതിയെ കുറിച്ചും കൃഷിയെകുറിച്ചും കൂടുതൽ അറിവും അനുഭൂതിയും നൽകുകയെന്ന ലക്ഷ്യത്തോടെ ആസ്റ്റർ ഗ്രൂപ്പിന്റെ പരിസ്ഥിതി സംരക്ഷണ പ്രോജക്ടിന്റെ ഭാഗമായാണ് ' പിറവി ' രൂപം നൽകിയത്.മനുഷ്യന്റെ ആവാസവ്യവസ്